
Malayalim

# SCHOOL-PANCHATANTRAM

# പഞ്ചതന്ത്രം

വിഷ്ണുശൎമ്മണാ വിരചിതം



മൂന്നാം അച്ചടിപ്പു

MANGALORE:
PFLEIDERER & RIEHM, MISSION BOOKSHOP
1866.

Ci
XIV
46 b.

വില ൧൨ അണ. Price 12 As.

N12<526908080 021
LS
ubTÜBINGEN

*Malayalim*

# SCHOOL PANCHATANTRAM

# പഞ്ചതന്ത്രം

വിഷ്ണുശൎമ്മണാവിരചിതം

അരക്ഷിതന്തിഷ്ഠതിദൈവരക്ഷിതം |
സുരക്ഷിതംദൈവഹതംവിനശ്യതി ||
ജീവത്യനാഥൊപിവനെവിസൎജ്ജിതഃ |
കൃതപ്രയത്നൊപിഗൃഹെനജീവതി ||

മൂന്നാം അച്ചടിപ്പ്.

MANGALORE:
PRINTED BY PLEBST & STOLZ, BASEL MISSION PRESS.
1866.

K. UNIV. BIBL. TÜBINGEN

Ci XIV 46 b

# മു ഖ വു ര.

പഞ്ചമരാഗംകൊണ്ടുപാട്ടുകൾപാടുന്നൊരു |
പഞ്ചവൎണ്ണിനികിളിപെണ്മണിമാണിക്യമെ ||
പഞ്ചസാരയുന്തെനുംപായസംഗുളങ്ങളും |
പഞ്ചമെന്നിയെതരുന്നുണ്ടുഞാനെടൊബാലെ ||
പഞ്ചതന്ത്രമാംമഹാനീതിശാസ്ത്രത്തെസുഖം |
പഞ്ചധാവിഭാഗിച്ചുപാട്ടുപാടുകവെണം ||
എന്നതുകെട്ടുകിളിപെൺകിടാവുരചെയ്താൾ |
എന്നുടെഗുരുക്കന്മാരന്തണപ്രവരന്മാർ ||
മന്നിടന്തന്നിലവരീശ്വരന്മാരായതും |
സന്നതന്മാൎക്കുവരന്നൽകുവാനാളായതും ||
അങ്ങിനെയുള്ളമഹാബ്രാഹ്മണപ്രസാദത്താൽ |
എങ്ങുമെഭംഗംകൂടാതിന്നുഞാനുരചെയ്യാം ||
ശ്രീമനുബൃഹസ്പതിശുക്രനുംവെദവ്യാസൻ |
ധീമതാംവരൻവിഷ്ണുഗുപ്തനാംചാണക്യനും ||
മാമുനിപരാശരൻമറ്റുള്ളബുധന്മാരും |
സാമദാനാദിനീതിശാസ്ത്രകൎത്താക്കളെല്ലൊ ||
അജ്ജനങ്ങളെയെല്ലാമഞ്ജലികൂപ്പിക്കൊണ്ടു |
സജ്ജനപ്രസാദത്താൽശാസ്ത്രമൊന്നുരചെയ്യാം ||

ഗ്രന്ഥവിസ്താരെഭയമുള്ളബാലകന്മാൎക്കും |
അന്തരംഗത്തിൽബൊധമില്ലാത്തജനങ്ങൾക്കും ||
ചന്തമൊടറിവാനായിപഞ്ചതന്ത്രാഖ്യനീതി |
ഗ്രന്ഥതാല്പൎയ്യംകിഞ്ചിൽഭാഷയായിചൊല്ലീടുന്നെൻ ||
പാടലാധരിമാൎക്കുകെളിസങ്കെതസ്ഥാനം |
പാടലിപുത്രമെന്നുനാമമാമ്മഹാപുരം ||
വാടകൾകിടങ്ങുകൾവാടികളങ്ങാടികൾ |
നാടകാഗാരങ്ങളുംനാഗരസ്ഥാനങ്ങളും ||
ഹാടകാലയങ്ങളുംഹസ്തിമന്ദിരങ്ങളും |
ഘൊടകാവാസങ്ങളുംചെടികാഗെഹങ്ങളും ||
മാടവുംമഹാമണിമെടകൾമഠങ്ങളും |
മാടക്കൂടുകൾമണിത്തൊരണശ്രെണികളും ||
തൊടുകൾനദികളുംകൂപങ്ങൾകുളങ്ങളും |
കേടുകൾകൂടാതുള്ളകെളിസൌധാദികളും ||
കൊട്ടകൾനിറഞ്ഞുള്ളകെരവുംക്രമുകവും |
വീടുകൾതൊറുംധനധാന്യസംഭാരങ്ങളും ||
ശൈവമന്ദിരംവിഷ്ണുക്ഷെത്രവുംദുൎഗ്ഗാലയം |
ദെവതാഗെഹംബഹുബ്രാഹ്മണാഗാരങ്ങളും ||
ഏവമുള്ളൊരുമഹാരാജമന്ദിരന്തന്നിൽ |
ദെവനായകൊപമൻഭൂപതിസുദൎശനൻ ||
വീൎയ്യവാൻവിദ്യാശാലിവിത്തവാൻവിവെകവാൻ |
കാൎയ്യസാരജ്ഞൻപ്രാജ്ഞൻകാമസന്നിഭാകാരൻ ||
താമസിക്കാതൊരൊരൊസൽക്കൎമ്മംദിനെദിനെ |
ഭൂമിദെവന്മാരെക്കൊണ്ടാദരാൽചെയ്യിപ്പിച്ചു ||
എന്നതിന്മൂലംമഹാഭാഗ്യവാന്മഹീപാലൻ |
നന്ദനന്മാരെലഭിച്ചീടിനാനെട്ടൊപത്തൊ ||
നന്ദനന്മാൎക്കുചെറ്റുംവിദ്യയില്ലായ്കമൂലം |
മന്ദഭാഗ്യൻഞാനെന്നുദുഃഖിച്ചുസുദൎശനൻ ||
ചിന്തിച്ചുമനക്കാമ്പിൽവിദ്യയുംവിവെകവും |

സന്ധിവിഗ്രഹാദിയുംനീതിയുംവിനീതിയും ||
സന്തതംഗ്രഹിക്കാതപുത്രരെകൊണ്ടുകാൎയ്യം |
എന്നുള്ള ശരീരികൾക്കെത്രയുംപാരംകഷ്ടം ||
ഗൎഭമുണ്ടാകാതുള്ള ഗൊവിനെവളൎത്തുന്ന |
ദുൎഭഗന്മാൎക്കുഫലമെന്തഹൊവിചാരിച്ചാൽ ||
പെററുവെന്നാലുംകറപ്പിക്കയില്ലെന്നുവന്നാൽ |
ഏററവുംമഹാദുഃഖമപ്പശുപാഴിൽതന്നെ ||
പുണ്യമില്ലാതബഹുസന്തതിവൃഥാഫലം |
എണ്ണമെറയുണ്ടെന്നുവരുത്താന്മാത്രംകൊള്ളാം ||
ധന്യനെന്നാകിലൊരുനന്ദനന്മാത്രംമതി |
തന്നുടെകുലംപരിത്രാണവുംചെയ്യുമവൻ ||
വല്ലാതതനയന്മാരില്ലായ്കതന്നെഗുണം |
വല്ലുടെക്കുടൽഗൎഭംഛിദ്രിക്കതന്നെസുഖം ||
ഉത്തമനല്ലാതുള്ളപുത്രനുണ്ടായാലന്നെ |
ചത്തുപൊയാലുംകൊള്ളാംപുത്രിയെന്നാലുംകൊള്ളാം ||
തന്നുടെമഹിഷിതാൻമച്ചിയായാലുംകൊള്ളാം |
താനൊരുവിവാഹവുംചെയ്കീലെന്നാലുംകൊള്ളാം ||
വിത്തവുംസൌന്ദൎയ്യവുമൊക്കയുണ്ടെന്നാകിലും |
വിദ്യയില്ലാതസുതനുണ്ടായാൽസുഖമില്ല ||
ദാനശീലത്വംകൊണ്ടുംശാസ്ത്രനൈപുണ്യംകൊണ്ടും |
മാനനീയനാമൊരുപുത്രനുണ്ടാവാനിപ്പൊൾ ||
പുണ്യവാന്മാൎക്കെമററുംസംഗതിവരുദുൎല്ലഭം |
പുണ്യഹീനന്മാൎക്കൊരുപുത്രനുണ്ടായാലവൻ ||
ഘൊരമാംരൊഗംപൊലെക്രൂരമാംവിഷംപൊലെ |
ദാരുണന്മഹാപാപിതൻകുലംമുടിച്ചീടും ||
യൌവനംദ്രവ്യകാമംപ്രാഭവംമൂഢത്വവും |
ദുൎവ്വിധംചതുൎവ്വിധംനാശകാരണന്നൂണം ||
എന്നതിലനൎത്ഥത്തിനൊന്നുമാത്രമെപൊരു |
പിന്നെയെന്തിന്നുനാലുമെകനിൽസംപ്രാപിച്ചാൽ ||

നമ്മുടെമക്കൾക്കിപ്പൊൾധൎമ്മബുദ്ധിയുമില്ല |
നിൎമ്മലവിവെകവുന്നീതിശാസ്ത്രവുമില്ല ||
ദുൎമ്മാൎഗ്ഗങ്ങളിൽമനസ്സുണ്ണികളെല്ലാവൎക്കും |
വെണ്മയിലുണ്ടുതാനുമെന്തുഞാൻചെയ്യെണ്ടുന്നു ||
ആരുവാനൊരുശാസ്ത്രിബ്രാഹ്മണനത്രവന്നു |
ചാരുവാന്നീതിശാസ്ത്രമിവരെബൊധിപ്പിച്ചു ||
സാരമാംപുനൎജ്ജന്മമിവൎക്കുസമ്പാദിപ്പാൻ |
ധീരനായ്വരാനിന്നിപ്പാരിടന്തന്നിലിപ്പൊൾ ||
ഭൂമിപൻസുദൎശനനിങ്ങിനെവിചാരിച്ചു |
ഭാമിനിമാരൊടൊന്നിച്ചാദരാൽമെവുങ്കാലം ||
സൊമശൎമ്മാവെന്നൊരുഭൂമിദെവാഗ്രെസരൻ |
സൌമ്യവാൻദെവപ്രിയൻനീതിശാസ്ത്രാംഭൊനിധി ||
വിശ്രുതൻബൃഹസ്പതിസന്നിഭൻതത്രവന്നു |
വിശ്രമിച്ചരചനൊടിങ്ങിനെചൊല്ലീടിനാൻ ||
മന്നവകെൾക്കദെവാനാറുമാസത്തിന്നുമ്പെ |
നിന്നുടെസുതന്മാൎക്കുനീതിശ്ശാസ്ത്രങ്ങളെല്ലാം ||
ഒന്നൊഴിയാതെകണ്ടുസാദരംഗ്രഹിപ്പിക്കാം |
ഉന്നതന്മാരായവരുത്തമരായുംവരും ||
എന്നതുവന്നില്ലെങ്കിലെന്നെനീനിന്റെരാജ്യം |
തന്നിൽനിന്നാട്ടിപ്പുറത്താക്കുകവെണ്ടുനൃപ ||
എന്നതുകെട്ടുനൃപൻനിൎഭരംപ്രസാദിച്ചു |
തന്നുടെതനുജവൃന്ദങ്ങളെവിളിച്ചുടൻ ||
സൊമശൎമ്മാഖ്യദ്വിജശ്രെഷ്ഠന്റെസമീപത്തു |
താമസംവിനാപറഞ്ഞാക്കിനാൻവിദ്യാഭ്യാസെ ||
സൊമശൎമ്മാവുമ്മുടാരാജനന്ദനന്മാരെ |
സാമദാനാദിശ്രീമന്നീതിശാസ്ത്രങ്ങളെല്ലാം ||
സാദരംഗ്രഹിപ്പിപ്പാനാശുതാനാരംഭിച്ചു |
സൽക്കഥാകഥനമെന്നുള്ളൊരുമാൎഗ്ഗത്തുടെ ||
പഞ്ചതന്ത്രങ്ങളെല്ലാംപാൎത്ഥിവന്മാൎക്കുധൎമ്മം |

അഞ്ചിലുംപ്രധാനമായുള്ളൊന്നുമിത്രഭെദം ||
നല്ലൊരുസുഹൃല്ലാഭമെന്നതുരണ്ടാംതന്ത്രം |
ചൊല്ലുവൻപിന്നെസന്ധിവിഗ്രഹംമൂന്നാംതന്ത്രം ||
ലബ്ധനാശമെന്നല്ലൊചൊല്ലുന്നുനാലാംതന്ത്രം |
സിദ്ധമാമസമ്പ്രെക്ഷ്യകാരിത്വമഞ്ചാംതന്ത്രം ||

സംസ്കൃതപഞ്ചതന്ത്രത്തിൽ രാജാവിന്റെ പെർ അമരശക്തി എന്നും നഗരനാമം മിഹിളാരൊപ്യം എന്നും ഗുരുവിന്റെ പെർ വിഷ്ണു ശൎമ്മാവു എന്നും കേൾക്കുന്നു. പഞ്ചതന്ത്രത്തെനിൎമ്മിച്ചവൻ വിഷ്ണുശൎമ്മാവു തന്നെ എന്നുള്ളതും ശ്ലൊകത്തിൽ ഉണ്ടു എങ്ങനെ എന്നാൽ

സകലാൎത്ഥശാസ്ത്രസാരംജഗതിസമാലൊക്യവിഷ്ണുശ
[ൎമ്മെദം |
തന്ത്രൈഃപഞ്ചഭിരെതച്ചകാരസുമനൊഹരംശാസ്ത്രം ||

കഥാമുഖം മുതൽ

# പ്രഥമതന്ത്രമാമ്മിത്രഭെദം

## ൧. സഞ്ജീവകന്റെ യാത്ര.

എങ്കിലൊപണ്ടുമഹാസിംഹവുംവൃഷഭവും ।
തങ്ങളിൽചെന്ന്മഹാസ്നെഹമായിവാഴുംകാലം ॥
ഏഷണിക്കാരനെകൻജംബുകൻചെന്നുകൂടി ।
ദൂഷണംപറഞ്ഞവർതങ്ങളിൽഭെദിപ്പിച്ചു ॥
ധൃഷ്ടനാംക്രൊഷ്ടാവിനെജംബുകനെന്നുചൊല്ലും ।
സ്പഷ്ടമാക്കെണമെങ്കിലായവൻകുറുനരി ॥
അക്കഥാവിശെഷത്തെവിസ്തരിച്ചുരചെയ്യൂ ।
കെൾക്കെണമെന്നുനൃപനന്ദനന്മാരുഞ്ചൊന്നാർ ॥
ഉണ്ടുപൊൽമഹീതലെമിഹിളാരൂപ്യമെന്നു ।
പണ്ടുപണ്ടുള്ളപുരംദക്ഷിണരാജ്യന്തന്നിൽ ॥
വർദ്ധമാനനെന്നൊരുവ്യാപാരിചെട്ടിശ്രെഷ്ഠൻ ।
വർദ്ധിതദ്രവ്യൻഭവ്യന്തത്രപണ്ടുണ്ടായിപൊൽ ॥
വിത്തസമ്പത്തുകൊണ്ടുവിത്തനാഥനെപൊലും ।
ചിത്തത്തിലൊരുബഹുമാനവുമവനില്ല ॥
തദ്ധനങ്ങൾക്കുചെറുമസംഖ്യയില്ലെന്നാകിലും ।
വർദ്ധനംവ്യാപാരങ്ങൾക്കൊട്ടുമെകുറവില്ല ॥
അങ്ങിനെവെണ്ണെന്താനുമർത്ഥമുണ്ടായാലതു ।
തങ്ങളെയത്നഞ്ചെയ്തുവർദ്ധിതമാക്കീടെണം ॥
മുന്നമെലഭിക്കാത്തുള്ളർത്ഥങ്ങൾലഭിക്കെണം ।
പിന്നെയുംലഭിച്ചതുസാദരംരക്ഷിക്കെണം ॥
രക്ഷിതധനംപിന്നെസന്തതംവർദ്ധിപ്പിച്ചു ।
തൽക്ഷണംസൽപാത്രങ്ങൾക്കർപ്പണംചെയ്കീടെണം ॥
രക്ഷണംചെയ്കില്ലെന്നാൽതൽക്ഷണന്നശിച്ചീടും ।
ലക്ഷണമതിന്നുകർപ്പൂരമെന്നറിഞ്ഞാലും ॥

കൎപ്പൂരംമുളകുമിട്ടിങ്ങിനെസൂക്ഷിക്കാഞ്ഞാൽ |
എപ്പൊഴെന്നറിയാതെനാസ്തിയാമെന്നെവെണ്ടു ||
പെട്ടിയിൽധനംപൂട്ടികെട്ടിയങ്ങിരിക്കയും |
പട്ടിണിയിട്ടുകൊണ്ടുതാനങ്ങുകിടക്കയും ||
യഷ്ടികൾക്കല്ലാതതുതൊന്നുമൊകഷ്ടംകഷ്ടം |
ചെട്ടികൾക്കുചിതമല്ലെടൊബാലന്മാരെ ||
അൎത്ഥമുണ്ടായാലതുകൊണ്ടനുഭവിക്കാഞ്ഞാൽ |
അൎത്ഥമുള്ളൊരുമിരപ്പാളിയുമൊരുപൊലെ ||
ബുദ്ധിമാനായുള്ളൊരുധനവാൻധനങ്ങളിൽ |
പത്തിനൊന്നൎത്ഥികൾക്കുദാനവുംചെയ്തീടെണം ||
സൽക്കാരവ്യയന്തന്നെരക്ഷണംദ്രവ്യത്തിനെന്നു |
ൾക്കാമ്പിലെല്ലാവൎക്കുംബൊധമുണ്ടായീടെണം ||
വട്ടമുള്ളൊരുകുളമെങ്കിലുംജലംവന്നു |
കെട്ടിനിൽക്കുമ്പൊൾതീരംപൊട്ടിവാൎന്നൊക്കെപ്പൊകും ||
ഓകുവെച്ചതിൽക്കൂടെവാൎത്തുവാൎത്തിരുന്നാകിൽ |
പൊകയില്ലതിലുള്ളവെള്ളമെന്നറിയെണം ||
എന്നതുപൊലെമഹാബുദ്ധിമാൻവൎദ്ധമാനൻ |
പിന്നെയുംധനമാൎജ്ജിക്കെണമെന്നുറച്ചവൻ ||
ചാട്ടുമുണ്ടാക്കിദ്രവ്യമായതിലെററിക്കൊണ്ടു |
നാട്ടുകൾതൊറുംചെന്നുവ്യാപാരഞ്ചെയ്തീടുവാൻ ||
നന്ദിപൂണ്ടുടൻപുറപ്പെട്ടിതുചെട്ടിശ്രെഷ്ഠൻ |
നന്ദനന്മാരെഗെഹരക്ഷണത്തിനുമാക്കി ||
നന്ദികൻസഞ്ജീവകനിങ്ങിനെനാമത്തൊടെ |
നന്ദികൾതനിക്കുരണ്ടുണ്ടിഹമുമ്പെതന്നെ ||
നന്ദികളെന്നുചൊന്നാൽകാളകളെന്നു |
നൃപനന്ദനന്മാരെനിങ്ങൾക്കൎത്ഥമുണ്ടായീടെണം ||
മന്ദമെന്നിയെരണ്ടുനന്ദിവീരന്മാരെയും
ഒന്നിച്ചുശകടത്തിൽബന്ധിച്ചുതാനുമെറി ||
ഘൊരമാംകാന്താരത്തിൽപുക്കുടൻഗമിക്കുമ്പൊൾ |

ഭാരത്തെവലിച്ചുകൊണ്ടൊട്ടുന്നകൂററന്മാരിൽ ॥
സാരനാംസഞ്ജീവകന്തന്നുടെപാദന്തന്നിൽ |
ക്രൂരമാംപാഷാണംവന്നടിച്ചുകാലുമ്പൊട്ടി ॥
പെട്ടന്നുമഹീതലെവീണപ്പൊൾവൎദ്ധമാനൻ |
കെട്ടഴിച്ചങ്ങുവിട്ടുകാട്ടിലങ്ങൊരുദിക്കിൽ ॥
വെള്ളവുംപുല്ലുംകാട്ടിരക്ഷിപ്പാൻഭൃത്യന്മാരെ |
ഉള്ളതിൽനാലുപെരെപാൎപ്പിച്ചുപതുക്കവെ ॥
ഒററയായിചമഞ്ഞൊരുകൂററനെകൊണ്ടുതന്റെ |
മററുള്ളഭൃത്യന്മാരെകൊണ്ടുമശ്ശുകടത്തെ ॥
തെറെറന്നുവലിപ്പിച്ചുതല്പുരന്തന്നിൽചെന്നു |
പററിയെന്നതെവെണ്ടുപാരമാധിയുംപൂണ്ടു ॥
കാളയെരക്ഷിപ്പാനായിപാൎക്കുന്നഭടന്മാരും |
കാനനംകണ്ടുപെടിച്ചൊക്കവെമാറിപ്പൊന്നു ॥
കാളയുംചത്തുപൊയെന്നുള്ളൊരുഭൊഷ്കുണ്ടാക്കി |
നീളവെനടന്നുകൊണ്ടായവർവീട്ടിൽപുക്കു ॥

അരക്ഷിതംതിഷ്ഠതിദൈവരക്ഷിതം |
സുരക്ഷിതംദൈവഹതംവിനശ്യതി ॥
ജീവത്യനാഥൊപിവനെവിസൎജ്ജിതഃ |
കൃതപ്രയത്നൊപിഗൃഹെനജീവതി ॥

### ൫. പിംഗലന്റെ ഭയപ്പാടു.

ജീവശെഷത്തിൻപ്രഭാവംകൊണ്ടുസഞ്ജീവകൻ |
ജീവിച്ചുപതുക്കവെപാദവുംനെരായ്വന്നു ॥
വെള്ളവുംനല്ലപുല്ലുംതണുപ്പുമുള്ളകാട്ടിൽ |
വെള്ളെരുതായുള്ളവൻവെള്ളിമാമലപൊലെ ॥

മുഷ്ക്കരന്നാടന്നങ്ങുമുക്കുറയിട്ടുന്നെരം |
ദിക്കുകൾമുഴങ്ങുന്നുജന്തുക്കൾപെടിക്കുന്നു ||
അക്കാലമൊരുസിംഹംപിംഗലകാഖ്യന്മഹാ |
വിക്രമിമഹാഘൊരൻവിശ്വവിശ്രുതൻവീരൻ ||
അക്കാട്ടിന്നധിപതിവക്കാണക്കാരന്തത്ര |
പൊക്കമെറുന്നഗിരിഗഹ്വരെമെവീടുന്നു ||
സ്നാനവുമില്ലതപജ്ഞാനവുമില്ലവിഷ്ണു |
ധ്യാനവുമില്ലവിദ്യാഭ്യാസവുമില്ലെന്നാലും ||
വിക്രമംകൊണ്ടുവിശ്വംജയിച്ചുവിപിനത്തിൽ |
ചക്രവൎത്തിയായ്വന്നുകെസരിപ്രവരന്താൻ ||
ഹസ്തങ്ങൾകൊണ്ടുമഹാഹസ്തിവീരന്മാരുടെ |
മസ്തകംകുത്തിപിളൎന്നസ്തശങ്കമാംവണ്ണം ||
രക്തവുംപാനഞ്ചെയ്തുമുത്തുരത്നങ്ങൾനഖെ |
കൊൎത്തുകൊണ്ടാടിച്ചാടിധൂൎത്തുകൊണ്ടൂറ്റക്കാരൻ ||
പാൎത്തലന്തന്നിൽസിംഹംസിംഹമെന്നതുകെട്ടാൽ |
പാൎത്ഥിവന്മാരുംകൂടപെടിച്ചുവിറക്കുന്നു ||
പാൎത്ഥിപാത്മജന്മാരെനിങ്ങൾക്കുബൊധിക്കെണം |
കീൎത്തിയുണ്ടാവാൻഭുജവിക്രമന്തന്നെമൂലം ||
അങ്ങിനെഗിരിഗുഹാഗൎഭത്തിൽവസിക്കുന്നു |
പിംഗലാഖ്യനാംമഹാകെസരിവീരന്താനും ||
എകദാജലംകുടിച്ചീടുവാന്പുറപ്പെട്ടു |
ലൊകവിശ്രുതമായയമുനാതീരെചെന്നു ||
വെള്ളവുംകുടിച്ചുകൊണ്ടുള്ളവുംതണുപ്പിച്ചു |
പള്ളയുംവീൎത്തുമെല്ലെപൊവാനായിപ്പുറപ്പെട്ടു ||
പണ്ടുകെട്ടറിവില്ലാതുള്ളൊരുശബ്ദംകെട്ടു |
രണ്ടുചൊടിങ്ങുവാങ്ങികിഞ്ചനഭയപ്പെട്ടു ||
മുഷ്ക്കരനാകുന്നൊരുകൂറ്റന്റെകണ്ഠധ്വാനം |
മുക്കുറശബ്ദമെന്നുമൎത്ത്യന്മാർചൊല്ലീടുന്നു ||
കെസരിശ്രെഷ്ഠനതുകെട്ടിട്ടുമില്ലമുന്നം |

കെവലമിടിപൊലെകെട്ടപ്പൊൾഭയപ്പെട്ടു ||
തത്രവന്നിതുമഹാമന്ത്രിയാംക്രൊഷ്ടാവിന്റെ |
പുത്രന്മാരിരുവരുണ്ടെത്രയുംസമൎത്ഥന്മാർ ||
അഗ്രജൻകരടകൻസൊദരൻദമനകൻ |
വ്യഗ്രമെന്നിയെഅവർതങ്ങളിലുരചെയ്തു ||
സൊദരൻദമനകൻചൊദിച്ചുപതുക്കവെ |
സാദരംസൂക്ഷിച്ചാലുമഗ്രജമാഹാത്മാവെ ||
നമ്മുടെസ്വാമിക്കിപ്പൊളെന്തൊരുഭയമുള്ളിൽ |
ദുൎമ്മദംവിട്ടുപാരംദീനനായ്മെവീടുന്നു ||
ചൊല്ലിനാനതുനെരമഗ്രജൻകരടകൻ |
വല്ലതുമാകട്ടെങ്കിൽകാൎയ്യമില്ലതുകൊണ്ടു ||
കാൎയ്യമില്ലാതവസ്തുചിന്തിച്ചുപ്രവൃത്തിച്ചാൽ |
കാരണംകൂടാതുള്ളൊരനൎത്ഥംഭവിച്ചീടും ||
പണ്ടൊരുകുരങ്ങച്ചൻപാഴിലുള്ളൊരംഭത്തെ |
കൊണ്ടുടൻതരങ്കെട്ടുചത്തതുകെട്ടിട്ടില്ലെ ||
ഞാനതുജ്യെഷ്ഠകെട്ടിട്ടില്ലെന്നുസഹൊദരൻ |
വാനരാപായംകെട്ടുകൊൾകെന്നുകരടകൻ ||

### ൨. വാനരാപായം.

വമ്പനാമൊരുനൃപന്തന്നുടെനാട്ടിൽനല്ലൊർ |
അമ്പലംകെട്ടുവന്നുകൂടവുംകൂടെവീണെ ||
ആയതുപണിചെയ്വാനാശാരിപ്പരിഷകൾ |
ആയതമ്മഹാമരംകാമരംവെച്ചുകാട്ടിൽ ||
ൟൎച്ചയുമുടൻകൊണ്ടാണികൾപൊടിപ്പൊടി |
താഴ്ചകൂടാതെപാതിപിളൎന്നിൎത്തിക്കൊണ്ടു ||
ഭക്ഷണത്തിന്നുകാലമാകയാൽപണിചെയ്യും |
തക്ഷകപ്പരിഷകൾഗ്രാമത്തിൽപൊയനെരം ||

മക്കടക്കൂട്ടംപലദിക്കിന്നുചാടിച്ചാടി |
തക്കത്തിൽതത്രവന്നുനിറഞ്ഞുദെവാലയെ ||
ആയതിലൊരുമരഞ്ചാടിതാൻചാടിച്ചെന്നു |
അദ്ധമീന്നിരിക്കുന്നദാരുവിന്മുകളെറി ||
രണ്ടുഭാഗത്തുകാലുംകുത്തിവാൽപൊക്കിക്കരം |
കൊണ്ടുടൻകുററികുലുക്കീട്ടുവാനാരംഭിച്ചു ||
അന്നെരമ്മരത്തിന്റെവിള്ളലിൽകുരങ്ങിന്റെ |
അണ്ഡവുമകപ്പെട്ടുപൊണ്ണനുംബൊധിച്ചീല ||
തട്ടിയങ്ങെല്ലിച്ചൊരുകുററിമെൽബലമൊക്കെ |
കാട്ടിയക്കുരങ്ങച്ചൻകുററിയെവിട്ടപ്പൊൾ ||
ദാരുഭാഗങ്ങൾതമ്മിൽചെന്നിട്ടുകപിയുടെ |
സാരമാമണ്ഡംപൊട്ടിച്ചത്തെഞ്ഞുതാനുഞ്ചത്തു ||
തങ്ങൾക്കുഫലമില്ലാതുള്ളതുപ്രവൃത്തിച്ചാൽ |
ഭംഗമെവരുമെന്നുസവ്വരുംബൊധിക്കെണം ||
എന്തിനുവൃഥാതനിക്കാവശ്യമില്ലാത്തതു |
ചിന്തിച്ചുമനഃക്ലെശംചെയ്യുന്നുസഹൊദര ||
ഒട്ടെടംഭുജിച്ചുനാമിട്ടെച്ചുപൊന്നീലയൊ |
പുഷ്ടമായൊരുമാംസമായതുതിന്മാൻപൊക ||
എന്നതുകെട്ടുപറഞ്ഞീടിനാൻദമനകൻ |
നന്നിതുമഹാമതെതെന്നാടെരാജസെവ ||
ഭൊജനംമൊഹിച്ചൊതാനിങ്ങിനെവനാന്തരെ |
രാജമന്ത്രിയെന്നൊരുപെരൊടെനടക്കുന്നു ||
തന്നുടെബന്ധുക്കളെസന്തതംരക്ഷിപ്പാനും |
തന്നുടെശത്രുക്കളെയൊക്കവെശിക്ഷിപ്പാനും ||
ഉന്നതിവരെണമെന്നാഗ്രഹിച്ചല്ലൊലൊകെ |
മന്നവന്മാരെചെന്നുമാനുഷർസെവിക്കുന്നു ||
തന്നുടെജഠരത്തെപൂരിക്കെവെണ്ടുവെങ്കിൽ |
അന്യവസ്തുക്കൾപലതുണ്ടല്ലൊഎളുപ്പത്തിൽ ||
യാതൊരുപുമാനിഹജീവിച്ചുവസിക്കുമ്പൊൾ |

ആതുരന്മാരാംബഹുജന്തുക്കൾജീവിക്കുന്നു ||
അല്പമാനത്രെ'ഭൂമൌകെവലംജീവിക്കുന്നു |
സല്പമാനവന്തന്നെസാധുതാനവന്തന്നെ ||
തക്കത്തിൽതന്റെഭുക്തിമാത്രമെവെണ്ടുവെങ്കിൽ |
പക്കത്തിൽചൊറുന്തിന്നുകൊവില്ക്കൽപാക്കെണമൊ ||
പൊക്കത്തിൽപറക്കുന്നപരന്തുംകിളികളും |
ഒക്കവെതന്നെത്തന്നെപൊററിരക്ഷിക്കുന്നില്ലെ ||
അക്കണക്കുള്ളജനംചത്താലുംജീവിച്ചാലും |
മിക്കതുമന്നെപക്ഷണമാക്കാനുമുണ്ടൊജ്യെഷ്ഠ ||
ഒക്കവെനിരൂപിച്ചാൽഭൂപതിസെവകൊണ്ടു |
തൽക്കുലത്രാണന്തന്നെസാദ്ധ്യമെന്നറിഞ്ഞാലും ||
തന്നുടെബലത്തിനുംപൌരുഷത്തിനുംതാഴ്ച |
വന്നുപൊകാതെതന്നെവല്ലതുംസാധിക്കെണം ||
ഭുക്തിമാത്രമെയല്ലമാനികൾക്കഭിപ്രായം |
ശക്തികാട്ടെണമെന്നെയവർക്കുംതൃപ്തിയുള്ളു ||
ശ്വാക്കടെശവന്തിന്മാനാഗ്രഹിച്ചടുക്കുന്ന |
ശ്വാക്കളുന്തമ്മിൽതമ്മിൽകുരച്ചുംകലഹിച്ചും ||
തരിമാംസവുമില്ലഞരമ്പുമില്ലനല്ലൊർ |
ഇരിമ്പുകണ്ടംപൊലുള്ളസ്ഥിമെൽപിടിപെട്ടു ||
കരിമ്പിൻചണ്ടിപൊലെകടിച്ചുംകാൎന്നുതമ്മിൽ |
ഉരമ്പിഭെലാഷിക്കുന്നെ്യകുക്ഷിപൂരണന്നാസ്തി ||
തനിച്ചുസിംഹങ്ങൾക്കുതന്നുടെമുമ്പിൽവരും |
തടിച്ചക്രൊഷ്ടാക്കളെവധിപ്പാന്മൊഹമില്ല ||
മദിച്ചകുലയാനകൊമ്പനൊടമർചെയ്തു |
വധിച്ചുകടുഞ്ചൊരകുടിച്ചെതൃപ്തിയുള്ളു ||
എന്നതുകൊണ്ടുചൊന്നെന്തന്നുടെബലങ്കാട്ടാം |
ധന്യരാകുന്നൊരന്നംഭക്ഷിപ്പാൻചിതംപൊരാ ||
പട്ടിയങ്ങുരുളയുംകൊണ്ടുചെല്ലുമ്പൊളവൻ |
കാട്ടുന്നഗൊഷ്ടികണ്ടാലെത്രയുംചിരിയാകും ||

വട്ടത്തിലോട്ടുംപിന്നെവാലങ്ങുവിറപ്പിക്കും |
മുട്ടുകൾകുത്തിക്കുനിഞ്ഞൂഴിയിൽപററിത്താഴും ||
പെട്ടന്നുദാതാവിൻെറവക്ത്രവുമുദരവും |
ഒട്ടൊട്ടുനോക്കിചിലശബ്ദങ്ങൾപുറപ്പെടീച്ചി ||
ങ്ങിനെവികൃതികൾകാട്ടാതെഭക്ഷിപ്പാന്തൻ |
ചങ്ങാതിക്കൊരുനാളുംസംഗതിവരത്തില്ല ||
കുംഭിരാജനുതിന്മാൻവാശ്ശൂത്തുംകൊടുത്തെന്നാൽ |
സംഭ്രമംകൂടാതവൻമെടിച്ചുഭക്ഷിച്ചീടും ||
ഗംഭീരവിലൊകനഭാവവുംഭയങ്കരം |
വമ്പനാംപുരുഷൻെറഭാവമിങ്ങിനെവെണ്ടു ||
തന്നുടെവിദ്യകൊണ്ടുംതന്നുടെശൌൎയ്യംകൊണ്ടും |
തന്നുദരത്തെപൂരിക്കുന്നപന്മഹാധന്യൻ ||
ശ്വാവിനെപ്പൊലെകിഴിഞ്ഞാശ്രയിച്ചുണ്ണുന്നവൻ |
കെവലംകൃമിപ്രായമെന്നതെചൊല്പാനുള്ളു ||
വിക്രമംകൊണ്ടുംവിജ്ഞാനാദികൾകൊണ്ടുപത്തു |
ദിക്കുകൾവെളുപ്പിക്കുംകീൎത്തിധാവള്യത്തൊടെ ||
യാതൊരുപുമാന്മഹാമാനിയായിജ്ജീവിക്കുന്നു |
നീതിമാനവൻജ്ജീവജ്ജീവനെന്നുരചെയ്യാം ||
മററുള്ളമഹാമൂഢൻകൊററിന്നുമാത്രംകൊള്ളാം |
മുററുമീഗ്ഗുണമൊന്നുംപററാതെജ്ജീവിക്കുന്നോൻ ||
പെററമാതാവിനുള്ളയൌവനമാകുംവൃക്ഷം |
പററഖണ്ഡിപ്പാനൊരുകൊടാലിതന്നെയവൻ ||
ആരാനുംബെലിയിട്ടുകൈക്കൊട്ടുകേൾക്കുന്നേരം |
പാരാതെപറന്നുടൻചെന്നങ്ങുപിണ്ഡംകൊത്തി ||
തിന്നുകൊണ്ടിരിക്കുന്നകാകനുംജ്ജീവിക്കുന്നു |
എന്നതുപൊലെമഹാമന്ദനുംജ്ജീവിക്കുന്നു ||
സ്വല്പബുദ്ധിയായുള്ളമാനുഷന്മഹാദീനൻ |
സ്വല്പലാഭത്തെക്കൊണ്ടുതൽക്ഷണംപ്രസാദിക്കും ||
അല്പമാംജലാധാരമ്പൂരിപ്പാന്മഴത്തുള്ളി |

സ്വല്പമുണ്ടായാൽപൊരുമായതുനിറഞ്ഞീടും ||
മൂഷികന്തന്റെകൊച്ചുകൈരണ്ടുംജലംകൊണ്ടു |
തൃഷിതമാക്കീടുവാനെത്രെപാനീയംവെണം ||
കൃത്യവുമകൃത്യവുംധൎമ്മവുമധൎമ്മവും |
നിത്യവുമനിത്യവുംസത്യവുമസത്യവും ||
ഇത്ഥമുള്ളതിലൊന്നുംചെറ്റുമെഗ്രഹിക്കാത |
മൎത്ത്യനുമ്പശുക്കളുമെത്രമെഭെദംനാസ്തി ||
എപ്പൊഴുമാഹാരവുമപ്പൊഴെനീഹാരവും |
തല്പരമുറക്കവുംമൈഥുനവ്യാപാരവും ||
ഇപ്പറഞ്ഞതുനാലുമൊക്കവെപശുക്കൾക്കും |
സ്വല്പബുദ്ധിയാമ്പുരുഷാധമന്മാൎക്കുന്തുല്യം ||
എന്നതിലല്ലാക്കൂട്ടന്നമ്മുടെസ്വാമിസിംഹം |
എത്രയുംമഹാവീരൻബുദ്ധിമാൻവിവെകവാൻ ||
അങ്ങനെയുള്ളസിംഹത്തമ്പുരാന്താനുമിപ്പൊൾ |
ഇങ്ങനെവിഷണ്ണനായീടുവാനെന്തുമൂലം ||

൪. ക്രോഷ്ടാക്കളുടെ ആമന്ത്രണം.

ചൊല്ലിനാൻകരടകൻകാരിയങ്ങളെശിക്കുന്നൊർ |
അല്ലല്ലൊനീയുംഞാനുമെന്നതുകൊണ്ടുചൊന്നു ||
അപ്രധാനന്മാരാകുന്നമുക്കീവിചാരങ്കൊണ്ട |
ല്പവുമൊരുകാൎയ്യമില്ലെടൊസഹൊദര ||
ഉത്തരമുരചെയ്തുസൊദരൻദമനകൻ |
സുപ്രധാനത്വംപിന്നെനമുക്കുംവരാമല്ലൊ ||
അപ്രധാനനായുള്ളപുരുഷൻക്രമത്താലെ |
സുപ്രധാനനായിട്ടുംമറിച്ചുംകാണുന്നില്ലെ ||
മറെറാരുത്തന്റെശക്തികൊണ്ടല്ലമനുഷ്യന്മാർ |

ഊററക്കാരാകുന്നതുംമൂഢന്മാരാകുന്നതും ||
എന്തിന്നുമററുള്ളൊൎക്കുകുററമുണ്ടാക്കീടുന്നു |
ചിന്തിച്ചാൽതന്റെഗുണദൊഷവുന്താനുണ്ടാക്കും ||
ഉന്നതിവരുത്തുവാനെത്രയുംപരാധീനം |
പിന്നെയങ്ങധൊഗതിക്കെത്രയുമെളുപ്പമാം ||
എത്രയുംകനത്തൊരുകല്ലുകളുരുട്ടിക്കൊണ്ടു |
ദ്രിതന്മുകൾപ്പാട്ടിലെററുവാമ്പാരംദണ്ഡം ||
ആയതുകീഴ്പ്പെട്ടെക്കുചാടിപ്പാനെളുപ്പമാം |
ആയാസംചെററുംവെണ്ടാതാഴത്തുവന്നെനില്പൂ ||
തന്നുടെഗുണത്തിന്നുന്തന്നുടെദൊഷത്തിന്നും |
തന്നുടെജീവാത്മാവെന്നുള്ളതുതന്നെമൂലം ||
എന്നതുകെട്ടുതദാചൊദിച്ചുകരടകൻ |
നിന്നുടെവാക്കിന്നഭിപ്രായമെന്തെടൊസഖെ ||
എന്നുടെവാക്കിന്നഭിപ്രായമിത്തമ്പുരാന്റെ |
ഖിന്നതാമൂഢതാപവുംഭീതിയുംകാണ്കതന്നെ ||
ഇങ്ങിനെദമനകൻചൊല്ലിനാനിദമപ്പൊൾ |
എങ്ങിനെയറിഞ്ഞുനീയെന്നപ്പൊൾകരടകൻ ||
എങ്ങിനെയറിഞ്ഞുവെന്നഗ്രജനുരചെയ്യാൻ |
ഇങ്ങുതൊന്നിയതെല്ലാമടിയനുണൎത്തിക്കാം ||
ചൊല്ലുന്നവാക്കുകേട്ടുഗൊക്കളുംപ്രവൃത്തിക്കും |
തല്ലുപേടിച്ചുമരംവലിക്കുംഗജങ്ങളും ||
വല്ലതുംകെട്ടിപ്പുറത്തേററിയാൽകഴുതയും |
കല്ലിലുംപേറിക്കൊണ്ടുമണ്ടുമെന്നതെവെണ്ടു ||
ചൊല്ലുകൂടാതെതന്നെമൎത്ത്യന്റെമനൊഗതം |
തെല്ലുമെതേറീടാതെബൊധിക്കുമ്മഹാജനം ||
അന്യചിത്താഭിപ്രായംഗ്രഹിപ്പാനല്ലൊമൎത്ത്യൻ |
തന്നുടെയുള്ളിൽബുദ്ധിസാരത്തെവഹിക്കുന്നു ||
ജംബുകന്തന്നെനാമെന്നാകിലുന്നമുക്കുള്ളിൽ |
ബിംബിതംപ്രഭുവിന്റെചിത്തസംക്ഷൊഭംദ്ധ്രുവം ||

നമ്മുടെബുദ്ധികൊണ്ടുനമ്മുടെതമ്പുരാനെ |
നമ്മുടെപാട്ടിലാക്കിതീൎക്കേണമിന്നുതന്നെ ||
എന്തെടൊനമുക്കുണ്ടൊരാജസെവാഭിജ്ഞത്വം |
എന്നുടൻകരടകനന്നെരംദമനകൻ ||
എന്നൊളംരാജസെവാധൎമ്മത്തെഗ്രഹിച്ചവൻ |
പിന്നെമററാരുമില്ലെന്നഗ്രജൻഗ്രഹിക്കേണം ||
മന്ത്രിയായ്വസിക്കേണ്ടുമ്മാൎഗ്ഗവുംസംസാരവും |
മന്ത്രിച്ചുമററുള്ളൊരെചതിപ്പാനുപായവും ||
കൈക്കാണംമേടിപ്പാനുംകണ്ടവരൊട്ടുചേൎന്നു |
വക്കാണംകൂട്ടിദ്രവ്യംകൈക്കലാക്കീടുവാനും ||
കാൎയ്യങ്ങൾതീരുന്നെരംസ്വാമിക്കുചെല്ലേണ്ടുന്ന |
കാണങ്ങൾപാതീലെററംപററുവാനുപായവും ||
മറെറാരുവിധന്നാട്ടിൽതീരുന്നവൎത്തമാനം |
മറെറാരുവിധംചെന്നുസ്വാമിയെബൊധിപ്പിക്ക ||
പററിലുള്ളൊൎക്കുകാൎയ്യംഒക്കവെസാധിപ്പിക്കമററുള്ളജനത്തി
ന്റെകൊററങ്ങുമുടക്കുക |
കൊററിനുവകയുള്ളസാധുക്കൾക്കൊരുവിധം ||
കുററമുണ്ടാക്കിദ്രവ്യമൊക്കവെഹരിക്കയും |
ഇത്തരംദുൎമ്മന്ത്രികൾക്കുള്ളൊരുതൊഴിലുക ||
ൾക്കൊത്തൊരുവിധമെങ്കിലായതുനമുക്കുണ്ടു |
പാരിടന്തന്നിൽനല്ലസാമൎത്ഥ്യമുള്ളൊൎക്കും ||
ഭാരമാകുന്നകാൎയ്യമൊക്കവെസാധിപ്പാനും |
സ്വൈരമാംവണ്ണമ്മണ്ടിനടക്കുന്നരന്മാൎക്കു ||
ദൂരമായൊരുദിക്കുമില്ലെന്നുബൊധിക്കേണം |
ധന്യരാംവിദ്വാന്മാൎക്കുതന്നുടെദെശമെന്നും ||
അന്യന്റെദെശമെന്നുംഭെദമില്ലൊരെടത്തും |
എത്രയുംപ്രിയമ്പറഞ്ഞീടുന്നപുമാന്മാൎക്കു ||
ശത്രുവില്ലെന്നുകേട്ടിട്ടില്ലയൊമഹാത്മാവെ |

ഊചിവാൻകരടകൻനന്നിതുദമനക |
രൌചിതമിദംനിന്റെസന്നാഹമെന്നാകിലും ||
സെവെക്കുള്ളവസരംകാണാതെതിരുമുമ്പിൽ |
ആവലാതിക്കുചെന്നാലബദ്ധമായിത്തീരും ||
ചൊല്ലിനാൻദമനകനായതുസത്യന്തന്നെ |
വല്ലാത്തൊരവസരെചെല്ലുകിലബദ്ധമാം ||
ആനെക്കുമദപ്പാടങ്ങുള്ളൊരുനെരഞ്ചെന്നാൽ |
ആനക്കാരനെപ്പൊലുമായവൻകുത്തിക്കൊല്ലും ||
ഏവനെന്നാലുമ്പിന്നെസന്നിധൌസദാകാലം |
സെവിച്ചുനില്ക്കുന്നൊരിൽസ്വാമിക്കുകൃപയുണ്ടാം ||
വംശശുദ്ധിയുമില്ലബുദ്ധിയുമില്ലകണ്ടാൽ |
വക്ക്ത്തുതെല്ലുമില്ലവിദ്യയുമൊന്നുമില്ല ||
അക്കണെക്കുള്ളപുമാനെങ്കിലുന്തിരുമുമ്പിൽ |
തക്കവുംനൊക്കിമൂക്കിൽവിരലുന്തള്ളിനിന്നാൽ ||
മന്നവന്മാൎക്കുപാരമ്പക്ഷമായിവരുംക്രമാൽ |
അന്യസെവകന്മാരിലഗ്രഗണ്യനാമവൻ ||
പാൎത്ഥിപന്മാരുമ്പരസ്ത്രീകളുംലതകളും |
പാൎശ്വസെവയെപ്പാരമ്പാട്ടിലാക്കീടുംദൃഢം ||
ഇന്ദ്രനൊടൊക്കുംസ്വാമിചന്ദ്രനൊടൊക്കുംഭവാൻ |
എന്നെല്ലാംസ്തുതിച്ചുകൊണ്ടെപ്പൊഴുമ്പിരിയാതെ ||
സന്നിധൌപാൎക്കുന്നവൻപാൎത്ഥിവനഭിമതൻ |
പിന്നെയെന്തഹൊബഹുദുൎല്ലഭനെന്നാകിലും ||
തന്നുടെഹിതന്നോക്കിപാൎക്കുന്നപുരുഷനെ |
തന്വംഗിമാരുമ്മുദാകൈക്കൊള്ളുംക്രമത്താലെ ||
മുള്ളുള്ളവൃക്ഷത്തെയുമന്തികസ്ഥിതമായാൽ |
വള്ളിയുംചുററിപററിക്കേറുമെന്നറിഞ്ഞാലും ||
ഇന്നതുപ്രയോഗിച്ചാൽകൊപിക്കുമ്മഹീപതി |
ഇന്നതുപ്രയൊഗിച്ചാൽമന്നവൻപ്രസാദിക്കും ||
എന്നുള്ളവിശെഷങ്ങൾകണ്ടുകൊണ്ടുശാന്തികെ |

നിന്നുസെവിച്ചീടെണമെപ്പൊഴുമിളകാതെ ||
എന്നിയെ നിരസിച്ചുവെങ്കിലുംകൂട്ടാക്കാതെ |
പിന്നെയുംചുററിക്കൂടിപിന്നാലെനടക്കെണം ||
ഇങ്ങിനെപലദിനംചെയ്യുമ്പൊൾപ്രഭുക്കളും |
തന്നുടെവശത്തായിതീരുമെന്നതെവെണ്ടു ||
ചൊദിച്ചുകരടകനെന്തുനീയുണർത്തിപ്പാൻ |
ഭാവിച്ചുസിംഹാന്തികംപ്രാപിപ്പാനൊരുമ്പെട്ടു ||
ഉക്തവാൻദമനകൻവല്ലതുമുണർത്തിച്ചാൽ |
ഉത്തരംകേൾക്കാമതിനുത്തരമപ്പൊൾതോന്നും ||
ഉത്തരന്തന്നിൽനിന്നങ്ങുത്തരമുണ്ടാകുന്നു |
വിത്തിൽനിന്നല്ലൊപിന്നെവിത്തുകളുണ്ടാകുന്നു ||
കണ്ടത്തിൽവിതെക്കുന്നനെല്ലുകൾമുളെച്ചുനെ |
ല്ലുണ്ടാകുമതുതന്നെവിത്തായിത്തീരുമല്ലൊ ||
രണ്ടുവാക്കവിടെക്കചെന്നുഞാനുണർത്തിച്ചാൽ |
കണ്ടുകൊള്ളെണമെന്മെലുത്തരംബഹുവിധം ||
ഏതൊരുവസ്തുചെയ്യാലപ്പൊഴെകെടുംകാര്യം |
ഏതൊരുവസ്തുചെയ്യാൽകാര്യങ്ങൾസാധിച്ചീടും ||
ആയതുരണ്ടുംമുമ്പെനീതിയുള്ളവർകാണണം |
ആയതിനൊത്തപൊലെകാര്യത്തിൽപ്രവെശിക്കും ||
ഉത്തമനധമനുമ്മദ്ധ്യമനെന്നീവണ്ണം |
മന്ത്ര്യന്മാർമൂന്നുവിധമുണ്ടെന്നുബൊധിക്കെണം ||
എന്നതിലധമന്താൻവിഘ്നത്തിൽഭയങ്കൊണ്ടു |
ഒന്നുമെതുടങ്ങാതെസ്വസ്ഥനായിരുന്നീടും ||
മദ്ധ്യമമ്പിന്നെകാര്യന്തുടങ്ങുമ്മുടങ്ങുമ്പൊൾ |
ബുദ്ധിയുംകെട്ടുപാരമ്മടങ്ങിയടങ്ങീടും ||
ഉത്തമന്മദ്ധ്യെമദ്ധ്യെമുടക്കംവന്നെങ്കിലും |
സിദ്ധമാവൊളംകാര്യംകൈവിടുകയുമില്ല ||
ഇന്നുഞാനവസരമെന്തെന്നുഗ്രഹിക്കാതെ |
ചെന്നുചാടുകയുമില്ലെന്നുബൊധിക്കഭവാൻ ||

ദെവകൾക്കാചാൎയ്യനാംഗീഷ്പതിതാനെങ്കിലും |
കെവലമവസരംബൊധിക്കാതുരചെയ്യാൽ ||
ലാഘവംഭവിച്ചീടുംകാൎയ്യവുംവരാതന്റെ |
ശ്ലാഘിതത്തിന്നുംഹാനിവന്നുപൊമസംശയം ||
നല്ലൊരുകാലെചെന്നുചൊല്ലുകിലസാരനും |
വല്ലകാൎയ്യമെന്നാലുംസാധിച്ചുപൊരാന്താനും ||
ദെശവുംകാലങ്ങളുംചിന്തിയാതൊരുകാൎയ്യം |
ലെശവുന്തുടങ്ങരുതാത്മബൊധമുള്ളവൻ ||
ആശയെപരിപാകമില്ലാതപ്പൊമാനൊട്ട |
സ്വാശയാഭിപ്രായത്തെചൊല്ലരുതൊരുനാളും ||
നിഷ്കൃപന്മാരെകാൎയ്യംകേൾപ്പിച്ചാൽസമീഹിതം |
നിഷ്ഫലമായിതീരുമെന്നതുതന്നെയല്ല ||
ചിന്തിയാതുള്ളൊരനൎത്ഥങ്ങളുമകപ്പെട്ടും |
എന്തിനുമൂഢന്മാരെചെന്നഹൊസെവിക്കുന്നു ||
യാതൊരുഗുണംകൊണ്ടുവൃത്തിസൌഖ്യങ്ങൾവരു |
യാതൊന്നുകൊണ്ടുമമസജ്ജനംപ്രശംസിപ്പു ||
അങ്ങിനെയുള്ളഗുണമുണ്ടാവാൻക്ലെശിക്കെണം |
എങ്ങുമെലൊപംകൂടാതഗ്ഗുണംരക്ഷിക്കെണം ||
അഗ്രജൻചൊന്നാനപ്പൊൾഭൂമിപാലന്മാരൊട്ടും |
സുഗ്രഹന്മാരല്ലവൎക്കങ്ങിനെപക്ഷമെന്നും ||
ആഗ്രഹമെന്തെന്നതുമാരംഭമെന്തെന്നതും |
വ്യഗ്രമെന്നിയെപാൎത്തുബൊധിപ്പാനെളുതല്ല ||
സൊദരങ്ങൊന്നാനപ്പൊളങ്ങുന്നുപറഞ്ഞതു |
മാദരിക്കെണ്ടുംപരമാൎത്ഥമെന്നിരിക്കിലും ||
വങ്കടൽകരെചെന്നുനിൽക്കുമ്പൊൾശിവശിവ |
സങ്കടമിതിലിറങ്ങീടുവാനെന്നുതോന്നും ||
ഒട്ടുനാളിറങ്ങിയുമ്മുങ്ങിയുന്തിരവന്നു |
തട്ടിയിട്ടലഞ്ഞുമിങ്ങൊട്ടെടംചെന്നുംപോന്നും ||
പെട്ടന്നുപരിചയിച്ചീടിനാലൊരുവഴി |

കിട്ടുമങ്ങതിൽനീന്തിക്രീഡിച്ചുമെവീടുവാൻ ||
എന്നതുപൊലെചെന്നുവന്ദനഞ്ചെയ്തുനിന്നു |
ചൊന്നതുംകേട്ടുംകണ്ടുംസൂക്ഷിച്ചുംപരീക്ഷിച്ചും ||
മന്നവന്തന്റെശീലംഭാവവുംപതുക്കവെ |
തന്നുള്ളിലാക്കിക്കൊണ്ടാൽപിന്നെവൈഷമ്യമില്ല ||
അങ്ങിനെവശത്താക്കാമെന്നൊരുപക്ഷമിപ്പൊൾ |
ഇങ്ങുണ്ടുമനക്കാമ്പിൽനിൻകൃപയുണ്ടെന്നാകിൽ ||
എന്നതുകേട്ടുമുദാചൊല്ലിനാൻകരടകൻ |
നന്നിതുസഹൊദരനല്ലതുവന്നീടെണം ||
നിന്നുടെമാൎഗ്ഗംശുഭമായ്വരുന്നിരൂപിച്ചു |
തൊന്നുമെഭംഗംകൂടാതസ്സൂതെശുഭമതെ ||

൯. ദമനകന്റെ നീതിവാക്യം.

ജ്യെഷ്ഠനെതൊഴുതുകൊണ്ടപ്പൊഴെദമനകൻ |
ശ്രെഷ്ഠനാംസിംഹപ്രഭുസ്വാമിയെപ്രാപിച്ചുടൻ ||
ദൂരവെതന്നെനിന്നുപാണികൾകൂപ്പിക്കൂപ്പി |
ചാരവെപതുക്കവെചെന്നൊരുദശാന്തരെ ||
പിംഗലകനുമുരചെയ്തിതുദമനക |
ഇങ്ങുവന്നാലുമ്പലനാൾകൂടികാണുന്നിപ്പൊൾ ||
എന്തെടൊനീയുന്നിന്റെജ്യെഷ്ഠനുമെന്നെവന്നു |
സന്തതംസെവിക്കാത്തസംഗതികഥിക്കനീ ||
വമ്പനാംദമനകൻവന്ദനഞ്ചെയ്തുചൊന്നാൻ |
തമ്പുരാനടിയനെകൊണ്ടെന്തുപ്രയൊജനം ||
കൊമ്പനാനയെക്കൊന്നുതലചൊർപഴയരി |
സമ്പാദിപ്പതിന്നിങ്ങുസാമൎത്ഥ്യംപൊരായല്ലൊ ||
എങ്കിലുമമാത്യന്റെമക്കളായടിയങ്ങൾ |
നിൻകഴലടിപണിഞ്ഞീടാതെപൊറുക്കുമൊ ||
ഓൎക്കുമ്പൊളൊരുത്തരെകൊണ്ടുപകാരമില്ലെ |

ന്നാക്കുമെവരികയില്ലെന്നതുമുണൎത്തിക്കാം ||
പുല്ലുകൾകൊണ്ടുമുപകാരമുണ്ടാകുന്നതെൻറ |
പല്ലുതെപ്പാനുംകൊള്ളാംപയ്യൂളെതിറാൻകൊള്ളാം ||
മെല്ലവെകണ്ണുങ്ങളിലിട്ടുടൻചൊറകിയാൽ |
തെല്ലുസൌഖ്യമുണ്ടാകിലാവിധത്തിനുംകൊള്ളാം ||
കാൽകരംകണ്ണുംമൂക്കുമുള്ളൊരുജന്തുക്കളാൽ |
ഏകനെങ്കിലുംകാൎയ്യമില്ലാതെഭവിക്കുമൊ ||
സാരനാമ്പുരുഷനെപ്പാരമിട്ടിടിച്ചാലും |
സാരസക്തിയെത്യജിച്ചീടുമാറില്ലനൂനം ||
തീയെരിയുന്നകൊള്ളിക്കീഴാക്കിപിടിച്ചാലും |
തീയുടെജ്വാലമെല്പട്ടല്ലാതെജ്വലിക്കുമൊ ||
ജീവജന്തുക്കളെല്ലാമൊന്നുപൊലെന്നുള്ളൊരു |
ഭാവവുംഭവാന്മാക്കുചെച്ചയില്ലറിഞ്ഞാലും ||
തങ്ങൾക്കുമററുള്ളൊരിൽഭെദമുണ്ടെന്നുള്ളതും |
സംഗതിവരുംദിക്കിൽകാണിക്കുംസമൎത്ഥന്മാർ ||
വിത്തുകളെല്ലാംകൂടികലൎന്നുവിതച്ചാലും |
ഉത്തമൻകിളുക്കുമ്പൊൾതന്മഹത്വത്തെകാട്ടും ||
ഉത്തമസ്ഥലങ്ങളിൽശ്രീകാൎയ്യംവിചാരിപ്പാൻ |
ഉത്തമന്മാരാംകാൎയ്യക്കാരരെകല്പിക്കെണം ||
ശൂദ്ധഭൂസുരക്ഷെത്രസ്ഥാനങ്ങൾക്കധികാരം |
ബൌദ്ധനുകൊടുക്കുന്നമന്നവന്മഹാമൂഢൻ ||
കങ്കണംകരങ്ങളിൽകുണ്ഡലംകണ്ണുങ്ങളിൽ |
കാഞ്ചികൾകടീതടെഹാരങ്ങൾവക്ഷസ്ഥലെ ||
ഇങ്ങിനെതങ്ങൾക്കുള്ളഭൂഷണസ്ഥലങ്ങളിൽ |
ഭംഗിയിൽചെൎത്തെങ്കിലെഭൂഷണംശൊഭിച്ചീട്ടു ||
കണ്ഠത്തിലരഞ്ഞാണംകങ്കണംകണ്ണുങ്ങളിൽ |
കൊണ്ടുപൊയികെട്ടിത്തൂക്കികൊണ്ടങ്ങുപുറപ്പെട്ടാൽ ||
കണ്ടവർകരങ്ങൊട്ടികൊണ്ടുടൻചിരിച്ചീടും |
തണ്ടുതപ്പിഎന്നൊരുനാമവുംലഭിച്ചീടും

എത്രയുന്നീചന്മാരാംബൌദ്ധജാതിജന്മാക്കു ||
ഛത്രവുംപല്ലക്കവുംദീപയഷ്ടിയുന്നല്കി
ക്ഷത്രിയബ്രഹ്മസ്ഥാനെമന്ത്രിയാക്കീടുന്നൊരു ||
ധാത്രിപാലരെപ്പാരന്നിന്ദിക്കുമ്മഹാജനം |
തന്നെത്താനറിയാതദ്ദുഷ്പ്രഭുക്കളെച്ചെന്നു ||
വന്ദിച്ചുസെവിക്കുന്നമാനുഷപ്പശുക്കൾക്കു |
ഇന്നിപ്പൊളിഹലൊകെസൌഖ്യമില്ലവർചത്താൽ ||
ചെന്നൊരുനരകത്തിൽചാടുകെന്നല്ലാതില്ല |
മെച്ചമെസുവൎണ്ണത്തിൽചെൎക്കെണ്ടുമ്മഹാരത്നം ||
പിച്ചളപ്പതക്കത്തിൽചേൎക്കുന്നപൂരുഷനെ |
സജ്ജനന്തന്നെയല്ലദുൎജ്ജനങ്ങളുംകൂടെ ||
തൎജ്ജിക്കുന്തൽസംപൎക്കംവൎജ്ജിക്കുമെല്ലാവരും |
ബുദ്ധിയുംവിവെകവുംവീൎയ്യവുംപ്രഭുക്കളിൽ ||
ഭക്തിയുമുള്ളഭൃത്യൻസ്വാമിയെനികത്തീടും |
ശക്തിയുണ്ടൊരുത്തനുഭക്തിയില്ലാഞ്ഞാൽനന്നൊ ||
ശക്തിയുന്നല്ലസ്വാമിഭക്തിയുന്തികഞ്ഞൊരു |
ഭൃത്യനുണ്ടെന്നാകിലെവൎദ്ധിപ്പൂമഹീപതി ||
ശക്തിയുമില്ലാസ്വാമിഭക്തിയുമില്ലാതൊക്കു |
ഭുക്തിനല്കീടുന്നൃപനെത്രയുമവിവെകി ||
ആയവൻഭുജിക്കുന്നൊരൊദനമെല്ലാമൊരു |
നായിനുകൊടുത്തെങ്കിലായതുപാഴായ്പ്പൊകാ ||
നായിനുചൊറുന്നല്കുന്നായകന്മാരെക്കുറി |
ച്ചായതന്സ്നെഹത്തിനുമായമില്ലൊരുനാളും ||
ആയവന്തനിക്കുള്ളകായത്തെക്കൊണ്ടുതന്നി |
ക്കായവൎണ്ണുമെസ്വാമിക്കെപ്പൊഴുംസഹായിക്കും ||
ശസ്ത്രവുംകുതിരയുംശാസ്ത്രവുംവീണാപാണി |
ക്ഷാത്രവുംനരന്മാരുന്നാരിയുമിവയെട്ടും ||
സജ്ജനത്തൊടുചെന്നാലെത്രയുംപ്രകാശിക്കും |
ദുൎജ്ജനത്തൊടുചെന്നാലെററവുമിളപ്പെട്ടും ||

അഭ്യാസമുള്ളവീരൻവാളെടുത്തിളക്കുമ്പൊൾ |
സഭ്യന്മാരതുകണ്ടുകൊണ്ടാടിസ്തുതിച്ചീടും ||
അഭ്യാഗന്മഹാദൊഷൻവാളെടുക്കുന്നുകണ്ടാൽ |
അപ്പൊഴെയെല്ലാവരുംവാളെടുക്കയെയുള്ളു ||
അശ്വപ്പൊർഗ്രഹിച്ചവരശ്വത്തിലെറിക്കണ്ടാൽ |
വിശ്വവാസികളെല്ലാംവിസ്മയിച്ചീടുംദൃഢം ||
അല്ലാത്തമൂഢൻചെന്നങ്ങശ്വത്തിലെറുന്നെരം |
വല്ലാതെപിഴച്ചുപൊമെല്ലാരുംഹസിച്ചീടും ||
ഇങ്ങിനെതന്നെപിന്നെചൊന്നതുനാല്യംരണ്ടും |
ഭംഗിക്കുമഭംഗിക്കുമ്പാത്രഭെദമെമൂലം ||
ഞാനൊരുകുറുനരികുട്ടനെന്നതുകൊണ്ടു |
മാനസെനിന്ദാഭാവംസ്വാമിക്കുവെണ്ടാതാനും ||
പത്മനാഭനുമ്പണ്ടുപന്നിയായ്പിറന്നില്ലെ |
പാവനനെന്നുമുനിമാനായിമെവുന്നീലെ ||
ഷണ്മുഖഭഗവാനുമാടിന്റെവെഷമ്മുദാ |
വെണ്മയിൽധരിച്ചതുതമ്പുരാൻകെട്ടിട്ടില്ലെ ||
ഭൃത്യന്റെഗുണഗണമൊക്കയുമടിയനു |
ണ്ടത്യന്തംഭക്തിശക്തിയുക്തിയുമിനിക്കുണ്ടു ||
ഭക്തിയില്ലാത്തുള്ളൊന്റെശക്തികൊണ്ടെന്തുഫലം |
ശക്തിയില്ലാത്തവന്റെഭക്തികൊണ്ടെന്തുഫലം ||
സെവകന്മാരിൽനിന്ദാശീലനാന്നരെന്ദ്രനെ |
സെവിപ്പാനാരുമില്ലാതായ്വരുംക്രമത്താലെ ||
ബന്ധുഭൃത്യരുമില്ലാതായ്പ്പാരുന്നൊരന്നൃപൻ |
എന്തുപൌരുഷംപിന്നെക്ഷീണമാംപ്രഭുത്വവും ||
പ്രാഭവംകുറയുമ്പൊൾപ്രായശൊവിദ്വാന്മാൎക്കും |
ലൊഭമില്ലാതാമപ്വരാഗമിക്കയുമില്ല ||
നിത്യവുംസമീപത്തുവിദ്വാന്മാരില്ലാതായാൽ |
കൃത്യവുമകൃത്യവുംബൊധമില്ലാതായ്വരും ||
പാൎത്ഥിപന്മാൎക്കുനീതിജ്ഞാനമില്ലെന്നുവന്നാൽ |

പാൎത്തലെവസിക്കുന്നൊൎക്കവെനശിച്ചീടും ||
എന്നതുകൊണ്ടുപറഞ്ഞീടുന്നെന്മമസ്വാമി |
ക്കുന്നതിവരാന്നല്ലഭൃത്യന്മാൎത്തന്നെവെണം ||
എന്നതുകെട്ടുമഹാസിംഹവുമുരചെയ്തു |
നന്നെടൊദമനകനിന്നുടെനീതിവാക്യം ||
നമ്മുടെസചിവൻറനന്ദനനല്ലൊഭവാൻ |
നന്മമെൽവരാനുള്ളയത്നന്നീചെയ്യീടെണം ||
ചൊദിച്ചുദമനകനിന്തിരുവടിയിപ്പൊൾ |
മൊദിച്ചുജലപാനംചെയ്വതിന്നെഴുന്നെള്ളി ||
അംഭസ്സിന്നുപാന്തികെവാണരുളുമ്പൊൾബുദ്ധി |
സ്തംഭിച്ചുനില്ക്കുകാണെന്നിതുകിംകാരണം ||
ഉത്തരമുരചെയ്തുകെസരിശ്രെഷ്ഠന്താനും |
സ്വസ്ഥമല്ലെൻറമനസ്സിങ്ങിനെതീൎന്നുകഷ്ടം ||
നമ്മുടെവനത്തന്നിലിന്നൊരുജന്തുവന്നു |
ദുൎമ്മദംപൂണ്ടുശബ്ദിക്കുന്നതുകെൾക്കുന്നീലെ ||
എത്രയുംക്രൂരമ്പാരംദുഷ്ടൻറകണ്ഠധ്വനം |
ശ്രൊത്രരന്ധ്രത്തിൽപുക്കുസങ്കടപ്പെടുക്കുന്നു ||
മുറ്റുമീമഹാരണ്യെവാസവുംവെടിഞ്ഞുഞാൻ |
മറ്റൊരുവനാന്തരംപ്രാപിപ്പാൻഭാവിക്കുന്നു ||
കണ്ഠശബ്ദത്തെകേട്ടാലൂഹിക്കാമവനെത്തും |
കുണ്ഠനല്ലഹൊമഹാവിക്രമിമഹാവീരൻ ||
രണ്ടുപക്ഷമില്ലിനിക്കായവന്തന്നെകേട്ടും |
കണ്ടുംകൊണ്ടിവിടത്തിൽപാൎക്കവൈഷമ്യന്തന്നെ ||
എന്നതുകെട്ടുമുദാചൊല്ലിനാൻദമനകൻ |
എന്നുടെസ്വാമിവൃഥാചാഞ്ചല്യംതുടങ്ങെണ്ട ||
ശബ്ദമാത്രത്തെക്കേട്ടുശങ്കിപ്പാനെന്തുമൂലം |
ശക്തിമാനെല്ലൊഭവാനെന്തിനുപേടിക്കുന്നു ||
ആറുകളിൽജലംപൊങ്ങിസെതുഭഞ്ജനഞ്ചെയ്യും |
ആറുകൎണ്ണങ്ങൾപുക്കാൽമന്ത്രവുംഭെദിച്ചീടും ||

ഏഷണിപ്രയോഗിച്ചാൽസ്നെഹവുംനശിച്ചീടും |
ഭീഷണിവാക്കുകൊണ്ടുഭീരുക്കൾഭയപ്പെടും ||
കണ്ടപ്പൊളതിൽബഹുമാംസമുണ്ടെന്നുതോന്നി |
ചെണ്ടയിലുൾപുക്കപ്പൊൾചൎമ്മവുമൊരുമര ||
കണ്ടവുംമാത്രന്തന്നെകണ്ടതുള്ളു ഞാനെന്നു |
പണ്ടൊരുജംബുപറഞ്ഞിങ്ങനെകെട്ടിട്ടുണ്ടു ||
ചൊല്ലെടൊപുരാവൃത്തമെന്നുകെസരിശ്രെഷ്ഠൻ |
ചൊല്ലുവൻശ്രവിച്ചാലുമെന്നുടൻദമനകൻ ||
പണ്ടൊരുകുറുനരിഭക്ഷണംകിട്ടായ്കയാൽ |
കുണ്ഠിതംപൂണ്ടുവിശന്നങ്ങിനെനടക്കുമ്പൊൾ ||
കുത്രചിൽപ്രദെശത്തുയുദ്ധഭൂതലംകണ്ടു |
തത്രസൈന്യങ്ങൾചത്തുകിടക്കുന്നതുംകണ്ടു ||
അത്രയല്ലൊരുപൊണ്ണച്ചെണ്ടയുംകണ്ടാനവൻ |
തത്രനിന്നൊരുശബ്ദംശ്രവിച്ചുഭയപ്പെട്ടാൻ ||
വായുവന്നടിക്കുമ്പൊളായതുതാനെതന്നെ |
തൊയദധ്വനിപൊലെശബ്ദിക്കുന്നതുംകെട്ടു ||
എന്തുവാനിതങ്ങൊരുജന്തുവായ്വരുമെന്നാൽ |
ബന്ധുവാരിനിക്കയ്യൊനമ്മെയുംകൊല്ലുമിവൻ ||
അന്തികെചെന്നുനൊക്കികൊണ്ടുപോരികെന്നുള്ളിൽ |
ചിന്തിച്ചുധൈൎയ്യത്തൊടെമെല്ലമെല്ലവെചെന്നാൻ ||
ഭക്ഷണത്തിനുവെണ്ടുംചൊരയുമ്മാംസങ്ങളും |
തൽക്ഷണമിതിനകത്തുണ്ടെന്നുതൊന്നീടുന്നു ||
ലക്ഷണംശുഭംനമുക്കെഷ്ടഞാനുള്ളിൽപുക്കു |
ഭക്ഷണംവഴിപൊലെചെയ്യുകയെന്നുറച്ചവൻ ||
ചൎമ്മത്തെകടിച്ചൊരുദ്വാരമുണ്ടാക്കികൊണ്ടു |
ദുൎമ്മൊഹിസൃഗാലനങ്ങകത്തുപ്രവെശിച്ചാൻ ||
ആയവനപ്പൊളുരചെയ്യൊരുശ്ലൊകാൎദ്ധംഞാൻ |
മായമെന്നിയെചൊന്നെൻകണ്ടപ്പൊളതിലെന്നു ||

൩. സിംഹവും വൃഷഭവും പരസ്പരം സ്നെഹാകുലന്മാരായതു.

ആയതുമനസ്സിൽവെച്ചിങ്ങിനെപറഞ്ഞുഞാൻ |
ആയതദ്ധ്വാനംകേട്ടുഭീതിയെന്തിത്രവൃഥാ ||
കെവലംമഹാശബ്ദംകെൾക്കുന്നവനന്തന്നിൽ |
സാവധാനനാമഹംചെന്നിഹവന്നീടുന്നെൻ ||
എന്തൊരുശബ്ദമെന്നുമെന്തൊരുജന്തുവെന്നും |
എന്തൊരുഭാവമെന്നുമൊക്കവെബൊധിക്കുന്നെൻ ||
ഇത്തരമുരചെയ്തുധൃഷ്ടനാംക്രൊഷ്ടാപ്രൌഢൻ |
സത്വരംസഞ്ജീവകക്കാളതന്മുന്നിൽചെന്നു ||
ആരെടൊതാനെന്നവൻചൊദിച്ചനെരംവൃഷം |
നെരുവാക്കുരചെയ്തുഞാനൊരുകാളക്കൂററൻ ||
വൎദ്ധമാനനെന്നൊരുവാണിഭക്കാരനമ്മെ |
വൎദ്ധിപ്പിച്ചതുമിപ്പൊളിങ്ങിനെവെടിഞ്ഞതും ||
അൎദ്ധമാൎഗ്ഗത്തിൽവീണുകാലൊടിഞ്ഞടവിയിൽ |
അൎദ്ധമാസത്തില്പുറംദുഃഖിച്ചുകിടന്നുഞാൻ ||
ദൈവകാരുണ്യംകൊണ്ടുദണ്ഡവുംശമിച്ചുഞാൻ |
എവമിപ്രദെശത്തുസൌഖ്യമാൎന്നടക്കുന്നെൻ ||
ചൊല്ലിനാൻദമനകനമ്മുടെസ്വാമിവീരൻ |
ചൊല്ലെറുമമ്മഹാസിംഹംപിംഗലകാഖ്യൻധീരൻ ||
ചൊല്ലിവിട്ടിതുനമ്മെസത്വരംകൂട്ടിക്കൊണ്ടു |
ചെല്ലുവാൻഭവാനെയങ്ങെത്രയുംകൌതുഹലാൽ ||
സമ്മതമിദമെങ്കിൽസ്വാമിയൊടുണൎത്തിച്ചു |
സത്വരംവരാമെന്നുകെട്ടപ്പൊൾസഞ്ജീവകൻ ||
സിംഹനായകന്മഹാവീൎയ്യവാനവനമ്മെ |
സംഹരിക്കില്ലെന്നാകിൽസംശയംവിനാവരാം ||
വിശ്വസിച്ചവൎകളെവഞ്ചനഞ്ചെയ്തീടുമൊ |
വിശ്വവിശ്രുതൻവീരൻവിക്രമിമൃഗാധിപൻ ||
എങ്കിൽഞാൻവരാമെന്നുകാളചൊന്നതുകെട്ടു |

കിംകരൻദമനകൻവന്നിതുസിംഹാന്തികെ ||
വന്ദനംചെയ്തുചൊന്നാൻചണ്ഡനാംസമീരണൻ |
മന്ദമെന്നിയെവിശ്വമിളക്കമെന്നാകിലും ||
എത്രയുമസാരമായുള്ളൊരുതൃണങ്ങളെ |
ധാത്രിയിൽനിന്നുപറിച്ചീടുമൊമഹാമതെ ||
ഉന്നതങ്ങളായുള്ളവൃക്ഷങ്ങളെല്ലാംപാടെ |
ഭിന്നമാക്കുവാൻകുറവൊട്ടുമെയില്ലാതാനും ||
വീര്യമുള്ളവന്മാരുവീര്യമുള്ളവനൊടു |
വിക്രമംപ്രയൊഗിപ്പൂദുർബ്ബലന്മാരിലില്ല ||
എന്നതുമൂലംഭവാൻകാളയെവധിക്കയില്ലെ |
ന്നൊരുവിശ്വാസംകൊണ്ടത്രഞാൻവരുത്തുന്നെൻ ||
എന്നതുകെട്ടുപ്രസാദിച്ചുരചെയ്തുസിംഹം |
നിന്നുടെസഖിയെഞാൻകൊല്ലുമൊദമനക ||
എന്തെടൊസഞ്ജീവകനെന്നുപെരെന്നുകെട്ടു |
ഹന്തമെമഹാസുഖമായവൻബന്ധുവായാൽ ||
താമസംകൂടാതിങ്ങുകൊണ്ടുപോന്നാലുംഭവാൻ |
കാമസമ്പ്രാപ്തിപ്രിയൻഞാനെന്നുബൊധിക്കെണം ||
അപ്രകാരങ്ങൾചെന്നുപറഞ്ഞുദമനകൻ |
തല്പ്രകമ്പത്തെപൊക്കിക്കാളയെക്കൊണ്ടുപോന്നു ||
നന്ദിരാജനെസ്വാമിസന്നിധിതന്നിലാക്കി |
നന്ദിപൂണ്ടരികത്തുസെവിച്ചുനിന്നീടിനാൻ ||
അന്നുതൊട്ടന്യോന്യസ്നെഹാകുലന്മാരായ്തീർന്നു |
നന്ദിയാസഞ്ജീവകൻപിംഗലമൃഗെന്ദ്രനും ||
അന്യരാംഭൃത്യന്മാരിലാസ്ഥയില്ലാതായ്വന്നു |
ധന്യനാംമൃഗെന്ദ്രനുനന്ദിസമ്പർക്കമൂലം ||
കാളയുംകണ്ഠീരവശ്രെഷ്ഠനുംഗുഹാന്തരെ |
പാളയംപുക്കുതമ്മിൽപ്രാണവിശ്വാസത്തൊടെ ||
കെളിസല്ലാപംകൊണ്ടുകെവലംദിനെദിനെ |
മെളിച്ചുമഹൊത്സവെക്രീഡയായിമെവുംകാലം ||

ഭൃത്യന്മാരമാത്യന്മാർചെച്ചക്കാർബന്ധുക്കളും |
നിത്യസെവകന്മാരുംപിള്ളരുംകാവൽക്കാരും ||
നിത്യവൃത്തിക്കുലഭിക്കായ്കകൊണ്ടെഹൊകഷ്ടം |
പ്രത്യഹംപരാധീനപ്പെട്ടുഴലുന്നകാലം ||
ഏകദാദമനകൻപൂർവ്വജൻകരടനും |
വ്യാകുലംപൂണ്ടുതമ്മിൽസംസാരന്തുടങ്ങിനാർ ||
ചൊല്ലിനാൻദമനകൻനമ്മുടെസ്വയങ്കൃതം |
അല്ലയൊമഹാദൊഷമിങ്ങിനെസംഭവിപ്പാൻ ||
തങ്ങൾതാനുണ്ടാക്കുന്നദൊഷങ്ങൾമൂന്നുകൂട്ടം |
സംഗതിവരുമെന്നുസജ്ജനഞ്ചൊല്ലിക്കെൾപ്പൂ ||
മെഷയുദ്ധംകൊണ്ടൊരുജംബുകൻമരിച്ചുപൊൽ |
ആഷാഢഭൂതിമൂലംനമുക്കുംനാശംവന്നു ||
തന്തുവായൻെറമൂലംദൂതിക്കുനാശംവന്നു |
താന്തന്നെദൊഷത്രയമിങ്ങിനെജനിപ്പിച്ചു ||
എന്നൊരുയതിശ്രെഷ്ഠൻപണ്ടരുൾചെയ്തുപൊലും |
എന്നതുഭവാൻകെട്ടിട്ടില്ലയൊമഹാത്മാവെ ||
ആയതുകെൾക്കെണമെന്നഗ്രജനുരചെയ്വാൻ |
പ്രായശൊനിവെദനംചെയ്തിതുസഹൊദരൻ ||

### ൭. തങ്ങൾ താനുണ്ടാക്കുന്ന ദൊഷങ്ങൾ മൂന്നു കൂട്ടം.

ദെവശൎമ്മാവെന്നൊരുസന്യാസിപണ്ടുണ്ടായി |
കെവലംബ്രഹ്മധ്യാനംചെയ്തുമെവുന്നകാലം ||
എത്രയുംബഹുദ്രവ്യമുണ്ടായിനമുക്കിതു |
ക്ഷത്രസംഗ്രഹിക്കെണ്ടുവെന്നുടൻവിചാരിച്ചു ||
തന്നുടെകുപ്പായത്തിൽവെച്ചുടൻതുന്നിക്കെട്ടി |
തുന്നലുണ്ടാക്കിതൻെറദെഹത്തിലിട്ടുകൊണ്ടു ||
സ്വൈരമായ്നടക്കുമ്പൊളാഷാഢഭൂതിയെന്നു |

പെരുമായൊരുവിപ്രൻസെവിച്ചുകൂടീടിനാൻ ||
സാരമാംബഹുദ്രവ്യമിദ്ദെഹംകുപ്പായത്തിൽ |
ചേരുമാറിട്ടുതുന്നികൊണ്ടല്ലൊനടക്കുന്നു ||
ഇദ്ധനംകരസ്ഥമാക്കീടുന്നതുണ്ടുഞാനും |
ലുബ്ധനൊടർത്ഥംകൈക്കലാക്കിയാൽദൊഷമില്ല ||
ഇത്തരംവിചാരിച്ചുപാദശുശ്രൂഷചെയ്തു |
വൃദ്ധനാംസന്യാസിയെവിശ്വസിപ്പിച്ചുധൂർത്തൻ ||
ശുദ്ധനാഷാഢഭൂതിനന്നിവനിവൻകൈയിൽ |
മദ്ധനംസൂക്ഷിപ്പാനായികൊടുത്താൽദൊഷമില്ലാ ||
ഇത്ഥമങ്ങുറച്ചൊരുവാസരെഭിക്ഷുശ്രെഷ്ഠൻ |
സ്നിഗ്ദ്ധനാമവങ്കൈയിൽകുപ്പായംസമർപ്പിച്ചു ||
കാനനെനദിതന്നിൽസ്നാനത്തിന്നെഴുന്നെള്ളി |
സ്നാനവുംചെയ്തുജപിച്ചിങ്ങിനെനിൽക്കുന്നെരം ||
ഉദ്ധതന്മാരാംരണ്ടുമെഷങ്ങൾപരസ്പരം |
യുദ്ധമങ്ങാരംഭിച്ചുവാഹിനീതീരന്തന്നിൽ ||
ആടുകൾരണ്ടുംബഹുദൂരവെവാങ്ങികൊണ്ടി |
ങ്ങോടിവന്നുടൻമുട്ടിപിന്നെയുമ്മാറിപ്പൊകും ||
പിന്നെയുംവന്നുമുട്ടുന്തമ്മിലീവണ്ണമുള്ള |
സന്നാഹംക്രമത്താലങ്ങെത്രയുമ്മുഴുത്തപ്പൊൾ ||
ഭിന്നമാംമുഖങ്ങളിൽനിന്നുടൻചൊരക്കട്ട |
ചിന്നിയുംചിതറിയുംഭൂതലെപതിക്കുന്നു ||
അന്നെരമൊരുഭൊഷൻജംബുകംചെന്നുകണ്ടു |
നന്നിതുചൊരത്തുള്ളിനമുക്കുപാനഞ്ചെയ്വാൻ ||
എന്നവൻവിചാരിച്ചുമെഷങ്ങൾവാങ്ങുന്നെരം |
ചെന്നുടൻചൊരനക്കികുടിച്ചുതുടങ്ങിനാൻ ||
പെട്ടന്നുമെഷങ്ങളുംവന്നുമുട്ടുമ്പൊൾമദ്ധ്യെ |
പെട്ടൊരുകുറുനരിചതഞ്ഞുചത്തുവീണാൻ ||
അമ്മുനിഅപ്പൊളൊരുശ്ലൊകപാദത്തെചൊല്ലി |
ജംബുകൊമെഷയുദ്ധെനെതി-താനനന്തരം ||

കാഷായംധരിച്ചവനിങ്ങെഴുന്നെള്ളുന്നെരം |
ആഷാഢഭൂതിയെയുംകണ്ടില്ലെന്നതെവെണ്ടു ||
ശെഷമങ്ങൊരുപാദംപൂരിച്ചുതദാവയം |
ആഷാഢഭൂതിനെതി-പ്രസ്ഥാനഞ്ചെയ്തുപിന്നെ ||
കുപ്പായംനിറച്ചുള്ളപൊന്നുറുപ്പികയെല്ലാം |
എപ്പെരുംകൊണ്ടുപൊയാനാഷാഢഭൂതിദ്വിജൻ ||
അന്തിയുമടുത്തപ്പൊൾസന്ന്യാസിചെന്നങ്ങൊരു |
തന്തുവായന്റെവീട്ടിൽപുക്കുവാണരുളിനാൻ ||
നൂലുനൂല്ക്കുന്നകൂട്ടംചാലിയന്മാരിലൊരു |
ചാലിയൻകള്ളുകുടിച്ചങ്ങിനെചാഞ്ചാടുന്നു ||
ആയവൻകെട്ടിക്കൊണ്ടുവന്നൊരുചാലിയത്തി |
ആയിരംധൂളിചത്തുപിറന്നൊളെന്നതൊന്നും ||
മാരമാൽകൊണ്ടുദാസിദത്തമാമ്മാർഗ്ഗത്തൂടെ |
ജാരനെസന്ദർശിപ്പാൻശ്രദ്ധമായിപൊകുന്നെരം ||
മദ്യപനവളുടെവല്ലഭൻതന്തുവായൻ |
മദ്ധ്യമാർഗ്ഗത്തിൽവെച്ചുകണ്ടെത്തിപിടികൂടി ||
എങ്ങുപൊന്നെടീധൂളിയെന്നവൻചൊദിച്ചപ്പൊൾ |
നിങ്ങളെതിരഞ്ഞുഞാൻവന്നെനെന്നവൾചൊന്നാൾ ||
ഉള്ളിലെക്കപടംഞാൻബൊധിച്ചുകൊള്ളാന്തൊഴിൽ |
കള്ളത്തിനിന്നെത്തൂണിൽബന്ധിച്ചെമതിയാവൂ ||
ഇങ്ങിനെകയർത്തൊരുചാലിയൻകയർകൊണ്ടു |
പെണ്ണിനെത്തൂണിൽവരിഞ്ഞങ്ങുപൊയുറങ്ങിനാൻ ||
മത്തനാമവനങ്ങുംചത്തപൊലുറങ്ങുമ്പൊൾ |
അത്തൽകൂടാതെദാസിതത്രവന്നിതുമുദാ ||
തന്തുവായസ്ത്രീയുടെബന്ധനമഴിച്ചവൾ |
മന്തുവായതിനുള്ളമഹാത്മ്യംകാട്ടീടുവാൻ ||
തന്നെത്താൻപാശംകൊണ്ടുബന്ധിച്ചുനിന്നുമറെറ |
കന്നൽത്താർമിഴിയാളെജാരങ്കൽനിയൊഗിച്ചാൾ ||
കുറ്റൊനാന്തന്തുവായനന്നെരമുണർന്നുടൻ |

ശങ്കകൾതുടങ്ങിനാന്തന്നുടെകളത്രത്തെ ||
ശുങ്ങിയും കടിച്ചവൻഘൊഷിക്കുന്നെരമൊന്നും |
മിണ്ടാതെതന്നെനിന്നുദൂതിയാമവൾതാനും ||
കണ്ടുകനെഴുന്നീറ്റുദാസിതന്നുടെമൂക്കു |
കണ്ടിച്ചുകത്തികൊണ്ടുകശ്മലന്മഹാജളൻ ||
പിന്നെയുംചെന്നുകിടന്നുറക്കന്തുടങ്ങിനാൻ |
അന്നെരമവിടെക്കുചാലിയത്തിയുംവന്നു ||
എന്തെടൊദൂതിനിന്റെവൎത്തമാനമെന്നവൾ |
എന്തെടൊപറയുന്നുനമ്മുടെവൃത്താന്തങ്ങൾ ||
എന്നെനീപാശക്ലെശംവെർവിട്ടുത്തയച്ചാലും |
എന്നതുകെട്ടുപാശമഴിച്ചുവിട്ടാളവൾ ||
പിന്നെയുമ്മുന്നെപ്പൊലെതന്നെതാൻബന്ധിച്ചുകൊ |
ണ്ടുന്നതസ്യനിത്തൂണംചെന്നുനിൽക്കുന്നനെരം ||
ചാലിയനുണൎന്നതുബൊധിച്ചുചൊന്നാളവൾ |
കാലിയെപ്പൊലെയെന്നെക്കെട്ടിയിട്ടൊരുദുഷ്ടാ ||
നമ്മുടെനാസച്ഛെദംചെയ്തതുപാരംകഷ്ടം |
ദുൎമ്മതെനീയെമ്പാതിവ്രത്യമൊൎക്കുന്നീലയൊ ||
എന്നുടെകൌമാരമാംവയസ്സിൽതുടങ്ങിഞാൻ |
അന്യപൂരുഷസ്പൎശംചെയ്യിട്ടില്ലെന്നുള്ളൊരു ||
സത്യമുണ്ടെനിക്കതുകാരണംവൈരൂപ്യന്തീ |
ൎന്നുഞാൻമുന്നെപ്പൊലെമൂക്കിനെലഭിച്ചീടും ||
പ്രത്യയമിതുലൊകപാലന്മാർകേട്ടീടെണം |
പ്രത്യെകംപിതൃക്കളുമൊക്കവെശ്രവിക്കെണം ||
നൊക്കെടൊവന്നുമമചന്ദ്രനൊടൊക്കുമ്മുഖം |
മൂക്കുകണ്ടാലുന്നല്ലൊരെൾകുസുമത്തെപ്പൊലെ ||
മൂഢനാമവനതുകെട്ടപ്പൊൾവെഗംവന്നു |
മൂക്കുമമ്മുഖത്തെയുംകണ്ടപ്പൊൾവിസ്മയിച്ചു ||
കാക്കൽവീണവൻകൂക്കിചൊല്ലിനാനെന്റെഋഷി |
വാക്കുമീവ്യാപാരവുമൊക്കെനീപൊറുക്കെണം ||

തീക്കനൽപൊലെനിന്റെചാരിത്രംചാലിപ്പെണ്ണെ |
നീക്കമില്ലെടൊബൊലെനിന്നെഞാൻവണങ്ങുന്നെൻ ||
ഇത്ഥമങ്ങുരചെയ്തുകെട്ടഴിച്ചുപാന്തികെ |
നിൎത്തികണ്ണുനീർവാൎത്തുപുണൎന്നമെവീടിനാൻ ||
തത്രസംഭവിച്ചൊരുവൎത്തമാനങ്ങളെല്ലാം |
പാൎത്തുകണ്ടനങ്ങാതെഭിക്ഷുവുംവസിക്കുന്നു ||
ദാസികതാനുമപ്പൊൾഖണ്ഡിതമായുള്ളൊരു |
നാസികാഖണ്ഡത്തെയുംകയ്യിൽവെച്ചിരിക്കുന്നു ||
അന്നെരമവളുടെവല്ലഭൻക്ഷൌരക്കാരൻ |
വന്നുടൻക്ഷൌരക്കത്തിസഞ്ചികൊണ്ടവാപെണ്ണെ ||
എന്നതുകെട്ടങ്ങൊരുകത്തിമാത്രത്തെഎടുത്ത |
ങ്ങൊട്ടുകൊടുത്തിതുനാവിതസ്ത്രീയാമവൾ ||
നാവിതന്മഹാമൂൎക്ക്ഖൻസഞ്ചികിട്ടാഞ്ഞുപാരം |
കൊപിച്ചുഖൾഗമെടുത്തെറിഞ്ഞാനകത്തെക്കു ||
അയ്യയ്യൊമാലൊകരെനമ്മുടെഭൎത്താവിന്റെ |
കയ്യാലെന്മൂക്കുപൊയിമൂഢനാമ്മഹാപാപി ||
മൂൎച്ശയുള്ളൊരുകത്തികൊണ്ടെറിഞ്ഞവനെന്റെ |
മൂക്കുകണ്ടിച്ചാനിതുകണ്ടാലുംശെഷംഖണ്ഡം ||
ഇങ്ങിനെപലരെയുംവിളിച്ചുകാട്ടീടിനാൾ |
അംഗനാജനത്തൊളംദുൎബ്ബുദ്ധിമറ്റാൎക്കുള്ളു ||
അക്കഥാകേട്ടുനൃപൻകല്പിച്ചുഭടന്മാരും |
ചിക്കെന്നുവന്നുപിടിപെട്ടിതുക്ഷൌരകനെ ||
നൊക്കെടൊമൂഢനീയ്യിപ്പെൺപിറന്നവളുടെ |
മൂക്കുഖണ്ഡിപ്പാനെന്തുകാരണംദുരാത്മാവെ ||
ആക്കമെതൊന്നാതുള്ളദുഷ്കൎമ്മംചെയ്യുന്നിന്റെ |
നാക്കുകണ്ടിച്ചുതീയിലെരിച്ചെമതിയാവൂ ||
പെണ്ണിനെദ്രൊഹിച്ചവൻശൂലാഗ്രെനക്ഷത്രങ്ങൾ |
എണ്ണിക്കൊണ്ടനെകനാളിങ്ങിനെകിടക്കെണം ||
എന്നതുകെട്ടുസന്ന്യാസീശ്വരനരുൾചെയ്തു |

കൊന്നുപൊകെണ്ടാവൃഥാഭീതനാംക്ഷുരകനെ ||
ദാസിയാമിവളുടെനാസികാച്ഛെദമിപ്പൊൾ |
നാവിതനല്ലചെയ്തുന്നാമെല്ലാംബൊധിക്കുന്നു ||
തന്തുവായിയാന്നാരീകാരണമ്മഹാമൂഢൻ |
തന്തുവായന്താനിതുചെയ്തതുഭടന്മാരെ ||
ശ്ലൊകാൎത്ഥമൊന്നുചൊല്ലിബൊധവുംവരുത്തീടാം |
ലൊകാപവാദന്തീരുന്നാവിതന്നതുകെട്ടാൽ ||
മെഷയുദ്ധംകൊണ്ടൊരുജംബുകംനശിച്ചുപൊ |
യാഷാഢഭൂതിമൂലന്നമുക്കുന്നാശംവന്നു ||
തന്തുവായന്റെമൂലംദൂതിക്കുനാശംവന്നു |
താന്തന്നെജനിപ്പിച്ചൊരനൎത്ഥത്രയമിദം ||
ഇത്തരമരുൾചെയ്തുസന്ന്യാസിഗമിച്ചിതു |
തത്വമായിഭടന്മാൎക്കുംബൊധിച്ചുവഴിപൊലെ ||
ശിഷ്ടനാംക്ഷുരകനെരക്ഷിച്ചുസമ്മാനിച്ചു |
ദുഷ്ടയാംക്ഷുരകിയെദൂരവെവിസൎജ്ജിച്ചു ||
തന്തുവായിക്കുമൊരുവൈരൂപ്യന്നൽകിവിട്ടു |
തന്തുവായനെകൊണ്ടുപിഴയുംചെയ്യിപ്പിച്ചു ||

ജംബുകൊഹുഡുയുദ്ധെനവയംചാഷാഢഭൂതിനാ |
ദൂതികാപരകാൎയ്യെണത്രയൊദൊഷാഃസ്വയങ്കൃതാഃ ||

### ൮. വായസങ്ങൾ കാള സൎപ്പത്തെ വധിപ്പിച്ചതു.

എന്നതുകെട്ടുമുദാചൊല്ലിനാൻകരടകൻ |
നന്നിതുസഹൊദരനീതിഭെദങ്ങളെല്ലാം ||
നമ്മുടെകാൎയ്യംകൊണ്ടുചിന്തിക്കദമനക |
നന്മമെൽപ്രജകൾക്കുവൎദ്ധിപ്പാനെന്തുവെണ്ടു ||
നല്ലതുവരാൻവഴിചൊല്ലിനാൻദമനകൻ |
വല്ലതുമുപായമൊന്നുണ്ടാകുംവിചാരിച്ചാൽ ||

നഷ്ടമാംകാൎയ്യംപുനഃസതപരംസാധിപ്പാനും |
പുഷ്ടമാംകാൎയ്യംപരിപൂൎണ്ണമായ്വരുത്താനും ||
പ്രാപ്തമാമനൎത്ഥത്തെക്ഷിപ്രമങ്ങൊഴിപ്പാനും |
പാത്രമാമ്മന്ത്രംപരംയന്ത്രമെന്നറിയുന്നു ||
പിംഗലകനുംമഹാതുംഗനാംവൃഷഭനും |
തങ്ങളിൽകലഹിപ്പിക്കെണമെന്നെന്റെപക്ഷം ||
അങ്ങിനെസാധിക്കുമൊഎന്നിതുകരടകൻ |
സംഗതിവരുത്തുന്നുണ്ടെന്നിഹദമനകൻ ||
യൽകാൎയ്യമുപായങ്കൊണ്ടഞ്ജസാസാധിക്കുന്നു |
തൽകാൎയ്യംപരാക്രമംകൊണ്ടുസാധിക്കയില്ല ||
കാകപ്പെണ്ണൊരുകടിസൂത്രത്തെക്കൊണ്ടുമുന്നം |
കാളസൎപ്പത്തെവധിപ്പിച്ചതുകെട്ടിട്ടില്ലെ ||
ചൊല്ലെടൊദമനകാകീദൃശമിദമെന്നു |
ചൊല്ലിനാൻദമനകൻതാനുമഗ്രജനൊടു ||
പൊക്കമുള്ളൊരുമരന്തന്നുടെശിഖരത്തിൽ |
കാക്കയുംകാകപ്പെണ്ണുംകൂടിയങ്ങിരിക്കുമ്പൊൾ ||
കാകിപ്പെറവുണ്ടാകുന്നമുട്ടകൾകാണ്മാനില്ല |
ശൊകമായതുകൊണ്ടുകാകനുംകാകസ്ത്രീക്കും ||
ക്രുദ്ധമായിത്തിരഞ്ഞപ്പൊൾതങ്ങടെമരത്തിന്റെ |
കോടരന്തന്നിലൊരുകൃഷ്ണസൎപ്പത്താനുണ്ടു ||
ആയവൻവന്നുതിന്നുസൎവ്വവുമ്മുടിക്കുന്നു |
ആയതുവിചാരിപ്പാനാരെയുംകാണുന്നീല ||
വായസിക്കതുകാലംഗൎഭവൃന്തികഞ്ഞിതു |
വായസംപുറപ്പെട്ടുതന്നുടെസഖിയാകും ||
ഗൊമായുപ്രവരനൊടിക്കഥാബൊധിപ്പിച്ചു |
ഗൊമായുപ്രവരനുംകാകനൊടുരചെയ്വാൻ ||
കൊക്കെന്നുള്ളൊരുപക്ഷിനീററിലെമത്സ്യങ്ങളെ |
ഒക്കവെതക്കന്നൊക്കിപാൎത്തവൻകൊത്തിത്തിന്നും ||
ദുഷ്ഘടമിവചെയ്യുംകൊക്കിനെയൊരുദിനം |

കൎക്കടംകടിച്ചാശ്ശുകൊന്നതുകെട്ടിട്ടില്ലെ ||
കാകനുംപറഞ്ഞിതുഞാനതുകെട്ടിട്ടില്ല |
നീകഥിക്കെന്നതദാചൊല്ലിനാൻഗൊമായുവും ||
കൊക്കെന്നുപെരായുള്ളവൃദ്ധനാമൊരുപക്ഷി |
പൊക്കത്തിൽപറപ്പാനുംശക്തിയില്ലവനൊട്ടും ||
ചിക്കെന്നങ്ങൊരുദിനംകാനനസ്സരസ്സിന്റെ |
വക്കത്തുചെന്നുപാരംദുഃഖിച്ചുവസിക്കുമ്പൊൾ ||
കൎക്കടാഖ്യനായുള്ളസമൎത്ഥൻജലജന്തു |
കൊക്കിനൊട്ടുരചെയ്യാനെന്തെടൊതാനിങ്ങിനെ ||
ദുഃഖിതനെന്നപൊലെഭക്ഷണംവെടിഞ്ഞൊരു |
ദിക്കിൽവന്നനങ്ങാതെപാൎക്കുന്നുപറഞ്ഞാലും ||
ജ്ജീവനന്നമുക്കെടൊമത്സ്യമാംസമെയുള്ളു |
കെവലമതുകൊണ്ടുജ്ജീവിച്ചുവസിക്കുന്നു ||
കൊക്കുജ്ജാതികൾക്കെല്ലാന്നീററിലെമത്സ്യമന്യെ |
മറെറാരുവകയില്ലകൊററിനെന്നറിഞ്ഞാലും ||
ഇന്നിപ്പൊളൊരുകഥാകെട്ടുഞാൻകൈവൎത്തന്മാർ |
വന്നിഹവലവീശാൻഭാവിച്ചുപുറപ്പെട്ടു ||
മുക്കൊർവന്നിവിടത്തെമത്സ്യത്തെപ്പിടിച്ചെങ്കിൽ |
പൊക്കമിജ്ജനത്തിന്റെഭക്ഷണമെടൊഞങ്ങടെ ||
ഇത്തരംബകത്തിന്റെവാക്കുകൾകെട്ടനെരം |
തത്രമെവുന്നമഹാമത്സ്യങ്ങൾഭയപ്പെട്ടു ||
വമ്പനാങ്കൊമ്പൻത്രാവുംകണ്ണനുംകരിമീനും |
ചെമ്പനുംപരൽമീനുമെന്നിവർമഹായൊഗം ||
സംഭ്രമത്തൊടെചെന്നുകൊക്കിനെതൊഴുതു |
കൊണ്ടംഭസ്സിൽനിരന്നുനിന്നിത്ഥമൊന്നുരചെയ്തു ||
ഇജ്ജനങ്ങളെഭവാൻപാലനംചെയ്തീടെണം |
ദുൎജ്ജനന്മാരായുള്ളദാശന്മാരത്രവന്നു ||
ഉള്ളത്തിൽകനിവില്ലാതുള്ളവർവലയിട്ടു |
വെള്ളത്തിൽകിടക്കുന്നഞങ്ങളെപിടിക്കാതെ ||

കള്ളത്തിലൊരുതൊഴിലങ്ങുന്നവിചാരിച്ചു |
കള്ളന്മാരുടെനിൎമ്മൎയ്യാദത്തെനിൎത്തീടെണം ||
യാതൊരെടത്തുനിന്നുസങ്കടംസാധുക്കൾക്കു |
ജാതമായവരൊടുകൈതവംപ്രയൊഗിക്കാം ||
വാമനൻവ്യാജംപൂണ്ടുമാബലിയൊടുപണ്ടു |
ഭൂമിപാതാളംസ്വൎഗ്ഗംമാധവൻവീണ്ടില്ലയൊ ||
മത്സ്യശത്രുക്കളാകുംദാശന്മാരൊടുചെന്നു |
മത്സരിപ്പതിന്നഹൊകൊക്കുകൾമതിയാമൊ ||
മുററുമിന്നുപകാരമത്രമാത്രംഞാൻചെയ്യാം |
മററൊരുജലാശയെനിങ്ങളെകൊണ്ടുചെന്നു ||
കുററമെന്നിയെത്രപാൎപ്പിക്കാമവിടത്തിൽ |
ചെററുമിദ്ദാശന്മാരെപെടിക്കവെണ്ടാതാനും ||
ഇങ്ങിനെബകത്തിന്റെചൊൽകേട്ടുമത്സ്യങ്ങളും |
അങ്ങിനെകൊള്ളാമെന്നുപറഞ്ഞുപിരിഞ്ഞിതു ||
അന്നുതൊട്ടൊരൊദിനമൊരൊരൊമത്സ്യങ്ങളെ |
ചെന്നുടൻകൊത്തിക്കൊണ്ടുമററൊരുഗൂഢസ്ഥലെ ||
കൊണ്ടുചെന്നമ്മത്സ്യത്തെഭക്ഷിച്ചുമഹാമൂഢൻ |
രണ്ടുമൂന്നുമാസങ്ങളിങ്ങിനെകഴിഞ്ഞിതു |
ഉണ്ടിതിനൊരുവ്യാജമെന്നുശങ്കിച്ചുതദാ ||
ഞണ്ടുചെന്നുരചെയ്തുകൊക്കിനൊടൊരുദിനം |
ഇന്നുനീനമ്മെകൊണ്ടുപൊകെടൊബകാധീശ ||
നന്നുപൊലപ്രദെശന്നമുക്കുവാണീടുവാൻ |
എന്നതുകെട്ടുബകംചിന്തിച്ചാൻകുളീരത്തെ ||
കൊന്നുതിന്നിതിനുള്ളസ്വാദുമിന്നറിഞ്ഞീടാം |
ഇത്ഥമങ്ങുറച്ചവനങ്ങിനെകൊത്തിക്കൊണ്ടു ||
തത്രനിന്നാശുവദ്ധ്യസ്ഥാനത്തെപ്രവെശിച്ചു |
തൽപ്രദെശത്തുബഹുമത്സ്യാസ്ഥിക്കൂട്ടംകണ്ടു ||
ക്ഷിപ്രമാശയെചിന്തിച്ചീടിനാൻകുളീരെന്ദ്രൻ |
തൽക്ഷണെമ്മഹാദുഷ്ടന്മത്സ്യത്തെക്കൊണ്ടന്നിഹ ||

ഭക്ഷണംകഴിക്കയൊചെയ്യുന്നുവിലക്ഷണം |
എങ്കിൽഞാനിവനുടെസംഹാരംചെയ്യീട്ടുന്നെൻ ||
ശങ്കയില്ലിനിക്കതുസാധിക്കുംദൈവാശ്രയാൽ |
സാദ്ധ്യമല്ലെങ്കിൽതന്റെപ്രാണനെയുപെക്ഷിക്കാം ||
സാധുരക്ഷണാൎത്ഥമായിമരിച്ചാൽമൊക്ഷംഫലം |
യുദ്ധംചെയ്യില്ലെങ്കിലുംമൃത്യുനിശ്ചയമിപ്പൊൾ ||
യുദ്ധത്തിൽരണ്ടുംവരുംസംശയസ്ഥാനംയുദ്ധം |
അങ്ങിനെവരുംദിക്കിൽതങ്ങടെശക്തിക്കൊക്കും ||
സംഗരംചെയ്യാമെന്നുസാധുക്കൾചൊല്ലികെട്ടു |
കൎക്കടകാധീശ്വരനിങ്ങിനെവിചാരിച്ചു ||
കൊക്കിന്റെകൊക്കിൽനിന്നുകുതിച്ചുചാടീടിനാൻ |
വക്കാണന്തുടങ്ങിനാനുൾക്കൂടാടൊപത്തൊടെ ||
ധിക്കാരംകണ്ടുകൊക്കുംകൊപിച്ചുയുദ്ധംചെയ്തു |
കുണ്ഠതവിനാവെടിഞ്ഞുടൻഞണ്ടുതാൻബെകത്തിന്റെ ||
കണ്ഠത്തിൽകടിച്ചുടനഞ്ജസാകുലചെയ്തു |
ചൊല്ലിയെന്നതുകൊണ്ടുശത്രുനിഗ്രഹംചെയ്യാൻ |
വല്ലതുമുപായമുണ്ടായ്വരുംസാധുക്കൾക്കും ||
എന്തുഞാൻചെയ്യുനിപ്പൊളെന്നുചൊദിച്ചുകാകൻ |
ബന്ധുവാംക്രൊഷ്ടാവുരചെയ്തുനല്ലുപദെശം ||
അന്തികെനൃപാലയെഭൂപന്റെമഹിഷിയാം |
ദന്തിഗാമിനിയുണ്ടുവാപിയിൽകുളിക്കുന്നു ||
ഉന്നതസ്തനിതന്റെപൊന്നാരഞ്ഞാണംകഴി |
ച്ചന്യഭാഗത്തുവെച്ചുമുങ്ങുവാൻഭാവിക്കുമ്പൊൾ ||
സത്വരംപറന്നുചെന്നുത്തമംകടിസൂത്രം |
കൊത്തിനിൻകൊക്കിലാക്കികൊണ്ടുപൊന്നാലുംസഖെ ||
ആയതുമരത്തിന്റെതുഞ്ചത്തുതൂക്കികൊണ്ടു |
വായസഭവാനനങ്ങാതെയങ്ങിരുന്നാലും ||
ആവഴിവരുന്നൊരുപാന്ഥന്മാരതുകണ്ടാൽ |
ആയതുകരസ്ഥമാക്കീടുവാൻയത്നംചെയ്യും ||

ഉന്നതദ്രുമന്തന്നിലെറുവാന്തുടങ്ങുമ്പൊൾ |
പന്നഗമതിൽനിന്നുപത്തിയുമുയൎത്തീടും ||
ദംശിപ്പാൻവരുന്നൊരുസൎപ്പത്തെപഥികന്മാർ |
സംശയംകൂടാതവർതല്ലിനിഗ്രഹിച്ചീടും ||
അങ്ങിനെവന്നാൽനിന്റെസങ്കടമെല്ലാന്തീരും |
തങ്ങൾക്കുപാമ്പിൻപകസംഭവിക്കയുമില്ലാ ||
കാകനുമവൻപ്രബൊധിപ്പിച്ചൊരുപായത്തെ |
വ്യാകുലംകൂടാതനുഷ്ഠിച്ചിതുകുതൂഹലാൽ ||
അങ്ങിനെതന്നെകൃഷ്ണഭൊഗിതൻവിനാശവും |
സംഗതിവന്നിതതുകൊണ്ടുഞാനുരചെയ്യേൻ ||
യൽകാൎയ്യമുപായങ്കൊണ്ടെങ്ങുസാസാധിക്കുന്നു |
തൽകാൎയ്യംപരാക്രമംകൊണ്ടുസാദ്ധ്യമല്ലെന്നു ||

൯. മുയൽ സിംഹത്തെ സിദ്ധിപൂകിച്ചതു.

ബുദ്ധിയുണ്ടെങ്കിലവനായതുബലന്തന്നെ |
ബുദ്ധിയില്ലെങ്കിലവനൊട്ടുമെബലമില്ലാ ||
ബുദ്ധിമാനൊരുമുയൽപണ്ടൊരുസിംഹത്തിനെ |
സിദ്ധിപൂകിച്ചാനതുമഗ്രജൻകെട്ടിട്ടില്ലേ ||
ആയതുമാത്രംകെട്ടിട്ടില്ലെന്നുകരടകൻ |
ഭൂയസാവദാമിഞാനെന്നുടൻദമനകൻ ||
പണ്ടങ്ങുമദൊൽക്കടനെന്നൊരുമഹാസിംഹം |
കണ്ടെത്തുമൃഗങ്ങളെയൊക്കവെഭക്ഷിക്കുന്നു ||
കുണ്ഠതാപൂണ്ടുമൃഗക്കൂട്ടങ്ങൾസപ്രൂപിച്ചു |
കൊണ്ടവർമൃഗെന്ദ്രനെപ്രാപിച്ചുചൊല്ലീടിനാർ ||
തമ്പുരാനൊരുകഴിവുണ്ടെങ്കിലടിയങ്ങൾ |
തങ്ങൾതങ്ങടെരാജ്യത്തിരുന്നുപൊറുത്തീടാം ||
ശക്തിയില്ലെന്നുവന്നാലിങ്ങിനെദുരാചാരം |
ശക്തിമാന്തുടങ്ങിയാൽദിക്കുകൾനശിച്ചുപൊം ||

രക്ഷണംചെയ്യെണ്ടുന്നരാജാക്കൾപ്രജകളെ |
ഭക്ഷണംചെയ്കാൽപാരംകഷ്ടമെന്നതെവെണ്ടു ||
ഇക്ഷണംനിമ്മര്യ്യാദംകാട്ടുന്നപ്രഭുക്കളെ |
ശിക്ഷണഞ്ചെയ്യാൻകാലനെന്നിയെമറ്റാരുള്ളു ||
ഒരൊരൊദിനന്തൊറുമൊരൊരൊമൃഗങ്ങളെ |
ആരൊമൽഭുജിച്ചരുളെണമെസ്വാമിൻഭവാൻ ||
ഊഴമിട്ടടിയങ്ങൾതമ്പുരാന്തിരുമുമ്പിൽ |
ഊനമെന്നിയെവരാമായതുഭുജിച്ചാലും ||
പക്ഷിരാജനുമ്പണ്ടുപാമ്പുകൾദിനന്തൊറും |
ഭക്ഷിപ്പാൻക്രമത്താലെവെസ്ഥവെച്ചതുപൊലെ ||
അങ്ങിനെചെയ്യാമെന്നുസിംഹവുമുരചെയ്തു |
മംഗലംകലൎന്നിങ്ങുപൊന്നിതുമൃഗങ്ങളും ||
അന്നുതൊട്ടൊരൊമൃഗമൊരൊവാസരങ്ങളിൽ |
ചെന്നങ്ങുസിംഹത്തിന്നുഭക്ഷണമെകീടുന്നു ||
ഇത്ഥമങ്ങൊരുമാസംചെന്നപ്പൊൾവിദഗ്ദ്ധനായി |
വൃദ്ധനാമൊരുശശത്തിനുമങ്ങൂഴംവന്നു ||
നമ്മുടെമൃത്യുദിനംവന്നിതുമഹാകഷ്ടം |
ജന്മമുണ്ടെങ്കിൽമൃത്യുപ്രാപ്തിയുംദൃഢമല്ലൊ ||
ദുമ്മരണമെന്നതുസങ്കടമതുമെന്റെ |
കമ്മദൊഷമെന്നല്ലാതൊന്നുമെചൊല്വാനില്ല ||
വല്ലതുമുപായമൊന്നുണ്ടാക്കിസിംഹെന്ദ്രനെ |
കൊല്ലുകതന്നെനല്ലുകില്ലതിനില്ലതെല്ലും ||
ബുദ്ധിമാൻവിചാരിച്ചാൽവല്ലകാൎയ്യമെന്നാലും |
സിദ്ധിപ്പാന്തടവില്ലെന്നൂറ്റക്കാർപറയുന്നു ||
തെറ്റന്നുവിചാരിച്ചുതത്രചെല്ലുവാൻകാലം |
തെറ്റിച്ചുമന്ദമ്മന്ദന്നടന്നുചെന്നുമുയൽ ||
നിത്യവുംശീലിച്ചൊരുകാലത്തുകാണായ്കയാൽ |
ക്ഷുത്തുകൊണ്ടുവശനാംസിംഹവുംകൊപിച്ചിതു ||
എന്തെടൊനെരംവൈകാൻസംഗതിശശാധമ |

ഹന്തഞാൻവിശപ്പുകൊണ്ടെത്രയുംദുഃഖിക്കുന്നു ||
കൈകളുംകൂപ്പിക്കൊണ്ടുപറഞ്ഞുശശംകാലം |
വൈകുവാന്മൂലംസ്വാമിനെഷഞാനുണൎത്തിക്കാം ||
മറെറാരുസിംഹമ്മാൎഗ്ഗെവന്നുടന്നമ്മെതിന്മാൻ |
ഏററവുമ്മതിന്നുട്ടത്തീടിനാന്മഹാഖെലാരൻ ||
മുററുമത്തടിയനെപ്പിടിച്ചുകാട്ടിൽക്കൂടെ |
മറെറാരുവഴിവളച്ചിങ്ങഹംവിടകൊണ്ടെൻ ||
കുററമില്ലടിയനെന്നൊൎത്തുരക്ഷിച്ചീടെണം |
കൂററുകാരൻെറപിഴസ്വാമികൾസഹിച്ചീടും ||
മററുസിംഹങ്ങൾവന്നുവമ്പുകൾകാട്ടുന്നതു |
മാററുവാൻസ്വാമിയല്ലാതാരുള്ളമഹീതലെ ||
എങ്ങെടൊമഹാമൂഢൻനമ്മുടെവനെവരാൻ |
സംഗതിയെന്തുവെഗാൽസംഹരിക്കുന്നുണ്ടുഞാൻ ||
തൽക്ഷണെമസ്സിംഹത്തെക്കൊല്ലാതെനമുക്കിനി |
ഭക്ഷണെഭാവമില്ലാകുത്രമെവുന്നുഭൊഷൻ ||
ഇങ്ങിനെസിംഹത്തിൻെറഹുംകൃതികെട്ടുശശം |
ഇങ്ങൊട്ടെക്കെഴുന്നെള്ളാമെന്നവൻവഴികാട്ടി ||
എത്രയുംകുണ്ടുള്ളൊരുകൂപത്തിന്തീരെചെന്നു |
തത്രനിന്നുരചെയ്തുതൃക്കൺപാൎത്തരുളെണം ||
കൂപത്തിന്മീതെനിന്നുനൊക്കിയാൽസിംഹത്തിൻെറ |
രൂപത്തെകീഴെകാണാംസ്വാമിയെപൊലെതന്നെ ||
എന്നതുകെട്ടുസിംഹംകൊപിച്ചുകൂപത്തിൻെറ |
സന്നിധൌനിന്നുകൊണ്ടുകീഴ്പ്പെട്ടുനൊക്കീടിനാൻ ||
തന്നുടെപ്രതിരൂപംപൊലെകൂപത്തിൽകണ്ടു |
തന്നുടെപ്രതിയൊഗിസിംഹമെന്നൊൎത്തുമൂഢൻ ||
ഊററത്തിൽസിംഹനാദംചെയ്തപ്പൊൾകിണററിന്നും |
മാറെറാലികൊണ്ടുമഹാസിംഹനാദത്തെക്കെട്ടു ||
എന്നുടെശബ്ദംപൊലെനീകൂടെതുടങ്ങിയാൽ |
നിന്നുടെശരീരത്തെഭഗ്നമാക്കുന്നുണ്ടുഞാൻ ||

എന്നവൻപറഞ്ഞപ്പൊൾഅങ്ങിനെതന്നെകൂപം |
തന്നിൽനിന്നുടൻപ്രതിശബ്ദവുമുണ്ടായ്വന്നു ||
കൊല്ലുന്നുണ്ടുഞാൻനിന്നെയെന്നവൻപറഞ്ഞപ്പൊൾ |
കൊല്ലുന്നുണ്ടുഞാൻനിന്നെയെന്നിങ്ങുംകെൾപ്പാറായി ||
ക്രുദ്ധനാകിയസിംഹംകുണ്ടുകൂപത്തിന്നുള്ളിൽ |
സത്വരംകുതിച്ചുചാടീടിനാന്മഹാജളൻ ||
ഉള്ളത്തിൽമദമെറുമ്മൂഢനാമവൻകൂവെ |
വെള്ളത്തിൽമുങ്ങിപൊങ്ങിക്കൈകാലുംകുഴഞ്ഞഹൊ ||
വെള്ളവുംകുടിച്ചാശ്രുപള്ളയുംവീൎത്തുപൊട്ടി |
തൊള്ളയുംപിളൎന്നവൻചത്തുപൊയെന്നെവെണ്ടു ||

൰. ദമനകന്റെ ഹിതം.

വൃദ്ധനാകിയശശംബുദ്ധികൌശല്യംകൊണ്ടു |
ശത്രുസംഹാരംചെയ്തുബുദ്ധിമാഹാത്മ്യമിദം ||
ഭദ്രമസ്തുതെസഖെകാൎയ്യസിദ്ധിയെഭവാൻ |
അദ്രികന്ദരെചെല്ലുന്നുക്കതവാൻകരടകൻ ||
നന്ദിപിംഗലകന്മാർമെളിച്ചുവസിക്കുന്ന |
കന്ദരന്തന്നിൽചെന്നുവന്ദിച്ചുദമനകൻ ||
രണ്ടുവാക്കടിയനുഗ്രദ്ധമായുണൎത്തിപ്പാൻ |
ഉണ്ടതിനവസരമുണ്ടാമൊമഹാമതെ ||
എന്നതുകെട്ടുസിംഹമ്മറ്റൊരുഗ്ഗുഹതന്നിൽ |
ചെന്നിരുന്നുരചെയ്തുവന്നാലുംദമനക ||
നിന്നുടെഹിതമെല്ലാമെന്നൊടുകഥിക്കനീ |
എന്നതുകെട്ടുചൊന്നാൻഗ്രദ്ധമായിദമനകൻ ||
തമ്പുരാനടിയനിലുള്ളൊരുസ്നെഹംകൊണ്ടു |
കമ്പമുണ്ടായീലല്ലിയെന്നൊരുശങ്കമൂലം ||
സാമ്പ്രതമപരാധംപെടിച്ചങ്ങുണൎത്തിപ്പാൻ |

സംശയിക്കുന്നുതഥാവിദ്വാന്മാർകഥിക്കുന്നു ||
കാൎയ്യങ്ങൾവിചാരിപ്പാൻകാരിയക്കാരനാക്കി |
കല്പിക്കാത്തവൻവന്നുകാൎയ്യങ്ങളറിയിച്ചാൽ ||
മന്നവന്മാൎക്കുതങ്കൽമുന്നമെയുള്ളസ്നെഹം |
ഭിന്നമായിവരുന്നുതെൻറദുസ്സാമൎത്ഥ്യത്തെക്കൊണ്ടു ||
സാദരമുരചെയ്തുപിംഗലകനുംതദാ |
സൊദരസ്നെഹംനിങ്കലുണ്ടിനിക്കെടൊസഖെ ||
എന്തുനീയുരചെയ്വാൻഭാവിച്ചുദമനക |
അന്തരംകൂടാതതുചൊൽകനീമടിയാതെ ||
ഉക്തവാൻദമനകൻനമ്മുടെസഞ്ജീവകൻ |
ശക്തനെങ്കിലുമ്മഹാലുബ്ധനെന്നറിയെണം ||
ശക്തികൾമൂന്നുവിധമുത്സാഹംപ്രഭുത്വവും |
യുക്തിയുക്തമാകുന്നമന്ത്രവുമിവമൂന്നും ||
സമ്പൂൎണ്ണമ്മമസ്വാമിക്കായതുസഞ്ജീവകൻ |
സമ്പ്രതിനിന്ദിക്കുന്നുഞങ്ങളുംകെൾക്കതന്നെ ||
എന്തിന്നുപലവസ്തുചൊല്ലുന്നുസഞ്ജീവകൻ |
നിന്തിരുവടിയുടെരാജ്യത്തെകാംക്ഷിക്കുന്നു ||
ആയതുകെട്ടുകിഞ്ചിൽഭീതിയുമാശ്ചൎയ്യവും |
ആശയെജ്ജനിക്കയാൽമിണ്ടാതെനിന്നുസിംഹം ||
പിന്നെയുംദമനകൻചൊല്ലിനാന്മമസ്വാമിൻ |
തന്നുടെപ്രധാനമന്ത്രീശ്വരൻസഞ്ജീവകൻ ||
എന്നതിൽവരുന്നൊരുദൊഷവുമുണൎത്തിക്കാം |
എന്നുടെസൃഷ്ടിയല്ലാവിദ്വാന്മാർപറയുന്നു ||
ഉന്നതനായുള്ളൊരുമന്ത്രിതൻകഴുത്തിലും |
മന്നവൻകഴുത്തിലുംപാദങ്ങൾരണ്ടുംവെച്ചു ||
നിൽക്കുന്നുരാജ്യശ്രീതാനായവളൊരുത്തനെ |
തക്കത്തിലുപെക്ഷിക്കുംസ്ത്രീസ്വഭാവത്തിന്മൂലം ||
രണ്ടുപെർപുരുഷന്മാരുണ്ടായാൽവെശ്യാസ്ത്രീയും |
രണ്ടുപെരിലുംതുല്യസ്നെഹയായ്വരികില്ല ||

ലൊകസമ്മതമ്മഹാചാഞ്ചല്യമുണ്ടാകയാൽ |
ഏകനെപരിത്യജിച്ചന്യനെസ്വീകരിക്കും ||
രാജലക്ഷ്മിയുംതഥാമന്ത്രിയെത്യജിച്ചുത |
ദ്രാജനെപരിഗ്രഹിച്ചീടിനാളെന്നുവരും ||
ഭൂപനെത്യജിച്ചുതന്മന്ത്രിയെഭജിച്ചെന്നും |
ഭൂയസാവരുമെവംകാണെന്നുപലെടവും ||
എന്നതുകൊണ്ടുചൊന്നെനെകമന്ത്രിയെതന്നെ |
മന്നവൻപ്രധാനിയായികല്പിച്ചാൽചിതംവരാ ||
ലൊകങ്ങൾവിചാരിപ്പാനൊക്കവെപ്രമാണമായി |
ഏകനെതന്നെനൃപന്മന്ത്രിയായുറപ്പിച്ചാൽ ||
ആയവനുള്ളിലഹംഭാവുംവൎദ്ധിച്ചീടും |
കാൎയ്യങ്ങൾക്കുപെക്ഷയുമുണ്ടാകുംക്രമത്താലെ ||
തന്നുടെതാന്തൊന്നിത്വമ്മുഴുത്തുപതുക്കവെ |
തന്നെവൎദ്ധിപ്പിച്ചൊരുസ്വാമിയെദ്വെഷിച്ചീടും ||
മിക്കവാറിന്നുതനിക്കുൽക്കൎഷംവൎദ്ധിക്കുമ്പൊൾ |
പൊക്കമൊമധീശനുമ്മക്കളുംബന്ധുക്കളും ||
നിത്യവുന്തനിക്കുപകാരത്തെചെയ്യുന്നൊരിൽ |
പ്രത്യുപകാരംചെയ്യുമമ്മത്യനെകാണ്മാനില്ല ||
തന്നുടെസ്ഥാനംവന്നാലായതുസാധിപ്പിച്ചു |
മന്നനെമറന്നുപൊമപ്പൊഴെമഹാപാപി ||
അക്കണക്കുള്ളദുഷ്ടന്മൂത്തുപൊവതിന്മുമ്പെ |
ചിക്കനെപ്പരിത്യജിച്ചീടുന്നനൃപൻനൃപൻ ||
അന്നത്തിൽവിഷംകണ്ടാലാകവെത്യജിക്കെണം |
പിന്നെത്താനതിലൊട്ടുമാഗ്രഹിക്കയുംവെണ്ടാ ||
പല്ലുകളിളകിയാലപ്പൊഴെപറിക്കെണം |
തെല്ലുപെക്ഷിച്ചാൽശെഷമുള്ളതുമിളകിപ്പൊം ||
ദുഷ്ടനാമമാത്യന്റെകൂട്ടക്കാരരെക്കൂടെ |
പെട്ടന്നുമൂലച്ഛെദംചെയ്യാതെസുഖംവരാ ||
തൊട്ടുതിന്നവരുടെമക്കളുംപെണ്ണുങ്ങളും |

തട്ടുമിദ്ദൊഷമവൎക്കിന്നെങ്ങുമില്ലാതാകും ||
നമ്മുടെസഞ്ജീവകൻസ്വാതന്ത്ര്യന്തുടങ്ങുന്നു |
സമ്മതമല്ലിപ്രജകൾക്കിവൻകാൎയ്യക്കാരൻ ||
നാളെക്കുഗുണംവരുത്തീട്ടുവാൻവിചാരമി |
ക്കാളെക്കുഭവിക്കുമൊകാൎയ്യമൊന്നറിയാമൊ ||
കണ്ഠത്തിൽസുഖംവെച്ചുകണ്ടത്തിലുഴവിന്നു |
കൊണ്ടുപൊയാക്കെണ്ടുന്നപണ്ടമല്ലയൊയിവൻ ||
എന്തിനുകാൎയ്യക്കാരനിങ്ങിനെയൊരുത്തനെ |
സന്ധിപ്പിക്കുന്നുനൃപൻതാന്തന്നെപൊരാഞ്ഞിട്ടൊ ||
സ്നെഹവുംകാൎയ്യാകാൎയ്യജ്ഞാനവുംതികഞ്ഞൊരു |
ദെഹമെന്നാകിലവന്മന്ത്രിയായെന്നാൽകൊള്ളാം ||
ലക്ഷണമില്ലാതുള്ളമന്ത്രികൾരണ്ടുനെരം |
ഭക്ഷണംകഴിച്ചുറങ്ങീട്ടുവാന്മാത്രംകൊള്ളാം ||
അങ്ങിനെയുള്ളപുമാനെങ്ങാനുംകാണ്മാനുണ്ടൊ |
തിങ്ങിനധനങ്കണ്ടാലാഗ്രഹംകൂടാതെയും ||
അംഗനമാരെക്കണ്ടാലാശയില്ലാതെകണ്ടും |
തങ്ങടെദ്രവ്യത്തിങ്കൽതാല്പൎയ്യമില്ലാതെയും ||
തങ്ങടെഗ്രഹങ്ങളിൽസമ്പത്തുള്ളവൎരാജ |
പുംഗവന്തന്നെസെവിച്ചീട്ടുവാൻപുറപ്പെടാ ||
ശക്തിയുമില്ലാഗ്രഹെഭക്തിക്കുമില്ലാത്തവൻ |
ഭക്തിയുംഭാവിച്ചുകൊണ്ടെപ്പൊഴുംപ്രഭുക്കടെ ||
ഭൃത്യരായിട്ടുംചിലർകാൎയ്യസ്ഥന്മാരായിട്ടും |
നിത്യരായിട്ടുംചിലർകാരിയക്കാരായിട്ടും ||
പണ്ടാരമുതലെല്ലാംഭക്ഷിച്ചുവകയാക്കാൻ |
ഉണ്ടാകുമ്മനുഷ്യരെകൊണ്ടെന്തുഫലംവിഭൊ ||
കല്ലുകളില്ലാതുള്ളകാനനെകിളക്കുന്ന |
പുല്ലുകളിവന്തിന്നുകാനനംവെളിവാക്കി ||
അല്ലാതങ്ങൊരുകാൎയ്യംചിന്തിപ്പാനിവൻപൊരാ |
വല്ലാത്തവൃഷഭത്തെസ്നെഹിപ്പാനെന്തുമൂലം ||

പിംഗലകനുഞ്ചൊന്നാനിങ്ങിനെയെന്നാകിലും |
പുംഗവന്തന്നിൽസ്നെഹംപാരമുണ്ടെനിക്കെടൊ ||
യാതൊരുജനത്തിനുംയാതൊരുജനംപ്രിയം |
ജാതിഹീനനാകിലുംദുഷ്ടശീലനെങ്കിലും ||
ആയവനവൻപ്രിയൻദുഷ്ടനെന്നാലുംതന്റെ |
കായത്തെയുപെക്ഷിപ്പാനാൎക്കാനുന്തൊന്നീടുമൊ ||
ചൊല്ലിനാൻദമനകനാരുടെദൊഷമിതെന്നു |
ള്ളതുവിചാരിച്ചാൽസ്വാമിതാനുപെക്ഷിക്കും ||
മററുള്ളഭൃത്യന്മാരെയൊക്കവെയുപെക്ഷിച്ചു |
മുററുമീവൃഷഭത്തെപ്പൊററുന്നസ്വാമിതന്റെ ||
കുററമററുള്ളരാജ്യംഹരിപ്പാന്മൊഹിക്കുമി |
ക്രൂരനിൽക്കൂറുണ്ടാവാനെന്നുപൊലവകാശം ||
പുത്രനെന്നാലുമുററമിത്രമെന്നാലുംസ്വാമി |
ക്കെത്രയുമപ്രിയനവനെന്നിഹവരുന്നെരം ||
ധാത്രിയിലുള്ളസമ്പത്തൊക്കവെതനിക്കാക്കും |
ഗാത്രമാത്രമെപിന്നെസ്വാമിക്കുശെഷിച്ചീടും ||
സജ്ജനാചാരങ്ങളെത്യജിച്ചുസദാകാലം |
ദുൎജ്ജനാചാരങ്ങളെസ്വീകരിക്കുന്നപുമാൻ ||
സ്വസ്ഥാനഭ്രംശംവരുന്നെരത്തുശത്രുക്കുടെ |
സംസ്ഥാനന്തന്നിൽചെന്നുസ്വാമിയെദ്രൊഹിച്ചീടും ||
കെൾക്കുമ്പൊൾശ്രൊത്രപ്രിയമല്ലെന്നുവരികിലും |
ഓൎക്കുമ്പൊൾമെലിൽഗുണമായുള്ളവാക്കുകളെ ||
ചൊല്ലുന്നജനമുള്ളയാതൊരുനൃപാലയെ |
നല്ലൊരുസമ്പത്തുകളുല്പ്പൂരെവൎദ്ധിച്ചീടും ||
പാട്ടിലുള്ളമാത്യരെത്യജിച്ചുവൃഥാമറു |
നാട്ടിലുള്ളവൎക്കധികാരത്തെക്കൊടുക്കുന്ന ||
ദുഷ്പ്രഭുവിന്റെരാജ്യംഛിദ്രിപ്പാനൊരുവ്യാധി |
തല്പരമ്മറെറാന്നില്ലെന്നൊൎത്തുകൊള്ളെണംഭവാൻ ||
ഉക്തവാന്മൃഗാധിപൻനീഅവന്നഭയത്തെ |

ദത്തവാനായിക്കൂട്ടിക്കൊണ്ടുവന്നിവിടത്തിൽ ||
വൎത്തനംചെയ്യിപ്പിച്ചു ഞങ്ങളിൽവിശ്വാസവും |
വൎദ്ധനഞ്ചെയ്യിപ്പിച്ചുനീയതുമറന്നിതൊ ||
അങ്ങിനെയുള്ളഭവാനിങ്ങിനെവിരൊധിച്ചാൽ |
എങ്ങിനെനമുക്കതുസമ്മതമായീടെണ്ടു ||
ചൊല്ലിനാൻദമനകനിത്രദുസ്സഹനെന്നു |
തെല്ലുമെമ്മനംഗ്രഹിച്ചീലഞാന്മഹാമതെ ||
ദുൎജ്ജനങ്ങൾക്കുബഹുസൽക്കാരംചെയ്യാകിലും |
സജ്ജനസ്വഭാവമുണ്ടാകയില്ലറിഞ്ഞാലും ||
എണ്ണതേപ്പിച്ചുപിടിച്ചുഴിഞ്ഞുദണ്ഡിച്ചാലും |
പൊണ്ണനാംശ്വാവിന്റെവാൽവളഞ്ഞെനില്ലൂദൃഢം ||
ദുഷ്ടരാംഖലന്മാരെസ്തുതിച്ചുനന്നാക്കുവാൻ |
ഒട്ടുമെയെളുതല്ലനല്ലൊരുവിദ്വാന്മാൎക്കും ||
എപ്പൊഴുമമൃതുകൊണ്ടാകവെനനച്ചാലും |
സല്ഫലംപുറപ്പെടിച്ചീടുമൊവിഷദ്രുമം ||
പഞ്ചസാരയുംതേനുംചേൎത്തങ്ങുകുഴച്ചിട്ടു |
കിഞ്ചനാകാലംപരിപാലിച്ചുകിളൎപ്പിച്ചു ||
എപ്പൊഴുംക്ഷീരംകൊണ്ടുനനച്ചുവളൎത്താലും |
വെപ്പിന്റെകൈപ്പുശമിച്ചീടുമൊചിന്തിച്ചാലും ||
തങ്ങടെയജമാനന്നാപത്തുവരാതെകണ്ടു |
ങ്ങിനെരക്ഷിക്കെണമെന്നുള്ളകൂറുകാരൻ ||
ഇങ്ങൊട്ടുചൊദിച്ചീലെന്നാകിലുംശുഭാശുഭം |
അങ്ങൊട്ടുപറഞ്ഞറിയിക്കെണംകൂടക്കൂടെ ||
ത്യാജ്യനാമവനെങ്കിലായവഞ്ചൊതിച്ചാലും |
യൊജ്യമായതുപറഞ്ഞീടരുതെന്നുശാസ്ത്രം ||
സങ്കടെരക്ഷിക്കുന്നമാനുഷനല്ലൊബന്ധു |
സങ്കടംകൂടാതനുഷ്ഠിക്കുന്നതല്ലൊകൎമ്മം ||
ഭൎത്തൃശുശ്രൂഷചെയ്യുമേവുന്നൊളല്ലൊനാരീ |
സത്തുക്കൾബഹുമാനിക്കുന്നവനല്ലൊവിദ്വാൻ ||

ദുമ്മദംജനിപ്പിച്ചില്ലെങ്കിലെശ്രീയായുള്ളു |
ദുമ്മൊഹമില്ലാത്തവനെങ്കിലെസുഖിയാവു ||
എങ്ങുമെതടവില്ലെന്നാകിലെമന്ത്രംനല്ലു |
തിങ്ങിനവിഷയഭ്രാന്തില്ലെന്നെപുമാന്നല്ലു ||
ഇങ്ങിനെഹിതമ്പറഞ്ഞാലുമെൻസ്വാമിക്കിപ്പൊൾ |
പുംഗവസ്നെഹത്തിനുഭംഗമുണ്ടാകുന്നില്ലാ ||
അത്യയമിതുകൊണ്ടുമെൽവരുന്നെരമ്പിന്നെ |
ഭൃത്യദൊഷമെന്നതെസംഭവിക്കയുമുള്ളു ||
സ്ത്രീകളിൽകാമംകൊണ്ടുംമദ്യപാനാദികൊണ്ടും |
ലൊകനിന്ദിതനായിസ്വഛന്ദംപ്രവൃത്തിച്ചും ||
മത്തദന്തിയെപ്പൊലെമദിക്കുമ്മഹീപതി |
ക്കത്തൽവന്നകപ്പെട്ടുംബുദ്ധിമുട്ടുന്നനേരം ||
ഭൃത്യദൊഷമെന്നതെബൊധിപ്പൂനൃപന്തന്റെ |
കൃത്യദൊഷമെന്നതുചിന്തിക്കപൊലുമില്ല ||
പിംഗലനുരചെയ്യാനെന്തൊരുകുററഞ്ചൊല്ലി |
പുംഗവപ്രവരനെവേർവിട്ടത്തയക്കെണ്ടു ||
ചൊല്ലിനാൻദമനകൻവെർപെടുത്തയച്ചാലും |
വല്ലന്തിവരുംനമുക്കായതുചിന്തിക്കെണം ||
മുററുമിക്കുററന്മഹാദുമ്മദൻകയത്തുപൊയി |
മററൊരുപ്രബലനെചെന്നുസെവിച്ചുപട ||
കൊണ്ടുവന്നിട്ടിക്കെല്ലാംനഷ്ടമാക്കീടുംശഠൻ |
കണ്ടതുകണക്കല്ലകശ്മലൻകയക്കുമ്പൊൾ ||
ഇണ്ടലുണ്ടാകുംനമുക്കെന്നത്രെതോന്നീടുന്നു |
ശണ്ഠകൂട്ടമ്പൊൾപിന്നെസ്നെഹവുംവെടിഞ്ഞീടും ||
സിംഹവുമുരചെയ്യാനെന്തിവൻചെയ്യുന്നമ്മെ |
സംഹരിപ്പതിനിവൻപൊരുമൊദമനക ||
ഉക്തവാൻദമനകൻദുസ്വഭാവികളുടെ |
ചിത്തമാക്കറിയാവുശീലമൊന്നറിയാതെ ||
വിട്ടുപൊയെന്നാൽതരംകെട്ടുപൊമിഹവലി |

ച്ചിട്ടതുതന്നെനമുക്കൊട്ടുമെനന്നായില്ല ||
ശീലത്തെബൊധിക്കാതെകൊണ്ടന്നുപാൎപ്പിക്കയി |
ക്കാലത്തുചിതംവരാവാശ്ശുവനെന്നാകിലും ||
ഡിണ്ഡികന്മൂലംപണ്ടുമന്ദവിസൎപ്പിണി |
പ്പെണ്ണിനുനാശംവന്നുവെന്നുഞാൻകേട്ടിട്ടുണ്ടു ||
അക്കഥസ്വാമിക്കിപ്പൊൾകെൾക്കെണമെങ്കിൽചൊല്ലാം |
മക്കുണംപേനുംതമ്മിലുണ്ടായനേരംപോക്കു ||

നയസ്യചെഷ്ടിതംവിദ്യാൽനകുലംനപരാക്രമം |
നതസ്യവിശ്വസെൽപ്രാജ്ഞൊയദീച്ഛെൽശ്രീയമാത്മനഃ ||

൧൧. മൂട്ടയും പേനും തമ്മിലുണ്ടായ നേരം പോക്കു.

പണ്ടൊരുപാൎത്ഥിവൻറെപള്ളിമെത്തമെൽകുടി |
കൊണ്ടൊരുപെനുണ്ടായിമന്ദവിസൎപ്പിണ്യാഖ്യാ ||
പട്ടുമെത്തമെലവൾമേവുമ്പൊൾവന്നാനൊരു |
മൂട്ടയെന്നുള്ളജന്തുദൈവയൊഗത്താലപ്പൊൾ ||
മക്കുണമെന്നുപറയുന്നിതുമൂട്ടെക്കുള്ള |
സംസ്കൃതംയൂകമെന്നുസംസ്കൃതംപേൻജാതിക്കും ||
മക്കുണംവന്നനെരംയൂകപ്പെൺവഴിപൊലെ |
സൽകൃതിചെയ്തുമെല്ലെസ്വാഗതംചൊദിച്ചുടൻ ||
സൽക്കഥപറഞ്ഞുകൊണ്ടിരുന്നുഭവാനിനി |
പൊയ്ക്കൊൾകെന്നവളുരചെയ്തിതുപതുക്കവെ ||
ഡിണ്ഡികന്മൂട്ടെക്കപ്പൊളാഗ്രഹംപാരംയൂക |
പ്പെണ്ണിനൊടൊരുമിച്ചുനാലുനാൾപാൎത്തീടുവാൻ ||
മക്കുണംവിസൎപ്പിണിയൂകിയൊടുരചെയ്തു |
ത്വൽകൃപയുണ്ടെന്നാകിലിന്നത്തെരാത്രിതന്നിൽ ||
നിന്നൊടുകൂടിവസിച്ചീടുവാനിങ്ങുമൊഹം |
പിന്നെയുമൊരുമൊഹമുണ്ടെടൊവിസൎപ്പിണീ ||

തമ്പുരാന്തിരുമെനിതന്നിലെച്ചൊരകുടിച്ചി |
സമൊടിവിടെനീയെന്നെയുംപാൎപ്പിക്കെണം ||
ക്രൂരദന്തങ്ങൾകൊണ്ടുസ്വാമിയെകടിച്ചുനിൻ |
പേരുമാത്രവുംകിട്ടാപൊകനീവൈകീടാതെ ||
ഇത്തരംപറഞ്ഞൊരുയൂകകാമിനിയുടെ |
കാൽത്തളിൎക്കൂപ്പിക്കൊണ്ടുമക്കുണംനിബ്ബന്ധിച്ചാൻ ||
ഖണ്ഡിച്ചുപറഞ്ഞുകൂടായ്കയാൽയൂകസ്ത്രീയും |
ഡിണ്ഡികന്തന്റെമതംസമ്മതിച്ചുരചെയ്തു ||
സ്വാമിതാനെഴുന്നെള്ളിസുഖനാകുന്നനെരം |
കെല്പൊടുകടിച്ചുനീചൊരയുംകുടിച്ചഥ ||
അപ്പൊഴെമണ്ടിഗമിച്ചീടുകമഹാത്മാവെ |
എന്നതുകെട്ടുമുദാമക്കുണമ്മഹീപതി ||
വന്നങ്ങുശയിച്ചപ്പൊൾചെന്നാശുകടികൂട്ടി |
മന്നവൻകാവൽക്കാരെവിളിച്ചങ്ങരുൾചെയ്തു ||
എന്നെവന്നൊരുജന്തുകടിച്ചുനൊക്കിക്കാണ്മിൻ |
എന്നതുകേട്ടുകാവൽക്കാർവന്നുവിളക്കുമായി ||
അന്നെരംചെണ്ടക്കാരൻമൂട്ടയങ്ങോടിപ്പൊയാൻ |
പള്ളിമെത്തമെലവർസൂക്ഷിച്ചുനൊക്കുന്നെരം ||
കള്ളപ്പേനിതാകൂവാപിടിച്ചുകൊന്നീടുവിൻ |
ഇങ്ങിനെപറഞ്ഞവർനഖത്തിലാക്കിഞെക്കി ||
പേനിനെസംഹരിച്ചുവന്ദനഞ്ചെയ്തുപൊയാർ |

### ൧൨. ദമനകൻ സഞ്ജീവകന്റെ മുമ്പിൽ ചെന്നതു.

എന്നതുകൊണ്ടുചൊന്നെൻഏവനെന്നാലുംശീലം |
എന്തെന്നുബൊധിക്കാതെസൽക്കാരംമഹാദൊഷം ||
ദ്രൊഹിക്കുംവൃഷഭമെന്നെങ്ങിനെബൊദ്ധ്യമെന്നു |
ചൊദിച്ചുമൃഗെന്ദ്രനുംചൊല്ലിനാൻദമനകൻ ||

മാത്രമൊന്നുപദ്രവിച്ചീടുകിൽഭയംഭാവിച്ചു |
ത്രപാദാന്തെവരുമന്നെരംബൊധംവരും ||
ഇത്ഥമങ്ങുരചെയ്തുവന്ദിച്ചുദമനകൻ |
തത്രപൊയിസഞ്ജീവകന്തന്നുടെമുമ്പിൽചെന്നു ||
ചൊദിച്ചുസഞ്ജീവകൻസൌഖ്യമൊദമനക |
ചൊല്ലിനാൻദമനകൻഭൃത്യന്മാൎക്കെന്തുസൌഖ്യം ||
ആശ്രയിച്ചിരിക്കുന്നൊൎക്കാത്മജീവനിൽപൊലും |
വിശ്വാസമില്ലാതനിക്കൊത്തതുചെയ്തുകൂടാ ||
ദ്രവ്യമുണ്ടാകുന്നെരംഗൎവ്വിക്കാതാരാനുണ്ടൊ |
ഭവ്യനെന്നാലുംകാമിക്കാപത്തുകൂടാതുണ്ടൊ ||
തന്വാംഗിമാൎക്കുവശമല്ലാതെപുമാനുണ്ടൊ |
മന്നവന്മാൎക്കുഹിതനായുള്ളനരനുണ്ടൊ ||
അന്തകാലയന്തന്നിൽപ്രാപിക്കാതാരാനുണ്ടൊ |
സന്തതമിരപ്പാളിക്കൾകഷ്ടമെങ്ങാനുണ്ടൊ ||
മൂൎഖന്മാരുടെകൂട്ടത്തന്നിൽചെന്നകപ്പെട്ടാൽ |
സൌഖ്യമിങ്ങെന്നുള്ളതുമാൎക്കാനുംഭവിക്കുമൊ ||
ഏതൊരുകാലമെന്നുമാരിങ്ങുബന്ധുവെന്നും |
ഏതൊരുദെശമെന്നുമെപ്പൊഴുംചിന്തിക്കെണം ||
തന്നുടെവരവെത്രതന്നുടെചെലവെത്ര |
തന്നുടെശക്തിയെത്രതാന്തന്നെയാരെന്നതും ||
ഇപ്രകാരങ്ങളെല്ലാനെരവുംവിചാരിക്കും |
സല്പുമാന്മാൎക്കുദൊഷമൊന്നുമെവരാനില്ല ||
ഇക്കാലംനമുക്കെന്തുയൊഗ്യമെന്നതുകനി |
ഞ്ഞുകൊളചൊദിച്ചതിന്നുത്തരമവഞ്ചൊന്നാൻ ||
രാജവിശ്വാസംകൊണ്ടുവന്നിഹവസിക്കുന്നു |
പൂജനീയനാംഭവാനെന്നതുസത്യന്തന്നെ ||
എങ്കിലുംനൃപന്മാരെവിശ്വസിക്കരുതെടൊ |
ശങ്കിച്ചുവസിക്കെണംസെവകനെന്നാകിലും ||
ദുൎജ്ജനങ്ങളിൽചേരുംസ്ത്രീകളുംനൃപന്മാരും |

സജ്ജനങ്ങളിൽനിന്നുദ്രവ്യമുണ്ടാക്കീലല്ലൊ ||
നീചജാതിക്കെധനംവൎദ്ധിപ്പൂമഴപെയ്യാൽ |
നീചദിക്കിലെനില്പൂവെള്ളമെന്നതുദൃഢം ||
ദുഷ്ടന്മാരായുള്ളവർമന്നവന്മാൎക്കുപാരം |
ഇഷ്ടന്മാരായികാണെന്നില്ലയൊകാളശ്രെഷ്ഠ ||
ശിഷ്ടന്മാർഗ്ഗുണംപറഞ്ഞെങ്കിലുന്തത്രനിന്നു |
ദുഷ്ടന്മാരാക്കുന്നതുംസ്പഷ്ടമെകാണെന്നില്ലെ ||
എന്നതുകേട്ടുചൊന്നാൻശങ്കയാസഞ്ജീവകൻ |
എന്നൊട്ടുമഹാസിംഹംകൊപിച്ചീട്ടമൊസഖെ ||
ചൊല്ലിനാൻദമനകൻകാരണംകൊണ്ടുകൊപം |
വല്ലജാതിയുമുണ്ടാമായതുതീരുന്താനും ||
കാരണംകൂടാതെതാൻകൊപിക്കുംനൃപന്മാരെ |
വാരണംചെയ്യാനാരാനുണ്ടാമൊമഹാമതെ ||
രാത്രിയിലൊരുസിംഹംതന്നെവന്നൊരുശബ്ദം |
ഓൎക്കാതെതടവിനാലതിനാൽനാശംവന്നു ||
രാത്രിയിലൊരുശശംപെങ്കുതിരതന്മുമ്പിൽ |
പെത്തുചെന്നതിന്മൂലമായവനറുതിയായി ||
രാത്രിയിലൊരുഹംസംപെണ്ണുമുദമെന്നൊൎത്തു |
തത്രമെവുന്നവെള്ളിപ്പക്ഷിയെച്ചെന്നുതൊട്ടു ||
അന്നെരമവൻകൊത്തികൈവിരൽവൃണപ്പെട്ടു |
ഖിന്നനാമന്നംവന്നുപൊയ്കതങ്കരെക്കേറി ||
അന്നുതൊട്ടവൻപിന്നെവെള്ളാമ്പൽപൂക്കൽകണ്ടാൽ |
വെള്ളിപ്രാവെന്നുകല്പിച്ചുട്ടിക്കിൽചെല്ലുവീല ||
മൎത്ത്യന്മാരസത്യത്തിൽനിന്നുടൻഭയപ്പെട്ടാൽ |
സത്യത്തിൽനിന്നുംഭീതന്മാരെന്നുവരുമല്ലൊ ||
വൈദ്യന്മാർവിദ്വാന്മാരുംമന്ത്രികളിവരെല്ലാം |
സാദ്ധ്യമാംദ്രവ്യംമൊഹിച്ചീശനെസ്തുതിച്ചുതൻ ||
പത്ഥ്യത്തെഗ്രഹിപ്പിച്ചാലായവന്നപത്ഥ്യമാം |
മിത്ഥ്യമാമിവരുടെകാൎയ്യവുംപ്രയത്നവും ||

ചൊദിച്ചുസഞ്ജീവകൻനിന്നുടെസ്വാമിക്കുഞാൻ |
ആദിക്കുമന്നുമിന്നുമപ്രിയമെന്തുചെയ്തു ||
വിപ്രിയംചെയ്യാതൊരുനമ്മൊടുമൃഗാധിപൻ |
വിപ്രിയഞ്ചെയ്തീടുമൊസംഗതിയില്ലാദൃഢം ||
ഉത്തരമുരചെയ്തുസാദരംദമനകൻ |
ശുദ്ധരാംനിങ്ങൾക്കറിയാവതൊരജ്ഞതാമ്മതം ||
ഏതുമൈഹേതുവെണ്ടാമന്നവന്മാൎക്കുധൂമ |
കെതുവന്നതുപൊലെലൊകരെപീഡിപ്പിപ്പാൻ ||
സജ്ജനഞ്ചെയ്യൊരുപകാരവുമപകാരം |
ദുൎജ്ജനഞ്ചെയ്യൊരപകാരവുമുപകാരം ||
രാജസെവയെന്നുള്ളതെത്രയുംപരാധീനം |
പൂജനീയരാംയൊഗീന്ദ്രന്മാൎക്കുമെളുതല്ലാ ||
മൂൎച്ചയുള്ളൊരുഖഡ്ഗംലെഹനംചെയ്തീടാമൊ |
മൂൎഖപാമ്പിന്റെമുഖംചുംബനംചെയ്തീടാമൊ ||
സിംഹത്തെചെന്നുപരിരംഭണംചെയ്തീടാമൊ |
സിദ്ധമാമിതെങ്കിലുംസിദ്ധിയാന്നൃപാൎച്ചനം ||
നല്ലവസ്തുക്കളെല്ലാംനല്ലവരൊടുചെൎന്നു |
നല്ലവണ്ണമായ്പുഷ്ടിവല്ലാതാമല്ലെന്നാകിൽ ||
നിൎമ്മലംനദീജലംസാഗരന്തന്നിൽചെൎന്നാൽ |
നിശ്ചയംപുളിച്ചുപൊമെന്നതൊകാണുന്നില്ലെ ||
സ്വല്പമെങ്കിലുംഗുണംസല്പുരുഷങ്കൽചെൎന്നാൽ |
ശില്പമാംവണ്ണംപ്രകാശിക്കുമെന്നറിഞ്ഞാലും ||
ചന്ദ്രന്റെരശ്മിവെള്ളിക്കുന്നിന്മെൽചെരുന്നെരം |
സാന്ദ്രമായ്പതിന്മടങ്ങേറവുംപ്രകാശിക്കും ||
സജ്ജനങ്ങൾക്കുഗുണമെറ്റമുണ്ടെന്നാകിലും |
ദുൎജ്ജനങ്ങളിൽചെൎന്നാലൊക്കവെനശിച്ചുപൊം ||
അഞ്ജനാചലെശശിരശ്മികൾതട്ടുന്നെരം |
അഞ്ജസാകറുത്തുപൊമെന്നതുബൊധിക്കെണം ||
നഷ്ടമാമുപകാരംദുഷ്ടരിൽചെയ്യുന്നാകിൽ |

നഷ്ടമാംസുഭാഷിതംദുഷ്ടപാത്രങ്ങളിൽചെന്നാൽ ||
ഓട്ടപാത്രത്തിൽദധിപകൎന്നുവെച്ചാലതു |
കൂട്ടുവാൻനന്നൊമഹാകൂററന്മാൎക്കധീശ്വര ||
എത്രയുമ്മഹാവനെചെന്നുരൊദിക്കുമ്പൊലെ |
ചീൎത്തൊരുശവത്തിനെകോപ്പിട്ടുവിക്കുമ്പൊലെ ||
സാരസംപറിച്ചിങ്ങുപറമ്പിൽനടുമ്പൊലെ |
ഓരുള്ളനിലങ്ങളിൽമാരിപെയ്യുന്നപൊലെ ||
ശ്വാവിൻെറപുഛംചെമ്മെനെരാക്കുന്നതുപൊലെ |
കെവലംബധിരനെപാട്ടുകെൾപ്പിക്കുമ്പൊലെ ||
കണ്ണുകാണാതുള്ളവൻകണ്ണാടിനൊക്കുമ്പൊലെ |
കൈകുരുതായുള്ളവൻകങ്കണംപോടുമ്പൊലെ ||
ബുദ്ധിയുമൌദാൎയ്യവുംവിദ്യയുമില്ലാതൊരു |
ലുബ്ധനെസെവിക്കുന്നദൊഷൻെറവിചെഷ്ടിതം ||
ചന്ദനദ്രുമങ്ങളിൽസൎപ്പങ്ങൾചെന്നുകൂടും |
ചാരുവാന്നീരാഴിയിൽനക്രങ്ങൾവന്നുകൂടും ||
നല്ലരാജാക്കന്മാരിൽദുൎമ്മന്ത്രിചെന്നുകൂടും |
നല്ലവെശ്യാസ്ത്രീകളിൽമൂൎക്ക്വന്മാർചെന്നുകൂടും ||
ഇങ്ങിനെഗുണമുള്ളവസ്തുകൊണ്ടനുഭവം |
എങ്ങുമെവരത്തില്ലദുഷ്ടസമ്പൎക്കമ്മൂലം ||
നമ്മുടെസ്വാമിസിംഹംകാണെന്നജനത്തൊടു |
സന്മുഖംസൌജന്യവുംസ്നെഹവുംഭാവിക്കുന്നു ||
അങ്ങിനെയല്ലമനസ്സെത്രയുമ്മഹാക്രൂരം |
തങ്ങൾക്കുപരമാൎത്ഥമെങ്ങെടൊസഞ്ജീവക ||
ധൂൎത്തനായുള്ളപുമാൻപാന്ഥന്മാർവരുന്നെരം |
പാൎത്തിരിയാതങ്ങൊരുപടിക്കൽചെന്നുനില്ക്കും ||
ചെന്നുടൻകൈക്കുപിടിച്ചാശ്ലെഷഞ്ചെയ്യുകണ്ണിൽ |
നിന്നങ്ങുഹൎഷാശ്രുക്കൾപൊഴിക്കുമ്മഹാകള്ളൻ ||
സാദരംകുശലപ്രശ്നങ്ങളുംചൊദിക്കുന്താൻ |
ഓദനമൊരുവറെറന്നാകിലുംകൊടുക്കാതെ ||

വല്ലതുമൊരുകള്ളംപറഞ്ഞുകബളിച്ചു |
മെല്ലവെയൂഢ്യമാക്കിയയക്കുന്ദുർമ്മാനുഷൻ ||
വെള്ളത്തിന്മീതെപൊവാൻകപ്പലുംപാറുംതൊണി |
വള്ളവുമ്മഞ്ചിപടവെന്നെല്ലാംതാനുണ്ടാക്കി ||
പെട്ടന്നങ്ങിരിട്ടത്തുരാത്രിയിൽസഞ്ചരിപ്പാൻ |
ചൂട്ടെന്നുംവിളക്കെന്നുമായതുസമ്പാദിച്ചു ||
കാററില്ലാത്തുള്ളനെരംവീശുവാനാലവട്ടം |
ചോററിയുംവിശറിയുമിത്തരങ്ങളുന്തീർത്തു ||
കാട്ടിലുള്ളാനത്തലവന്മാരെവശത്താക്കാൻ |
തോട്ടിയുംകോലുംകുന്തമെന്നിവയുളവാക്കി ||
കുണ്ടുകൂപത്തിലുള്ളവെള്ളത്തെകരെക്കെററി |
കൊണ്ടുപൊരാനുംതുലായന്ത്രവുമങ്ങുണ്ടാക്കി ||
ഇങ്ങിനെയുപകാരമെന്തെല്ലാഞ്ചെയ്യുനമു |
ക്കെങ്ങിനെയുള്ളമഹാധർമ്മിഷ്ഠവിദ്വാന്മാക്കും ||
ചെന്നെടംനശിപ്പിക്കുംദുർജ്ജനങ്ങടെചിത്തം |
നന്നാക്കിവെപ്പാനൊരുകൌശലംതൊന്നീലല്ലൊ ||

ഇങ്ങിനെദമനകൻദുർജ്ജനങ്ങളെക്കൊണ്ടു |
തിങ്ങിനവൈരത്തൊടെദൂഷിക്കുന്നതുകേട്ടു ||
ശുദ്ധനാംസഞ്ജീവകൻചിന്തിച്ചുമനക്കാമ്പിൽ |
ലുബ്ധരാംജന്തുക്കടെകൂട്ടത്തിലായല്ലൊഞാൻ ||
ശഷ്പവുംഭക്ഷിച്ചുകൊണ്ടിരിക്കുംനമുക്കിപ്പൊൾ |
നിഷ്ഫലമിഹവന്നുസിംഹസെവനംദുഃഖം ||
ക്രൊഷ്ടാക്കളിവർതന്നെസിംഹത്തെഭെദിപ്പിച്ചു |
മൊഷ്ടാക്കളൊടുകൂടിവസിച്ചാലിതെവരൂ ||
യുക്തികൾചിലവസൂഞാൻകൂടെപറയുമ്പൊൾ |
യുക്തികളൊട്ടുശമിച്ചീടുമിക്രൊഷ്ടാവിനും ||
ദുർമ്മാർഗ്ഗന്തുടങ്ങിയാൽദൂരവെയുപെക്ഷിച്ചു |
സന്മാർഗ്ഗസ്ഥിതന്മാരെസെവിക്കാമാപത്തിങ്കൽ ||
ഇങ്ങിനെവിചാരിച്ചുപുംഗവൻസഞ്ജീവകൻ |

ഭംഗിവാക്കുകൾതാനുമൊരൊന്നങ്ങുരചെയ്തു ||
അന്തിവന്നടുക്കുമ്പൊളംബുജംകൂമ്പുമെന്നു |
ചിന്തിപ്പാൻബുദ്ധിയുമില്ലാതൊരുവണ്ടിൻകൂട്ടം ||
അന്ധതകൊണ്ടുരാത്രൌപങ്കജൊദരന്തന്നിൽ |
ബന്ധനംപ്രാപിക്കുന്നതെന്തൊരുകഷ്ടംസഖെ ||
എന്തിനിവരുമെന്നുമെല്ലെട്ടുവിചാരിപ്പാൻ |
ജന്തുക്കൾക്കറിവില്ലാതെല്ലുമെന്നതെവെണ്ടു ||
അന്തിക്കുവിടരുന്നപിച്ചകപ്പൂവുംപിന്നെ |
ചന്തത്തിൽകുരുമൊഴിമുല്ലയുംകൈതപ്പൂവും ||
പങ്കജങ്ങളുമിത്ഥംസന്മധുപുഷ്പങ്ങളെ |
ശങ്കകൂടാതെവെടിഞ്ഞീടിനഭൃംഗങ്ങളും ||
മത്തവാരണത്തിന്റെഗണ്ഡത്തിൽമദജലം |
മെത്തയുണ്ടെന്നുമൊഹിച്ചൊക്കവെകൂടെച്ചെന്നു ||
തത്രമെവുമ്പൊൾകൎണ്ണദ്വന്ദ്വതാഡനംകൊണ്ടു |
ചത്തുപൊകല്ലാതൊരുലാഭമില്ലവൎക്കെടൊ ||
എന്നതുപൊലെഖലന്മാരുടെമുമ്പിൽചെന്നാൽ |
തന്നുടെപ്രാണങ്ങൾക്കുംഹാനിയുണ്ടാകുംദൃഢം ||
ദുഷ്ടഗൊമായുവ്യാഘ്രധ്വാംക്ഷന്മാരൊക്കെക്കൂടി |
ഒട്ടകത്തിനെക്കുലചെയ്തതുകെട്ടിട്ടില്ലെ ||
അക്കഥാമാത്രംകെട്ടിട്ടില്ലെന്നുദമനകൻ |
കെൾക്കനീയെന്നുവൃഷഭൊത്തമൻസഞ്ജീവകൻ ||

### ൧൬. ഒട്ടകത്തിന്റെ അപായം.

കാനനെമദൊൽകടനെന്നപെരൊടുകൂടെ |
മാനശാലിയാമൊരുസിംഹത്താനുണ്ടായിപൊൽ ||
കാകനുംഗൊമായുവുംവ്യാഘ്രവുമിവർമൂന്നു |
കാൎയ്യക്കാരരുമവനുണ്ടായിസമൎത്ഥന്മാർ ||
ധൃഷ്ടരാമവർവനെസഞ്ചരിക്കുമ്പൊൾനല്ലൊർ |

ഒട്ടകംവരുന്നതുകണ്ടവർചൊദിച്ചിതു ||
എങ്ങുന്നുവരുന്നതാനെതുജാതിയിലുള്ളു |
ഇങ്ങിനെനടപ്പാനുംകാരണമെന്തുസഖെ ||
ഒട്ടകംപറഞ്ഞിതുവാണിഭക്കാരന്മാൎക്കും |
കെട്ടുകൾചുമക്കുന്നൊരൊട്ടകംഞാനാകുന്നു ||
കെട്ടുകൾപേറിപ്പേറിവലഞ്ഞുകൂട്ടക്കാരെ |
വിട്ടുഞാനൊളിച്ചിഹകാട്ടിൽസഞ്ചരിക്കുന്നു ||
മന്ത്രിവീരന്മാരതുകെട്ടപ്പൊൾഹിതാഹിതം |
മന്ത്രിച്ചുവശത്താക്കിസ്വാമിയെകാണിപ്പിച്ചു ||
സ്വാമിയുംകഥനകനെന്നൊരുപെരുനല്കി |
സ്വാധീനമാക്കികൊണ്ടുമേളിച്ചുമെവുങ്കാലം ||
തന്നുടെഭൃത്യന്മാൎക്കുന്തനിക്കുംചെലവിനു |
ചെന്നുടൻമൃഗങ്ങളെകൊന്നുകൊണ്ടന്നീടുവാൻ ||
അംഗവൈകല്യംകൊണ്ടുനമുക്കുപരാധീനം |
നിങ്ങളിന്നമാത്യന്മാർകൊണ്ടന്നപൂരിക്കെണം ||
പണ്ടുനാംജനിച്ചന്നെകാല്ക്കൊരുമുടവ്വതെ |
ല്ലുണ്ടതുമൂലംവനെസഞ്ചാരമെളുതല്ലാ ||
ഭൃത്യവൎഗ്ഗങ്ങളെല്ലാംഭക്ഷണമില്ലായ്കയാൽ |
ചത്തപൊൽവശംകെട്ടുകാനനെകിടക്കുന്നു ||
വ്യാഘ്രവുംഗൊമായുവുംകാകനുമിവർമൂന്നും |
ശീഘ്രഗാമികളല്ലൊമന്ത്രിപുംഗവന്മാരെ ||
നിങ്ങൾക്കുവഴിപൊലെഭക്തിയുംചെയ്യുകൊള്ളാം |
ഇങ്ങിനെമദൊൽക്കടൻകല്പിച്ചൊരനന്തരം ||
തൽക്ഷണംസചിവന്മാർകാനനങ്ങളിൽനീളെ |
ഭക്ഷണാൎത്ഥങ്ങൾതിരഞ്ഞെങ്ങുമെലഭിക്കാഞ്ഞു ||
ഇങ്ങുപൊന്നിരുന്നുകൊണ്ടൊട്ടകംഗ്രഹിയാതെ |
തങ്ങളിൽവിചാരിച്ചുപായവുമുരചെയ്തു ||
എന്തെടൊകഥനകനെന്നുള്ളരൂപത്തെകൊ |
ണ്ടെന്തൊരുകാൎയ്യംനമുക്കെന്നതുവിചാരിപ്പിൻ ||

കള്ളനുമാംസംവെണ്ടാകാനനെപെരുത്തൊരു |
മുള്ളുള്ളവള്ളിഭുജിച്ചെങ്കിലെരുചിയുള്ളു ||
ഇന്നെത്തെചെലവിനീയൊട്ടകംകൊള്ളാംനമു |
ക്കെന്നതുകെട്ടുചൊന്നാൻവ്യാഘ്രവുംഗൊമായുവും ||
സ്വാമിതാനഭയവുംകൊടുത്തുപാൎപ്പിക്കുന്നു |
നാമിപ്പൊൾവധിക്കയെന്നുള്ളതുചിതംവരാ ||
എങ്കിൽനാംചാകെയുള്ളുവെന്നുകാകനുംചൊന്നാൻ |
എന്നതുകെട്ടുപറഞ്ഞീടിനാരിരുവരും ||
പട്ടിണികിടക്കുന്നസ്വാമിയെക്കൊണ്ടുതന്നെ |
ഒട്ടകത്തിന്റെവധംസമ്മതിപ്പിക്കവെണം ||
എത്രയുംവിശക്കുമ്പൊൾപെറ്റമാതാവുതന്നെ |
പുത്രനെക്കൊന്നുതന്റെപ്രാണനെരക്ഷിക്കുന്നു ||
മുട്ടുമ്പൊൾസൎപ്പസ്ത്രീയുംതാൻപ്രസവിച്ചുള്ളൊരു |
മുട്ടകളൊട്ടുമ്മടികൂടാതെഭക്ഷിക്കുന്നു ||
തന്നുടെജഠരത്തെരക്ഷിപ്പാൻശരീരിക |
ൾക്കിന്നതെചെയ്യാവുവെന്നില്ലെടൊകാൎയ്യക്കാരെ ||
ക്ഷുത്തുവൎദ്ധിക്കുന്നെരംകാരുണ്യമില്ലാതാകും |
സത്തുക്കൾക്കുപൊലുമീജന്തുക്കൾക്കെന്തുപിന്നെ ||
ഇത്തരംവിചാരിച്ചുമൂവരുമൊരുമിച്ചു |
സത്വരംചെന്നുമഹാസിംഹത്തെക്കൂപ്പീടിനാർ ||
കാകനങ്ങുണൎത്തിച്ചുഭക്ഷണദ്രവ്യങ്ങളിൽ |
ഏകമെന്നാലുംലഭിച്ചില്ലഹൊകാന്താരത്തിൽ ||
എന്തുപായമെന്നതുചൊദിച്ചുമദൊൽക്കടൻ |
ജന്തുഹിംസയല്ലാതെപിന്നെയെന്തെന്നുകാകൻ ||
ഭക്ഷിപ്പാനെന്തുവകകണ്ടുനീയെന്നുസിംഹം |
ഭക്ഷിപ്പാൻകഥനകദ്ധ്വംസനമെന്നുകാകൻ ||
സിംഹവുംചെവിപൊത്തിക്കൊണ്ടുതാനുരചെയ്തു |
സാഹസംശിവശിവചെയ്തതൊരുനാളും ||
അന്നദാനവുംപിന്നെഗൊദാനംഭൂമിദാനം |

തന്നുടെദെഹദാനമിത്തരംദാനങ്ങളിൽ ||
ഉത്തമമഭയദാനപ്രതമ്മഹത്തരം |
തത്ഥാമയാകൃതമെങ്ങിനെമൊചിക്കെണ്ടു ||
അശ്വമെധാദിയാഗംചെയ്തുള്ളഫലത്തെക്കാൾ |
ആശ്രിതത്രാണത്തിനുപുണ്യമെറുന്നുദൃഢം ||
എന്നതുകെട്ടുകാകൻചൊല്ലിനാനിതുസത്യം |
തന്നെയെങ്കിലുമൊരുശാസ്ത്രമുണ്ടടിയനും ||
ഏകനെത്യജിച്ചിട്ടുംകുലത്തെരക്ഷിക്കെണം |
ആകുലമെന്ന്യെകുലംത്യജിക്കാംഗ്രാമസ്യാർത്ഥെ ||
ഗ്രാമത്തെത്യജിച്ചീടാംരാജ്യരക്ഷണംചെയ്വാൻ |
ഭൂമിയെത്യജിച്ചീടാമാത്മരക്ഷണംചെയ്വാൻ ||
തമ്പുരാനറിയെണ്ടാവാശ്ശുതുമടിയങ്ങൾ |
സാമ്പ്രതമശനാർത്ഥമുണ്ടാക്കിക്കൊണ്ടുവരാം ||
ഒട്ടകന്തന്നെത്തന്നെഭക്ഷിപ്പാനനുവാദം |
പെട്ടന്നുനല്കുമതിനുള്ളകൌശലമുണ്ടാം ||
എന്നതുകേട്ടിട്ടൊന്നുമ്മിണ്ടാതെനിന്നുസിംഹം |
നന്നിതുമൌനമനുവാദമെന്നവർവെച്ചു ||
മൂവരുംകൂടിച്ചെന്നുവന്ദിച്ചുനിന്നാരവർ |
മുല്പാടുകാകഞ്ചൊന്നാനെന്നെഹിംസിക്കസ്വാമിൻ ||
നിന്നുടെശരീരത്തിലെന്തുള്ളമാംസംഭൊഷ |
നിന്നെഹിംസിക്കയില്ലെന്നുക്തവാൻമദൊൽക്കടൻ ||
എന്നെഹിംസിക്കാമെന്നുഗൊമായുപറഞ്ഞപ്പൊൾ |
മുന്നമുക്തമായതുസിംഹവുമുരചെയ്തു ||
രണ്ടുപെരെക്കാൾമാംസമെറയുണ്ടിനിക്കെന്നെ |
കൊണ്ടുഭക്ഷണമിന്നുചെയ്താലുന്തമ്പുരാനെ ||
ഇത്തരംവ്യാഘ്രംചെന്നുകെല്പിച്ചവാക്യത്തിന്നും |
ഉത്തരമ്മുന്നെപൊലെചൊല്ലിനാന്മദൊൽക്കടൻ ||
എന്നെനിഗ്രഹിക്കയില്ലെന്നൊരുവിശ്വാസത്താൽ |
ചെന്നുരചെയ്താനെന്നെകൊല്ലെന്നുകഥനകൻ ||

വ്യാഘ്രവുംഗൊമായുവുമായതുകെട്ടനെരം |
ശീഘ്രമൊട്ടകത്തിനെപിളൎന്നുകൊന്നീടിനാർ ||
സിംഹവുമ്മന്ത്രികളുമുഷ്ട്രത്തെഭക്ഷിക്കായി |
സംഹരിച്ചിതുമുന്നമിങ്ങിനെകെട്ടിട്ടുണ്ടു ||

ബഹവഃപണ്ഡിതാഃക്ഷുദ്രാഃസൎവ്വെമായൊപജീവിനഃ |
കുൎയ്യുഃകൃത്യമകൃത്യംവാഉഷ്ട്രെകാകാദയൊയഥാ ||

എന്നതുകൊണ്ടുചൊന്നെൻശുദ്ധരാംസാധുജനം |
ദുൎന്നയന്മാരിൽചെന്നാൽദൂഷണമകപ്പെടും ||
പിന്നെയുംപറഞ്ഞിതുസാധുവാംസഞ്ജീവകൻ |
മന്നവന്മാരെസ്സെവിച്ചീടുവാന്മഹായത്നം ||
മന്നവന്മാരുംപിന്നെക്ഷുദ്രന്മാരൊടുചെന്നാൽ |
തന്നുടെഗ്ഗുണംവൃഥാഭ്രഷ്ടമാമസംശയം ||
നാടുവാഴിയാംനൃപൻഹീനജാതിയെങ്കിലും |
കൂടുന്നപരിജനംനന്നെങ്കിൽതാനുംനന്നാം ||
ഗൃദ്ധ്രമെങ്കിലുമരയന്നങ്ങൾഭൃത്യരായാൽ |
ഉത്തമനവനെന്നുവന്നീടുംക്രമത്താലെ ||
മാംസത്തെഭുജിക്കുന്നഗൃദ്ധ്രങ്ങൾഭൃത്യരായാൽ |
ഹംസവുമിളപ്പെട്ടുനീചനായ്വരുന്ധ്രുവം ||
കഷ്ടമിസ്സിംഹെന്ദ്രനുനമ്മിലുള്ളൊരുസ്നെഹം |
ദുഷ്ടനാമൊരുമന്ത്രിമന്ത്രിച്ചുവെർപെടുത്തു ||
അങ്ങിനെവരുന്താനുംദുൎജ്ജനംകൂടക്കൂടെ |
സംഗതിനൊക്കിക്കൊണ്ടുമെഷണിപ്രയൊഗിച്ചാൽ ||
എങ്ങിനെയറിഞ്ഞുപൊകായിന്നുമഹാജനം |
എങ്ങുമെഖലന്മാൎക്കൊതാഴ്ചയില്ലല്ലൊതാനും ||
വാക്കിനാൽബുധന്മാരെദൂഷണംചൊല്ലിച്ചൊല്ലി |
നാക്കിനുതഴമ്പുറച്ചീടിനകൂട്ടമല്ലൊ ||

ദുഷ്ടന്മാർപലവിധംഭെദ്യത്തെച്ചെയ്യുങ്കിലും |
ഒട്ടുമെഭെദിക്കയില്ലുത്തമക്ഷിതീശ്വരൻ ||
രാജതെജസ്സുമിടിത്തീയുമെന്നിവരണ്ടും |
തെജസാംസമൂഹത്തിലെത്രയുമുൽകൃഷ്ടങ്ങൾ ||
മുന്നംഞാൻപറഞ്ഞതുസൎവ്വത്രപ്രകാശിക്കും |
പിന്നെഞാൻചൊന്നതൊരുദിക്കിൽമാത്രമെയുള്ളൂ ||
അത്രനിന്നപായത്തെശങ്കിച്ചുസിംഹത്തിന്റെ |
ശത്രുസിംഹത്തെച്ചെന്നുസെവിപ്പാൻഭാവമില്ല ||
അങ്ങനെചെയ്യാമെന്നുചൊല്ലുന്നുശാസ്ത്രങ്ങളിൽ |
ഇങ്ങൊട്ടുദ്രൊഹിക്കുന്നൊന്നതൻഗുരുവെന്നാകിലും ||
ദുൎമ്മദംതുടങ്ങിയാൽദൂരവെയുപെക്ഷിച്ചു |
സന്മാൎഗ്ഗസ്ഥിതന്മാരെസെവിക്കാമാപത്തിങ്കൽ ||
ആയതുനമുക്കിപ്പൊൾഭാവമില്ലവനൊട |
ങ്ങായവണ്ണംഞാൻയുദ്ധംചെയ്വതിന്നൊരുമ്പെട്ടെൻ ||
ആയുധംനമുക്കിപ്പൊളെപ്പൊഴുംപിരിയാതെ |
ആയതങ്ങളാംരണ്ടുകൊമ്പുകളുണ്ടുതാനും ||
യാഗങ്ങൾചെയ്തുചിലർസ്വൎഗ്ഗത്തെപ്രാപിക്കുന്നു |
യൊഗങ്ങൾകൊണ്ടുചിലർദ്യൊവിനെഗമിക്കുന്നു ||
ദാനങ്ങൾകൊണ്ടുചിലർസ്വൎല്ലോകംഗമിക്കുന്നു |
മൌനങ്ങൾകൊണ്ടുചിലർമൊക്ഷത്തെപ്രാപിക്കുന്നു ||
ഇത്ഥമുള്ളതിലെല്ലാമുത്തമംജനങ്ങൾക്കു |
യുദ്ധത്തിൽമരിച്ചുടൻസത്വരംസ്വൎഗ്ഗപ്രാപ്തി ||
ഭൂരികൎമ്മങ്ങൾകൊണ്ടുദിവ്യരാകുന്നുചിലർ |
വൈരിനിഗ്രഹംകൊണ്ടുഭവ്യരാകുന്നുചിലർ ||
രണ്ടുസൌഖ്യവുമ്മഹാവീരന്മാർസംഗ്രാമത്തെ |
ക്കൊണ്ടുതാൻലഭിക്കുന്നുദെഹമൊചനംചെയ്താൽ ||
അല്ലാതെശത്രുക്കളാൽദത്തമാംചോറുതിന്നു |
വല്ലാതെവസിക്കയുംചാകയുമൊരുപൊലെ ||
യാതൊരുദിക്കിൽയുദ്ധംചെയ്തീലെന്നാലുമൃത്യു |

ചെയ്യൂവെന്നാകിൽപിന്നെസ്സംശയമെന്നെയുള്ളൂ ||
അട്ടിക്കിൽവരുന്നെരംസംഗരംയൊഗ്യമെന്നു |
വിദ്വാന്മാർപറയുന്നതട്ടിക്കുവന്നുമമ ||

൧൮. കുളക്കൊഴി സമുദ്രത്തൊടു കലഹിച്ചതു.

ഉക്തവാൻദമനകൻശത്രുവാംജനത്തിന്റെ |
ശക്തിതാനറിയാതെപിന്നെങ്ങുംജനങ്ങൾക്കു ||
ടിട്ടിഭന്തന്നിൽനിന്നുവാരിധിക്കെന്നപൊലെ |
കിട്ടീടുംപരാഭവമെന്നതുബൊധിക്കെണം ||
അക്കഥാശ്രവിക്കെണമെന്നുടൻസഞ്ജീവകൻ |
സൽക്കഥാവിശാരദൻചൊല്ലിനാൻദമനകൻ ||
ടിട്ടിഭമെന്നുള്ളൊരുപക്ഷിയുമവനുടെ |
കെട്ടിയപെണ്ണുംകൂടിസാഗരതടന്തന്നിൽ ||
കിട്ടിയശിശുക്രൂമികീടാതിമാംസത്തെക്കൊ |
ണ്ടഭിഷ്ടിയുംകഴിച്ചുകൊണ്ടാസ്ഥയാമേവുങ്കാലം ||
ടിട്ടിഭമെന്നാൽകുളക്കൊഴിയെന്നറിയെണം |
ടിട്ടിഭസ്ത്രീക്കുഗർഭംപൂർണ്ണമായതുകാലം ||
ടിട്ടിഭത്തൊടുചൊന്നാളിന്നുഞാൻപ്രസവിച്ചു |
കുട്ടികളുണ്ടായ്വരുമീറവുനൊവുണ്ടുകിഞ്ചിൽ ||
ഏതൊരുദിക്കിൽവെണ്ടുനമുക്കുപ്രസവമെ |
ന്നാതുരീഭാവത്തൊടെചൊദിച്ചനെരംപക്ഷി ||
വാരിധിതീരെപെറവുകൊൾകയെന്നുരചെയ്തു |
വാരിധിതീരമപായസ്ഥാനമെന്നങ്ങവൾ ||
ഉക്തവാൻകുളക്കൊഴിസാഗരംനമ്മെവെൽവാൻ |
ശക്തനല്ലെടൊബാലെശങ്കയെന്തിനുപാഴിൽ ||
ടിട്ടിഭിചൊന്നാളംബുരാശിയുംനീയുന്തമ്മിൽ |
ഒട്ടുമെയടുക്കയില്ലെന്തൊരുമൊഹംനാഥ ||
തന്നത്താനറികയെന്നുള്ളതുവൈഷമ്യമായി |

വന്നുപൊമതുമൂലമാപത്തുഭവിച്ചീടും ||
തന്നുള്ളിൽവിചാരമുണ്ടെന്നാകിലനൎത്ഥങ്ങൾ |
വന്നുപൊകയുമില്ലാവൈഷമ്യമെങ്ങുമില്ല ||
ചൊല്ലിനാനതുനേരംടിട്ടിഭമ്മഹാധീമാൻ |
വല്ലഭെവരികനീവാക്കുകൾകെൾക്കവെണ്ടു ||
ബന്ധുക്കൾപറയുന്നസൽഗുണംഗ്രഹിക്കാത്ത |
ജന്തുക്കൾമൂഢത്വംകൊണ്ടന്ധരായ്പതിച്ചീടും ||
ബന്ധുവാക്യത്തെശ്രവിക്കായ്കകൊണ്ടൊരുകൂൎമ്മം |
ബന്ധമെന്നിയെവീണുചത്തുപൊയെല്ലൊമുന്നം ||
എങ്ങിനെയതെന്നവൾകെട്ടാലുമെന്നുകാന്തൻ |
അങ്ങൊരുദിക്കിലൊരുവാപിയിൽമെവീടുന്ന ||
കച്ഛപംകംബുഗ്രീവമെന്നുപെർസരസ്സിന്റെ |
കച്ഛത്തിൽസുഖിച്ചുമെവീടിനാന്മഹാഭാഗ്യൻ ||
സങ്കടെസഹായിപ്പാന്മിത്രങ്ങൾരണ്ടുണ്ടുപൊൽ |
സങ്കടൻവികടനുംരാജഹംസന്മാരവർ ||
വൎഷമില്ലായ്കകൊണ്ടുഖിന്നരാമവർതമ്മിൽ |
കഷ്ടസന്താപംകൊണ്ടുതാന്തന്മാരുരചെയ്തു ||
മറെറാരുസരസ്സിങ്കൽപൊകനാമെടൊവെള്ളം |
വററുകയില്ലാതുള്ളവാപികൾപലതുണ്ടു ||
നമ്മുടെകംബുഗ്രീവകൂൎമ്മത്തൊടറിയിച്ചു |
സമ്മതിവരുത്തികൊണ്ടാശുപോകെണന്താനും ||
ഇങ്ങിനെകൂൎമ്മത്തൊടുചെന്നവർധരിപ്പിച്ചു |
നിങ്ങൾപൊകുന്നദിക്കിൽഞാൻകൂടെപ്പൊന്നീടുവൻ ||
നിങ്ങൾക്കുചിറകുണ്ടുപറന്നുപൊകാമല്ലൊ |
എങ്ങിനെനമ്മെക്കൂടെക്കൊണ്ടുപൊകുന്നുനിങ്ങൾ ||
ഞങ്ങൾചൊന്നതുപൊലെകെൾക്കുമെന്നാകിൽനിന്നെ |
ഞങ്ങൾകൊണ്ടങ്ങുപൊകുന്നുണ്ടെന്നുഹംസങ്ങളും ||
ഒന്നുമെയുരിയാടാതങ്ങിനെപാൎത്തീടെണം |
എന്നതുചെയ്യാമെന്നുകൂൎമ്മവുമുരചെയ്തു ||

നീളമുള്ളൊരുകൊലുംകൊത്തികൊണ്ടന്നുചൊന്നാർ |
മേളമൊടിക്കൊലിന്മെൽകടിച്ചുതൂങ്ങിക്കൊൾക ||
ഹംസങ്ങൾഞങ്ങൾരണ്ടുപെരുമായ്ത്തൂക്കവെ |
അംസത്തിലെററിക്കൊണ്ടുപറന്നുഗമിച്ചീടാം ||
മിണ്ടരുതൊന്നുംഭവാനൊന്നരിയാടിപ്പൊയാൽ |
ചെണ്ടകൊട്ടുമെസഖെകച്ശപകംബുഗ്രീവ ||
അങ്ങിനെയെന്നുകൂൎമ്മംകൊലിന്മെൽകടിച്ചുടൻ |
തൂങ്ങിനാനന്നങ്ങളുംകൊണ്ടങ്ങുപറന്നിതു ||
അങ്ങാടിത്തെരുവിന്റെമെൽഭാഗെചെല്ലുന്നെരം |
അങ്ങാടിക്കാരെല്ലാരുംതാഴത്തുവന്നുകൂടി ||
നൊക്കെടൊമെൽഭാഗത്തെക്കെന്തൊരുകൂട്ടംപറ |
ന്നാക്കൊടെഗമിക്കുന്നുപണ്ടെങ്ങുംകണ്ടിട്ടില്ല ||
ഇങ്ങിനെപലർകൂടികൈക്കൊട്ടിച്ചിരിച്ചപ്പൊൾ |
തിങ്ങിനകൊലാഹലമുണ്ടായിമഹീതലെ ||
ആഘൊഷംകെട്ടുഭയപ്പെട്ടൊരുകമഠമാം |
ആഭൊഷൻവായുമ്പിളൎന്നയ്യൊയെന്നുചൊന്നാൻ ||
അക്കൊലുംകടിവിട്ടുകച്ശപംകീഴ്പ്പെട്ടെക്ക |
വെക്കെന്നുപതിച്ചിതുചൊല്ക്കീഴില്ലായ്കമൂലം ||
മിണ്ടരുതെന്നുഹംസംചൊന്നതുകൂട്ടാക്കാതെ |
ചുണ്ടുകൾരണ്ടുംപിളൎന്നൊന്നവൻപറഞ്ഞപ്പൊൾ ||
തണ്ടുതപ്പിക്കുകടിവിട്ടുപൊയധൊഭാഗെ |
കണ്ടുനില്ക്കുന്നഭടന്മാർചെന്നുപിടികൂടി ||
കൈകൊണ്ടുഞെക്കിക്കൊന്നുകണ്ടിച്ചുകലത്തിലി |
ട്ടാകവെപാകഞ്ചെയ്തുഭക്ഷിച്ചാരെന്നെവെണ്ടു ||
    എന്നതുകൊണ്ടുചൊന്നെൻബന്ധുക്കൾകനിവൊടെ |
ചൊന്നതുകൂട്ടാക്കാതെയിങ്ങിനെവിനാശവും ||
പിന്നെയുമുരചെയ്തുടിട്ടിഭമ്മമപ്രിയെ |
നിന്നെഞാനിനിയൊന്നുപറഞ്ഞുബൊധിപ്പിക്കാം ||
പണ്ടനാഗതവിധാതാവെന്നങ്ങൊരുമത്സ്യം |

രണ്ടാമൻപ്രത്യുല്പന്നമതിയെന്നൊരുമത്സ്യം ||
യൽഭവിഷ്യനെന്നൊരുമൂന്നാമന്മഹാമത്സ്യം |
അത്ഭുതമിവരുടെവൃത്താന്തംകെട്ടീടെണം ||
നല്ലൊരുവാപിതന്നിൽമൂവരുമൊരുമിച്ച |
ങ്ങല്ലൽകൂടാതെതത്രസുഖിച്ചുമെവുംകാലം ||
ദാശന്മാർവന്നുവലവീശുവാൻപുറപ്പെട്ടു |
സാശരാമവർതമ്മിൽപറഞ്ഞുപത്തുക്കവെ ||
ഇസ്സരസ്സിങ്കൽവെള്ളമെററമില്ലെടൊനല്ല |
മത്സ്യങ്ങളനെകമുണ്ടത്രനാമിറങ്ങുക ||
ആയവർപറഞ്ഞതുകേട്ടുകൊണ്ടനാഗതൻ |
മായമെന്നിയെമററുരണ്ടുപെരൊട്ടുചൊന്നാൻ ||
പൊകനാംവൈകീടാതെമറെറാരുതടാകത്തിൽ |
ശൊകമൊന്നകപ്പെട്ടുമത്രനാംപാൎത്തീടുകിൽ ||
ഉല്പന്നമതിപറഞ്ഞീടിനാൻവരുമെന്നു |
കല്പിച്ചുഭയപ്പെട്ടുന്നെന്തിനുപാഴിൽതന്നെ ||
ആപത്തുവന്നാലുടൻചിന്തിക്കാമെന്നെവെണ്ടു |
ആപത്തിന്നവകാശമില്ലിപ്പൊൾനമുക്കെടൊ ||
ദുഷ്ഘടംവരുന്നെരമുൾക്കാമ്പിലുപദെശം |
തക്കത്തിൽതോന്നുന്നവൎക്കെങ്ങുമെതടവില്ല ||
യൽഭവിഷ്യനെന്നുള്ളമത്സ്യത്തിന്നുള്ളിൽഭയം |
ഉത്ഭവിച്ചില്ലാതെല്ലംമേവിനാനനങ്ങാതെ ||
മുററുമിങ്ങനാഗതൻപേടിച്ചുപുറപ്പെട്ടു |
മറെറാരുജലാശയംപ്രാപിച്ചുമരുവിനാൻ ||
പിറെറന്നാൾപുലർകാലെദാശന്മാർവാപിതന്നിൽ |
തെറെറന്നുവലയിട്ടുമീമ്പിടിതുടൎന്നപ്പൊൾ ||
ഉല്പന്നമതിമത്സ്യഞ്ചത്തപൊലനങ്ങാതെ |
അപ്പുതന്മീതെവായുമ്പിളൎന്നുകിടന്നതു ||
ചത്തുവെന്നൊൎത്തുമുക്കൊൻപിടിച്ചുകരയെററി |
തത്രവെച്ചുറപ്പിച്ചുപൊന്നിതുവലവീശാൻ ||

മുക്കൊരങ്ങകന്നപ്പൊൾചെന്നൊരുചളിതന്നിൽ |
പുക്കകൊണ്ടിരുന്നിതുദാശന്മാർഗമിപ്പൊളം ||
ഉല്പന്നമതിമത്സ്യമങ്ങിനെജ്ജീവിച്ചിതു |
യൽഭവിഷ്യനാമ്മത്സ്യംസംഭ്രമിച്ചുഴലുമ്പൊൾ ||
ദാശന്മാർവലയിട്ടുപിടിച്ചുതല്ലിക്കൊന്നു |
പാശങ്ങൾകൊണ്ടുകെട്ടിച്ചുമന്നുകൊണ്ടുപൊയാർ ||
    എന്നതുകൊണ്ടുചൊന്നെനാപത്തുശമിപ്പിപ്പാൻ |
അന്നേരമൊന്നുതോന്നുംദൈവമല്ലയൊസാക്ഷി ||
ടിട്ടിഭിസമുദ്രത്തിൻതീരത്തുപ്രസവിച്ചു |
മുട്ടകൾനാലഞ്ചങ്ങുഭൂമിയിൽവീണശെഷം ||
പെട്ടന്നുസമുദ്രവുംവേരലെച്ചതിൽക്കൂടെ |
തട്ടിയിട്ടുരുട്ടിക്കൊണ്ടാകവെകൊണ്ടുപൊയാൻ ||
ടിട്ടിഭികരഞ്ഞുംകൊണ്ടങ്ങുചെന്നറിയിച്ചു |
ടിട്ടിഭൻപറഞ്ഞിതുവല്ലഭെഖെദിക്കെണ്ടാ ||
വല്ലതുംയത്നംചെയ്തുവാരിധിതന്നിൽനിന്നു |
മെല്ലവെപുത്രന്മാരെഞാനിങ്ങുവരുത്തുവൻ ||
എന്നുരചെയ്തുപക്ഷിസംഘത്തെയെല്ലാമവൻ |
ഒന്നൊഴിയാതെകണ്ടുവരുത്തിസ്വരൂപിച്ചു ||
പക്ഷിസംഘത്തൊടൊന്നിച്ചപ്പൊഴെപുറപ്പെട്ടു |
പക്ഷിരാജനാംഗരുഡൻവസിക്കുന്നദിക്കിൽ ||
ചെന്നുവന്ദിച്ചുനിന്നുകാൎയ്യവുമുണൎത്തിച്ചു |
തന്നുടെജ്ജാതിസ്നെഹാൽതാൎക്ഷ്യനുംചെന്നുമുദാ ||
പാല്ക്കടൽതന്നിൽപള്ളികൊള്ളുന്നഭഗവാനൊ |
ടിക്കഥബൊധിപ്പിച്ചുവന്ദിച്ചുനിന്നീടിനാൻ ||
വൈകുണ്ഠൻവരുണനെവിളിച്ചങ്ങരുൾചെയ്തു |
വൈകാതെടിട്ടിഭന്റെമുട്ടകൾകൊടുത്താലും ||
കല്പനകേട്ടപ്പൊഴെവന്ദിച്ചുവരുണനും |
കെല്പൊടെകൊടുത്തിതുമുട്ടകളെല്ലാന്തദാ ||
ഇക്കഥാപ്രസംഗത്തിന്നൎത്ഥത്തെവിചാരിച്ചാൽ |

വിക്രമമേറുന്നൊരുവൈരിയൊടമർചെയ്വാൻ ||
ദുർബ്ബലന്മാൎക്കമനസ്സുണ്ടാകയില്ലെന്നൊരു |
സല്ബലമിതുകൊണ്ടുസംഭവിച്ചീടുംസഖെ ||

രാജാബന്ധുർഅബന്ധൂനാംരാജാചക്ഷുർഅചക്ഷുഷാം |
രാജാപിതാചമാതാചസൎവ്വേഷാംന്യായവൎത്തിനാം ||

൧൫. പിംഗല സഞ്ജീവകന്മാരുടെ സംഗരം.

ഇങ്ങിനെദമനകൻചൊന്നതുകെട്ടുമഹാൻ |
ഇംഗിതമറിഞ്ഞുരചെയ്തിതുസഞ്ജീവകൻ ||
സംഗരംഭവിക്കുമ്പൊൾപിംഗലന്തന്റെഭാവം |
എങ്ങിനെയെന്നുമപ്പൊൾസംഗതിയെന്നുംചൊല്ക ||
ചൊല്ലിനാൻദമനകൻചോടുകളുറപ്പിച്ചു |
പല്ലുകൾപുറത്താക്കിവക്ത്രവുംപിളൎന്നുടൻ ||
കണ്ണുകൾചുവപ്പിച്ചുകണ്ണോങ്ങൾകൂൎപ്പിച്ചൊരു |
ഭണ്ഡതുപൊലെവാലുമുയൎത്തിക്കൊണ്ടുസിംഹം ||
നില്ക്കുന്നകാണാമതുനെരത്തുഭവാഞ്ചെന്നു |
വക്കാണത്തിനുതുടങ്ങീടുകമഹാത്മാവെ ||
ഇത്ഥമങ്ങുരചെയ്തുപൊന്നിതുദമനകൻ |
ബുദ്ധിമാൻകരടനെപ്രാപിച്ചുകൂപ്പീടിനാൻ ||
എന്തെടൊദമനകനിന്നുടെമനക്കാമ്പിൽ |
ചിന്തിച്ചകാൎയ്യംസിദ്ധമായിതൊവഴിപൊലെ ||
ഇങ്ങിനെകരടകൻചൊദിച്ചുദമനകൻ |
അങ്ങിനെഭെദൊപായംസിദ്ധമെന്നുരചെയ്തു ||
മുന്നമെതന്നെകിഞ്ചിൽഭിന്നമായവൎത്തമ്മിൽ |
പിന്നെഞാൻവഴിപൊലെവെർപെടുക്കയുംചെയ്യും ||
അൽഭിന്നമായുള്ളസാധനംഭെദ്യംചെയ്വാൻ |
ബുദ്ധിമാന്മാൎക്കെല്ലാംവൈഷമ്യമില്ലയല്ലൊ ||

സാരനാന്ദമനകൻസിംഹസന്നിധൌചെന്നു |
സാരമാമുപദെശംചെയ്തിതുപരിചൊടെ ||
പുംഗവൻവരുന്നെരംയുദ്ധസന്നാഹംകൂട്ടി |
തുംഗമാംലാംഗൂലവുമുയൎത്തിക്കയെത്തൊരു ||
ഭാവവുംഭാവിച്ചിരുന്നീടുകമമസ്വാമിൻ |
സാവധാനതവെണംസംഗരമുണ്ടായ്വരും ||
എന്നതുകേട്ടുസിംഹമങ്ങിനെസ്ഥിതിചെയ്താൻ |
അന്നെരമവിടത്തിൽചെന്നിതുസഞ്ജീവകൻ ||
മുന്നമെദമനകൻചൊന്നതുപൊലെതന്നെ |
സന്നാഹത്തൊടുനില്ക്കുംസിംഹത്തെകണ്ടുവൃഷം ||
കൊമ്പുകളുയൎത്തിക്കൊണ്ടടുത്തുയുദ്ധംചെയ്വാൻ |
വമ്പനാംപഞ്ചാനനശ്രെഷ്ഠനുമൊരുമ്പെട്ടാൻ ||
എത്രയുംഭയങ്കരംയുദ്ധമുണ്ടായിതമ്മിൽ |
വൃത്രനുമ്മഹെന്ദ്രനുമന്തങ്ങളിൽയുദ്ധമ്പൊലെ ||
ഊക്കെറുംവൃഷഭന്റെമുക്കറഘൊഷങ്ങളും |
മുഷ്കെറുംസിംഹത്തിന്റെസിംഹനാദഘൊഷവും ||
കുത്തുകളിടികടിമാന്തുകൾതട്ടുമ്മുട്ടും |
ക്രുദ്ധരാമവരുടെയുദ്ധമെത്രയുംഘൊരം ||
ദുൎവ്വിധമതുകണ്ടുപറഞ്ഞുകരടകൻ |
ദുൎമ്മതെദമനകാനിന്നുടെദുരാചാരം ||
ദുൎന്നയപ്രയൊഗത്താലിങ്ങിനെമമസ്വാമി |
ദുഷ്ട്രമെയത്തിൽപതിച്ചീടിനാൻകഷ്ടംകഷ്ടം ||
സാമവുംദാനംഭെദംദണ്ഡമെന്നിവനാലിൽ |
സാമമെന്നതെസമാരംഭിച്ചീടാവുസഖെ ||
സാമത്തെപ്രയൊഗിച്ചാലൊക്കവെസാധിച്ചീടും |
കാമത്തിന്നനുകൂലംകാൎയ്യവുംസാധിച്ചീടും ||
ദാനഭെദാദിമൂന്നുമെങ്ങുമെചിതംവരാ |
മാനസംഖ്യാനംചെയ്വാൻമാത്രമെകൊള്ളിക്കാവു ||
സൂൎയ്യരശ്മികൾകൊണ്ടുംപാവകപ്രഭകൊണ്ടും |

സൂൎയ്യകാന്താദിമണിശ്രെണിതെജസ്സുകൊണ്ടും ||
വൈരമാമന്ധകാരംശമിക്കയില്ലാദൃഢം |
സാരമാംസാമംകൊണ്ടെശമിപ്പൂദമനക ||
മന്ത്രിരാജന്റെമകൻഞാനെന്നുമദിച്ചുനീ |
മന്ത്രിച്ചുമമസ്വാമിക്കാപത്തുവലിച്ചിട്ടാൻ ||
എന്തിനികഴിഞ്ഞതുചിന്തിച്ചാൽഫലംവരാ |
ദന്തിവൈരിയുംവൃഷശ്രെഷ്ഠനുമിവർതമ്മിൽ ||
സന്ധിപ്പാനുപായത്തെചിന്തിക്കസഹൊദര |
സന്ധിയെന്നുള്ളനീതിസൎവ്വദാമനൊഹരം ||
തങ്ങളിൽകടിപിടികൂട്ടുവാൻപലരുണ്ടാം |
തങ്ങളിൽപറഞ്ഞുചെൎക്കുന്നവർപാരന്ദുൎല്ലഭം ||
ഭിന്നിക്കുംജനങ്ങളെച്ചെൎക്കുന്നപുരുഷനും |
സന്നിക്കുചികിത്സിച്ചുശമിപ്പിക്കുംവൈദ്യനും ||
തന്നുടെസാമൎത്ഥ്യത്തെകാട്ടെണമെങ്കിൽതമ്മിൽ |
ഭിന്നരുംസന്നിക്കാരുമുണ്ടെന്നെഫലംവരൂ ||
മററുള്ളസ്ഥാനങ്ങളിലാവിധംവിദ്വാന്മാരും |
മററുള്ളമൂഢന്മാരുമെത്തുമെഭെദംനാസ്തി ||
നീചമാൎഗ്ഗത്തിൽചെന്നുചാടുന്നപ്രഭുക്കളും |
നീരാഴമുള്ളകൂപെപതിക്കുംപശുക്കളും ||
മെല്പെട്ടുകരെറുവാനെത്രയുംപരാധീനം |
കീഴ്പെട്ടുപതിപ്പതിനെത്രയുമെളുപ്പമാം ||
ചൊല്ലെടൊദമനകനീതന്നെമുന്നംശ്രമി |
ച്ചുല്ലയൊസഞ്ജീവകക്കാളയെകൊണ്ടുവന്നു ||
സൽഗുണന്മമസ്വാമികാളവന്നതിൽപിന്നെ |
നിൎഗ്ഗുണൻനിരീശ്വരനായ്വന്നുമഹാകഷ്ടം ||
മന്നവൻഗുണവാനെന്നാകിലുംദുൎമ്മന്ത്രികൾ |
വന്നുചെരുമ്പൊളാൎക്കുംവെണ്ടാതായ്വരുംനൃപൻ ||
നല്ക്കുളങ്ങളിൽജലംനിൎമ്മലമെന്നാകിലും |
നക്രമുണ്ടെന്നുകെട്ടാലാരാനുമിറങ്ങുമൊ ||

ഗോപിതമാകുന്ദിക്കിലെപ്പൊഴുമധിവാസം |
ഭൂപതിപ്രവരന്മാൎക്കൊട്ടുമെഗ്ഗുണമല്ലാ ||
സജ്ജനങ്ങടെമദ്ധ്യെസൎവ്വരുംവസിക്കെണം |
ദുൎജ്ജനങ്ങളൊട്ടുള്ളസംപൎക്കംത്യജിക്കെണം ||
സൎവ്വസമ്മതഗ്ഗുണമുള്ളൊരുസചിവന്മാർ |
സൎവ്വദാസഹസ്ഥിതന്മാരായാൽമഹാസുഖം ||
മാധുൎയ്യംഭാവിക്കയുമ്മാനസെകപടവും |
ജാതമാമമാത്യന്മാർകെവലംവിഷന്തന്നെ ||
ബുദ്ധിയിൽപരദ്രൊഹംചിന്തിച്ചുമെവുംഭവാൻ |
ബുദ്ധിമാനല്ലെന്നതുംവന്നീട്ടുംദമനക ||
ശാഠ്യത്തെവിടാതെകണ്ടുള്ളൊരുസൌഹാൎദ്ദവും |
മൌഢ്യംവെർവിടാതെകണ്ടുള്ളൊരുധൎമ്മങ്ങളും ||
ലൊകരെദ്വെഷിച്ചുകൊണ്ടുണ്ടാകുംധനങ്ങളും |
ലൌകികംകൂടാതുള്ളസാധുസല്ക്കാരങ്ങളും ||
നിത്യവുംസുഖിച്ചിരുന്നുള്ളവിദ്യാഭ്യാസവും |
ചിത്തപാരുഷ്യത്തൊടെകാമിനീസംസൎഗ്ഗവും ||
ഇച്ശിക്കുംപുരുഷന്മാരെത്രയുമധമന്മാർ |
തുച്ശബുദ്ധികളവരെന്നുബൊധിക്കഭവാൻ ||
ബാലകദമനകനിന്നുടെപിതാവിന്റെ |
ശീലമിന്നുപമിക്കാനിന്നുടെശീലംകണ്ടാൽ ||
താതന്റെസ്വഭാവവുംപുത്രന്റെസ്വഭാവവും |
ഭെദമില്ലെന്നുപറയുന്നതുപരമാൎത്ഥം ||
കൈതമെല്ലുണ്ടാകുന്നകാൎയ്യങ്ങൾക്കുമുള്ളുണ്ടല്ലൊ |
കൈതവപ്രയൊഗങ്ങൾതാതങ്കൽനിന്നുണ്ടായി ||
എന്തിനുഹിതൊപദെശത്തെഞാൻചെയ്യീടുന്നു |
ചിന്തയിൽനിനക്കൊരുനെൎവ്വഴികാണെന്നില്ല ||
നല്ലൊരുകടുപ്പമുള്ളായുധംകല്ലിൽവെച്ചു |
തല്ലിയാൽവളയുമൊപൊട്ടുകെയുള്ളുദൃഢം ||
നല്ലൊരുസൂചീമുഖിപക്ഷിതാൻകുരങ്ങിനു |

നല്ലതുപറഞ്ഞിട്ടുതനിക്കുനാശംവന്നു ||
എങ്ങിനെഅതെന്നുടൻചൊദിച്ചുദമനകൻ |
എങ്കിൽനീകെട്ടുകൊള്ളെന്നുരചെയ്യിതുകരടകൻ ||

## ൧൮. സൂചീമുഖിയുടെ അപായം.

മൎക്കടക്കൂട്ടമ്മഹാശീതത്തെസഹിയാഞ്ഞു |
ഒക്കവെവിറച്ചൊരുദിക്കിൽവന്നിരിക്കുമ്പൊൾ ||
തീക്കനൽതിരഞ്ഞൊരുവാനരൻപുറപ്പെട്ടാൻ |
നീക്കമില്ലെടൊനല്ലതീയിതാപറക്കുന്നു ||
എന്നുനിശ്ചയിച്ചവൻചെന്നുടൻമിന്നാമിനു |
ങ്ങെന്നുള്ളപ്രാണികളിലൊന്നിനെപ്പിടിപെട്ടാൻ ||
പൃഷ്ഠത്തിൽപ്രകാശമുണ്ടജ്ജന്തുപറക്കുമ്പൊൾ |
പൊട്ടന്താനതുകണ്ടുപാവകനെന്നുറച്ചു ||
കൂട്ടക്കാരിരിക്കുന്നയൊഗത്തിൽകൊണ്ടുവന്നു |
ചെണ്ടക്കാരനുമൂതിക്കത്തിപ്പാനുതുടങ്ങുന്നു ||
കണ്ടുവന്നിതുദൂരെനിന്നുടനവിടെക്കു |
അന്നെരംസൂചീമുഖിയെന്നൊരുപക്ഷിമെല്ലെ ||
ചെന്നങ്ങുകുരങ്ങിന്റെകൎണ്ണത്തിൽമന്ത്രിച്ചിതു |
വഹ്നിയല്ലിതുസഖെവാനരമിന്നാമിനു ||
ങ്ങെന്നൊരുപ്രാണിയിതങ്ങൂതിയാലെരിയുമൊ |
എന്നതുകേട്ടുകയൎത്തീടിനാൻകുരങ്ങച്ചാർ ||
എന്തെടൊനിന്നൊടുണ്ടൊചൊദിച്ചുവെന്നങ്ങവൻ |
പക്ഷിയെപ്പിടിച്ചാശുപാറമെലടിച്ചുടൻ ||
തൽക്ഷണെനംകുലചെയ്തുഭക്ഷണംകഴിച്ചിതു |
എന്നതുകൊണ്ടുഞാനുംനാനാമ്യശ്ലൊകഞ്ചൊന്നെൻ ||
"നാനാമ്യംനാമ്യതെദാരുനാശ്മനിസ്യാൽക്ഷുരക്രിയാ- |
"സൂചീമുഖംവിജാനീഹിനാശിഷ്യായൊപദിശ്യതെ- ||
എന്നുടെദമനകദുൎബ്ബുദ്ധെയത്നങ്ങൾവൃഥാ |

തന്നുടെബുദ്ധികൊണ്ടുംതന്നുടെശക്തികൊണ്ടും ||
തന്നുടെദ്രവ്യംകൊണ്ടുംതന്നുടെധൎമ്മംകൊണ്ടും |
ഗൊത്രത്തെരക്ഷിക്കുന്നതെതൊരുപുമാനവൻ ||
പുത്രനായ്വരുംമാതാവല്ലയൊമാതാവെടൊ |
ഇങ്ങിനെകരടകൻചൊല്ലിയവാക്കുകെട്ടു ||
മങ്ങിനമുഖത്തൊടെഭ്രൂതലംനൊക്കിക്കൊണ്ടു |
കുഞ്ചിതംവഴിപൊലെതോന്നിച്ചുദമനകൻ ||
മിണ്ടാതെനിന്നങ്ങുരചെയ്തിതുകരടകൻ |
ദുഷ്ടബുദ്ധിയുന്ധൎമ്മബുദ്ധിയുമിരുവരിൽ ||
ദുഷ്ടബുദ്ധിയാമവന്തന്നുടെപിതാവിനെ |
വല്ലാത്തസ്ഥലത്തിങ്കൽകൊണ്ടുപൊയ്യാൎപ്പിക്കയാൽ ||
വല്ലാതെമരിപ്പിച്ചാനെന്നതുകെട്ടിട്ടില്ലെ |
അഗ്രജനമുക്കതുകെൾക്കണമെന്നുതമ്പി ||
ക്കാഗ്രഹംസാധിപ്പിപ്പാനുക്തവാൻകരടകൻ |

൭. ദുഷ്ടബുദ്ധിയും ധൎമ്മബുദ്ധിയും.

ചെട്ടികൾവസിക്കുന്നപട്ടണന്തന്നിലൊരു |
ചെട്ടിക്കുരണ്ടുമക്കളുണ്ടായിവളൎന്നിതു ||
അഗ്രജൻദുഷ്ടബുദ്ധിസൊദരൻധൎമ്മബുദ്ധി |
വ്യഗ്രമെന്നിയെസുഖിച്ചങ്ങിനെമെവുങ്കാലം ||
അൎത്ഥമാൎജ്ജിപ്പാനവരന്യദെശങ്ങൾതൊറും |
സ്വസ്ഥരായ്നടക്കുമ്പൊളെകദാവനാന്തരെ ||
ജ്യെഷ്ഠനാംദുഷ്ടബുദ്ധിമുൻഭാഗെനടക്കുന്നു |
പൃഷ്ഠഭാഗത്തുനടന്നീടിനാൻധൎമ്മബുദ്ധി ||
കാട്ടിലങ്ങൊരുമരംമുഴങ്ങിവീഴുന്നെരം |
മൂട്ടിൽനിന്നൊരുനിധികുംഭവുംപ്രകാശിച്ചു ||
ധൎമ്മബുദ്ധിക്കുകിട്ടിതൽകുംഭമമ്മഹാധനം |
നിൎമ്മലസ്വൎണ്ണംകൊണ്ടുപൂൎണ്ണമെത്രയുംസാരം ||

കുട്ടകമുരുട്ടികൊണ്ടിങ്ങിനെചെന്നമുദാ |
ദുഷ്ടബുദ്ധിയൊടുരചെയ്തിതുസഹൊദരൻ ||
അഗ്രജനമുക്കൊരുനിക്ഷെപംലഭിച്ചിതു |
ദുൎഗ്രഹമിതുഭവാൻകൂടവെപിടിക്കെണം ||
വള്ളികൾകൊണ്ടുകെട്ടിതണ്ടുമിട്ടെടുത്തവർ |
മെല്ലവെനടന്നുതൻപട്ടണമടുത്തപ്പൊൾ ||
ദുഷ്ടബുദ്ധിയുഞ്ചൊന്നാൻസൊദരനമുക്കിതു |
പട്ടണംപ്രവെശിപ്പിച്ചീടിനാൽദൊഷംവരും ||
അത്രനല്ലൊരുദിക്കിൽകുഴിച്ചുസ്ഥാപിച്ചുകൊ |
ണ്ടത്രമാത്രവുംകൈക്കലെടുത്തുപൊകനല്ലു ||
അങ്ങിനെയെന്നുധൎമ്മബുദ്ധിയുമനുവദി |
ച്ചങ്ങൊരുപെരുമരന്തന്നുടെമൂലത്തിങ്കൽ ||
കുട്ടകംകുഴിച്ചിട്ടുമണ്ണുകൊണ്ടാച്ഛാദിച്ചു |
പട്ടണംപുക്കുഗൃഹെമെവിനാരിരുവരും ||
ഒട്ടുനാൾകഴിഞ്ഞപ്പൊളൊളിച്ചങ്ങൊരുദിനം |
ദുഷ്ടബുദ്ധിതാൻചെന്നുകുട്ടകംകൈയിലാക്കി ||
അന്നുരാത്രിയിൽതന്നെകൊണ്ടന്നുപണിപ്പെട്ടു |
തന്നുടെപുരമുറിതന്നിലെകുഴിച്ചിട്ടാൻ ||
പെട്ടന്നങ്ങൊരുദിനംധൎമ്മബുദ്ധിയെവിളി |
ച്ചിഷ്ടഭാവംപൂണ്ടുരചെയ്തിതുദുഷ്ടബുദ്ധി ||
പണ്ടുനാംസ്ഥാപിച്ചൊരുകുട്ടകമിങ്ങുതന്നെ |
കൊണ്ടുപൊരെണമിനികൊണ്ടന്നാൽദൊഷമില്ല ||
എന്നതുകെട്ടുധൎമ്മബുദ്ധിതാന്മഹാശുദ്ധൻ |
ചെന്നുനൊക്കുന്നനെരംകുട്ടകംകണ്ടീലല്ലൊ ||
പട്ടണെചെന്നുദുഷ്ടബുദ്ധിയൊടുരചെയ്തു |
കുട്ടകംഭവാന്തന്നെമൊഷ്ടിച്ചുകൊണ്ടുപൊന്നു ||
കട്ടതുനീതാനെന്നുദുഷ്ടബുദ്ധിയുമിതു |
കട്ടതുഭവാനെന്നുധൎമ്മബുദ്ധിയുന്തമ്മിൽ ||
ശണ്ഠയായിട്ടിരുവരുംരാജധാനിയിലെത്തി |

കുറ്റാതക്കൂടാതറിയിച്ചിതുനൃപനൊടു ||
ധൎമ്മരക്ഷണത്തിനുശക്തരാംകാൎയ്യക്കാരെ |
ധാൎമ്മികൻനരപതികല്പിച്ചുനിയൊഗിച്ചു ||
ധൎമ്മബുദ്ധിയാമിവൻകുട്ടകംകട്ടാനെന്നു |
ദുൎമ്മദത്തൊടെയുരചെയ്തിതുദുഷ്ടബുദ്ധി ||
സാക്ഷിക്കാരെങ്ങുചൊൽവിനെന്നമന്ത്രികൾചൊന്നാർ |
സാക്ഷിയായതുവൃക്ഷമെന്നവനുരചെയ്തു ||
വാച്ചതുമട്ടത്തനാൾവൃക്ഷത്തിന്മൂലെചെന്നി |
ട്ടീശപരപരീക്ഷയുംചെയ്യെണമിരിവരും ||
അട്ടിക്കിൽചെന്നുവിരൽമുക്കെണമിരിവരും |
അദ്യപൊയ്ക്കൊൾ്വിന്നാളെഞങ്ങളുംവരുന്നുണ്ടു ||
അങ്ങിനെപറഞ്ഞാശുപിരിഞ്ഞാരമാത്യന്മാർ |
തങ്ങളുമിരുവരുംപോന്നിങ്ങുഗൃഹംപുക്കാർ ||
അന്തിക്കദുഷ്ടബുദ്ധിഅച്ശനാംശ്രെഷ്ഠീന്ദ്രന്റെ |
അന്തികന്തന്നിൽചെന്നുനിന്നുകൊണ്ടുരചെയ്തു ||
താതനങ്ങൊരുവാക്കുപറഞ്ഞെങ്കിലിദ്രവ്യം |
താമസംകൂടാതിങ്ങുലഭിക്കുമൊക്കത്തന്നെ ||
എന്തുഞാൻപറയെണ്ടുന്നാരൊടുപറയെണ്ടു |
എന്തൊരുകാൎയ്യമെന്നുചൊദിച്ചുജനകനും ||
അച്ശനിന്നൊരുതരുകൊടരന്തന്നിൽപുക്കു |
പ്രച്ശന്നംവസിക്കെണംയാമിനികഴിവൊളം ||
സൂൎയ്യനങ്ങുദിക്കുമ്പൊൾകാൎയ്യക്കാരവിടെക്കു |
കാൎയ്യങ്ങൾകെൾ്പാൻവരുംഞങ്ങളുംകൂടെവരും ||
ഭവ്യരാമമാത്യന്മാർചൊദിക്കുന്നെരംഭവാൻ |
ദിവ്യവാക്യത്തെപറഞ്ഞീടെണംനിഗൂഢമായി ||
ദ്രവ്യത്തെമൊഷ്ടിച്ചതുധൎമ്മബുദ്ധിതാനെന്നു |
സൎവ്വരുംകെൾക്കെപ്പറഞ്ഞീടെണമെന്നാൽമതി ||
ദുഷ്ടബുദ്ധിയൊടുരചെയ്തിതുജനകനും |
നഷ്ടമാംനീയുംഞാനുമിങ്ങിനെചെയ്തീടിനാൽ ||

ഏവനുമുപായത്തെച്ചിന്തിക്കുന്നെരംതന്നെ |
കെവലമപായത്തെച്ചിന്തിച്ചെഗ്ഗുണംവരൂ ||
സ്വൈരമായിബകത്തിന്റെമുട്ടകൾതിന്നുംസൎപ്പം |
കീരിയാൽതാനുന്തന്റെമക്കളുംനശിച്ചല്ലൊ ||
എങ്ങിനെയതെന്നുടൻചൊദിച്ചുദുഷ്ടബുദ്ധി |
സംഗതിപ്രകാരത്തെചൊല്ലിനാൻജനകനും ||
പൊക്കമുള്ളൊരുവൃക്ഷെകൊക്കിന്റെകളത്രവും |
കൊക്കുമാസ്സിനൊദിച്ചുതത്രമെവിടുംകാലം ||
കൊക്കിന്റെഗൃഹണിപെറുമുണ്ടാകുംശിശുക്കളെ |
ഒക്കവെയൊരുസൎപ്പംവന്നുടൻഭക്ഷിക്കുന്നു ||
ദുഃഖിതനായബകംചെന്നൊരുവാപീതീരെ |
നില്ക്കുന്നനെരന്തന്റെബന്ധുവാങ്കുളീരകൻ ||
ചൊദിച്ചുതാനെന്തെടൊഖെദിച്ചുവസിക്കുന്നു |
ഖെദത്തിന്മൂലംബകംഞണ്ടിനെഗ്രഹിപ്പിച്ചു ||
ഞണ്ടുമങ്ങുപദെശഞ്ചൊല്ലിനാൻമത്സ്യങ്ങളെ |
കൊണ്ടുപൊയിക്കീരിനിത്യംവസിക്കുംപൊത്തിൽനിന്നു ||
പന്നഗംപാൎക്കുന്നൊരുസുഷിരത്തൊളമൊക്കെ |
ചിന്നിയിട്ടെച്ചുഭവാൻസ്വസ്ഥനായിരുന്നാലും ||
അന്നെരംനകുലവുമ്മത്സ്യവൃന്ദത്തെയെല്ലാം |
തിന്നുതിന്നഹിയുടെരന്ധ്രത്തിൽചെന്നുകേറും ||
പന്നഗത്തെയുംപുത്രന്മാരെയുമെല്ലാംകീരി |
കൊന്നൊടുക്കീടുമെന്നാൽതന്നുടെതാപന്തീരും ||
എന്നതുകെട്ടുബകംബന്ധുവാംകുളീരെന്ദ്രൻ |
ചൊന്നതുപൊലെചെയ്തുപന്നഗംനശിച്ചിതു ||

ഇവിടെ എല്ലാ ഗ്രന്ഥങ്ങളിലും ഒരു വീഴ്ച കാണുന്നു സംസ്കൃതത്തിങ്കൽ കഥയുടെ അവസാനമാവിതു:

പിന്നെവന്മരത്തിന്മെൽക്കൂടിനെകണ്ടുകീരി |
ചെന്നുകൊക്കുകളുടെവംശത്തെയൊടുക്കിനാൻ ||

എന്നതുകൊണ്ടുചൊന്നെനിങ്ങിനെപ്രയൊഗിച്ചാൽ |
എന്നുണ്ണിനീയുംഞാനുംജീവിക്കയില്ലദൃഢം ||
ഇത്തരംപറയുന്നതാതനെപ്പിടിച്ചവൻ |
സത്വരമ്മരത്തിന്റെകോടരദ്വാരന്തന്നിൽ ||
കൊണ്ടുപൊയൊളിപ്പിച്ചുതിരിച്ചുപോന്നീടിനാൻ |
കണ്ടുഭാസ്കരനുദിക്കുന്നതുമത്തുനെരം ||
ദുഷ്ടബുദ്ധിയുംധൎമ്മബുദ്ധിയുംബന്ധുക്കളും |
ശിഷ്ടരാംജനങ്ങളുംരാജസെവകന്മാരും ||
പക്ഷവാദികളുമാത്യന്മാരുമൊക്കെചെന്നു |
വൃക്ഷമൂലത്തിൽമഹായൊഗമങ്ങിനെകൂടി ||
കൈവിരൽമുക്കാനുള്ളവമ്പുമുണ്ടാക്കിക്കൊണ്ടു |
കൈതവംനെരുംതിരിച്ചീടുവാൻനെയ്യുംതീയും ||
വട്ടങ്ങൾകൂട്ടിക്കൊണ്ടുചൊദിച്ചുസചിവന്മാർ |
കുട്ടകംമൊഷ്ടിച്ചവരാരെന്നുപറഞ്ഞാലും ||
ദിവ്യഭാരതിവൃക്ഷകൊടരെനിന്നുണ്ടായി |
ദ്രവ്യത്തെമൊഷ്ടിച്ചതുധൎമ്മബുദ്ധിതാനെന്നു ||
ആയതുകെട്ടനെരമെല്ലാരുംവിസ്മയിച്ചു |
മായമെന്നതെവന്നുവെന്നുടൻധൎമ്മബുദ്ധി ||
നിശ്ചയമറിവാനായ്വൃക്ഷത്തിന്മുകളെറി |
കച്ചിയുംതൃണങ്ങളുംകൊടരദ്വാരെവെച്ചു ||
തീയിട്ടുപുകച്ചപ്പൊളച്ഛനുംതലപൊക്കി |
ചെയ്യൊല്ലമമവധംവീൎപ്പുമുട്ടുന്നുപാരം ||
പൊയ്യല്ലമമസുതൻദുഷ്ടബുദ്ധിതാനിതു |
ചെയ്യിപ്പിച്ചതുംദ്രവ്യങ്കട്ടതുമവന്തന്നെ ||
ഇത്തരമുരചെയ്തുകാലനൂർപുക്കുമഹാ |
വൃദ്ധനാംവണിഗീശൻപുത്രന്റെചൊൽകെട്ടയാൽ ||
ധാൎമ്മികൻമഹീപതിയദ്ധനമശെഷമെ |
ധൎമ്മബുദ്ധിക്കുനല്കിസ്സമ്മാനിച്ചയച്ചിതു ||

ദുഷ്ടബുദ്ധിയെശ്ശൂലാരൊഹണംചെയ്യിപ്പിച്ചു ।
പുഷ്ടശൊഭമായ്വന്നുപട്ടണമ്മനൊഹരം ॥
എന്നതുകൊണ്ടുചൊന്നെൻദുഷ്ടബുദ്ധിയെപ്പൊലെ ।
നഷ്ടനാകൊലാഭവാനെന്നുടെസഹൊദര ॥
പിന്നെയുംകരടകൻചൊല്ലിനാൻദമനക ।
നിന്നുടെദുസ്സാമൎത്ഥ്യംകൊണ്ടഹൊകുലക്ഷയം ॥
വാരിരാശിയിലൊളമാററിലെയൊഴുക്കുള്ളു ।
നാരിവിശ്വാസത്തൊളംബന്ധുസ്നെഹവുമുള്ളു ॥
സൂചകശ്രുതിയൊളംമന്ത്രഗൊപനമുള്ളു ।
നീചനന്ദനനൊളംനിൎമ്മലകുലമുള്ളു ॥
ശാഠ്യമുള്ളവരൊടുശാഠ്യവുംവെണന്താനും ।
പാഠ്യമാമൊരുവൈദ്യംകേട്ടിട്ടില്ലയൊഭവാൻ ॥
ആയിരന്തുലാമിരിമ്പൊക്കവെകൂട്ടിതന്റെ ।
വായിലാക്കിനാനൊരുമൂഷികൻയസ്മിൻദെശെ ॥
അദ്ദെശെശ്യെനനാകുംപക്ഷിയുംവണിക്കിന്റെ ।
പുത്രനെകൊണ്ടുപൊയെന്നുള്ളതുവരാത്തതൊ ॥
എങ്ങിനെയതെന്നുടൻചൊദിച്ചുദമനകൻ ।
എങ്കിലൊകെൾക്കെന്നുരചെയ്തിതുകരടകൻ ॥

൨൰. യസ്മിൻ ദെശെ അദ്ദെശെ.

പണ്ടൊരുനഗരത്തിൽവാണിഭംചെയ്തുകൂട്ടി ।
കൊണ്ടൊരുവണിക്കതാൻതന്നുടെസുഹൃത്താകും ॥
വാണിഭക്കാരൻകൈയിലമ്പതുപാരംലൊഹം ।
പ്രാണവിശ്വാസംമൂലംസൂക്ഷിപ്പാൻകൊടുത്തവൻ ॥
വിത്തവിക്രയഞ്ചെയ്വാൻഗമിച്ചുതെക്കെദിക്കിൽ ।
പത്തുമാസങ്ങൾതത്രതാമസിച്ചിങ്ങുവന്നു ॥
തന്നുടെസുഹൃത്തൊടുചൊദിച്ചുസഖെമുന്നം ।
തന്നുടെവക്കൽതന്നലൊഹത്തെതരികെടൊ ॥

എന്നുടെവീട്ടിൽബഹുമൂഷികന്മാരുണ്ടവർ |
തിന്നുതിന്നിരിമ്പെല്ലാമില്ലാതായ്പന്നുകഷ്ടം ||
എന്തുഞാൻചെയ്യേനെന്നുചെട്ടിയുമുരചെയ്തു |
ബന്ധുവെങ്കിലുമവനെത്രയുമ്മഹാധൂൎത്തൻ ||
ആയതുകേട്ടുമററെചെട്ടിയുംവിചാരിച്ചു |
മായമിപ്പറഞ്ഞതുമറെച്ചുവെച്ചെനഹം ||
പൊയതുകൊണ്ടുപറഞ്ഞാലിനിഫലമെന്തെ |
ന്നായവൻപറഞ്ഞങ്ങുയാത്രയുഞ്ചൊല്ലിപ്പൊന്നു ||
പിന്നെയങ്ങൊരുദിനന്തന്നുടെസ്സുഹൃത്തിന്റെ |
നന്ദനൻകുളിപ്പാനായിപൊകുന്നദെശാന്തരെ ||
ചെന്നുടൻപിടിപെട്ടുവലിച്ചുകൊണ്ടുപൊന്നു |
തന്നുടെവീട്ടിലൊരുഗ്രുഢസ്ഥാനത്തങ്ങാക്കി ||
വാതിലുമടെച്ചാശുമുടക്കനിട്ടുപൂട്ടി |
വാണിഭക്കാരനനങ്ങാതങ്ങുവാണീടിനാൻ ||
ബദ്ധനായ്ക്കിടക്കുന്നബാലനാംവണിക്കിന്റെ |
വൃദ്ധനായുള്ളതാതൻപുത്രനെക്കാണായ്കയാൽ ||
ബദ്ധപ്പെട്ടോടിവന്നുചൊദിച്ചുസുഹൃത്തൊട്ടു |
പുത്രനെകണ്ടീലെടൊതാനുണ്ടൊകണ്ടുസഖെ ||
അന്നെരമുരചെയ്താന്മറെറവന്മഹാമതെ |
ഇന്നൊരുപരന്തുവന്നെടുത്തുകൊണ്ടുപൊയാൻ ||
പുത്രനുപതിനെട്ടുവയസ്സുമവനെയി |
പ്പത്രിയാംപരന്തുണ്ടൊകൊണ്ടുപൊകുന്നുസഖെ ||
താനെന്റെതനയനെകൊന്നിതൊകളഞ്ഞിതൊ |
ഞാനിനിചെന്നുനാട്ടുവാഴിയൊടറിയിപ്പൻ ||
ഇത്ഥമങ്ങുരചെയ്തുകൊയിക്കൽചെന്നുവണി |
ക്കെത്രയുംവിഷാദിച്ചുകരഞ്ഞുനിന്നീടിനാൻ ||
ശ്രെഷ്ഠരാമമാത്യന്മാർചൊദിച്ചാരവസ്ഥകൾ |
ചെട്ടിയുമുരചെയ്താനെന്നുടെതനുജനെ ||
മററൊരുചെട്ടിയൊളിപ്പിക്കയൊവധിക്കയൊ |

മുററുമിപ്പരമാൎത്ഥമന്വെഷിക്കെണംനിങ്ങൾ ||
പറഞ്ഞാനവനൊരുപരന്തുകൊത്തിക്കൊണ്ടു |
പറന്നുപൊയെന്നതുമങ്ങിനെവരുന്നതൊ ||
എന്നതുകെട്ടുമഹാമന്ത്രികൾവണിക്കിനെ |
ചെന്നിങ്ങുകൂട്ടിക്കൊണ്ടുവരുവാന്നിയൊഗിച്ചു ||
ഭൃത്യന്മാർവണിക്കിനെക്കൂട്ടിച്ചുംകൊണ്ടുവന്നു |
സത്യംനീപറകെന്നുകല്പിച്ചുകാൎയ്യക്കാരൻ ||
പുത്രനെപ്പരന്തുവന്നെടുത്തുകൊണ്ടുപൊയെ |
ന്നത്രനിന്നുരചെയ്താനച്ചെട്ടിതാനുമപ്പൊൾ ||
ലൌകീകമല്ലാതുള്ളവാക്കുകൾപറഞ്ഞാലീ |
ലൊകർസമ്മതിക്കുമൊചൊല്ലെടൊപരമാൎത്ഥം ||
ഇത്തരംകയൎത്തൊരുമന്ത്രികൾചൊന്നവാക്കി |
ന്നുത്തരമുരചെയ്തുപേടികൂടാതെചെട്ടി ||
ആയിരന്തുലാമിരിമ്പൊക്കവെകൂടെതന്റെ |
വായിലാക്കിനാനൊരുമൂഷികൻയസ്മിൻദെശെ ||
അദ്ദെശെപരന്താശ്ശുവന്നൊരുവണിക്കിന്റെ |
പുത്രനെക്കൊണ്ടുപൊയെന്നുള്ളതുവരാത്തതൊ ||
എന്നതുകേട്ടുചിരിച്ചീടിനാരമാത്യന്മാർ |
മുന്നമീവണിക്കെവംവ്യാജത്തെപറഞ്ഞിതൊ ||
നന്നെടൊനിന്റെതലപൊവതിനടുത്തിനി |
ചെന്നടനിരിമ്പെല്ലാംകൊണ്ടന്നുകൊടുത്താലും ||
അന്നെരംകാണാംനിന്റെനന്ദനൻവരുന്നതും |
അന്യായംപറഞ്ഞതിനുള്ളൊരുഫലമിപ്പൊൾ ||
തമ്പുരാൻകല്പിക്കുന്നദ്രവ്യങ്ങളൊക്കെത്തിരു |
മുമ്പിൽവെക്കെണ്ടിവരുമെന്നവരുരചെയ്തു ||
ആയതുകേട്ടുവണിക്കായിരന്തുലാമിരി |
മ്പായവൻകയ്യിൽകൊടുത്തെല്പിച്ചൊരനന്തരം ||
ആയവൻസുതനെയുംകൊണ്ടന്നുദാനംചെയ്താൻ |

൫൯. പിംഗലന്റെ പശ്ചാത്താപം.

ആയതുകൊണ്ടുശഠന്മാരൊട്ടുശാഠ്യംവെണം |
ഏകദാപറഞ്ഞതുമനസ്സിൽകടക്കാത ||
ലൊകരിൽഗുണംപറയുന്നതുപാഴിൽതന്നെ |
കല്ലുപൊൽനിന്റെചിത്തമെന്നുടെദമനക ||
നല്ലതുമാകാത്തതുമൊന്നുംനീയറിയുമൊ |
ശുദ്ധബുദ്ധികൾപിന്നെദൊഷങ്ങൾഗുണങ്ങളും ||
ബുദ്ധിയിലാക്കിക്കൊണ്ടുസഞ്ചരിച്ചീടുംസദാ |
മാരുതന്മഹീതലെദുൎഗ്ഗന്ധംസുഗന്ധവും ||
ചാരുതൻവശത്താക്കിക്കൊണ്ടല്ലൊചരിക്കുന്നു |
നാമിനിവൈകീടാതെപൊകെടൊദമനക ||
സ്വാമിയുംവൃഷഭവുംതങ്ങളിൽസമരത്തിൽ |
സ്വാമിക്കൊപരാഭവംകാളെക്കൊപരാഭവം ||
നാമിപ്പൊളതുചെന്നുബൊധിച്ചെമതിയാവു |
ഇങ്ങിനെപറഞ്ഞവരങ്ങുചെല്ലുന്നനെരം ||
തിങ്ങിനവിഷാദവുംപൂണ്ടുടന്മഹാസിംഹം |
മിത്രമാംസഞ്ജീവകക്കാളയെവധിക്കകൊ ||
ണ്ടെത്രയുംപശ്ചാത്താപംമാനസെഭവിക്കയാൽ |
വക്ത്രവുന്താഴ്ത്തിത്തന്റെകാൽവിരൽനഖങ്കൊണ്ടു ||
ധാത്രിയിൽവരെച്ചുകൊണ്ടിങ്ങിനെമെവീടുന്നു |
തങ്ങളാൽവൎദ്ധിപ്പിക്കപ്പെട്ടൊരുജനങ്ങളെ ||
തങ്ങളെക്ഷയിപ്പിപ്പാനൊട്ടുമെയൊഗ്യമ്പൊരാ |
താന്തന്നെവിഷവൃക്ഷമെങ്കിലുംനട്ടുണ്ടാക്കി ||
താന്തന്നെപിന്നെഛെദിക്കുന്നതെത്രയുംകഷ്ടം |
എന്നെല്ലാംവിചാരിച്ചുവസിക്കുംസിംഹത്തിനെ ||
ചെന്നുവന്ദിച്ചുമന്ത്രിപുത്രന്മാരിരുവരും |
ഉക്തവാൻദമനകൻകുണ്ഠിതംവെണ്ടാസ്വാമിൻ |
യുക്തമീവധമെന്നുഞങ്ങൾക്കുതൊന്നീടുന്നു ||
താതനെന്നാലുന്തന്റെഭ്രാതാക്കളെന്നാകിലും |

വിഗ്രഹംചെയ്വാൻവന്നുപിണങ്ങുന്നവർകളെ ||
നിഗ്രഹംചെയ്കതന്നെമന്നവന്മാൎക്കുധൎമ്മം |
ആചാരഭ്രംശംവന്നഗുരുവെത്യജിച്ചീടാം ||
നീചന്മാരൊട്ടുചെരുന്നാരിയെയുപെക്ഷിക്കാം |
ധൎമ്മത്തെധ്വംസിക്കുന്നപുത്രനെകളഞ്ഞീടാം ||
ദുൎമ്മാൎഗ്ഗന്നുടങ്ങുന്നമന്ത്രിയെവെടിഞ്ഞീടാം |
ചാരുത്വംവിനാപകൽക്കാണുന്നശശാങ്കനും ||
താരുണ്യംപൊയിവളൎന്നീടുന്നകൃശാംഗിയും |
താമരപ്പൂവില്ലാത്തപൊയ്കയുംകണ്ടാൽനല്ല ||
കാമനെപ്പൊലുള്ളൊരുമൂഢനാംപുരുഷനും |
പാരിലെദ്രവ്യമെല്ലാമ്മൊഹിക്കുംനരെന്ദ്രനും ||
ദാരിദ്ര്യംമുഴുത്തുള്ളസജ്ജനങ്ങളുംതഥാ |
മന്നവന്മാരിൽചെൎന്നുനില്ക്കുന്നദുൎമ്മന്ത്രിയും ||
എന്നിവനമുക്കേഴുശല്യങ്ങൾമനക്കാമ്പിൽ |
എന്നതുകൊണ്ടുമഹാദുഷ്ടനാംവൃഷഭത്തെ ||
കൊന്നതുകൊണ്ടുതെല്ലുംകുറ്റിതംനമുക്കില്ലാ |
ക്രൌൎയ്യവുമ്മനക്കാമ്പിൽകാരുണ്യമില്ലായ്കയും ||
വൈരവുംവധങ്ങളുംകൈതവപ്രയൊഗവും |
ദൂഷണമ്മറ്റുള്ളൊരുമനുഷ്യൎക്കുതന്നെ ||
ഭൂഷണംഭൂപാലന്മാൎക്കെന്നിവകേട്ടീടുന്നു |
സത്യമുണ്ടെന്നുതൊന്നുംവ്യാജമുണ്ടെന്നുംതൊന്നും ||
കൃത്യമുണ്ടെന്നുന്തൊന്നുമകൃത്യമെന്നുന്തൊന്നും |
ലൊഭമുണ്ടെന്നുന്തൊന്നുംമൌഢ്യമുണ്ടെന്നുന്തൊന്നും ||
ലാഭമുണ്ടെന്നുംതൊന്നുംചേതമുണ്ടെന്നുന്തൊന്നും |
മന്നവന്മാൎക്കുംവെശ്യാസ്ത്രീകൾക്കുമൊരുപൊലെ ||
തന്നുടെഭാവന്തനിക്കൊത്തതുപൊലെകാണാം |
തമ്പുരാനിതുകൊണ്ടുസംഭ്രമമൊട്ടുംവെണ്ടാ ||
കമ്പവുംവെണ്ടാമനസ്താപവുംവെണ്ടാവിഭൊ |
സംഭൃതാനന്ദംസദാസദ്ഭൃത്യന്മാരുടെ ||

സമ്പത്തുവരുത്തികൊണ്ടെത്രവാണെരുളെണം |
ഇങ്ങിനെദമനകൻചൊല്ലിനാനതുതന്നെ ||
ഭംഗിയിൽകരടകന്താനുമങ്ങുരചെയ്തു |
പിംഗലകനാംസിംഹമൈത്രയുംപ്രസാദിച്ചു ||
മംഗലംവൎദ്ധിപ്പിച്ചുമെവിനാൻശുഭംശുഭം |

ഇപ്രകാരം രാജനീതിയെ വൎണ്ണിക്കുന്നതു മുഖസ്തുതിക്കാൎക്കു മാത്രം ഉചിതം ധൎമ്മ രക്ഷണത്തിന്നു പൊരാ താനും.

സത്യാനൃതാചപരുഷാപ്രിയവാദിനീച |
ഹിംസ്രാദയാലുരപിചാൎത്ഥപരാവദാന്യാ ||
ഭൂരിവ്യയാപ്രചുരവിത്തസമാഗമാച |
വെശ്യാംഗനെവനൃപനീതിരനെകരൂപാ ||

ഇതി പഞ്ചതന്ത്രെമിത്രഭെദം നാമപ്രഥമതന്ത്രം സമാപ്തഃ

## ദ്വിതീയതന്ത്രമാം സുഹൃല്ലാഭം.

### ൧. കാക്ക ആമ മുതലായവരുടെ ബന്ധുത്വം.

പഞ്ചവൎണ്ണക്കിളിപ്പെൺകിടാവെശുഭെ |
പഞ്ചതന്ത്രമ്മഹാശാസ്ത്രമ്മനൊഹരം ||
രണ്ടാമതാകുംസുഹൃല്ലാഭതന്ത്രവും |
കൊണ്ടാടിവൎണ്ണിച്ചുചൊല്ലുകെടൊശാരികെ ||
സൊമശൎമ്മാഖ്യനാംഭൂമിദെവൊത്തമൻ |
ഭൂമിപാലാത്മജന്മാരൊടുചൊല്ലിനാൻ ||
എങ്കിൽസുഹൃല്ലാഭമെന്നുള്ളതന്ത്രവും |
എങ്കൽനിന്നാകൎണ്ണനഞ്ചെയ്യുബാലരെ ||
വിത്തമില്ലെങ്കിലുംവിദ്യയില്ലെങ്കിലും |
ചിത്തത്തിലന്യൊന്യബന്ധുത്വമുള്ളൊരു ||
സത്തുക്കളൊത്തുംസമസ്തകാൎയ്യങ്ങളും |
വസ്തുഭെദംജാതിഭെദവുമില്ലെടൊ ||
കാകകൂൎമ്മാദിജന്തുക്കൾക്കുതങ്ങളിൽ |
ഏകാന്തബന്ധുത്വമുണ്ടാകകാരണം ||
ശൊകസന്ത്രാസാദിസങ്കടംവെൎവ്വിട്ടു |
സാകമെല്ലാവരുംസാധുമെവീടിനാർ ||
അക്കഥകെൾക്കണമെന്നുഭൂപാലന്റെ |
മക്കൾചൊദിച്ചുപറഞ്ഞുമഹീസുരൻ ||
ചൊൽക്കൊണ്ടമിഹിളരൂപ്യഗെഹാങ്കണെ |
പൊക്കത്തിൽനിൽക്കുമ്മഹാമരത്തിലൊരു ||
വായസശ്രെഷ്ഠൻവസിക്കുന്നുതന്നുടെ |
ജായയുമ്മക്കളുമൊക്കയുംകൂടവെ ||

ലഘുപതനനെന്നുപേരായകാകനുദാ |
ലഘുതരമുദിച്ചുസൂൎയ്യൻവിളങ്ങുംവിധൌ ||
ശരവുമൊരുവില്ലുന്ധരിച്ചോരുവെടനെറ |
വരവുമഥകണ്ടുപേടിച്ചുചിന്തിച്ചുതാൻ ||
ഇവനൊരുമഹാപാപിദുഷ്ടശീലൻശഠൻ |
ശിവശിവമൃഗങ്ങളെക്കൊന്നുതിന്നുന്നവൻ ||
പറവകൾപറക്കുന്നദിക്കിലുണ്ടെന്നിവൻ |
പലവകവധിച്ചുഭക്ഷിക്കുമിക്കശ്മലൻ ||
ഇവനുടെസമാരംഭമെന്തെന്നറിവൊളം |
ഇവിടെയതിഗുപ്തമായിപാൎക്കയുള്ളു വയം ||
ഇതിമനസികാകനുംചിന്തചെയ്തീടിനാൻ |
ക്ഷിതിയിലഥവേടനുംചെന്നുപാറീടിനാൻ ||
വലയുമഥകൊണ്ടുവന്നാകവെകാനനെ |
നലമൊടുപതുക്കവെകെട്ടിപ്പരക്കവെ ||
അടിയിലരിയുന്നെല്ലുമാകവിതച്ചുതാൻ |
വടിവൊടുമരംമറഞ്ഞങ്ങുനിന്നീടിനാൻ ||
വലയിലടിപെട്ടുചിത്രഗ്രീവനെന്നുള്ള |
വലിയൊരുകപൊതവുന്തന്നുടെക്കൂട്ടരും ||
വിരവൊടുകിരാതനുമ്മാടപ്പിറാക്കളെ |
വിരവൊടുപിടിപ്പതിന്നോടിയെത്തുംവിധൌ ||
വലയിലടിപെട്ടൊരുമാടപ്രാക്കൂട്ടങ്ങൾ |
വലയുമഥകൊണ്ടുമെല്ലെപ്പൊട്ടുയൎന്നീടിനാർ ||
വനചരനുകണ്ടിതംപക്ഷിവൃന്ദങ്ങൾമെൽ |
വലയുമതുകൊണ്ടുപൊയെന്തുചെയ്യേണ്ടുഞാൻ ||
ഒരുദിശിയിലൊക്കവെതാഴത്തുവീഴുമി |
തതുകരുതിവേടനുന്താഴെനടന്നിതു ||
ലഘുപതനകാഖ്യനാംകാകനുംപിന്നാലെ |
ലഘുതരമുടൻപറന്നെത്തിനാനങ്ങിനെ ||
അതുസമയമന്തിയുമായിതുവേടനും |

അതുവഴിനടന്നുതൻവീട്ടുപുക്കീടിനാൻ ||
കനിവൊടുകപോതരാജൻപറഞ്ഞീടിനാൻ |
ഇനിയൊരുപദെശമിങ്ങുണ്ടെടൊകൂട്ടരെ ||
മമസഖിഹിരണ്യനെന്നുണ്ടൊരുമൂഷികൻ |
മമതയുമവനൊടുകണ്ടുകൊള്ളാമിനി ||
വലയിൽവലയുന്നനാംതത്രചെന്നാലവൻ |
വലയിതുകടിച്ചുഖണ്ഡിക്കുമെമൂഷികൻ ||
എലിയൊടുനമുക്കുബന്ധുത്വമുണ്ടാകയാൽ |
ഫലമിതുഭവാന്മാർക്കുകണ്ടുകൊള്ളാമുടൻ ||
ഇതിബതപറഞ്ഞുചിത്രഗ്രീവപക്ഷിയും |
ഹിതജനവുമൊക്കവെതത്രചെന്നീടിനാർ ||
വിവിധപതഗങ്ങളെക്കണ്ടുപേടിച്ചുടൻ |
വിരവൊടുഹിരണ്യനമ്പൊടുപുക്കീടിനാൻ ||
നലമൊടുകപോതവുഞ്ചെന്നുവിലമുഖെ |
എലിവരനയുംവിളിച്ചീടിനാൻമെല്ലവെ ||
വെളിവിലഥവന്നുടൻമൂഷികാഗ്രെസരൻ |
തെളിവൊടുപറഞ്ഞുചിത്രഗ്രീവനൊടവൻ ||
പ്രിയസഖിഭവാന്മാർക്കിതെന്തൊരാപത്തഹൊ |
നയഗുണനിധെസഖെചൊല്ലെടൊസത്വരം ||
വിരവൊടുകപോതവുംചൊല്ലിനാന്മൂഷിക |
വിധിവിഹിതമേവനുംലംഘിച്ചുകൂടുമൊ ||
ഇവനിതുലഭിക്കെണമിന്നകാലംവെണം |
അവശതഭവിക്കെണമൎത്ഥനാശംവെണം ||
ഇതിവിധിവിധിച്ചതിപ്രാണികളൊക്കവെ |
ഹിതമഹിതമെങ്കിലുംലംഘ്യമല്ലെതുമെ ||
തദനുചഹിരണ്യനുംതത്വമൊന്നൂചിവാൻ |
തവവചനമെത്രയുംസത്യമല്ലൊസഖെ ||
അനവരതമംബരെനിന്നുദൂരസ്ഥമാം |
അവനിയിലെവൃത്താന്തമൊക്കെഗ്രഹിപ്പവൻ ||

പടുതരവിദഗ്ദ്ധമാംഗൃദ്ധ്രനുംപാശത്തിൽ |
അടിപെട്ടുമൊരിക്കലെന്നൊൎത്തുകൊൾ്കഭവാൻ ||
വലിയകുലയാനയുംഘോരസൎപ്പങ്ങളും |
ബലികളവരെങ്കിലുമ്മാനുഷന്മാരുടെ ||
വചനമതുകേൾ്ക്കയുന്തല്ലുകൾകൊൾ്കയും |
അവരുടെനിയോഗെനനിന്നുകൂത്താടിയും ||
ശിവശിവതരങ്ങെട്ടുന്നില്ലയൊപിന്നെയെ |
ന്നതിലൊരുശതാംശമുൽക്കൎഷമില്ലാത്തനാം ||
സകലഭുവനങ്ങളിൽപ്രൌഢതെജൊഭര |
പ്രകടതരമൂൎത്തിയാംസൂൎയ്യനുംചന്ദ്രനും ||
ഒരുദശയിലങ്ങഹൊരാഹുവക്ത്രാന്തരെ |
വിരവൊടുപതിച്ചുഴന്നീടുന്നതില്ലയൊ ||
സലിലനിധിവാരിതന്നുള്ളിലുള്ളിൽചെന്നു |
സുലളിതസുഖംപൂണ്ടുസന്തതംമെവുന്ന ||
വലിയജലജന്തുവൃന്ദങ്ങളുംവന്നിങ്ങു |
വലകളിലകപ്പെട്ടുചാകുന്നതില്ലയൊ ||
സകലദിശിമെവുന്നസൎവ്വജന്തുക്കളും |
സപദിവിഷയാനലെചെന്നുചാടിദ്രുതം ||
സതതമപിവെന്തുഭസ്മീഭവിക്കുംദൃഢം |
സുഖമസുഖമെന്നതൊന്നുന്നതുംനിഷ്ഫലം ||

ഇനി വൃത്തഭെദം.

ഇത്ഥംപറഞ്ഞുഹിരണ്യകമൂഷികൻ |
ബദ്ധനായുള്ളചിത്രഗ്രീവപക്ഷിതൻ ||
പാശംകടിച്ചുമുറിച്ചുസഖിയുടെ |
ക്ലെശംകളഞ്ഞുമറവുള്ളമാടപ്പിറാ ||
സംഘത്തിന്നുള്ളൊരുബന്ധനംഖണ്ഡിച്ചു |
സങ്കടംതീൎത്തുസുഖിച്ചുമെവീടിനാൻ ||
മാടപ്പിറാക്കൾ്ക്കുനാഥൻകപൊതവും |

കൂടത്തുടനെന്നൊരുപക്ഷിവൃന്ദങ്ങളും ||
അന്നെത്തരാത്രിയിൽതത്രവസിച്ചുകൊ |
ണ്ടന്നപാനാദികഴിച്ചുയഥാസുഖം ||
യാത്രയുംചൊല്ലിഗമിച്ചൊരനന്തരം |
തത്രവൃത്താന്തങ്ങൾകാണ്കയാൽകാകനും ||
എത്രയുംപാരംപ്രസാദിച്ചുമൂഷികം |
മിത്രമാക്കീടുവാനിച്ശിച്ചുചൊല്ലിനാൻ ||
ഭൊഭൊഹിരണ്യകവിസ്മയംവിസ്മയം |
ശൊഭനന്തൽഭവാന്മൂഷികാഗ്രെസരൻ ||
നിന്നൊടുകൂടെസഖിത്വംലഭിക്കെണം |
എന്നുണ്ടുമൊഹംനമുക്കതുചെയ്യുനീ ||
എന്നതുകേട്ടുപറഞ്ഞുഹിരണ്യകൻ |
നിന്നെഞാനാരെന്നറിഞ്ഞീലെടൊസഖെ ||
ചൊന്നാൻപതനകൻകാകനാകുന്നുഞാൻ |
എന്നാൽചിതംവരുത്തില്ലെന്നുമൂഷികൻ ||
തങ്ങളിൽചേരുവാൻസംഗതിയില്ലാത്ത |
നിങ്ങളുംഞങ്ങളുന്തമ്മിലൊന്നിക്കുമൊ ||
ഭൊക്താക്കൾനിങ്ങളുംഭൊജനംഞങ്ങളും |
ഓൎത്താൽസഖിത്വമുണ്ടാകുമൊവായസ ||
മൂഷികന്മാരെഭുജിക്കുന്നകാക്കകൾ |
മൂഷികന്മാരിൽകനിവുജനിക്കുമൊ ||
കാകൻപറഞ്ഞിതുനിന്നെഭുജിപ്പതി |
നെകനുണ്ടന്തകനെന്നുപെരാമവൻ ||
പക്ഷിപ്പരിഷയെരക്ഷിച്ചുനിന്നെയി |
പ്പക്ഷിയാകുന്നഞാൻഭക്ഷിക്കുമൊസഖെ ||
തങ്ങളിലെകൻകയൎത്തുവെന്നാകിലും |
തങ്ങളിലെതുംഫലിക്കയില്ലാദൃഢം ||
ചൂട്ടെരിച്ചങ്ങുസമീപത്തുകാട്ടിയാൽ |
ചൂട്ടുപിടിക്കുമൊസാഗരവാരിയിൽ ||

ക്ഷീണനായുള്ള ചിത്രഗ്രീവപക്ഷിയെ |
ത്രാണനംചെയ്യുഭവാനെച്ചതിപ്പതി ||
നാണെങ്ങളായുള്ള ഞങ്ങൾവാഞ്ഛിക്കുമൊ |
നാണമില്ലാത്തവനാണെല്ലനിൎണ്ണയം ||
മൂഷികൻചൊല്ലിനാൻചാപല്യമെന്നുള്ള |
ദൊഷമിക്കാകജാതിക്കൊക്കയുണ്ടെടൊ ||
ചാപല്യമുള്ളവർബന്ധുവായാൽജന്മ |
സാഫല്യമില്ലാവിനാശവുംനിൎണ്ണയം ||
ശക്യമല്ലാതുള്ളകാൎയ്യപ്രയത്നെന |
ശക്യമാക്കീടുവാന്മൊഹംവൃഥാഫലം ||
വെള്ളമില്ലാദ്ദിക്കിൽവള്ളംനടക്കുമൊ |
വെള്ളത്തിലൊടുമൊചാടുംരഥങ്ങളും ||
ദുൎജ്ജനംവന്നുനിറഞ്ഞുഭൂമണ്ഡലെ |
സജ്ജനംപാരംചുരുങ്ങിചമഞ്ഞിതു ||
എന്തെന്നുമെതെന്നുമാരെന്നുമില്ലാത്ത |
ജന്തുക്കൾബന്ധുക്കളായാൽശരീരികൾ ||
ക്കെന്തുള്ളസൌഖ്യമ്മഹാമൂഢതാത്രപ |
സിന്ധുതൊയത്തിൽകിടക്കയെന്ന്യെസഖെ ||
പണ്ടുള്ളശബ്ദമീബന്ധുവെന്നുള്ളൊരു |
രണ്ടക്ഷരംകൊണ്ടുകെട്ടിച്ചമച്ചിതു ||
ഇക്കാലമായതിന്നൎത്ഥമെന്തായതെ |
നൽക്കാമ്പിലോൎക്കുന്നമാനുഷൻദുൎല്ലഭം ||
സാരനെന്നാകിലുമ്മുന്നന്തനിക്കുപ |
കാരങ്ങൾചെയ്യൊരുദെഹമെന്നാകിലും ||
വീരനെന്നാകിലുംവിദ്യാവിശെഷണെ |
ധീരനെന്നാകിലുന്നല്ലപുരുഷനെ ||
കണ്ടാൽമനുഷ്യക്കുഞാനിപ്പുരുഷനെ |
പണ്ടുകണ്ടിട്ടുമില്ലെന്നഭാവംസഖെ ||
വെണ്ടാതനത്തിനൊരുത്തന്തുടങ്ങിയാൽ |

രണ്ടാമനായിപ്പുറപ്പെട്ടുമ്മറെറവൻ ||
അന്നവുംപാലുംകൊടുത്തങ്ങുതന്മടി |
തന്നിൽകിടത്തിലാളിക്കമ്മനുഷ്യനെ ||
തന്നെകടിച്ചുകൊന്നീടുകെന്നല്ലാതെ |
പന്നഗത്തിന്നൊരുസംസാരമില്ലെടൊ ||
എന്നതുപൊലിന്നൊരുത്തനൊരുത്തനൊ |
ടന്യൊന്യസൌഹാൎദ്ദമില്ലഭൂമണ്ഡലെ ||
സ്നെഹമില്ലാതുള്ളപെണ്ണിന്നുതന്നുടെ |
ദെഹത്തിലൎദ്ധംപകുത്തുകൊടുക്കിലും ||
തെല്ലുപൊലുംവശത്താകയില്ലെന്നല്ല |
കൊല്ലുവാൻകൂടെശ്രമിച്ചുവെന്നുംവരും ||
ജാത്യാവിരുദ്ധമായുള്ളവൎതങ്ങളിൽ |
ചെൎത്താല്യമായവർചെരുകില്ലാദൃഢം ||
പൂച്ചയൊടിജ്ജനംമൂഷികന്മാർചെന്നു |
ചെച്ചക്കഭാവിക്കനെന്നായ്വരുന്നതൊ ||
അങ്ങൊട്ടുപകൃതിചെയ്യുതില്ലെങ്കിലും |
ഇങ്ങൊട്ടുപദ്രവിച്ചീടുന്നുദുൎജ്ജനം ||
വ്യാഘ്രത്തെയാരാനുപദ്രവിച്ചൊചെന്നു |
ശീഘ്രംകടിച്ചുകൊല്ലുന്നുപശുക്കളെ ||
എന്നതുകൊണ്ടുപറഞ്ഞുഞാൻവായസ |
നന്നല്ലനാന്തമ്മിലുള്ളസമ്മെളനം ||
    വായസംചൊല്ലിനാൻവാക്കിനുഹന്തതെ |
മായസംബന്ധമില്ലെതുമ്മഹാമതെ ||
സാധൊഹിരണ്യകസഖ്യംഭവാനൊടു |
സാധിക്കയില്ലെങ്കിലെന്തിനുജീവിതം ||
പ്രായൊവവെശനകെവലംനമ്മുടെ |
കായൊവസംഹൃദിചെയ്യുന്നതുണ്ടുഞാൻ ||
ലൊഹവുംലൊഹവൃന്തങ്ങളിൽചെരുവാൻ |
മൊഹമുണ്ടെങ്കിൽദ്രവിപ്പിച്ചുചെൎക്കണം ||

പക്ഷിമൃഗാദിയെസ്വാധീനമാക്കുവാൻ |
ഭക്ഷണംമാധുൎയ്യമൊടുകൊടുക്കെണം ||
വിത്തംകൊടുത്തുംഭയപ്പെടുത്തുംമൂഢ |
മൎത്ത്യരെസ്വാധീനമാക്കാംപത്തുക്കവെ ||
സാധുക്കൾതങ്ങളിൽചെരുവാനെകദാ |
സന്ദൎശ്ശനമ്മാത്രമെവെണ്ടുമൂഷിക ||
മണ്കുടംവെക്കംപിളൎക്കാമിദംപുനഃ |
സംഘടിപ്പിപ്പാന്മഹാപ്രയത്നംസഖെ ||
പൊൻകുടംപൊട്ടിക്കവൈശമ്യമായത്തു |
സംഘടിപ്പിപ്പാൻപരാധീനമില്ലെടൊ ||
ദുൎജ്ജനാശ്ലെഷവുംസജ്ജനാശ്ലെഷവും |
ഇച്ചൊന്നപൊലെഭവിക്കുംഹിരണ്യക ||
ഇന്നതുകൊണ്ടുഭവദ്ദൎശനാദെവ |
വന്നിതുനമ്മുടെസംബന്ധമുത്തമം ||
ചൊന്നാൻഹിരണ്യകൻനന്നെടൊവായസ |
നിന്നൊടുസംഗമംഭംഗമില്ലെതുമെ ||
സൊപകാരംമിത്രലക്ഷണംപ്രായെണ |
സാപകാരംശത്രുലക്ഷണംകെവലം ||
ആജീവനാന്തംഭവിക്കെണമെപിണ്ഡ |
ഭൊജിയാന്നിന്നൊടുസഖ്യംനമുക്കെടൊ ||
ഇത്ഥംനഖത്തൊടുമാംസംകണക്കനെ |
ബന്ധംതദാകാകമൂഷികസ്നെഹവും ||
അന്നപാനാദിചെയ്തീടുവാന്മൂഷികൻ |
തന്നുടെപൊത്തിന്നകത്തുപുക്കീടിനാൻ ||
തൊഷിച്ചുകാകൻകടുവാഭുജിച്ചതിൽ |
ശെഷിച്ചമാംസംഭുജിച്ചുവന്നീടിനാൻ ||
കാകൻപറഞ്ഞുഹിരണ്യനൊടെകദാ |
പൊകുന്നുഞാനെടൊമറ്റൊരുകാനനെ ||
ഇട്ടിക്കിലപ്പിക്കുകപ്പിച്ചുകിട്ടുന്ന |

തൊട്ടുംനമുക്കുസുഖംവരുന്നില്ലെടൊ ||
അങ്ങൊരുദിക്കിൽസരസ്സുണ്ടുനിൎമ്മലം |
അങ്ങൊരുചങ്ങാതിയുമുണ്ടുബുദ്ധിമാൻ ||
മന്ദരനെന്നുപെരായുള്ളമൽബന്ധു |
സുന്ദരന്ധാൎമ്മികൻകൂൎമ്മാധിനായകൻ ||
മത്സഖിയാകുന്നമന്ദരൻവെണ്ടുന്ന |
മത്സ്യാദിമാംസംനമുക്കുനല്കീടുവൊൻ ||
എന്നതുകേട്ടുപറഞ്ഞുഹിരണ്യനും |
എന്നെയുമത്രനീകൊണ്ടുപൊയീടെണം ||
കൊററിനുദുഃഖംനമുക്കുമുണ്ടിട്ടിക്കിൽ |
മററൊരുക്കുററകാരില്ലാഞ്ഞുപൊക്കുന്നു ||
അത്രദുഃഖന്തനിക്കെന്തെന്നുവായസം |
തത്രചെന്നാൽകഥിക്കാമെന്നുമൂഷികൻ ||
കാകൻഹിരണ്യനെകൊക്കിലാക്കിക്കൊണ്ടു |
വെഗംപറന്നങ്ങുചെന്നുപററീടിനാൻ ||
സ്വച്ഛമായുള്ളമഹാതടാകത്തിന്റെ |
കച്ഛപ്രദെശെസുഖിച്ചുവസിക്കുന്ന ||
കച്ഛപശ്രെഷ്ഠനെകണ്ടുകുശലവും |
പൃച്ഛിച്ചുമൂഷികംതാഴത്തിറക്കിനാൻ ||
മന്ദരൻചൊദിച്ചുതാനെന്തെടൊമിത്ര |
മന്ദിരന്തന്നിൽകരണ്ടുകടക്കുന്ന ||
മന്ദെതരൊത്സാഹിയാമാഖുവൃദ്ധനെ |
സന്ദെഹമെന്ന്യെപിടിച്ചുകൊണ്ടന്നതും ||
കാകൻപറഞ്ഞിതുമൂഷികന്മാരിൽവെ |
ച്ചെകൻമഹാരാജരാജൻഹിരണ്യകൻ ||
ലൊകപ്രസിദ്ധനിദ്ദെഹവുംഞാനുമാ |
യെകാന്തബന്ധുത്വമുണ്ടായിസാമ്പ്രതം ||
തദ്ഗുണംവൎണ്ണിച്ചുചൊല്ലുവാൻവാക്കിനു |
വല്ലത്വമെതുംമതിയല്ലമന്ദര ||

ദൈവാനുകൂല്യെനസഖ്യന്തുടങ്ങിയാൽ |
ജീവാവസാനാന്തമല്ലൊമഹാത്മനാം ||
ഏവമ്മഹാഗുണന്മാരുള്ളഭൂവാസി |
ജീവജന്തുക്കൾക്കാരെന്നതില്ലെടൊ ||
പാശെപതിച്ചൊരുമാടപ്പിറാക്കളെ |
പാശങ്ങൾഖണ്ഡിച്ചുരക്ഷിച്ചുമൂഷികൻ ||
ദെശാന്തരെഷുപ്രസിദ്ധനാമിദ്ദെഹം |
ംരംശാനപുത്രനാംവിഷ്ണൻറവാഹനം ||
രണ്ടുശരീരമെന്നെയുള്ളുഞങ്ങൾക്കു |
രണ്ടുപെൎക്കുംപ്രാണനൊന്നെന്നറികനീ ||
പണ്ടുപണ്ടെമമബന്ധുവാകുംഭവാൻ |
കണ്ടുബൊധിക്കുമീമൂഷികൻറഗുണം ||
എന്നതുകേട്ടുപ്രസാദിച്ചുകച്ശവം |
മന്ദരമന്ദമ്പറഞ്ഞുതുടങ്ങിനാൻ ||
അങ്ങുന്നിവിടെക്കുപൊരുവാനുള്ളൊരു |
സംഗതിയെന്തെന്നുരചെയ്കമൂഷിക ||
ചൊന്നാൻഹിരണ്യകൻകൂൎമ്മരാജഭവാൻ |
എന്നാലതുംകേട്ടുകൊൾകമഹാമതെ ||

൫. ഭിക്ഷുമഠത്തിൽ എലിക്കു സംഭവിച്ചതു.

ധന്യമാകുംമിഹിളാരൂപ്യസന്നിധൌ |
സന്യാസിഗെഹമുണ്ടെത്രയുംപാവനം ||
തത്രചൂഡാകൎണ്ണനാമധെയൻബ്രഹ്മ |
ഗൊത്രപ്രധാനിപരിവ്രാജകൊത്തമൻ ||
വാണൊരുളുന്നുദിനെദിനെഭിക്ഷയാ |
പ്രാണമാത്രംവൃത്തിചെയ്തുകൊണ്ടങ്ങിനെ ||
തത്രസ്വയംപാകഭിക്ഷകഴിച്ചുടൻ |

പാത്രംസുരംഗയിൽവെക്കുംരജനിയിൽ ||
പാത്രത്തിലങ്ങുശെഷിച്ചൊരുഭൊജനം |
മാത്രംലഭിക്കുംനമുക്കതുഭൊജനം ||
അക്കാലമഗ്ഗ്രൈവന്നുബൃഹൽസ്ഫിഗെ |
ന്നാഖ്യനായുള്ളൊരുസന്ന്യാസിഭൂസുരൻ ||
തത്രചൂഡാകൎണ്ണസന്ന്യാസിതന്നുടെ |
മിത്രമായുള്ളബൃഹൽസ്ഫിക്കുമാദരാൽ ||
തത്രവസിച്ചുപുരാണങ്ങൾവായിച്ചു |
മിത്രസന്ന്യാസിയെകെൾപ്പിക്കുമന്തരെ ||
മൂഷികന്മാരെഭയപ്പെടുപ്പാനുള്ള |
ഭീഷണിവാദ്യംമുഴക്കിചൂഡാകൎണ്ണൻ ||
ആയതുകേട്ടുചൊദിച്ചുബൃഹൽസ്ഫിക്കും |
ആയതെന്തിപ്പൊൾതുടങ്ങിയൊഗീശ്വര ||
തെല്ലുംപുരാണശ്രവണത്തിലാഗ്രഹം |
ഇല്ലാഭവാനെന്നതൊന്നുമെസഖെ ||
ഇച്ഛയില്ലായ്കകൊണ്ടല്ലെടൊവില്ലുകൊ |
ണ്ടൊച്ചപ്പെടുക്കാതിരുന്നാലെലിവന്നു ||
ഭിക്ഷക്കുവെച്ചിരിക്കുന്നചൊറൊക്കവെ |
ഭക്ഷിക്കുമായതുകൊണ്ടിതുചെയ്യുഞാൻ ||
ഭാഷിതംകേട്ടുബൃഹൽസ്ഫിക്കുരചെയ്തു |
മൂഷികന്മാരൊരുകൂട്ടമൊഏകനൊ ||
ഏകനെയുള്ളുസമൂഹമില്ലാസഖെ |
ഏകനെങ്കിൽതന്റെഭിക്ഷാന്നഭക്ഷണം ||
ഒന്നുതന്നെകാൎയ്യമെന്നുവരികയി |
ല്ലന്ന്യപ്രയൊജനമുണ്ടായ്വരുംദൃഢം ||
എള്ളുപകരംകൊടുത്തുതാനിങ്ങൊട്ടും |
എള്ളുമെടിക്കുന്നചണ്ഡാലിമാതാവിൻ ||
അന്ന്യമായിട്ടൊരുകാരണമുണ്ടെന്നു |
ധന്ന്യനാംവിപ്രനൊരുത്തൻപറഞ്ഞിതു ||

എങ്ങിനെസംഗതിയെന്നുചൂഡാകൎണ്ണൻ* |
എങ്കിലൊകെട്ടുകൊൾകെന്നുബൃഹൽസ്ഫിക്ക ||

* സംസ്കൃതത്തിൽ അവൻെറ പെർ താമ്രചൂഡൻ എന്നതു.

ഇരുവൎക്കും തൎക്കം ഉണ്ടായപ്പൊൾ മറാശ്രയത്തിനാൽ നരക പ്രാപ്തി ഉണ്ടെന്നൊരുവൻ പറഞ്ഞു.

നരകായമതിസ്തെചെൽപൌരൊഹിത്യംസമാചരവൎഷംയാവൽകിമന്യെനമഠചിന്ത്യാദിനത്രയം.

---

൨. അന്യമായിട്ടൊരു കാരണം.

സ്ത്രീ എള്ളു കൊടുത്തു എള്ളു മേടിച്ചതു.

ഞാനൊരുവിപ്രൻെറമന്ദിരെചെന്നുടൻ |
സ്നാനവുംചെയ്തുവസിക്കുംദശാന്തരെ ||
ചൊന്നാൻഗൃഹസ്ഥൻഗൃഹണിയൊടിങ്ങൊട്ടു |
വന്നാലുമൊന്നുണ്ടുവെണ്ടുനമുക്കെടൊ ||
നാളെക്കറുത്തവാവൂട്ടുവാനൊന്നര |
ണ്ടാളെക്ഷണിച്ചേച്ചുപോന്നുഞാനിന്നെടൊ ||
എള്ളുപുല്ലാജ്യഭൊജ്യാദിസംഭാരങ്ങൾ |
എല്ലാംവഴിപൊലെസംഭരിച്ചീടുക ||
ചൊല്ലിനാളപ്പൊൾഗൃഹണിയുംനമ്മുടെ |
ഇല്ലത്തൊരുവസ്തുവില്ലാസംഭാരങ്ങൾ ||
കൊപംകലൎന്നുചൊന്നാൻദ്വിജൻനിന്നുടെ |
ലൊഭംചിതമല്ലപോടിവിലക്ഷണെ ||
അന്നന്നുകൃത്യംകഴിക്കെണമല്ലാതെ |
പിന്നെക്കുനാളെക്കുമററന്നാളെക്കെന്നും ||
അങ്ങിനെസംഭരിക്കുന്നമൎത്യനുമെൽ |
എങ്ങിനെകൎമ്മമെന്നാരാനറിഞ്ഞിതൊ ||
പണ്ടൊരുകാട്ടാളനസ്ത്രവുംചാപവും |
കൊണ്ടുപുറപ്പെട്ടുകാട്ടുപുക്കീടിനാൻ ||
മാനിനെശസ്ത്രംപ്രയൊഗിച്ചുകൊന്നുടൻ |

താനെച്ചുമന്നുനടന്നുപൊകുംവിധൌ ||
വമ്പനായുള്ളൊരുപന്നിയെകണ്ടുന |
ല്ലമ്പുപ്രയൊഗിച്ചനെരമപ്പന്നിയും ||
വേടനെച്ചാടിക്കടിച്ചുകൊന്നാശുതാൻ |
കൂടെപ്പതിച്ചുമരിച്ചുവീണീടിനാൻ ||
ദംഷ്ട്രികനെന്നുനാമത്തെധരിച്ചൊരു |
ക്രൊഷ്ടാവുമപ്പൊളുവിടെക്കുവന്നിതു ||
ഇന്നെക്കുഭക്ഷണംവേടന്റെവിഗ്രഹം |
പിന്നെനാളെക്കുമൃഗത്തിന്റെഭക്ഷണം ||
പന്നിയെക്കൊണ്ടുമററനാളുമിങ്ങിനെ |
തിന്നീടുമാറെന്നുറച്ചുമനക്കാമ്പിൽ ||
ഇന്നിനിപ്രാതല്ക്കുവില്ലിന്റെഞാണിതു |
നന്നെന്നുകല്പിച്ചുചെന്നുകടിച്ചുടൻ ||
കുത്തിക്കുഴിയെക്കുലച്ചവില്ജ്യാവിന്മെൽ |
എത്തിക്കടിച്ചവൻഖണ്ഡിച്ചനെരത്തു ||
വില്ലിൻമുനകൊണ്ടുമാറത്തുനല്ലൊരു |
തല്ലുകൊണ്ടപ്പൊഴെചത്തുവീണീടിനാൻ ||
എന്നതുകൊണ്ടുപറഞ്ഞുഞാൻബ്രാഹ്മണി |
അന്നന്നുകൃത്യംകഴിച്ചെചിതംവരൂ ||
എള്ളൊട്ടുകൂടെപ്പചിച്ചീടുമൊദന |
മെല്ലൊകൃസാരമെന്നുള്ളൊരുസാധനം ||
ആയതിന്നുതിലംകുത്തിത്തൊലികള |
ഞ്ഞായവണ്ണംനീയുണക്കീടെണംപ്രിയെ ||
പിറെറദ്ദിനമവളെള്ളുകുത്തിച്ചേറി |
മുററത്തുണക്കുവാൻചിക്കിനില്ക്കുംവിധൌ ||
കുക്കുടംവന്നുതൊട്ടങ്ങുമിങ്ങുംചിന്തി |
ദുഷ്ടമാക്കിച്ചമച്ചൊരനന്തരം ||
ശൊധനചെയ്യാത്തൊരെള്ളുകൊട്ടത്തങ്ങു |
ശൊധനചെയ്യുനിലത്തെവാങ്ങീടുവാൻ ||

ഭാവിച്ചു ചണ്ഡാലിമാതാവിനൊടങ്ങു |
ചൊദിച്ചുമെല്ലെഗ്ഗൃഹസ്ഥന്ദ്വിജൊത്തമൻ ||
എങ്ങുപൊവാന്തുടങ്ങുന്നുനീയെന്നവൻ |
എല്ലു മാറാൻഗമിക്കുന്നുഞാനെന്നവൾ ||
അങ്ങനെയല്ലഞാൻബൊധിച്ചുമറ്റൊരു |
സംഗതികൂട്ടുവാൻപൊകുന്നുവെന്നവൻ ||
എന്നതുകൊണ്ടിഹമൂഷികൻറസ്ഥിതി |
ക്കന്യംപ്രയൊജനമുണ്ടെന്നുനിണ്ണയം ||
ഇത്ഥമ്പറഞ്ഞുഖനിത്രെണശ്രുതലെ |
കുത്തിക്കുഴിച്ചൊരുനെരത്തുകാണായി ||
നമ്മുടെവക്കൽപ്രയത്നെനലബ്ധമാം |
സ്വമ്മുള്ളതൊക്കെകരസ്ഥമാക്കീടിനാൻ ||
അന്നുതുടങ്ങിദരിദ്രനായെഷഞാൻ |
ഇന്നുംനിലെക്കുവന്നില്ലെടൊമന്ദര ||
അഷ്ടിയില്ലായ്ക കൊണ്ടെൻറശരീരവും |
പുഷ്ടിയില്ലാതെയാമെന്തുചെയ്യാവതും ||
വൃഷ്ടിയില്ലാഞ്ഞാൽനദികളുംവററീടും |
ഇഷ്ടിയില്ലാഞ്ഞാൽദ്വിജന്മാരിളപ്പെട്ടും ||
തുഷ്ടിയില്ലാഞ്ഞാൽമനുഷ്യന്മഹാജളൻ |
കൃഷ്ടിയില്ലാഞ്ഞാൽവിളവുകുറഞ്ഞുപൊം ||
യഷ്ടിയില്ലാഞ്ഞാൽനടക്കുമൊവൃദ്ധരും |
സൃഷ്ടിയില്ലാഞ്ഞാൽപ്രജകളുണ്ടാകുമൊ ||
പട്ടിയില്ലാഞ്ഞാൽഗൃഹത്തിനുറപ്പില്ല |
ചെട്ടിയില്ലാഞ്ഞാൽമുഴക്കുമൊവാണിഭം ||
കുട്ടിയില്ലാഞ്ഞാൽപശുക്കൾകറക്കുമൊ |
ചട്ടിയില്ലാഞ്ഞാൽദരിദ്രൻപചിക്കുമൊ ||
കേട്ടു ചൂഡാകണ്ണനാകുന്നസന്ന്യാസി |
കെവലന്താനെപറയുന്നവാൎത്തകൾ ||
അൎത്ഥമുണ്ടെങ്കിൽസമസ്തജന്തുക്കൾസ |

മൎത്ഥരായീട്ടുമതില്ലാത്തപൂരുഷൻ ||
വ്യൎത്ഥംശരീരംവഹിക്കുന്നുസൎവ്വംനി |
രൎത്ഥമജ്ജീവനെൻറജീവനസന്ധാരണം ||
നമ്മുടെഭിക്ഷാന്നഭോജിയാംമൂഷികൻ |
സ്വമ്മുനശിച്ചതുമൂലംപരവശൻ ||
ദ്രവ്യമുണ്ടെങ്കിലെബന്ധുക്കളുണ്ടാവൂ |
ദ്രവ്യമില്ലാത്തവനാരുമില്ലാഗതി ||
ഭവ്യനെന്നാകിലുംദിവ്യനെന്നാകിലും |
ദ്രവ്യമില്ലാഞ്ഞാൽതരംകെടുംനിൎണ്ണയം ||
ഏവംപറയുന്നസന്ന്യാസിയെചെന്നു |
സേവിച്ചുജീവനംരക്ഷിക്കുമേല്പടം ||
മറ്റൊരുദിക്കിനുപോകായ്കിൽനമ്മുടെ |
മാററിതാപമിപ്പോഴൊഴികയില്ലെന്നുഞാൻ ||
തെററന്നുചിന്തിച്ചുറച്ചുപുറപ്പെട്ടു |
മുററുംഭവാനെസമാശ്രയിച്ചേനഹം ||
പൊയ്യല്ലിരപ്പാളിയായാൽമഹാകഷ്ടം |
അയ്യോമരിച്ചെങ്കിലാപത്തൊഴിഞ്ഞിതു ||
കയ്യുംപരത്തിപ്പിടിച്ചങ്ങുയാചനം |
ചെയ്യുന്നദീനതാപമൊൎത്താൽജ്വലിക്കുന്ന ||
തീയ്യിൽപതിച്ചുശരീരംദഹിപ്പിക്കും |
ഠരംയൽകുലത്തിൽപിറക്കതന്നെസുഖം ||
കണ്ടഭോഷ്ക്കൊക്കവെജല്പിക്കയെക്കാട്ടിൽ |
മിണ്ടാതൊരെടത്തിരിക്കതന്നെഗുണം ||
കണ്ടപെണ്ണുങ്ങളെദോഷപ്പെടുക്കയിൽ |
ഷണ്ഡനായിട്ടുപിറക്കതന്നെശുഭം ||
ബൌദ്ധനെസ്സേവിച്ചുജീവിക്കയെക്കാട്ടിൽ |
ഊൎദ്ധ്വംവലിച്ചുമരിക്കതന്നെശുഭം ||
ചെമ്മെദരിദ്രനായുത്ഭവിക്കെക്കൊട്ടിൽ |
അമ്മെക്കുഗൎഭംസ്രവിക്കതന്നെഗുണം ||

രൊഗംപിടിച്ചുവപുസ്സിൻെറവക്കത്തു |
വെഗംക്ഷയിച്ചുപൊമെന്നകണക്കനെ ||
ദെഹിയെന്നക്ഷരംചൊല്ലുംജനത്തിൻെറ |
ദെഹത്തിൽനിന്നുമാറുമ്മഹാലക്ഷ്മിയും ||
ലബ്ധമായുള്ളതിൽതൃപ്തിയില്ലാത്തുള്ള |
ലുബ്ധനൊരിക്കലുംസൌഖ്യമില്ലാസഖെ ||
അല്പമെന്നാലുംലഭിച്ചതിൽസന്തൊഷം |
ഉല്പന്നമാകുന്നമാനുഷൻമാനുഷൻ ||
ഇങ്ങിനെയുള്ളൊരുസന്തൊഷിയാമവൻ |
എങ്ങുമെചെന്നാൽദുഃഖംവരാനില്ലെടൊ ||
തോലുകൊണ്ടുപാദെചെരിപ്പുള്ളവനു |
ഭൂലൊകങ്ങൾചമ്മസംഭൃതങ്ങളല്ലയൊ ||
കിട്ടുന്നതിൽതൃപ്തിയുണ്ടെങ്കിൽമാനുഷൻ |
ഒട്ടുമ്മനഃക്ലെശമില്ലെടൊമന്ദര ||
എന്നതുകൊണ്ടുഞാനെപ്പൊഴുംവൈരാഗ്യം |
എന്നുള്ള സൽഗുണംകൈക്കൊണ്ടുസാമ്പ്രതം ||
ധമ്മമെതെന്നുചൊദിച്ചാനൊരുനരൻ |
നിമ്മലംകാരുണ്യമെന്നതിനുത്തരം ||
സൌഖ്യമെതെന്നുചൊദിച്ചതിനുത്തരം |
മുഖ്യമ്മഹാവ്യാധികൂടാതെവത്തനം ||
സാദ്ധ്യമെതെന്നുചൊദിച്ചതിനുത്തരം |
സാധുസംസഗ്ഗെണവൈരാഗ്യസംഭവം ||
ബൊദ്ധ്യമെതെന്നുചൊദിച്ചതിനുത്തരം |
ബുദ്ധ്യാപരാല്പരവിജ്ഞാനമുത്തമം ||
ശാസ്ത്രംഗ്രഹിച്ചതുകൊണ്ടുമതിയല്ല |
ശാസ്ത്രൊക്തമാചരിക്കാതെഫലംവരാ ||
എത്രയുംനല്ലകഷായമെന്നാകിലും |
മാത്രംകുടിക്കാതെരൊഗംശമിക്കുമൊ ||
ഗ്രന്ഥംകരത്തിലുണ്ടായാൽമതിയല്ല |

ചന്തത്തിലൎത്ഥംഗ്രഹിച്ചെഫലംവരു ||
അന്ധനായുള്ളവൻദീപംകരത്തിങ്കൽ |
ഏന്തിനടന്നാൽവഴിയറിഞ്ഞീടുമൊ ||
എന്തിന്നനെകംപറയുന്നതാനെന്റെ |
ബന്ധുവായെന്നെപ്പൊറുപ്പിക്കിലുത്തമം ||
തങ്ങടെസ്ഥാനങ്ങൾവിട്ടുപൊകുന്നവ |
ൎക്കെങ്ങുമെചെന്നാൽസുഖംവരത്തില്ലെടൊ ||
ദന്തംനഖംകെശമിത്യാദിനല്ലൊരു |
ചന്തമുണ്ടംഗെഷുചെൎന്നിരിക്കുംവിധൌ ||
പെട്ടന്നുഗാത്രത്തിൽനിന്നുവിട്ടാലതു |
തൊട്ടാൽകുളിക്കെണമെന്നുവന്നീലയൊ ||
    ഏന്നതുകെട്ടുപറഞ്ഞിതുമന്ദരൻ |
തന്നുടെദിക്കുവെടിഞ്ഞുപൊയീടിലും ||
തെല്ലുമ്മനദൊഷമില്ലാത്തപൂരുഷൻ |
ചെല്ലുന്നദിക്കിൽസുഖിച്ചിരിക്കാമ്പരും ||
അന്നങ്ങളാകാശഗംഗാതടെനല്ല |
പൊന്നുംസരൊജാകരത്തെത്യജിച്ചിങ്ങു ||
മന്നിടന്തന്നിലെപ്പങ്കജപ്പൊയ്കയിൽ |
തന്നെസുഖിച്ചുവസിക്കുന്നതില്ലെയൊ ||
മന്ദതാപവുമ്മഹാവ്യാധിയുംസൎവ്വദാ |
സുന്ദരീമാരുമായുള്ളസംസൎഗ്ഗവും ||
ജന്മഭൂമിസ്നെഹമെന്നുള്ളതുമ്മഹാ |
ദുൎമ്മൊഹികൾക്കുഭവിപ്പുഹിരണ്യക ||
ഉത്സാഹവുംനല്ലവിദ്യയുംബൊധവും |
സത്സംഗമങ്ങളുംസൽക്കൎമ്മധൎമ്മവും ||
ഇങ്ങിനെയുള്ളഗുണങ്ങൾതികഞ്ഞവ |
ൎക്കെങ്ങുമെചെന്നാലുമല്ലലില്ലെതുമെ ||
തന്നുടെദിക്കെന്നുമന്യദിക്കെന്നുമി |
ധന്യരാംനിങ്ങൾക്കുഭെദമില്ലാദൃഢം ||

എന്നതുകൊണ്ടുപറഞ്ഞുഞാൻമൂഷിക |
നന്നിഹനമ്മൊട്ടുകൂടെനിവാസവും ||
മെഘലത്തണലിലിരുന്നുസുഖിക്കയും |
ശാകാദിസസ്യങ്ങൾകൊണ്ടുമൊദിക്കയും ||
യൌവനമുള്ളൊരുനാരിയൊടൊന്നിച്ചു |
നിൎവ്വെദഹീനംവിനൊദിച്ചിരിക്കയും ||
അല്പകാലംകൊണ്ടുനാസ്തിയാമൊട്ടുംവി |
കല്പമില്ലെന്നുധരിച്ചുകൊൾക്കഭവാൻ ||
കാകൻപറഞ്ഞിതുസത്യംകഥിപ്പതിൻ |
ഏകൻഭവാനെവകൂൎമ്മചൂഡാമണെ ||
സത്തുക്കൾക്കാപത്തുവന്നാൽനികത്തുവാൻ |
സത്തുക്കൾതന്നെസമൎത്ഥരാകുംദൃഢം ||
ആനക്കുഴിയിൽനിന്നാനയെക്കേററുവാൻ |
ആനയല്ലാതെപിന്നെകനുണ്ടാകുമൊ ||
കുണ്ടുള്ളകായലുന്തൊട്ടുമന്വെഷിച്ചു |
കൊണ്ടുനടക്കുന്നമത്സ്യാദിജന്തുക്കൾ ||
വെണ്ടുമ്മധുവുള്ളപുഷ്പങ്ങളിൽചെന്നു |
വണ്ടുംമധുരസമുണ്ടുമെവീടുന്നു ||
രാജഹംസങ്ങളുംരാജീവവൃന്ദത്തിൽ |
ആജീവനാന്തംവസിക്കുന്നുമന്ദര ||
എന്നതുപൊലെഹിരണ്യന്തവാന്തികെ |
വന്നുവസിക്കുന്നുഞാനുമവ്വണ്ണമെ ||

### ൪. ഘൊര പാശത്തിൽ പതിപ്പതിന്നു എന്തു കാരണം.

ഇത്ഥംപറഞ്ഞങ്ങിരിക്കുംദശാന്തരെ |
ലുബ്ധകാസ്ത്രൂത്തെഭയപ്പെട്ടൊരുമൃഗം ||
ചിത്രാംഗനെന്നുപെരായവൻവെഗെന |
തത്രാഗമിച്ചൊരുനെരത്തുമന്ദരൻ. ||

സ്വാഗതംചൊദിച്ചുസല്ക്കാരവുംചെയ്യു |
വെഗത്തൊടെഭൊജനംനല്കിപ്പറഞ്ഞിതു ||
എങ്ങുന്നുതാനത്രവന്നുമഹാമതെ |
ഞങ്ങടെദിക്കിനെശുദ്ധമാക്കീടുവാൻ ||
പാടവമൊടെപറഞ്ഞുചിത്രാംഗനും |
വേടനെപ്പിടിച്ചുമണ്ടിവരുന്നുഞാൻ ||
പ്രൌഢരാംനിങ്ങളെക്കണ്ടനെരംനമ്മു |
ക്കാടലെല്ലാമിന്നുതീൎന്നുകൂൎമ്മെശ്വര ||
മന്ദരൻചൊല്ലിനാനിട്ടിക്കുതന്നുടെ |
മന്ദിരമെന്നുധരിച്ചുകൊള്കഭവാൻ ||
ഒന്നിനുംദുഃഖമില്ലെന്നൊട്ടുകൂടിയാൽ |
ഇന്നുതുടങ്ങിമൽപ്രാണതുല്യൻഭവാൻ ||
ആഖുപ്രവരൻഹിരണ്യനിദ്ദെഹവും |
കാകപ്രവീരനുംരണ്ടുപെർമുന്നമെ ||
അത്രാഗമിച്ചിതുമിത്രഭാവാലിന്നു |
ചിത്രാംഗനാകുംഭവാനുന്തഥാവിധൻ ||
മന്യസുഹൃല്ലാഭസമ്പത്തിനെയൊഴി |
ച്ചന്യസമ്പത്തുസമ്പത്തായ്വരുന്നിതൊ ||
അത്രാന്തരെവനെഭക്ഷണാൎത്ഥമ്മുദാ |
ചിത്രാംഗസാരംഗമങ്ങുപൊയീടിനാൻ ||
മദ്ധ്യാഹ്നകാലംകഴിഞ്ഞൊരനന്തരം |
മന്ദരന്താനുംഹിരണ്യനുംകാകനും ||
എന്തെവരാഞ്ഞുചിത്രാംഗനെന്നിങ്ങിനെ |
സ്വാന്തെവിചാരിച്ചുഖെദിച്ചുമെവിനാർ ||
കാകന്മൃഗത്തെത്തിരഞ്ഞുപുറപ്പെട്ടു |
വെഗംവനാന്തരെചെന്നുനൊക്കുംവിധൌ ||
വേടൻകണിവെച്ചചൎമ്മപാശെചെന്നു |
ചാടിശരീരവുംകെട്ടുപെട്ടങ്ങിനെ ||
തത്രകിടക്കുന്നചിത്രാംഗനെക്കണ്ടു |

സത്രാസശൊകെനചൊദിച്ചുവായസം ||
ഘൊരപാശത്തിൽപതിപ്പതിനെന്തൊരു |
കാരണംസാരംഗവീരചൂഡാമണെ ||
കാരണംപിന്നെകഥിക്കാംഹിരണ്യനെ |
പാരാതെകൂട്ടിച്ചുകൊണ്ടുപൊന്നീടുക ||
ഇത്തരംചിത്രാംഗഭാഷിതംകേട്ടങ്ങു |
സത്വരംകൊണ്ടന്നമൂഷികാധീശനെ ||
മൂഷികാധീശനുംചൊദിച്ചുതന്നുടെ |
വെഷമെന്തിങ്ങിനെബന്ധമായീടുവാൻ ||
ചിത്രാംഗനുംപറഞ്ഞീടിനാനാപന്ന |
മിത്രഭവാനെന്റെപാശംമുറിച്ചാലും ||
അത്യന്തവൈരിയാംവെടൻവരുമ്മുമ്പെ |
നിത്യമല്ലാതുള്ളദെഹവുംകൊണ്ടുനാം ||
അങ്ങൊരുദിക്കിനുമാറിപ്പൊതുക്കവെ |
സംഗതിയൊക്കപ്പറഞ്ഞുകൊള്ളാംസഖെ ||
പ്രൌഢനായുള്ളഞാനന്തികെനില്ക്കവെ |
വേടനെപ്പെടിക്കരുതെന്നുമൂഷികൻ ||
എങ്കിൽശ്രവിച്ചാലുമെന്നുചിത്രാംഗനും |
ശങ്കാവിഹീനംപറഞ്ഞുതുടങ്ങിനാൻ ||
ആറുമാസംപുക്കബാലനായുള്ളനാൾ |
കൂറുള്ളമാതാവുവേവെട്ടിരിക്കവെ ||
വെടൻവരുന്നതുകണ്ടുഭയപ്പെട്ടു |
കൂടയുള്ളമൃഗക്കൂട്ടങ്ങൾമണ്ടിനാർ ||
ഓടുവാൻകൂടാഞ്ഞുഴലുമെന്നെതദാ |
വെടൻപിടിച്ചങ്ങുകൊണ്ടുപൊയീടിനാൻ ||
കേടുവരുത്താതെകൊണ്ടുചെന്നാദരാൽ |
നാട്ടുവാഴിക്കവൻകാഴ്ചവെച്ചീടിനാൻ ||
ആടുംപശുക്കളുംരാത്രൌവസിക്കുന്ന |
കൂട്ടുറന്നതിലാക്കിനാനന്നവൻ ||

പുല്ലുംജലവുംനമുക്കുനല്കീസദാ |
തെല്ലുമ്മുഷിക്കാതെനമ്മെവളൎത്തിതു ||
ഏകദാരാത്രൌശയിക്കുന്നനെരത്തു |
മെഘശബ്ദ്ദംകെട്ടുസന്തുഷ്ടനായിഞാൻ ||
താനെമനൊരഥംചിന്തിച്ചുചൊല്ലിനെൻ |
ഞാനെവമെത്രനാൾപൊക്കെണ്ടുദൈവമെ ||
കാനനെവൃഷ്ടിചൊരിയുന്നനെരത്തു |
ഞാനനെകംമൃഗക്കൂട്ടത്തിലൊന്നിച്ചു ||
കൂടിച്ചിരിക്കയുംചാടിക്കളിക്കയും |
ഓടിത്തിരിക്കയുംതെടിനടക്കയും ||
എന്നുള്ളലീലാവിധങ്ങൾഹൊനമു |
ക്കെന്നുവാൻസംഗതികൂട്ടുന്നുദൈവമെ ||
എന്നുഞാന്താനെപറഞ്ഞതുഭൂപാല |
നന്ദനൻകേട്ടിങ്ങെഴുന്നെള്ളിനിന്നുടൻ ||
നാലുഭാഗംനൊക്കിയാരെയുംകണ്ടില്ല |
ബാലസാരംഗംമനുഷ്യരെപ്പൊലൊരു ||
വാക്കുപറകയൊഎന്തൊരുവിസ്മയം |
പൊക്കുലദെവതാവന്നുബാധിക്കയൊ ||
പെക്കൂത്തുകാട്ടുംപിശാചുകൾവന്നിങ്ങു |
രാക്കുററിൽമാനിനെകൊണ്ടുമിണ്ടിക്കയൊ ||
നീതിജ്ഞനെങ്കിലുമിങ്ങിനെശങ്കിച്ചു |
ഭീതിജ്വരംപിടിപെട്ടുവിറച്ചുകൊ ||
ണ്ടന്തഃപുരത്തിൽപതുക്കെപ്രവെശിച്ചു |
സന്തപ്തനായിശ്ശയിച്ചുനൃപാത്മജൻ ||
പെയ്യുംപിരാന്തുംപറഞ്ഞുതിരുമെനി |
കായുന്നിതെന്തൊരുകഷ്ടമെന്നിങ്ങിനെ ||
സെവകന്മാരുംജനനിയുമുണ്ണിക്കു |
ദെവതാപീഡയെന്നൊൎത്തുഗണികനെ ||
കൂട്ടിച്ചുകൊണ്ടന്നുപ്രശ്നവുംവെപ്പിച്ചു |

കേട്ടുവിചാരന്തുടൎന്നൊരനന്തരം ||
ദൈവജ്ഞനാമൊരുവിദ്വാനുരചെയ്തു |
വൈവശ്യമെന്തിനുരാജപുത്രവിഭൊ ||
മൎത്ത്യരെപ്പൊലെമൃഗങ്ങളുമ്മന്ത്രിക്കും |
അത്യന്തസങ്കടെശങ്കക്കൂടാതവർ ||
ഗൂഢസ്ഥലങ്ങളിൽതന്റെമനൊരാജ്യം |
ഊഢപ്രമൊദംകഥിക്കുമ്മൃഗങ്ങളും ||
എന്നതുകേട്ടുഭയപ്പെടെണ്ടാഭവാൻ |
ഇന്നുതുടങ്ങിജ്വരംശമിക്കുന്നൂഢം ||
തത്വംഗ്രഹിച്ചൊരുനെരംകുമാരനും |
ചിത്തന്തെളിഞ്ഞുപനിയുംശമിച്ചതു ||
അന്നെരമെവന്നുകെട്ടഴിച്ചാദരാൽ |
എന്നെയുംമൊചിച്ചയച്ചുനൃപാത്മജൻ ||
അങ്ങിനെബാല്യകാലത്തുനമുക്കൊരു |
സംഗതിയുണ്ടായിബദ്ധനായീടുവാൻ ||
അന്നങ്ങനുഭൂതമായുള്ളബന്ധനം |
ഇന്നുംനമുക്കുഭവിച്ചുഹിരണ്യക ||
എന്നതുകൊണ്ടുപറഞ്ഞുശരീരികൾക്കു |
ന്നതെവന്നുഭവിപ്പുവെന്നില്ലെടൊ ||

---

൫. ബന്ധു എന്ന രണ്ടു അക്ഷരം.

അങ്ങിനെതമ്മിൽപറഞ്ഞിരിക്കുംവിധൌ |
തങ്ങടെബന്ധുവാംകൂൎമ്മാധിരാജനും ||
ബന്ധുവൃത്താന്തംഗ്രഹിപ്പാൻപുറപ്പെട്ടു |
ബന്ധനസ്ഥാനത്തുചെന്നിരുന്നീടിനാൻ ||
അപ്പൊൾപറഞ്ഞുഹിരണ്യകൻഹന്തതാൻ |
ഇപ്പൊളിവിടെക്കുവന്നതുനന്നല്ല ||
കണ്ടകൻവെടൻപൊൽവരുന്നെരംഞങ്ങൾ |

മണ്ടിത്തിരിപ്പാൻസമൎത്ഥരല്ലൊസഖെ ||
തൊയത്തെവിട്ടുകരെക്കുസഞ്ചാരമി |
ത്തൊയത്തിലുള്ളഭവാന്മാൎക്കുസങ്കടം ||
മന്ദസഞ്ചാരിയാകുംഭവാനെശ്ശഠൻ |
വന്നുപിടിക്കയല്ലല്ലീമഹാമതെ ||
മന്ഥരൻചൊല്ലിനാനെന്നുചെയ്യാവതു |
മന്ദഭാഗ്യത്വംനമുക്കുവരുമെങ്കിൽ ||
വന്നതുവന്നുഭവാന്മാരെവെഷ്പിരി |
ഞ്ഞങ്ങുവസിപ്പാനെളുതല്ലിനിക്കെടൊ ||
ബന്ധുക്കളൊട്ടുവെർപെട്ടാൽമനസ്സുമ |
ങ്ങന്ധമായീടുംവിഷാദമാമംബുധൌ ||
മജ്ജനംചെയ്യുമ്മമതാപമേറീടുന്ന |
സജ്ജനത്തിന്റെസ്വഭാവമെവംസഖെ ||
എന്നുപറഞ്ഞങ്ങിരിക്കുന്നനെരത്തു |
വന്നുകൃതാന്തനെപ്പൊലെകിരാതനും ||
അപ്പൊൾഹിരണ്യൻമൃഗത്തിന്റെപാശവും |
കെല്പൊടുകണ്ടിച്ചുമണ്ടിത്തിരിച്ചിതു ||
ചിത്രാംഗസാരംഗവുമ്മഹാകാകനും |
തത്രനിന്നാശുഗമിച്ചൊളിച്ചീടിനാർ ||
മന്ദന്നടക്കുന്നമന്ഥരകൂൎമ്മത്തെ |
വന്നുപിടിച്ചുവനചരൻവെഗെന ||
വില്ലിന്റെഞാണുകൊണ്ടാശുബന്ധിച്ചൊരു |
കല്ലിന്റെചോട്ടിലുറപ്പിച്ചുവെച്ചുടൻ ||
മറ്റൊരുജന്തുവെചെന്നുകൊന്നീടുവാൻ |
മറ്റൊരുദിക്കിനുപൊയൊരനന്തരം ||
കാകൻമൃഗംമൂഷികൻമൂവരുന്തദാ |
ശൊകമ്മുഴുത്തുകരഞ്ഞുവിരഞ്ഞുടൻ ||
അന്തികെവന്നൊരുനെരത്തുമന്ഥരൻ |
യന്ത്രിതനായ്ക്കിടന്നെവമുരചെയ്തു ||

എന്തിനുകേഴുന്നുബന്ധുക്കളെനിങ്ങൾ |
എന്തിങ്ങുസങ്കടംനിങ്ങൾജീവിക്കവെ ||
ബന്ധുവെന്നിങ്ങിനെരണ്ടക്ഷരംജഗൽ |
ബന്ധുവാംസ്രഷ്ടാവുകല്പിച്ചതല്ലയൊ ||
പുത്രൻസഹൊദരൻമാതാജനകൻക |
ളത്രവുംഭൃത്യനുമാപത്സമാഗമെ ||
മിത്രങ്ങളെപ്പൊലുപകരിക്കില്ലത്രു |
സത്യമതോൎക്കപുരാണെസാരങ്ങളിൽ ||
മിത്രന്റെപുത്രനാംസുഗ്രീവവാനരൻ |
മിത്രഭാവെനവൎത്തിക്കകൊണ്ടല്ലയൊ ||
മിത്രവംശൊത്ഭവൻശ്രീരാമഭദ്രനും |
വൃത്രാരിവൈരിയാംരാത്രിഞ്ചരെന്ദ്രന്റെ ||
വക്ത്രങ്ങൾപത്തുംശരംകൊണ്ടുഖണ്ഡിച്ചു |
ധാത്രിതലന്തന്നിലിട്ടുരുട്ടിത്തദാ ||
പത്രികൾക്കാഹാരമാക്കിച്ചമച്ചുജ |
ഗത്രയത്രാണവുംചെയ്തിതുരാഘവൻ ||
എന്നതുകൊണ്ടുസുഹൃല്ലാഭമിങ്ങിനെ |
വന്നതുകൊണ്ടുനമുക്കുവിപത്തിനു ||
സംഗതിയില്ലിഹസംശയമില്ലെടൊ |
മംഗലന്തന്നെഭവിക്കുംക്രമെണമെ ||
തത്രാന്തരെഹിരണ്യാഖ്യനാംമൂഷികൻ |
ചിത്രാംഗവായസന്മാരൊടുചൊല്ലിനാൻ ||
ചിത്രാംഗസാരംഗവീരഭവാൻചെന്നു |
മിത്രാംഗരക്ഷണംചെയ്വാൻസരസ്സൂടെ ||
ചത്തപൊലെകിടന്നീടെണമന്നെരം |
എത്തുന്നവേടനെച്ചെണ്ടകൊട്ടിക്കെണം ||
കാകഭവാനുംമൃഗത്തിന്റെമെലിരു |
ന്നാകുലംകൂടാതെകൊക്കിനുനകൊണ്ടു ||
കൊത്തുന്നപൊലെനടിക്കെണമന്നെരം |

അത്യന്തമൂഢനാംവേടൻമൃഗമിതു ||
ചത്തുവെന്നോൎത്തുകൃതാൎത്ഥനായ്വന്നീടും |
ഉത്താനബുദ്ധികൾക്കുണ്ടൊവിവെകവും ||
കാണിനെരംകൊണ്ടുകൂൎമ്മത്തെബന്ധിച്ച |
ഞാണുംകടിച്ചുഖണ്ഡിക്കുന്നതുണ്ടുഞാൻ ||
മന്ദരൻവാപിയിൽചാടിമുങ്ങുംദ്രുതം |
മന്ദനാംവെടൻഗ്രഹിക്കയുമില്ലെടൊ ||
ഉള്ളിൽപ്രസാദെനമാനിനെകെട്ടുവാൻ |
വള്ളിയുംകണ്ടിച്ചുകൊണ്ടുവനചരൻ ||
വന്നടുക്കുമ്പൊനാമങ്ങുമൂവരും |
മന്ദെതരമ്മണ്ടിമാറിത്തിരിക്കയും ||
ഇത്ഥംപറഞ്ഞതവൾപ്രകാരന്തന്നെ |
സിദ്ധമായ്വന്നിതുസിദ്ധാന്തമൊക്കവെ ||
ആയതുനെരത്തുവന്നുവെടന്മൃഗം |
ചത്തുപൊയെന്നുനിനെച്ചുസന്തുഷ്ടനായി ||
ആയതമായുള്ളവള്ളികൾകൊണ്ടുഞാൻ |
കായമശെഷംവരിഞ്ഞുമൃഗത്തിനെ ||
കെട്ടിയെടുത്തങ്ങുകൊണ്ടുപൊവെനെന്നു |
അഷ്ടിക്കുറച്ചുപുറപ്പെട്ടുകാനനെ ||
കെട്ടിപ്പിണെഞ്ഞുകിടക്കുന്നവള്ളികൾ |
വെട്ടിചിതംവരുത്തിതുടങ്ങീടിനാൻ ||
സാരത്വമുള്ളൊരുകാകനുമാഖുവും |
സാരംഗവീരനുമൂന്നുപെരുന്തദാ ||
മന്ദെതരമ്മണ്ടിയൊടിഗമിച്ചിതു |
മന്ദരകൂൎമ്മവുംവാരിജലന്തന്നിൽ ||
മുങ്ങിത്തിരിച്ചങ്ങുബന്ധുക്കൾമൂവരും |
സംഗിച്ചിരിക്കുന്നസംകെതഭൂമിയിൽ ||
ചെന്നങ്ങുകൂടിസുഖിച്ചുഗമിച്ചാശു |
തങ്ങടെദിക്കിനെപ്രാപിച്ചുമെവിനാർ ||

ഒന്നുംലഭിക്കാഞ്ഞുകുണ്ഠിതംപൂണ്ടങ്ങു |
ചെന്നുഗൃഹംപുക്കുമുഢനാംവെടനും ||
മന്ദരംകാകന്മൃഗവുംഹിരണ്യനും |
മന്ദിരംപ്രാപിച്ചുമന്ദേതരോത്സവം ||
നാലുപെരുംകൂടിലാളിച്ചുമെളിച്ചു |
ലീലാവിലാസേനവാണുയഥാസുഖം ||
ഇത്ഥംസുഹൃല്ലാഭമെന്നുള്ളതന്ത്രവും |
സിദ്ധംസമസ്തംസമാപ്തംശുഭംശുഭം ||

ഇതി ദ്വിതീയ തന്ത്രം സമാപ്തം.

## തൃതീയതന്ത്രമാം സന്ധിവിഗ്രഹം.

൧. തദ്വിധന്മാരെ ചെറ്റും വിശ്വസിക്കരുത.

അന്തികെവരികെടൊശാരികെ.മൂന്നാന്തന്ത്രം |
സന്ധിവിഗ്രഹമെന്നുചൊന്നതുകഥിക്കനീ ||
സൊമശൎമ്മാഖ്യദ്വിജൻഭൂമിപാത്മജന്മാരെ |
സാമപൂൎവ്വമാംനയംബൊധിപ്പിച്ചുരചെയ്തു ||
സന്ധിവിഗ്രഹമാകുന്തന്ത്രത്തിലാദ്യശ്ലൊകെ |
ബന്ധിച്ചൊരൎത്ഥംകേട്ടുകൊൾക്കെടൊബാലന്മാരെ ||
മുന്നമെതന്നെമഹാശത്രുവാംജനംവന്നു |
തന്നുടെസുഹൃത്ഭാവംപൂണ്ടുമെവുന്നാകിലും ||
തദ്വിധന്മാരെചെറ്റുംവിശ്വസിക്കരുതെന്നു |
തന്ത്രവെദികൾപറഞ്ഞീടുന്നുശിഷ്യൎക്കളെ ||
കാകന്മാർമുന്നമുലൂകങ്ങടെവാസസ്ഥാനം |
ആകവെദഹിപ്പിച്ചുഭസ്മമാക്കിനാരെല്ലൊ ||
തൽപ്രകാരത്തെകെൾപ്പാനിച്ഛിച്ചുകുമാരന്മാർ |
വിപ്രസത്തമനുരചെയ്കിതുവഴിപൊലെ ||
പണ്ടൊരുമഹാവനന്തന്നിലങ്ങൊരുദിക്കിൽ |
ഉണ്ടൊരുവടവൃക്ഷമെത്രയുമ്മഹത്തരം ||
കൊണ്ടൽതന്നിറംപൊലെനീലയാംപത്രാവലി |
കൊണ്ടഹൊമുഴുത്തൊരുകൊമ്പുകൾകനംകൊണ്ടു ||
താണുപൊമെന്നുള്ളൊരുശങ്കകൊണ്ടെന്നുതൊന്നും |
തൂണുപൊൽചുഴലവുംവേടുകൾനിലത്തൂന്നി ||
കാടുകൾക്കൊരൊപുരകെട്ടിയപൊലെനാലു |
കോടുകളൊക്കെമൂടിക്കൊണ്ടഹൊനിന്നീടുന്നു ||

കൂടുകൾകൂട്ടിപ്പക്ഷിക്കൂട്ടങ്ങൾചുററുമമഹാ |
കോടരങ്ങളിൽനിറഞ്ഞെപ്പൊഴുംപാൎത്തീടുന്നു ||
പോടുകൾതന്നിൽബഹുസൎപ്പങ്ങൾതങ്ങൾക്കുള്ള |
വീടുകളാക്കിക്കൊണ്ടുസന്തതമ്മെവീടുന്നു ||
മെഘമാൎഗ്ഗത്തൊളമങ്ങുയൎന്നപേരാലിന്മെൽ |
മെഘവൎണ്ണനെന്നൊരുകാകലൊകാധിനാഥൻ ||
ആകുലംവിനാബഹുകാകസൈന്യങ്ങളൊടും |
സാകമധ്വാംക്ഷശ്രെഷ്ഠൻസ്വൈരമായിവാണീടുന്നു ||
ചാരുവാംപേരാൽമരന്തന്നിൽനിന്നരക്കാതം |
ദൂരവെയൊരുമഹാശ്വത്ഥപാദപന്തന്നിൽ ||
കൌശികാഖ്യങ്ങളാകുംപക്ഷിവൃന്ദങ്ങൾക്കെല്ലാം |
ൟശനാമമൎദ്ദനനെന്നുപെരായുള്ളവൻ ||
തത്രമെവുന്നുബഹുമൂങ്ങാക്കൂട്ടങ്ങളൊടെ |
രാത്രിയിൽകണ്ണുകാണ്മാൻദണ്ഡമില്ലവൎകൾക്കു ||
വായസങ്ങൾക്കുരാത്രൌകണ്ണകൊണ്ടുഫലമില്ല |
കൌശികങ്ങൾക്കുപകൽകൺകൊണ്ടുഫലംനാസ്തി ||
രണ്ടുകൂട്ടക്കാരവർതങ്ങളിൽമഹാവൈരം |
കണ്ടുവെന്നാകിൽതമ്മിലപ്പൊഴെകൊത്തിക്കൊല്ലും ||
തങ്ങളിൽകണ്ടെത്തുവാൻസംഗതിവരായ്കയാൽ |
അങ്ങിനെജ്ജീവിച്ചിരിക്കുന്നിരുകൂട്ടക്കാരും ||
ഏകദാരജനിയിൽവീൎയ്യവാനമൎദ്ദനൻ |
കാകവൃന്ദത്തെകുലചെയ്യുതിന്നൊരുമ്പെട്ടു ||
തൽക്ഷണെംലക്ഷംമൂങ്ങാക്കൂട്ടങ്ങളൊടുംപേരാൽ |
വൃക്ഷത്തെപ്രവെശിച്ചുവളഞ്ഞുചുഴലവും ||
കണ്ണുകാണാത്തുള്ളൊരുകാകവൃന്ദത്തെകൊത്തി |
ഖണ്ഡിച്ചുകുലചെയ്തുചണ്ഡമാംകൊപത്തൊടെ ||
മെഘവൎണ്ണനുതന്റെമന്ത്രിവീരന്മാരാകും |
കാകന്മാരഞ്ചുപേരുമെതാനുംപ്രജകളും ||
തെററന്നുഭയപ്പെട്ടുമറെറാരുമരഞ്ചെന്നു |

പററിനിന്നൊരുവണ്ണംചാകാതെശെഷിച്ചിതു ||
പിറെറന്നാൾപുലർകാലെവന്നിങ്ങുവടമെറി |
ച്ചുററുമങ്ങിരുന്നവർകാൎയ്യത്തെവിചാരിച്ചു ||
അഞ്ചുപേർസ്വാശ്രൂപികൾമന്ത്രികൾമനക്കാമ്പിൽ |
ചഞ്ചലംകൂടാതവർസ്വാമിയെപ്രണമിച്ചു ||
ഏകനങ്ങുദ്ദീപകൻരണ്ടാമൻസന്ദീപകൻ |
മൂന്നാമൻപ്രദീപകൻനാലാമനാദീപകൻ ||
അഞ്ചാമൻചിരഞ്ജീവിയിങ്ങിനെസചിവന്മാർ |
അഞ്ചുപെർസമൎത്ഥന്മാരെല്ലാരുമിരിക്കുമ്പൊൾ ||
ആരെയുംഭെദംകൂടാതാസ്ഥയാമെഘവൎണ്ണൻ |
ധീരതകൊണ്ടുപറഞ്ഞീടിനാന്മനൊഗതം ||
മന്ത്രിവീരന്മാരാകുംനിങ്ങടെനിഗ്രൂഢമാം |
മന്ത്രശക്തികൊണ്ടല്ലൊനമ്മുടെരാജ്യങ്ങളിൽ ||
സ്ഥാനവുമ്മാനങ്ങളുമങ്കവുഞ്ചൃങ്കങ്ങളും |
ഊനമെന്നിയെവൎത്തിച്ചിങ്ങിനെചെന്നീടുന്നു ||
ഇക്കാലംശത്രുക്കൾവന്നിങ്ങിനെബഹുതരം |
ധിക്കാരംപ്രവൃത്തിച്ചുനിഗ്രഹമെററംചെയ്തു ||
വന്നതുവന്നുയിനിമെല്ലെട്ടുപരിഭവം |
വന്നുപൊകാതെവൈരിനിഗ്രഹംചെയ്തുകൊൾവാൻ ||
എന്തിനിനല്ലുനമുക്കെന്നതുമനക്കാമ്പിൽ |
ചിന്തിച്ചുപറഞ്ഞാലുംമന്ത്രിപുംഗവന്മാരെ ||
എന്നതുകേട്ടുപറഞ്ഞീടിനാനുദ്ദീപകൻ |
എന്നുടെമതമുള്ളിൽതൊന്നിയതുണൎത്തിക്കാം ||
ഉഗ്രവിക്രമന്മാരാംശത്രുക്കൾവന്നനെത്താൽ |
നിഗ്രഹംചെയ്തുജയിച്ചീടുകപരാധീനം ||
മറെറാരുദിക്കിൽമാറിപ്പാൎക്കയെന്നതുകൊള്ളാം |
മറെറാരുബലവാനെസ്സെവചെയ്കിലുംകൊള്ളാം ||
വന്നുപദ്രവിക്കുന്നവൈരിയെതന്നെശീഘ്രം |
ചെന്നങ്ങുസമാശ്രയംചെയ്കയെന്നാലുംകൊള്ളാം ||

ഇങ്ങിനെമൂന്നനയംദുബ്ബലന്മാക്കുയോഗ്യം |
തിങ്ങിനബെലമുള്ള വൈരികൾവരുന്നെരം ||
ചൊല്ലിനാൻസ്ഥിവകനിദ്ദെഹമ്പറഞ്ഞതു |
നല്ലൊരുനീതിമാഗ്ഗമെങ്കിലുംചിതംവരാ ||
തന്നുടെരാജ്യംവെടിഞ്ഞന്യദിക്കിനുപൊകും |
മന്നവന്മാരുംപിന്നെശപാക്കളുമൊരുപൊലെ ||
നാട്ടിലങ്ങിരിക്കുമ്പൊൾനല്ലവന്താനുമ്മരു |
നാട്ടിലായ്വരുന്നെരമെല്ലാക്കുംപരിഹാസം ||
കൈക്കലുള്ളതുംവിറവുതിന്നൊക്കെവകയാക്കി |
ദുഘടസ്ഥലങ്ങളിൽദുഃഖിച്ചുതന്നിക്കൊരു ||
ചെക്കനുംകൂടെചൊൽക്കീഴില്ലാതായ്വരുംക്രമാൽ |
അക്കണെക്കാകുംനാടുവിട്ടുപൊകുന്നനൃപൻ ||
കട്ടിലുംവിട്ടുകലഹിക്കുന്നപുരുഷനെ |
കെട്ടിയപെണ്ണുംകൂടപ്പെട്ടനുവെടിഞ്ഞീടും ||
തന്നുടെപ്രജകളുംരാജ്യവുന്നഗരവും |
എന്നുള്ള പദാത്ഥങ്ങളൊന്നുമെചിന്തിക്കാതെ ||
മാററാനെക്കണ്ടപ്പൊഴെമണ്ടിയങ്ങൊളിച്ചഹൊ |
മറെറാരുദിക്കിൽപൊകുമ്മന്നവന്മാക്കുപിന്നെ ||
തങ്ങടെനാട്ടിൽവന്നുവസിപ്പാൻതാനുള്ളന്നം |
സംഗതിവരികയില്ലെന്നതുബൊധിക്കെണം ||
എന്നതുകൊണ്ടുരാജ്യംവിട്ടുപൊകരുതെന്ന |
ഞ്ങെന്നുടെപക്ഷമെന്നുപറഞ്ഞുസന്ദീപകൻ ||
ഉക്തവാൻപ്രദീപകൻനമ്മുടെപക്ഷംപിന്നെ |
ശക്തിമാനായുള്ളൊരുശത്രുവന്നെതുക്കുമ്പൊൾ ||
വാശ്ശുതുംചൊല്ലുംപൊലെകേട്ടുകൊണ്ടുദ്ദെഹത്തെ |
സംശ്രയിച്ചിട്ടുന്തൻെറരാജ്യത്തെരക്ഷിക്കെണം ||
ബാലരുംവൃദ്ധന്മാരുംസ്ത്രീകളുംദീനന്മാരും |
കാലിനുമുടക്കുള്ളൊർകണ്ണുകാണാതുള്ളവർ ||
ഇങ്ങിനെബഹുവിധംരാജ്യവാസികളെല്ലാം |

എങ്ങിനെപൊറുക്കുന്നുമന്നവൻമണ്ടിപൊയാൽ ||
ആയതുവിചാരിക്കാതോട്ടുന്നനൃപൻമ്മൂരെ |
പൊയെന്നാലെങ്ങുംപിന്നെപ്പുറവുകയില്ലാട്ടഭം ||
നാട്ടിലെപ്രജകൾക്കുതങ്ങളെദണ്ഡിപ്പിച്ചു |
കൂട്ടിച്ചുകൊണ്ടുവരാനുത്സാഹമുണ്ടാകില്ല ||
വിശ്രുതന്മാരായുള്ളഭൂപാലന്മാരെച്ചെന്ന |
ങ്ങാശ്രയിച്ചതുകൊണ്ടുഹാനിയുംവരാനില്ലാ ||
ഗംഗയുന്താനെചെന്നുസാദരംസമുദ്രത്തെ |
സംഗിച്ചുസ്സെവിച്ചീടുന്നില്ലയൊകാകെശ്വര ||
സ്വാമിയെക്കുപ്പിത്തൊഴുതീടിനാനാദീപകൻ |
സാമദാനാദിനമുക്കൊട്ടുമെമതമല്ല ||
ചണ്ഡരാമുലൂകന്മാരിജ്ജനങ്ങൾക്കുരാത്രൌ |
കണ്ണുകാണകയില്ലെന്നുകല്പിച്ചുനിമ്മയ്യാദം ||
നമ്മെവന്നുപദ്രവംചെയ്യുതുചിന്തിച്ചാലും |
ദുമ്മദന്മാരെച്ചെന്നുസെവിപ്പാൻചിതമുണ്ടൊ ||
അണ്ഡജാധമന്മാരാമക്കൂട്ടക്കാൾക്കുപകൽ |
കണ്ണുകാണകയില്ലെന്നുതമ്പുരാനൊക്കുന്നില്ലെ ||
കാകസംഘത്തെയൊഗന്തികെച്ചുപകൽചെന്നാൽ |
ആകവെകൊത്തിക്കൊന്നുപോന്നുകൊള്ളരുതായൊ ||
ഇങ്ങിനെനാലുമന്ത്രപ്രൌഢന്മാരുടെമതം |
സംഗ്രഹിച്ചനന്തരംവായസാധീശന്മുദാ ||
അത്ഥശാസ്ത്രങ്ങളെല്ലാമഭ്യസിച്ചവററില്ല |
ള്ളത്ഥത്തെവെളിവാക്കിചൊല്ലുവാൻസമത്ഥനാം ||
മന്ത്രിപുംഗവൻചിരഞ്ജീവിതന്മനൊഗതം |
മന്ത്രമെന്തെന്നുചൊദ്യംഞ്ചെയ്യപ്പൊളവഞ്ചൊന്നാൻ ||
നാലുപെരമാത്യന്മാരൊന്നിച്ചുപറഞ്ഞതു |
നാലുമാഗ്ഗമെന്നാലുന്നന്നിതുവഴിനാലും ||
എന്നതിൽവിശെഷിച്ചൊന്നങ്ങൊട്ടുഗ്രഹിപ്പിപ്പാൻ |
മന്ദനാമടിയനുമാനസെതൊന്നുന്നില്ല ||

എങ്കിലുമൊരുവിധംശാസ്ത്രമങ്ങറിയിക്കാം |
എന്നുടെഗുരുക്കന്മാരഭ്യസിപ്പിച്ചവഴി ||
മന്ത്രഗൊപനത്തൊളമാവശ്യമ്മററില്ലെന്നു |
മന്ത്രിപുംഗവന്മാരുംസ്വാമിയുംബൊധിക്കെണം ||
കുംഭങ്ങൾപിളൎക്കുമ്പൊളായതിന്നകത്തുള്ളൊർ |
അംഭസ്സുചൊൎന്നുചൊൎന്നുനാസ്തിയായ്പ്പൊരുമല്ലൊ ||
കെവലംചാൎച്ചക്കാരെഗൂഢമായുള്ളമന്ത്രം |
കെൾപ്പിച്ചുതുടങ്ങിയാൽമന്ത്രഭംഗവുംവരും ||
ചെൎച്ചക്കാർപലരുണ്ടാമായവൎക്കുള്ളിഞ്ചില |
ചാൎച്ചക്കാരവരുടെവേഴ്ചക്കാരൊരുകൂട്ടം ||
ചേൎച്ചക്കാരവൎക്കുള്ള ചാൎച്ചക്കാരവരുടെ |
വേഴ്ചക്കാരെന്നുവെണ്ടാകെട്ടുകെട്ടൊരുപൊലെ ||
ഗൂഢസംസാരംനാട്ടിലൊക്കവെവെളിവായാൽ |
കൂടലർകുലംബലപ്പെട്ടുപൊമതുമൂലം ||
സന്ധിവിഗ്രഹംയാനമാസനംദ്വൈധീഭാവം |
ആശ്രയംനയങ്ങളിച്ചൊന്നതുനാലുംരണ്ടും ||
സാരമാമ്മന്ത്രത്തിന്നുമംഗങ്ങളഞ്ചാകുന്നു |
കാൎയ്യമാരംഭിപ്പാനുള്ളു പായംപ്രഥമാംഗം ||
വിത്തവുംപുരുഷകാരങ്ങളുംസ്വരൂപ്പിപ്പാൻ |
ഉത്തമംവിചാരമെന്നുള്ളതുരണ്ടാമംഗം ||
ദെശകാലങ്ങൾവിചാരിപ്പതുമൂന്നാമംഗം |
നാശത്തിമ്പ്രതിക്രിയാചിന്തനംനാലാമംഗം ||
കാൎയ്യസാദ്ധ്യത്തെക്കുറിച്ചുദ്യൊഗമഞ്ചാമംഗം |
കാൎയ്യസാരജ്ഞന്മാർപണ്ടിങ്ങിനെപറയുന്നു ||
സാമവുംദാനംഭെദംദണ്ഡവുമുപായങ്ങൾ |
സാമൊപായികന്മാൎക്കുസാദ്ധ്യങ്ങളിവയെല്ലാം ||
ഉത്സാഹശക്തിപ്രഭുശക്തിയുമ്മന്ത്രശക്തി |
മത്സ്വാമിഗ്രഹിക്കെണമീദൃശന്നീതിശാസ്ത്രം ||
സംഗരംചെയ്വാനിപ്പൊൾസാമൎത്ഥ്യന്നമുക്കില്ല |

സംഗരത്തിന്നുള്ളൊരുകാലവുംവന്നീലിപ്പോൾ ||
ആഹവംചെയ്കിലല്ലെന്നാൽനിശ്ചയംമൃതിയെന്നും |
ആഹവംചെയ്താൽമൃത്യുസംശയമെന്നുവരും ||
അങ്ങിനെയുള്ളെടത്തുസംഗരന്തന്നെവെണം |
ഇങ്ങിപ്പൊളുപ്രകാരമാവശ്യംവന്നില്ലല്ലൊ ||
നമ്മുടെരിപുക്കളാംകൌശികന്മാൎക്കുമിപ്പോൾ |
നമ്മെക്കാൾബലവീൎയ്യംവിത്തസമ്പത്തുമേറും ||
എന്നതുകൊണ്ടുബകൊടത്തിന്റെധൎമ്മംകൈക്കൊ |
ണ്ടൊന്നുമെഭാവിക്കാതെനിന്നുകൊണ്ടനുക്രമാൽ ||
സംഗതിവരുന്നെരംസിംഹധൎമ്മത്തെപ്പൂണ്ടു |
സംഗരെരിപുക്കളെസംഹരിക്കയുംചെയ്യാം ||
വൎദ്ധനംരിപുക്കൾക്കുതങ്ങൾക്കുശക്തിക്ഷയം |
ബുദ്ധികൊണ്ടിതുരണ്ടുമോൎക്കാതെപുറപ്പെട്ടു ||
യുദ്ധത്തിന്നൊരുമ്പെട്ടുചെല്ലുന്നൊരവിവെകി |
ക്രൌൎയ്യമ്മാരുമെന്നല്ലൂൎദ്ധ്വമായ്മണ്ടിപ്പൊരും ||
വൈരികൾദ്ദൂരസ്ഥന്മാരെങ്കിലുമവരുടെ |
ഗൌരവംനിലെപ്പിക്കമുല്ലൂഷ്ടമഹീപാലൻ ||
എത്രയുംവികൃഷ്ടനായുള്ളവൻസമീപത്തെ |
ശത്രുവെപ്പൊലുംജയിച്ചീടുവാനാളല്ലല്ലൊ ||
ദ്ദൂരവെവന്നുദിച്ചീടുന്നദിവാകരൻ |
പാരിലെതിമിരങ്ങളൊക്കവെനീക്കീടുന്നു ||
അല്പമാംപ്രദീപത്തെകത്തിച്ചാലടുക്കെയു |
ള്ളന്ധകാരവുംനിഴൽപിടിച്ചുനില്ക്കയുള്ളു ||
ശത്രുക്കളുടെശക്തിവൎദ്ധിക്കുംകാലംധീരൻ |
കുത്രചിൽക്ഷമിച്ചിരുന്നീടുകതന്നെനല്ലു ||
തത്രവൈരികൾക്കുള്ളന്താഴ്ചകാണുമ്പൊൾതന്റെ |
മിത്രസമ്പത്തുകൂടിച്ചെന്നങ്ങുനേൎത്തീടെണം ||
ധീരന്മാരായുള്ളൊരുമെദിനീപാലന്മാൎക്കു |
ചാരന്മാൎകണ്ണാകുന്നുദൂതന്മാർവദനവും ||

മന്ത്രമെന്നതു ചട്ടബുദ്ധിതാനസ്ത്രങ്ങളും |
മന്ത്രികളുകമ്പടികൂട്ടുവാന്മാത്രംകൊള്ളാം ||
ജൃംഭിച്ചുമെവുംരിപുശ്രീയാകുംഭുജംഗിയെ |
സ്തംഭിപ്പിപ്പതിന്നൊരുമന്ത്രമായ്വരുമ്മന്ത്രം ||
അങ്ങിനെയുള്ളമന്ത്രംഛിദ്രിച്ചുപൊയെന്നാകിൽ |
എങ്ങുമെനിലനില്പാൻകെല്പുമില്ലാതായ്വരും ||
സ്വായത്തസിദ്ധിസചിവായത്തസിദ്ധിയെന്നും |
നായകന്മാരെന്നുമുഭായത്തസിദ്ധിയെന്നും ||
താന്തന്നെകാൎയ്യക്ലെശംചെയ്യുന്നൊനാദ്യന്നൃപൻ |
മന്ത്രിയെത്തന്നെകല്പിച്ചാക്കുന്നൊൻരണ്ടാന്നൃപൻ ||
താനുമസ്സചിവനുംകൂടവെവിചാരിച്ചു |
സ്ഥാനങ്ങൾനടത്തുന്നമന്നവന്മൂന്നാന്നൃപൻ ||
മന്നവന്തന്റെപാട്ടിലെതൊരുകാൎയ്യത്തിനും |
തന്നുടെസചിവന്മാൎന്നില്ക്കുമെന്നാകിൽഗുണം ||
മന്ത്രഗുപ്തിയുന്നമുക്കെത്രയുംപാരംകൃഛ്രം |
മന്ത്രിപുംഗവന്മാൎക്കുമ്മന്ത്രകൌശലംനാസ്തി ||
ദ്രവ്യവുമില്ലപുരുഷാരവുംപാതിചത്തു |
ദുൎവ്യയംകൂടാതിനിക്കൊപ്പുകൾകൂട്ടാൻമെലാ ||
സന്ധിയെന്നതുംപിന്നെസ്സാധിപ്പാൻപരാധീനം |
സന്തതംവൎദ്ധിക്കുന്നമത്സരംകൊണ്ടുപാരം ||
അന്ധന്മാരുലൂകന്മാർവൈരികളുവൎക്കിപ്പൊൾ |
അന്തരംഗത്തിലൊരുശാന്തതതെല്ലുമില്ല ||
സന്ധിക്കുസംസാരിപ്പാനില്ലൊരുനെരംപാൎത്താൽ |
അന്തിക്കുമുമ്പെകണ്ണുകാണാതനമുക്കെല്ലാം ||
അക്കാൎയ്യംപകൽചെന്നുസാധിപ്പാനതുംകൂടാ |
അക്കൂട്ടക്കാൎക്കുപകൽകണ്ണുകാണ്കയില്ലല്ലൊ ||

മെഘവൎണ്ണനുഞ്ചൊന്നാനെന്തൊരുഹെതുകൊണ്ടു |
കാകലൊകവുമുലൂകങ്ങളുന്തമ്മിൽവൈരം ||
ഇങ്ങിനെദൈവാസുരമെന്നതുപൊലമുന്നം |

സംഗതിവരാനെന്തുകെട്ടറിയുന്നൊഭവാൻ ||
മന്ദഹാസവുമ്പൂണ്ടുപറഞ്ഞുചിരംജീവി |
മന്ദഭാഗ്യന്മാർപക്ഷിക്കൂട്ടങ്ങളെന്നെവെണ്ടു ||
വ്യാഘ്രചർമ്മത്തെക്കൊണ്ടുകുപ്പായമിട്ടുകൊണ്ടു |
ശീഘ്രചാരിയാമൊരുഗർദ്ദഭംവെനൽക്കാലം ||
സൌഖ്യമായിസസ്യങ്ങളുംഭക്ഷിച്ചുനടക്കുമ്പൊൾ |
വാക്കുദൊഷത്തെക്കൊണ്ടുതനിക്കുനാശംവന്നു ||
മെഘവർണ്ണനുമതുകെൾക്കെണമെന്നുചൊന്നാൻ |
കാകമന്ത്രീശൻചിരഞ്ജീവിയുമുരചെയ്തു ||

൫. വാക്കുദൊഷം കൊണ്ടു നാശം വന്നതു.

പണ്ടൊരുരജകൻെറവസ്ത്രഭാണ്ഡവുംപേറി |
കൊണ്ടൊരുകഴുതയുണ്ടങ്ങാടിത്തെരുവതിൽ ||
കണ്ടങ്ങൾതൊറുഞ്ചെന്നുധാന്യങ്ങൾതിന്നുന്നെരം |
കണ്ടവരെറിഞ്ഞൊട്ടിദ്ദൂരവെമണ്ടിക്കുന്നു ||
തന്നുടെകഴുതെക്കുഭക്ഷണമില്ലായ്കയാൽ |
തന്നുടെഭാണ്ഡംപേറാൻശക്തിയില്ലാതാമല്ലൊ ||
ഇത്തരംവിചാരിച്ചങ്ങെകദാനിർണ്ണെജകൻ |
പുത്തനാംപുലിത്തൊലുകൊണ്ടുവന്നതുകൊണ്ടു ||
ഗർദ്ദഭത്തിൻെറദെഹമൊക്കവെമൂടിക്കെട്ടി |
തദ്ദിശിസസ്യത്തിന്മാൻവിട്ടിതുരജനിയിൽ ||
കണ്ടത്തിൽചാടിസസ്യംഭക്ഷിച്ചുതുടങ്ങിനാൻ |
കണ്ടെത്തിപ്രഹരിപ്പാൻവരുന്നകാവൽക്കാരും ||
വ്യാഘ്രമെന്നൊർത്തുപേടിച്ചൊടിനാർകഴുതെക്ക |
ങ്ങാക്രമിപ്പാനുംപരാധീനമില്ലാതായ്വന്നു ||
അങ്ങിനെനാലുപത്തുരാത്രികൾകഴിഞ്ഞപ്പൊൾ |
അങ്ങൊരുകാവൽക്കാരൻകൌശലക്കാരന്തദാ ||

ചിത്രകംബളംകൊണ്ടുതന്റെഗാത്രമമ്മൂടി |
തത്രചെന്നിതുവില്ലുംശരവുമ്മറെച്ചുടൻ ||
ഗർദ്ദഭമതുകണ്ടുഗർദ്ദഭസ്ത്രീയെന്നൊൎത്തു |
ഗൎജ്ജനഞ്ചെയ്യുമദനാൎത്തനായണഞ്ഞിതു ||
ഗൎജ്ജനംവികൃതമായികെട്ടപ്പൊൾകാവല്ക്കാരൻ |
ഗർദ്ദഭമിതെന്നറിഞ്ഞസ്ത്രത്തെപ്രയോഗിച്ചാൻ ||
ശബ്ദദൊഷത്താലങ്ങുഗർദ്ദഭംശരമെററു |
ചത്തുവീണിതുദൊഷനങ്ങിനെയവസാനം ||
എന്നതുകൊണ്ടുചൊന്നെൻകാകകൌശികന്മാൎക്കും |
തന്റെവാഗ്ദൊഷംകൊണ്ടുണ്ടായിമഹാവൈരം ||
പക്ഷിജാതികളൊക്കെക്കൂടവെവിചാരിച്ചു |
രക്ഷിതാവൊരുയജമാനനെകല്പിക്കെണം ||
പക്ഷിവൎഗ്ഗത്തിൽപട്ടവാകിനപുരുഷനെ |
പക്ഷിരാജ്യാഭിഷെകംചെയ്തിഹവാഴിക്കെണം ||
ഇത്ഥമങ്ങെല്ലാവരുംകൂടവെവിചാരിച്ചു |
സ്നിഗ്ദ്ധനാമുലൂകത്തെകൊള്ളിക്കാമെന്നുറച്ചു ||
പക്ഷിപട്ടാഭിഷെകത്തിന്നുള്ളപദാൎത്ഥങ്ങൾ |
പക്ഷപാതികൾചെന്നുകൊണ്ടന്നുവട്ടംകൂട്ടി ||
ഉത്തമഞ്ചെകൊരവുംവന്നിതുമന്ത്രിദ്വിജൻ |
സത്വരംകലശങ്ങൾപൂജിച്ചുതുടങ്ങിനാൻ ||
അന്നെരംവന്നാനൊരുവൃദ്ധനാമ്മഹാകാകൻ |
സന്നാഹമിതുകണ്ടുചൊദിച്ചുസഭാന്തരെ ||
എന്തൊരുഭാവംനിങ്ങളിങ്ങവനെപ്രഭുവാക്കാ |
നന്തരംവിനാവട്ടംകൂട്ടുന്നുകഥിച്ചാലും ||
പക്ഷികളുരചെയ്താർഞങ്ങളിന്നുലൂകത്തെ |
പക്ഷിരാജനായ്വെച്ചുവാഴിപ്പാന്തുടങ്ങുന്നു ||
ചൊല്ലിനാൻവൃദ്ധധ്വാംക്ഷൻനല്ലൊരുനീതിമാൎഗ്ഗം |
അല്ലിതുഭവാന്മാൎക്കെന്തിങ്ങിനെതൊന്നീടുവാൻ ||
വംശശുദ്ധിയില്ലാത്തകൌശികന്മാൎക്കുരാജ്യം |

സംശയംകൂടാതഹൈാകൊട്ടത്താൽസുഖംവരാ ||
എന്തൊരുപരമ്പരാബന്ധമിട്ടിവാന്ധന്മാ |
ക്കെന്തൊരുസദാചാരമാചരിക്കുന്നൊരിവർ ||
സൎവ്വദാകൊപംകൊണ്ടുകരുത്തഭാവത്തൊടെ |
പൎവ്വതഗുഹകളിലൊളിച്ചുപകലെല്ലാം ||
രാത്രിയിൽപുറപ്പെട്ടുഭക്ഷണംതെണ്ടിക്കൊണ്ടു |
ധാത്രിയിലിരുട്ടത്തുസഞ്ചരിക്കുന്നകൂട്ടം ||
പക്ഷികൾക്കജമാനനായ്യുരുന്നെരംപകൽ |
കുത്രനിന്നിവൻരാജ്യംരക്ഷിച്ചുപുലത്തുന്നു ||
യൽക്കുലത്തന്നിലൊരുവിശ്രുതനുണ്ടെങ്കിലെ |
തൽക്കുലെജ്ജനിക്കുന്നൊൎക്കുൽക്കൎഷമുണ്ടായ്വരൂ ||
ചന്ദ്രസെവിയാംശശപ്രൌഢനങ്ങുണ്ടാകയാൽ |
അന്ന്യനാമൊരുശശംദന്തിയെജ്ജയിച്ചല്ലൊ ||
എങ്ങിനെജ്ജയിച്ചെന്നുപക്ഷികൾചൊദിച്ചപ്പൊൾ |
എങ്കിലൊകെൾക്കെന്നുരചെയ്തിതുകാകാധീശൻ ||

൯. ദന്തിരാജനെ കൊണ്ടു കൂട്ടത്തെ പിരിപ്പിച്ചതു.

ഭൂതലെപന്തീരാണ്ടുവൎഷമില്ലായ്കമൂലം |
ഭൂതജാലങ്ങളൊക്കെശ്ശൊഷിച്ചുവശംകെട്ടു ||
കാനനെമഹാഗജക്കൂട്ടങ്ങൾദാഹംകൊണ്ടു |
ദീനതാപൂണ്ടുഗജശ്രെഷ്ഠനൊടറിയിച്ചു ||
കുംഭിരാജനായുള്ളതമ്പുരാന്തിരുവടി |
കുമ്പിടുംജനങ്ങളെകാത്തരുളെണംനാഥ ||
കാട്ടിലെകുളന്തോടുംപലപലങ്ങളുംവററി |
കാട്ടാനക്കൂട്ടങ്ങൾക്കുംമററുള്ളജന്തുക്കൾക്കും ||
തൊയപാനത്തിനെങ്ങുംസംഗതിവരായ്കയാൽ |
കായങ്ങൾമെലിഞ്ഞേററംനടപ്പാനെലാതായി ||

ഏതൊരുദിക്കിൽജലമുള്ളതെന്നന്വെഷിപ്പാൻ |
ദൂതരെകല്പിച്ചയച്ചീടുകവെണംസ്വാമിൻ ||
എന്നതുകെട്ടുഗജശ്രെഷ്ഠനുംഅവനെവനെ |
ചെന്നങ്ങുവിചാരിപ്പാൻദൂതരെനിയൊഗിച്ചു ||
ആയതിലൊരുദൂതൻവന്നുനിന്നറിയിച്ചു |
തൊയപൂൎണ്ണയാമൊരുവാപിയുണ്ടൊരുദിക്കിൽ ||
ചന്ദ്രകാസരസ്സെന്നുനാമവുംകെട്ടെന്നതിൽ |
സാന്ദ്രശീതളംജലംനിൎമ്മലന്നിരന്തരം ||
അത്രനിന്നൊരുകാതംമാത്രമെവഴിയുള്ളു |
തത്രചെന്നംബുക്രീഡാസ്നാനപാനങ്ങൾസുഖം ||
എന്നതുകെട്ടുഗജരാജനുംവൃന്ദങ്ങളും |
നന്ദിപൂണ്ടവിടെക്കുസത്വരംപുറപ്പെട്ടു ||
ചന്ദ്രകാസരസ്സിന്റെതീരത്തുവസിക്കുന്ന |
സുന്ദരശശങ്ങടെവൃന്ദമുണ്ടനവധി ||
ദന്തിയൂഥങ്ങൾചെന്നുചവിട്ടിശശങ്ങടെ |
പങ്ക്തിയെപ്പാടെകൊന്നുതുടങ്ങിമാൎഗ്ഗങ്ങളിൽ ||
അന്നെരംശശങ്ങൾക്കുനാഥനാംശിലീമുഖൻ |
തന്നുടെകാൎയ്യക്കാരെവരുത്തിവിചാരിച്ചു ||
നമ്മുടെസരസ്സുടെവാരണക്കൂട്ടംവന്നു |
നമ്മുടെപ്രജകളെച്ചവിട്ടിക്കൊന്നീടുന്നു ||
എന്തൊരുമാൎഗ്ഗംവെണ്ടുദന്തിവൃന്ദത്തെനീക്കാൻ |
എന്നതുചിന്തിക്കെണമെന്നുള്ളമൊഴികേട്ടു ||
ചിന്തിച്ചുവിജയനെന്നുള്ളൊരുശശാമാത്യൻ |
ദന്തിരാജനെക്കൊണ്ടുകൂട്ടത്തെപിരിപ്പിക്കാം ||
ചന്ദ്രകാസാരന്തന്നിൽവന്നിറങ്ങീടുമ്മുമ്പെ |
ചെന്നുഞാൻഗജെന്ദ്രനെപ്പറഞ്ഞുനിൎത്തീടുന്നെൻ ||
തുഷ്ടനാംശിലീമുഖൻചൊല്ലിനാൻവിജയനെ |
നെട്ടുദിക്കിലുംപുകൾപൊങ്ങിനമുയൽഭവാൻ ||
ഒട്ടുമെകാലക്ഷെപംകൂടാതെചെന്നുഗജ |

ക്കൂട്ടത്തെപിരിച്ചയച്ചീടുകമഹാബാഹൊ ||
അങ്ങിനെയെന്നങ്ങുരചെയ്തിതുവിജയനും |
തുംഗനാംഗജെന്ദ്രനെപ്രാപിച്ചുവിചാരിച്ചു ||
പ്രാണികളഗജങ്ങളൊടടുത്താൽനാശംവരും |
ഘ്രാണിക്കുംപൊലെവന്നുവധിക്കുംസൎപ്പങ്ങളും ||
പുഞ്ചിരിയിട്ടുംകൊണ്ടുകൊല്ലിക്കുംഭൂപാലന്മാർ |
വഞ്ചിക്കുംഖലന്മാരുംചെന്നുനിൽക്കവെതന്നെ ||
വമ്പനാംകുലയാനക്കൊമ്പന്റെപിറകിലും |
മുമ്പിലുമിടംവലംരണ്ടുഭാഗത്തിങ്കലും ||
ചെന്നുനിൽക്കരുതൊരുനെരവുന്തന്റെപാട്ടിൽ |
വന്നുവെന്നുള്ളബുദ്ധിതൊന്നിയാൽനാശംവരും ||
എന്നതുകൊണ്ടുഞാനുംപൎവ്വതമുകളെറി |
നിന്നുകൊണ്ടിവനൊടുകല്യാണംപൃച്ശിക്കുന്നെൻ ||
ഇത്തരംവിചാരിച്ചുബുദ്ധിമാൻവിജയാഖ്യൻ |
സത്വരംഗിരിമുകളെറിനിന്നുരചെയ്താൻ ||
നാഗരാജാവിന്നുന്തന്മന്ത്രിമാതംഗങ്ങൾക്കും |
സ്വാഗതംഭവിക്കുന്നൊഭൊഗസൌഖ്യവുമെല്ലാം ||
രൊഗങ്ങൾകാൎശ്യക്ഷയമിത്യാദിദുഃഖത്തൊടു |
യൊഗമെന്നിയെവനെവാണരുളുന്നീലയൊ ||
എന്നതുകെട്ടുഗജശ്രെഷ്ഠനുംകൂട്ടക്കാരും |
എന്തൊരുമഹത്ഭുതമാരുവാൻപറയുന്നു ||
ഇങ്ങിനെവിചാരിച്ചുമെല്ലെട്ടുനൊക്കുന്നെരം |
അങ്ങിരുന്നുരചെയ്തുസാദരംവിജയനും ||
താരകാധിപനാകുംചന്ദ്രനാംഭഗവാന്റെ |
ചാരനാമൊരുശശംഞാനെന്നുധരിച്ചാലും ||
നമ്മുടെകുലന്തന്നിൽശ്രെഷ്ഠനാമൊരുമുയൽ |
ചന്ദ്രനെസ്സെവിച്ചല്ലൊമെവുന്നുസദാകാലം ||
ചന്ദ്രനിജ്ജനങ്ങൾക്കുനിത്യസൌഖ്യത്തിനായി |
ചന്ദ്രകാസാരംഭൂമൌനിൎമ്മിച്ചുമനൊഹരം ||

ആയതുകാപ്പാനെന്നെക്കല്പിച്ചുനിശാകരൻ |
ന്യായമല്ലാതെവിഭൊഷ്ടതന്മാർപറയുമൊ ||
ചന്ദ്രകാസാരത്തന്നിലാനകളനവധി |
വന്നിറങ്ങിയാൽവെള്ളമാകവെകലങ്ങിപ്പൊം ||
എന്നതുകെട്ടുഗജശ്രെഷ്ഠനെധരിപ്പിപ്പാൻ |
എന്നുടെസ്വാമിചന്ദ്രൻനമ്മളെനിയൊഗിച്ചു ||
തന്നുടെഹിതന്മാൎക്കശീതളന്നിശാകരൻ |
തന്നുടെശത്രുക്കളെതപിപ്പിക്കയുംചെയ്യും ||
കൈരവങ്ങൾക്കുകാന്തിനല്കുന്നനക്ഷത്രെശൻ |
വൈരമുള്ളംഭൊജത്തെകുണ്ഠിതമാക്കുന്നില്ലെ ||
എന്നതുകെട്ടുഭയപ്പെട്ടൊരുഗജശ്രെഷ്ഠൻ |
തന്നുടെകൂട്ടക്കാരെപ്പിരിച്ചങ്ങയച്ചുടൻ ||
താനുമശ്ശശത്തൊടുയാത്രയുംചൊല്ലിപ്പൊയാൻ |
എന്നതകൊണ്ടുചൊന്നെൻസൽക്കുലന്മാരെനല്ലു ||
ക്ഷുദ്രനാംപുരുഷനെവിശ്വസിച്ചവൎക്കൊട്ടും |
ഭദ്രമായ്വരികയില്ലെന്നതുബൊധിക്കെണം ||
പണ്ടൊരുകപിഞ്ജലപക്ഷിയുംശശകനും |
രണ്ടുപെർമരിച്ചുപൊൽക്ഷുദ്രവിശ്വാസമൂലം ||
ആയതെങ്ങിനെയെന്നുപക്ഷികൾചൊദ്യംചെയ്തു |

൯. പക്ഷിയും ശശകനും അന്തികെ ചെന്ന നെരം.

വായസംപറഞ്ഞിതുഞാനൊരുകാലമ്മുന്നം |
കാനനന്തന്നിലൊരുവൃക്ഷത്തിൽകൂട്ടുംകെട്ടി ||
ദീനമെന്നിയെപലവാസരംവസിച്ചിതു |
കോടരെകപിഞ്ജലനെന്നൊരുപക്ഷിവന്നു ||
കൂട്ടുമുണ്ടാക്കിതത്രവാണിതുയഥാസുഖം |
സൊഹമക്കപിഞ്ജലപക്ഷിയുന്തമ്മിൽപ്രാണ ||
സ്നെഹമായ്ച്ചമഞ്ഞിതുകൂടവെവസിക്കയാൽ |

ഏകദാസന്ധ്യാഗമെവന്നില്ലകപിഞ്ജലൻ ||
ശൊകകുണ്ഠിതംപൂണ്ടുവാണെഞാൻപുലരൊളം |
അക്കാലംകപിഞ്ജലൻപാൎക്കുന്നകോടരത്തിൽ ||
ദീൎഘകൎണ്ണനെന്നൊരുമുയൽവന്നകംപുക്കു |
യൊഗ്യമല്ലെടൊശശനമ്മുടെസുഹൃത്താകും ||
ഭാഗ്യവാൻകപിഞ്ജലന്തന്നുടെഗൃഹന്തന്നിൽ |
വന്നുനീവസിപ്പതുനിന്നുടെനിൎമ്മൎയ്യാദം ||
എന്നുഞാൻവിരൊധിച്ചെന്നായവൻകൈക്കൊണ്ടില്ല |
മൂന്നുനാലഹൊരാത്രമിങ്ങിനെകഴിഞ്ഞപ്പൊൾ ||
വന്നിതുകപിഞ്ജലൻദീൎഘകൎണ്ണനെകണ്ടു |
ആരെടൊമമസ്ഥാനെവന്നിരുന്നതുമൂഢാ ||
ദൂരെമാറിപ്പൊകെന്നുപറഞ്ഞുകപിഞ്ജലൻ |
ദീൎഘകൎണ്ണനുംചൊന്നാനീദൃശസ്ഥാനങ്ങളിൽ ||
ആൎക്കുമെഭെദമില്ലെന്നുത്തമന്മാർചൊല്ലുന്നു |
വാപികൾതടാകങ്ങൾകൂപങ്ങൾവൃക്ഷങ്ങളും ||
പ്രാപിക്കുന്നവൎക്കെല്ലാമാവാസസ്ഥലന്തുല്യം |
ഞാനിതിനുടയവനെന്നുരചെയ്യാനൊരു ||
സ്ഥാനിയില്ലെന്നുമനുമന്നവനുരചെയ്തു |
മന്നവന്മാൎക്കുമററുമാദൃശന്മാൎക്കുമിന്നു ||
മാനവസ്മൃതിയല്ലാതെന്തൊരുപ്രമാണവും |
നാലുപെർതടസ്ഥന്മാരിക്കാൎയ്യംകെട്ടാലനു ||
കൂലമായ്യുറഞ്ഞീടിലായതുഞാനുംകെൾക്കാം |
ഇങ്ങവകാശമില്ലെന്നായവർവിധിച്ചെങ്കിൽ ||
ഇങ്ങൊരുശംതയില്ലാശ്ശുഞാൻവാങ്ങിക്കൊള്ളാം |
എങ്കിൽനാംപൊകസഖെനല്ലൊരുവിശെഷജ്ഞൻ ||
തങ്കലാക്കെണംകാൎയ്യമെന്തിന്നുമടിക്കുന്നു |
ഇങ്ങിനെകപിഞ്ജലപക്ഷിയുംശശകനും ||
തങ്ങളിലൊരുമിച്ചുതൽക്ഷണംപുറപ്പെട്ടു |
ഞാനുമങ്ങവരുടെപിന്നാലെപുറപ്പെട്ടു ||

ജ്ഞാനമുള്ളവർവിധിക്കുന്നതുകെൾപ്പാനായെ |
ഏതൊരുതടസ്ഥരെചെന്നുനാംസെവിക്കെണ്ടു ||
കൈതവമില്ലാതവരെങ്കിലെഗ്ഗുണംവരൂ |
ദീൎഘകൎണ്ണനൊടെവംചൊദിച്ചുകപിഞ്ജലൻ ||
ദീൎഘകൎണ്ണനുഞ്ഞൊന്നാനുണ്ടൊരുമാൎജ്ജാരകൻ |
യാമുനതീരെതപംചെയ്തുകൊണ്ടിരിക്കുന്നു ||
മാമുനീശ്വരന്മാരിലൊന്നുപൊൽവസിക്കുന്നു |
ചൊദിച്ചുകപിഞ്ജലൻപൂച്ചമാമുനികാൎയ്യം ||
ബൊധിച്ചുകണൊക്കിനുതീൎക്കമൊവിവാദങ്ങൾ |
ധൂൎത്തനാംവിലാളത്തെവിശ്വസിക്കാമൊവ്യാജ ||
മൂൎത്തികൾമാൎജ്ജാരന്മാരെന്നുഞാൻകെട്ടീടുന്നു |
ചൊല്ലിനാൻദീൎഘകൎണ്ണനല്ലൊരുപൂച്ചശ്രെഷ്ഠൻ ||
തെല്ലുമെകപടമില്ലെന്നുഞാനറിയുന്നു |
വാശ്ശുത്തുംകണ്ടാൽകാണാമീശ്വരനല്ലൊസാക്ഷി ||
വിശ്വസിക്കരുതെന്നുനമ്മുടെപക്ഷംസഖെ |
ഇങ്ങിനെപറഞ്ഞുകൊണ്ടായവരിരിവരും ||
തങ്ങളിലൊരുമിച്ചുയമുനാതീരെചെന്നു |
ധൂൎത്തനാംദധികൎണ്ണനെന്നുള്ളമാൎജ്ജാരനെ ||
പാൎത്തുകണ്ടടിമലർവന്ദിച്ചുനിന്നീടിനാർ |
കൎണ്ണങ്ങൾതുറന്നുനൊക്കീടിനാൻദധികൎണ്ണൻ ||
കൎണ്ണങ്ങൾവഴിപൊലെകെൾക്കയില്ലെനിക്കെടൊ |
അന്തികെവന്നുകാൎയ്യംചൊല്ലുവിൻധൎമ്മാധൎമ്മം ||
ചിന്തിയാതൊരുകാൎയ്യംകല്പിക്കില്ലെടൊഞാനും |
ധൎമ്മത്തെദ്വെഷിച്ചെങ്കിൽധൎമ്മവുംദ്വെഷിച്ചീടും ||
ധൎമ്മത്തെരക്ഷിച്ചെങ്കിൽധൎമ്മവുംരക്ഷിച്ചീടും |
ധൎമ്മത്തെവഴിപൊലെസെവിക്കുന്നവർകളെ ||
ധൎമ്മമെന്നുള്ളദൈവംപാലനംചെയ്യുംദൃഢം |
മററുള്ളബന്ധുക്കളിദ്ദെഹമുള്ളന്നെയുള്ളു ||
മുററുമിധൎമ്മബന്ധുചത്താലുംകൂടെപോരും |

പ്രാണിഹിംസനത്തൊളമധൎമ്മമററൊന്നില്ല ||
പ്രാണരക്ഷണത്തൊളംധൎമ്മവുമററൊന്നില്ല |
മാതാവെപൊലെപരസ്ത്രീകളെക്കണ്ടീടെണം ||
മാടൊട്ടുപൊലെപരദ്രവ്യത്തെക്കല്പിക്കെണം |
തന്നെപ്പൊൽമററുള്ളൊരെക്കൂടവെകാണെന്നവൻ ||
ധന്യപുരുഷനെന്നുചൊല്ലുന്നുമഹത്തുക്കൾ |
ധൎമ്മീവണ്ണംപറയുന്നൊരുമാൎജ്ജാരനെ ||
ധൎമ്മവാനിവനെന്നുവിശ്വാസമുണ്ടാകയാൽ |
പക്ഷിയുംശശകനുമന്തികെചെന്നനെരം ||
തൽക്ഷണംപിടിപെട്ടുമാൎജ്ജാരന്മഹാപാപി |
രക്ഷണമ്മൊഹിച്ചങ്ങുചെന്നവർകളെക്കൊന്നു ||
ഭക്ഷണംകഴിച്ചവൻപിന്നെയുന്തപഞ്ചെയ്യാൻ |
അത്തൊഴിലെല്ലാംകണ്ടുദൈവമെഅയ്യൊയെന്നു ||
ചിത്തത്തിലുറപ്പിച്ചുഞാനുമിങ്ങൊട്ടുപൊന്നു |
എന്നതുകൊണ്ടുചൊന്നെൻക്ഷുദ്രനാമുലൂകത്തെ |
മന്നവനാക്കിവെച്ചാൽഭദ്രമാസ്വരത്തില്ല ||
വൃദ്ധവായസത്തിന്റെവാക്കുകൾകെട്ടനെരം |
ബദ്ധസന്തൊഷംപക്ഷിക്കൂട്ടങ്ങൾപറഞ്ഞിതു ||
ധ്വാംക്ഷവൃദ്ധന്റെവാക്യമൊക്കവെപരമാൎത്ഥം |
കാംക്ഷയില്ലഭിഷെകംകൌശികത്തിനെചെയ്വാൻ ||
വെഗമിസ്സംഭാരങ്ങൾകൊണ്ടങ്ങുപൊയ്ക്കൊണ്ടാലും |
യൊഗവുംപിരിഞ്ഞാലുംകൌശികനീയുംപൊക ||
ബുദ്ധിയുംകെട്ടുവൈരമ്മുഴത്തൊരുലൂകവും |
വൃദ്ധകാകനൊട്ടുരചെയ്തിതുകൊപത്തൊടെ ||
എന്തൊരുദൊഷഞ്ചെയ്തുനിന്നുഞാന്നിണക്കെടൊ |
ചിന്തിതംകാൎയ്യമ്മുടക്കീടുവാനെന്തുമൂലം ||
അമ്പുകൊണ്ടുള്ളവ്രണംകാലത്താൽനികന്നീടും |
കൊമ്പുകൾകണ്ടിച്ചാലുംപാദപംകിളുൎത്തീടു ||
കാട്ടുതീവെന്താൽവനംപിന്നെയുംതെഴത്തീടും |

കേട്ടുകൂടാതവാക്കാമായുധംപ്രയോഗിച്ചാൽ ||
കണ്ണുങ്ങൾക്കുകമ്പുകൾപുണ്ണായാലതുപിന്നെ |
പൂർണ്ണമായിശമിക്കയില്ലൊട്ടുനാൾചെന്നാൽപൊലും ||
എന്നെല്ലാമുരചെയ്തുകൌശികന്നടകൊണ്ടാൻ |
അന്നുതൊട്ടുണ്ടായൊരുവൈരമെത്രയുംഘോരം ||
തങ്ങളിൽകാകൊലൂകന്മാൎക്കുശമിക്കയി |
ല്ലിങ്ങിനെ.ചിരഞ്ജീവിപറഞ്ഞുകൂപ്പീടിനാൻ ||
മെഘവൎണ്ണനുമുരചെയ്തിതുമഹാത്മാവെ |
കാകമന്ത്രീശഭവാനാകുലന്മാരായുള്ള ||
കാകന്മാൎക്കൊരുജയംകിട്ടുവാനുപായത്തെ |
വൈകാതെരാത്രിവരുമ്മുന്നമെചിന്തിക്കേണം ||
ഉക്തവാൻചിരഞ്ജീവിസന്ധിവിഗ്രഹംരണ്ടും |
യുക്തമല്ലെന്നുവന്നാൽപിന്നെനാലുണ്ടുനയം ||
എന്നതിൽയാനംബലവാന്മാരിൽവൃഥാഫലം |
തന്നുടെനാശംഫലമാസനംപ്രയോഗിച്ചാൽ ||
ആശ്രയിച്ചിട്ടുവെണംവൈരിക്കുദ്വൈധീഭാവം |
ആശ്രയന്തന്നെമുന്നംചെയ്യുകയെന്നെന്റെപക്ഷം ||
ജീവനെത്യജിച്ചിട്ടുമാശ്രയംകൊണ്ടുകാൎയ്യം |
കെവലംസാധിക്കുന്നെനിന്നുരാത്രിയിൽതന്നെ ||
വഞ്ചനപ്രവരന്മാർവൈരികളുലൂകന്മാർ |
കിഞ്ചനപ്രയാസമുണ്ടാശ്രയിപ്പാനുംവിഭൊ ||
ഇഷ്ടിക്കുവെണ്ടിദ്വിജൻകൊണ്ടുന്നമെഷത്തിനെ |
പട്ടിയെന്നാക്കിത്തീൎത്തുദുഷ്ടന്മാർപലർകൂടി ||
എങ്ങിനെയതെന്നുചൊദിച്ചിതുമെഘവൎണ്ണൻ |
സംഗതിപറഞ്ഞീടാമെന്നങ്ങുചിരഞ്ജീവി ||

---

൫. ചെണ്ട കൊട്ടിച്ച നമ്മെ കണ്ടു മങ്ങാടിക്കാരൻ.

നാട്ടിലെപ്പൂഷ്ടിക്കിഷ്ടിചെയ്യതിനൊരുവിപ്രൻ |
ആട്ടിനെകൊണ്ടുകൊണ്ടുപോരുന്നമാൎഗ്ഗന്തന്നിൽ ||

ദുഷ്ടന്മാരൊരുകൂട്ടംനായന്മാരതുകണ്ടു |
ശിഷ്ടനാംദ്വിജേന്ദ്രനെച്ചതിപ്പാൻവട്ടംകൂട്ടി ||
തങ്ങളിൽപറഞ്ഞൊത്തുമാൎഗ്ഗത്തിന്നിടെക്കിടെ |
തങ്ങടെകൂട്ടംപലദിക്കിലുംപാൎത്തീടുവാൻ ||
അന്തണെൻവരുമ്മുമ്പെതത്രതത്രചെന്നവർ |
അന്തികെമരമ്മറഞ്ഞൊളിച്ചുമെവീടിനാർ ||
ആയതിലൊരുഭടൻവിപ്രനെചെന്നുകൂപ്പി |
നായിനെക്കൊണ്ടങ്ങെഴുന്നെള്ളുന്നതെന്തെപൊററി ||
ഉത്തരംപറയാതെവിപ്രനുംനടകൊണ്ടു |
സത്വരംപൊകുന്നെരംമറെറാരുഭടൻവന്നു ||
പട്ടിയെക്കെട്ടിക്കൊണ്ടുപൊകുന്നതെന്തെന്നവൻ |
പട്ടിയല്ലെന്നുവിപ്രമ്പിന്നെയുന്നടകൊണ്ടു ||
ആവഴിവരുന്നെരമ്മറെറാരുനായർവന്നു |
ശ്വാവിനെകെട്ടിക്കൊണ്ടുപൊകുന്നൊയെന്നുചൊന്നാൻ ||
ഇങ്ങിനെമാൎഗ്ഗെമാൎഗ്ഗെവന്നവരെല്ലാംശ്വാവെ |
ന്നിങ്ങിനെപലർപറയുന്നതുകെട്ടുവിപ്രൻ ||
കണ്ടവരെല്ലാംശ്വാവെന്നല്ലാതെചൊല്ലുന്നില്ല |
ചെണ്ടകൊട്ടിച്ചുനമ്മെക്കഷ്ടമങ്ങാടിക്കാരൻ ||
ഒന്നുരണ്ടാളല്ലിപ്പൊൾവന്നുകാണുന്നൊരെല്ലാം |
ഒന്നുപൊലുരചെയ്യാൽവിശ്വസിക്കയെയുള്ളു ||
ഇത്തരംവിചാരിച്ചുവിപ്രനങ്ങജത്തിനെ |
സത്വരമുപെക്ഷിച്ചുചെന്നുതന്നില്ലംപുക്കു ||
പെട്ടന്നനായന്മാരുമൊക്കവെയൊഗംകൂടി |
ആട്ടിനെവെട്ടിക്കൊന്നുകൊണ്ടുപൊയ്യെച്ചുതിന്നാർ ||
എന്നതുകൊണ്ടുചൊന്നെൻവൈരികൾപലർകൂടി |
ഒന്നിച്ചുനില്ക്കുന്നതുഭെദിപ്പാൻപരാധീനം ||
ഉശ്ശൃംഗാരൌവസിച്ചീടുവിൻഭവാന്മാരും |
വിശ്വസിപ്പിച്ചുചതിച്ചീടുവാൻപൊകുന്നുഞാൻ ||
ഇത്ഥമങ്ങുരചെയ്തുശിരസ്സുമുണ്ഡമാക്കി |

ചത്തകാകന്മാരുടെചൊരയുമെട്ടത്തണി ||
ഞ്ഞെത്രയുംവികൃതമാംവിഗ്രഹത്തൊടുംപൊയി |
തത്രകൌശികാവാസംപ്രാപിച്ചുചിരഞ്ജീവി ||
സൂൎയ്യനസ്തമിച്ചപ്പൊൾമൂങ്ങാകൾപുറപ്പെട്ടു |
വൈരിശെഷത്തെക്കൊൽവാൻവന്നിതുവടദ്രുമെ ||
ന്യഗ്രൊധദ്രുമന്തന്നിൽകണ്ടില്ലകാകന്മാരെ |
വ്യഗ്രതാപൂണ്ടുപൊന്നിങ്ങദശപഥമ്മുകളെറി ||
അദ്ദിക്കിൽചിരഞ്ജീവിവല്ലാതെവികൃതമായി |
ശബ്ദിച്ചാനതുകെട്ടുകൌശികക്കൂട്ടംചെന്നു ||
കാക്കയെപ്പിടിച്ചുബന്ധിച്ചുകൊണ്ടമൎദ്ദന്റെ |
കാക്കൽവെച്ചുടൻവണങ്ങീടിനാരുലൂകന്മാർ ||
ആരെടൊനീയെന്നുലൂകെശ്വരഞ്ചൊദ്യംചെയ്തു |
ധീരനാമവൻചൊന്നാനെഷഞാൻചിരഞ്ജീവി ||
കാകലൊകാധീശന്റെമന്ത്രിപുംഗവൻഭവാൻ |
ആകുലപ്പെട്ടീവണ്ണംവന്നതിനെന്തുമൂലം ||
ചൊല്ലിനാൻചിരഞ്ജീവിനിന്തിരുവടിയുടെ |
ചൊല്ലെറുംപ്രഭുത്വവുംശൌൎയ്യാദിഗ്ഗുണങ്ങളും ||
മന്ത്രശാലയിൽനിന്നുവൎണ്ണിച്ചെനതുമൂലം |
മന്ത്രിപുംഗവന്മാരുംമെഘവൎണ്ണനുംപാരം ||
കയൎത്തുശത്രുപക്ഷക്കാരനാമിവനുടെ |
കഴുത്തുഖണ്ഡിക്കെണമെന്നതിൽചിലജ്ജനം ||
നരച്ചവൃദ്ധകാക്കകളെന്റരൊമംപാടെ |
ചിരച്ചുവിട്ടീടുകെന്നെന്നുടെതമ്പുരാനും ||
അങ്ങിനെകല്പിക്കയാൽമന്ത്രിവായസന്മാരും |
ഇങ്ങിനെവികൃതമാക്കീട്ടവർവിട്ടീടിനാർ ||
എന്നതുകെട്ടുമന്ത്രിശ്രെഷ്ഠരെവെറെവിളി |
ച്ചെങ്ങിനെവെണ്ടുവെന്നുചിന്തിച്ചാനമൎദ്ദനൻ ||
ക്രൂരാക്ഷനുംവക്രത്രൂ പൊതന്ദ്രിപ്യാക്ഷനും |
മുഖ്യരന്മാരാമ്മൂന്നുമന്ത്രികളുരചെയ്തു ||

ദൂതരെകുലചെയ്കയൊഗ്യമല്ലെന്നുകെൾപ്പു |
ഭീതിനാമിവനുടെഭീതിയുമൊഴിച്ചുടൻ ||
നൂതനങ്ങളായുള്ള മാംസശൊണിതംനല്കി |
പ്രീതനാക്കീടെണമെന്നെങ്ങൾക്കു തൊന്നീടുന്നു ||
ദീനരിൽകൃപവെണമെന്നതുധരിച്ചാലും |
ധീരാത്മാവമൎത്തനൻപിന്നെയുംബകനെന്നു ||
പെരായുള്ളമാത്യനെവിളിച്ചുചൊദിച്ചിതു |
കാകമന്ത്രിയെകുലചെയ്കയൊമൊചിക്കയൊ ||
ലൊകവീരനാംഭവാനെങ്ങിനെയഭിപ്രായം |
ഉക്തവാൻബകാമാത്യൻദീനനെകുലചെയ്ക ||
യുക്തമല്ലിതുസ്വാമിൻഅഞ്ജസാരക്ഷിക്കെണം |
ബ്രഹ്മരാക്ഷസന്താനുംചൊരനുംരക്ഷിച്ചപൊൽ ||
ബ്രാഹ്മണനെയുമദ്ദെഹത്തിന്റെഗൊക്കളെയും |
എങ്ങിനെയെന്നുസ്വാമികെട്ടാലുമെന്നുബകൻ ||

൩൭. ഉത്തമം നമുക്കിപ്പൊൾ ആശ്രിത ത്രാണം തന്നെ.

തിങ്ങിനതിമിരത്താൽപൂൎണ്ണമായൊരുനിശി |
ദുഷ്ടനാമൊരുചൊരൻവിപ്രനുപ്രതിഗ്രഹം ||
കിട്ടിയപശുരണ്ടുണ്ടായതുമൊഷ്ടിപ്പാനായി |
ബ്രാഹ്മണഗൃഹംനൊക്കിപ്പൊകുമ്പൊൾമാൎഗ്ഗെയൊരു ||
ബ്രഹ്മരാക്ഷസനെയുംകണ്ടെത്തിയദൃശ്യയാ |
ആരെടൊതാനെന്നഥചൊദിച്ചുചൊരൻധീരൻ ||
ആരെടൊതാനെന്നതുബ്രഹ്മരക്ഷസ്സുംചൊന്നാൻ |
തസ്കരൻഞാനെന്നവൻരാക്ഷസൻഞാനെന്നന്യൻ ||
തസ്കരൻഭവാനെങ്ങുപൊകുന്നുപറകെടൊ |
വിപ്രന്റെഗൃഹന്തന്നിൽരണ്ടുഗൊക്കളുണ്ടതു ||
ക്ഷിപ്രംമൊഷ്ടിപ്പാനായിപൊകുന്നുതാനെങ്ങെടൊ |
ഞാനുമദ്ദ്വിജെന്ദ്രനെക്കൊന്നുതിന്മാൻപൊകുന്നു ||

നൂനമെന്നവർതമ്മിൽപറഞ്ഞുതത്രചെന്നാർ |
നില്ലെടാമുമ്പിൽഞാൻപൊയിവിപ്രനെഹനിക്കെണം ||
നില്ലെടാഞാമ്പൊയ്മുന്നംഗൊക്കളെഹരിക്കെണം |
ഇങ്ങിനെതമ്മിൽവാദിക്കുന്നതുകെട്ടുവിപ്രൻ ||
തിങ്ങിനഭയത്തൊടെപുറത്തുവന്നനെരം |
ബ്രഹ്മരാക്ഷസൻചൊന്നാന്തസ്കരനിവൻതവ ||
ബ്രഹ്മസ്വംപശുക്കളെമൊഷ്ടിപ്പാൻവന്നുവിപ്ര |
തസ്കരൻചൊന്നാനെടൊബ്രാഹ്മണഭവാനെയും ||
മക്കളെയുമിന്നിവൻകൊന്നുതിന്മാനായ്വന്നു |
അമ്മൊഴികെട്ടുമുദാഭൂസുരൻരണ്ടുപെർക്കും ||
സമ്മാനന്നല്കിയയച്ചീടിനാൻവിരവൊടെ |
ഞാനതുകൊണ്ടുചൊന്നെൻജ്ഞാനമില്ലാതുള്ളൊർക്കും |
ദീനനിൽകൃപയുണ്ടാംപിന്നെയെന്തീശന്മാർക്കൊ ||
ഉക്തവാൻദീപ്താക്ഷനെന്നുള്ളൊരുമഹാമാത്യൻ |
യുക്തമെവതൽബകാമാത്യനാലുദീരിതം ||
പ്രത്യക്ഷമപരാധംചെയ്യുവെന്നാലുംപിന്നെ |
പ്രത്യക്ഷസ്തുതികൊണ്ടുംദുർജ്ജനംപ്രസാദിക്കും ||
ഇത്തരമമാത്യന്മാരൊക്കവെപറഞ്ഞപ്പൊൾ |
ഉത്തമംനമുക്കിപ്പൊളാശ്രിതത്രാണന്തന്നെ ||
എന്നുനിശ്ചയിച്ചുടൻസാദരംചിരഞ്ജീവി |
ക്കന്നുതൊട്ടധികാരംകൊടുത്താനമർദ്ദനൻ ||
ഉക്തവാൻചിരഞ്ജീവികൌശികാധീശംവിഭൊ |
ശക്തനാംഭവാനെഞാൻവർണ്ണിച്ചുപറകയാൽ ||
ക്രുദ്ധനാംകാകാധീശന്നമ്മെയങ്ങുപെക്ഷിച്ചാൻ |
ഉദ്ധതന്മാരാമവരൊക്കവെദുഷ്ടകൂട്ടം ||
ഒന്നുഞാൻനിശ്ചയിച്ചിന്നിന്നുഞാനെന്റെദെഹം |
വഹ്നിയിൽദഹിപ്പിച്ചുവൈകാതെപുനർജ്ജന്മം ||
ആശുഞാനുലൂകമായ്പിറന്നുകാകന്മാരെ |
ആകവെകുലചെയ്യുന്നുണ്ടുഞാൻകണ്ടുകൊൾവിൻ ||

ആയതുകെട്ടുപറഞ്ഞീടിനാനമട്ടനൻ |
നീയതുഭാവിച്ചതുനിഷ്ഫലമെന്നെവരൂ ||
തന്നുടെജാതിവെടിഞ്ഞന്യജാതിയിൽചെന്നു |
പിന്നെയുത്ഭവിക്കയില്ലെവനെന്നാലുംസഖെ ||
സൂൎയ്യനെപ്രാപിച്ചിട്ടുംമെഘത്തെപ്രാപിച്ചിട്ടും |
മാരുതംപ്രാപിച്ചിട്ടുംശൈലത്തെപ്രാപിച്ചിട്ടും ||
നിഷ്ഫലംപിന്നെത്തന്റെജാതിയിൽതന്നെവന്നി |
ങ്ങുത്ഭവിച്ചതെയുള്ളൂമൂഷികസ്ത്രീതാന്മുന്നം ||
എങ്ങിനെയതെന്നതുചൊദിച്ചുചിരഞ്ജീവി |
മൂങ്ങകൾക്കധീശപരഞ്ഞൊല്ലിനാനമട്ടനൻ ||

ഇതു മുതൽ കൊണ്ടു പഞ്ചതന്ത്രത്തെ ഭാഷയാക്കി തിരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ രണ്ടു പക്ഷമായി പിരിഞ്ഞു കാണുന്നു. ഇതിൽ ചെൎത്ത കഥകൾ മിക്കവാറും വടക്കെ പക്ഷത്തെ അനുസരിച്ചു ചൊല്ലിയതു തെക്കെ പക്ഷത്തിൽ നിന്നും ചിലതു എടുത്തു ചെൎത്തിരിക്കുന്നു.

### ൯. മൂഷിക സ്ത്രീ പിന്നെയും മൂഷിക സ്ത്രീയായി വന്നു.

പണ്ടൊരുപരന്തൊരുമൂഷികപ്പെൺകുഞ്ഞിനെ |
കൊണ്ടങ്ങുപറക്കുമ്പൊൾകൊക്കിൽനിന്നധൊഭാഗെ ||
വീണുപൊയതങ്ങൊരുമാമുനിശ്രെഷ്ഠന്റെ |
പാണിയിൽപതിച്ചിതുസന്ധ്യാകൎമ്മംചെയ്യുമ്പൊൾ ||
തന്നുടെതപൊബലംകൊണ്ടുടൻതപൊധനൻ |
തന്നുടെഗൃഹിണിക്കുപുത്രിയായിദാനഞ്ചെയ്തു ||
മൂഷികകുമാരിയെതാപസകുമാരിയായി |
പൊഷിപ്പിച്ചിതുമുദാതാപസെന്ദ്രന്റെഭാൎയ്യ ||
നന്മകളെന്നപൊലെതാപസിവളൎത്തൊരു |

പെൺമണികന്യാവിനുംകല്യാണകാലംവന്നു ||
വീൎയ്യവുംസൌന്ദൎയ്യവുംവിദ്യയുംപ്രഭുത്വവും |
ധൈൎയ്യവുമുള്ളവന്നുപുത്രിയെകൊടുക്കേണം ||
ആൎയ്യനാമ്മുനിശ്രേഷ്ഠനിങ്ങിനെവിചാരിച്ചു |
സൂൎയ്യദെവനെചെന്നുവന്ദിച്ചുചൊല്ലീടിനാൻ ||
ഉന്നതപ്രഭാവനാംനിന്തിരുവടിമമകന്യയെ |
പാണിഗ്രഹംചെയ്യേണംദിനെശ്വര ||
എന്നതുകേട്ടിട്ടരുൾചെയ്തിതുദിനെശനും |
എന്നെക്കാൾമഹത്തരംമെഘമെന്നറിഞ്ഞാലും ||
എന്നുടെപ്രകാശത്തെമറപ്പാൻപൊരുമവൻ |
എന്നതുകൊണ്ടുമവൻനമ്മെക്കാൾമഹാപ്രഭു ||
എന്നതുകെട്ടുമുനിമെഘത്തൊടപെക്ഷിച്ചു |
എന്നുടെമകളെനീവെട്ടുകൊള്ളേണംസഖെ ||
വാരിവാഹവുംചൊന്നാനെന്നെക്കാൾവലിയവൻ |
മാരുതദെവൻനമ്മെക്കൊണ്ടവന്നടക്കുന്നു ||
മാമുനീശ്വരഞ്ചെന്നുമാരുതനൊടുചൊന്നാൻ |
മാമകാത്മജെക്കുനീവല്ലഭനായീടെണം ||
മാരുതനരുൾചെയ്തുപൎവ്വതമെന്റെഗതി |
വാരണഞ്ചെയ്യുമവന്നമ്മെക്കാൾമഹാരഥൻ ||
സൎവ്വതാപസശ്രേഷ്ഠൻകന്യയെക്കൊണ്ടുചെന്നു |
പൎവ്വതത്തൊടുചൊന്നാൻവെൾക്കനീകുമാരിയെ ||
പൎവ്വതമുരചെയ്തുമൂഷികന്മഹാബലൻ |
സൎവ്വതൊനമ്മെക്കറണ്ടായവന്തുളെക്കുന്നു ||
ശെഷിയാമ്പുരുഷൻകന്യയെവേട്ടീടുവാൻ |
മൂഷികന്തന്നെപ്രാപിച്ചീടിനാമ്മുനീശ്വരൻ ||
മൂഷികഭവാനെന്റെപുത്രിയെവേട്ടീടെണം |
ചൊല്ലിനാനെലിശ്രേഷ്ഠൻകല്യാണംകഴിക്കാമെ ||
നില്ലത്തുകൊണ്ടുപൊവാൻതെല്ലുണ്ടുപരാധീനം |
നമ്മുടെഗൃഹമൊരുരന്ധ്രമ്മാത്രമെയുള്ളു ||

പെണ്മണിയാളെയതിൽകടത്തിക്കുടിവെപ്പാൻ |
സാദ്ധ്യമല്ലെടൊമുന്നെസാഹസംചെയ്യാലതു ||
സാദ്ധ്യമായ്വരുമെന്നുശങ്കിച്ചുമടിക്കുന്നു |
ഞങ്ങൾക്കുതന്നെപാരംഞെരുങ്ങുംഗൃഹതന്നിൽ ||
മംഗലസ്ത്രീയാമിവളെങ്ങനെപൊയീടുന്നു |
താപസൻതപൊബലംകൊണ്ടുടനപ്പുത്രിയെ ||
താമസംകൂടാതൊരുമൂഷികസ്ത്രീയാക്കിനാൻ |
മൂഷികൻവിവാഹവുംചെയ്തിതുമുന്നെപൊലെ ||
മൂഷികസ്ത്രീപിന്നെയുംമൂഷികസ്ത്രീയായ്വന്നു |
എന്നതുകൊണ്ടുചൊന്നെൻജാതിക്കുവിപര്യ്യം ||
വന്നുസംഭവിക്കയില്ലന്യജന്മത്തിൽപൊലും |
ഇങ്ങിനെപറഞ്ഞുലൂകെന്ദ്രനാമമർദ്ദനൻ ||
ഇങ്ങിതമവനുള്ളിലുള്ളതുബൊധിക്കാതെ |
ശത്രുമന്ത്രിയാംചിരഞ്ജീവിയെസമ്മാനിച്ചു ||
മിത്രമാക്കിനാനഹൊബൊധമില്ലായ്കമൂലം |
ബുദ്ധികൌടില്യംഗ്രഹിയാഞ്ഞവൻസ്വവൈരിയെ ||
പത്തനപ്രവെശങ്ങളൊക്കവെദർശിപ്പിച്ചു |
നിന്നുടെരാജ്യമിദമെന്നുബൊധിക്കഭവാൻ ||
എന്നുടെമിത്രങ്ങളുംപുത്രഭാര്യാദികളും |
നിന്നുടെഗൃഹംപൊലെകണ്ടുകൊൾകെടൊഭവാൻ ||
എന്നുടെജനധനസ്ഥാനവുംമാനങ്ങളും |
ഒക്കവെനിനക്കധീനങ്ങളെന്നുറച്ചുകൊ ||
ണ്ടിക്കുലംബലപ്പെട്ടുത്താശുനീരക്ഷിക്കെണം |
മൽക്കുലെസുഖിച്ചുവാഴ്കെന്നുമങ്ങുരചെയ്തു ||
ഭക്ഷണത്തിന്നുംവകകല്പിച്ചുനിജസ്ഥാനെ |
രക്ഷണത്തിനുമാക്കിസ്വസ്ഥനാമമർദ്ദനൻ ||
സൂര്യനങ്ങുദിക്കുമ്പൊളന്ധരാംകൂട്ടത്തൊടെ |
സ്വൈരമായുറക്കവുംതുടർന്നാനുലൂകെശൻ ||
സൂര്യനങ്ങുദിച്ചാൽപിന്നസ്തമിപ്പൊളമൊരു |

കാൎയ്യവുംവിചാരവുംഭക്തിയുംസംസാരവും ||
ഒന്നുമില്ലവിടത്തിൽമിണ്ടാതെശയിക്കുന്നു |
ധീരനാംചിരഞ്ജീവിശത്രുസംസ്ഥാനങ്ങളിൽ ||
ദ്വാരങ്ങൾകിടങ്ങുകൾകൊട്ടകൾമതിലുകൾ |
കൊത്തളംപുറത്തളംകൊട്ടിലുംകൊലാപ്പുറം ||
കാൽത്തളംകളംകുളംകാനനസ്ഥാനങ്ങളും |
ഒക്കവെപകൽകണ്ടുഗ്രഹിച്ചുവഴിപൊലെ ||
തക്കത്തിൽദഹിപ്പിപ്പാൻകൌശലങ്ങളുംനൊക്കി |
വൈക്കൊലുംതൃണങ്ങളുംപഞ്ഞിയുമിടെക്കിടെ ||
പൊക്കത്തിൽസ്വരൂപിച്ചുപച്ചിലകൊണ്ടുമൂടി |
ചിത്രമൊരൊന്നുണ്ടാക്കിയപ്പുറെചിരഞ്ജീവി ||
എത്രയുമുചിതമെന്നൊൎത്തുകൊണ്ടുലൂകന്മാർ |
രാത്രിയിൽകണ്ടുകണ്ടുവിസ്മയിച്ചതെയുള്ളു ||
കാകരാജനുംപകൽമുപ്പത്തുഘടികയും |
ഏകരാജ്യമാൎന്നുടന്നീവിധംപ്രയൊഗിക്കും ||
അന്തിവന്നടുക്കുമ്പൊൾമന്ത്രശാലയിൽചെന്നു |
മന്ത്രിഭാവവുംപ്രാപിച്ചീശനെസ്സെവിക്കയും ||
അങ്ങനെരണ്ടുമാസംകഴിഞ്ഞൊരനന്തരം |
ഇങ്ങനെപാൎത്താലെത്രനാളിനിപാൎത്തീടെണ്ടു ||
വാശ്ശൂത്തുംക്രിയകഴിച്ചീടുകെന്നുറച്ചവൻ |
വിശ്വസിപ്പിച്ചുചതിച്ചീടുവാനൊരുമ്പെട്ടു ||
ഏകദാപുലൎകാലെകൂമങ്ങളുറക്കമെ |
ഞാകവെതുടൎന്നപ്പൊൾകച്ചിലിൽകൊള്ളിവെച്ചു ||
ശുഷ്കഗൊമയങ്ങളിൽതീക്കനലിട്ടുനാലു |
ഭാഗങ്ങളുമുറപ്പിച്ചഗ്നിയുംപിടിപെട്ടു ||
അൎക്കന്റെപ്രതാപവുംകാററുമാധൂമങ്ങളും |
ഒക്കവെയൊരുമിച്ചുപൊക്കത്തിൽപുകപൊങ്ങി ||
തൽക്ഷണെമ്മൂങ്ങാക്കൂട്ടമൊക്കയുമ്മഹാശ്വത്ഥ |
വൃക്ഷവുംദഹിച്ചാശുഭസ്മമായിധൂളിച്ചിതു ||

ഇത്ഥമങ്ങുലൂകസംഹാരത്തെചെയ്തുവെഗാൽ |
സത്വരംചിരഞ്ജീവിപൊന്നിങ്ങുനിജസ്ഥാനെ ||
മെഘവൎണ്ണനെചെന്നുവണങ്ങിപെരാൽവൃക്ഷെ |
മൊഘമെന്നിയെകൊണ്ടുതന്നിരുത്തിസുഖിപ്പിച്ചാൻ ||
പ്രൌഢസന്തൊഷംചിരഞ്ജീവിയെകാകാധീശൻ |
ഗാഢമാശ്ലെഷഞ്ചെയ്തുശ്രദ്ധമെന്നിയെചൊന്നാൻ ||
ഹെസഖെചിരഞ്ജീവിഹെലയകൃതകാൎയ്യം |
ആശ്ശുഹെസഖെനിന്നാലെങ്ങിനെഭവാനഹൊ ||
ശത്രുരാജ്യംപ്രാപിച്ചുഎങ്ങിനെപുനസ്സഖെ |
തത്രവാണെന്തുംഭവാനിങ്ങിനെയുപകൃതി ||
ചെയ്തതിന്നഹൊഞൊന്നുമെങ്ങിനെചെയ്തീടെണ്ടുപ്രത്യുപ
കാരംസഖെ |
ഇങ്ങിനെചൊദിച്ചൊരുവായസപ്രവീരനൊ ||
ടിങ്ങിതംഹിതംപറഞ്ഞീടിനാൻചിരഞ്ജീവി |
ദുഷ്ടംസ്ഥാനംലഭിച്ചീടുവാന്മഹത്തുകൾ ||
ദുഷ്ടസ്ഥലങ്ങളിൽചെന്നിരുന്നനെകദാ |
ദുഃഖങ്ങളനുഭവിക്കുന്നവൻപൎക്കവെ ||
തൽക്കാൎയ്യംലഭിക്കുമ്പൊൾസ്വസ്ഥനായ്വന്നില്ലെ |
പഞ്ചപാണ്ഡവന്മാരുംപാഞ്ചാലിതാനുംപിന്നെ ||
ചഞ്ചലംവിനാവെഷമ്മറെച്ചുവിരാടന്റെ |
പത്തനന്തന്നിലൊരുവത്സരംപാൎത്തീലയൊ ||
പത്തനംഗന്മാർമരിച്ചെകനായ്വിറന്നപ്പൊൾ |
എത്രയുമ്മനൊജ്ഞനാമൎജ്ജുനന്താനുംപുരെ ||
തത്രചെന്നാണുംപെണ്ണുമല്ലാതെപാൎത്തില്ലയൊ |
സുന്ദരിദമയന്തിവല്ലഭന്നളനൃപൻ ||
ചെന്നൊരുനരെന്ദ്രന്റെപാചകസ്ഥാനംവാങ്ങി |
ശൊകവുമ്മനക്കാമ്പിലടക്കിസദാകാലം ||
പാകവുംചെയ്തുകൊണ്ടുമുഷിഞ്ഞുപാൎത്തില്ലയൊ |
കന്യകാവിവാഹത്തെകാംക്ഷിച്ചുധനഞ്ജയൻ ||

സന്ന്യസിച്ചഹൊവസിച്ചീലയൊബഹുകാലം |
ശത്രുമാൎഗ്ഗേണമദ്ധ്യെവാസമെന്നതുന്നുണ്ണാം. ||
എത്രയുംപരാധീനമായതുനിരൂപിച്ചാൽ |
ഖഡ്ഗധാരാഖ്യവ്രതംസാധിച്ചുപണിപ്പെട്ടു ||
സല്കൃതിവരുത്തുന്നയൊഗിക്കുസമന്തന്നെ |
ആസനംസ്ഥാനംയാനംഭൊജനംപാനസ്നാനം ||
ആയതനസൎവ്വംമഹാസങ്കടംശത്രുസ്ഥലെ |
സൎവ്വദിക്കിലുംവിഷംസംഗമിപ്പിക്കുമത്രു ||
സൎവ്വദാസമാധാനംചെയ്തുസൂക്ഷിച്ചീടെണം |
ഏതൊരുദുൎമ്മന്ത്രിക്കുദുൎന്നയംഭവിക്കാത്തു ||
ഏതൊരുപുരുഷനെസ്ത്രീമദിപ്പിച്ചീടാത്തു |
ഏതൊരുമനുഷ്യന്മാരപഥ്യംഭവിക്കയാൽ ||
ആതുരന്മാരല്ലാതെസംഭവിക്കുന്നുവിഭൊ |
ഏതൊരുനരന്മാൎക്കുമൃത്യുസംഭവിക്കാത്തു ||
യാതൊരുവിഷയിക്കുവിപത്തുമുണ്ടാകാത്തു |
സാവധാനത്വംകൂടാതുള്ളവൎക്കൊരുനാളും ||
സാദ്ധ്യമാമരിപുരെചെന്നുപോരികപൊലും |
വൈരിയെസ്തുതിക്കെണംവൈരിയെഭജിക്കെണം ||
വൈരിയെശിരസ്സിങ്കിൽവഹിച്ചുനടക്കെണം |
വൈരിയെചതിക്കെണമെങ്കിലീവിധമെല്ലാം ||
വൈകാതെചെയ്തുപൊവുവാശ്ശുജാതിയെന്നാലും |

വ്യ. രിപുക്കളെ സ്കന്ധത്തിൽ വഹിച്ചീടാം.

പണ്ടൊരുകൃഷ്ണസൎപ്പംമണ്ഡൂകക്കൂട്ടങ്ങളെ |
കണ്ഠത്തിൽവഹിച്ചുകൊണ്ടാകവെകുലചെയ്തു ||

അക്കഥാകേട്ടെന്നെമെന്നക്കതവാൻകാകാധീശൻ |
സൽക്കരിച്ചുരചെയ്തുസാദരംചിരഞ്ജീവി ||
ബുദ്ധിമാന്മന്ദവിഷനെന്നൊരുകൃഷ്ണസർപ്പം |
വൃത്തികളലഭിയാഞ്ഞുവിശന്നുനടന്നുടൻ ||
മുഷ്കരന്മാരായുള്ളഭേകങ്ങൾപെരുത്തൊരു |
പുഷ്കലഹ്രദത്തിൻെറവക്കത്തുചെന്നിരുന്നു ||
ദുഃഖവുന്നടിച്ചുകൊണ്ടെത്രയുംപരവശാൽ |
തൽക്കയത്തന്നിലുള്ളദർദ്ദുരക്കൂട്ടങ്ങളിൽ ||
ജാലപാദനെന്നുള്ളഭെകങ്ങൾക്കധീശ്വരൻ |
ചാലവെദുഃഖത്തിൻെറകാരണംചൊദിച്ചിതു ||
കാളസർപ്പവുംകനിഞ്ഞാസ്ഥയാപറഞ്ഞിതു |
കെളെടൊമഹാത്മാവെമണ്ഡൂകെശ്വരസഖെ ||
വംശശുദ്ധിയുള്ളൊരുവിപ്രൻെറകുമാരനെ |
ദംശനംചെയ്തേനഹംദൈവകല്പിതമ്മൂലം ||
തൻപിതാവാകുംവിപ്രൻകൊപിച്ചുശപിച്ചുമാം |
കൊല്ലിയെന്നൊരുഭുജംഗാധമദുരാത്മാവു ||
എന്നുടെകുമാരനെദംശിക്കനിമിത്തമായി |
നിന്നുടെഭൊജ്യങ്ങളാമ്മണ്ഡൂകവൃന്ദങ്ങളെ ||
തന്നുടെതൊളിൽചുമന്നീടുകതവാളുകൾ |
തന്നുള്ളൊരശനവുംകഴിച്ചുനടന്നാലും ||
ഇങ്ങിനെശപിച്ചൊരുശാപത്തെനിവൃത്തിപ്പാൻ |
തങ്ങടെമനസ്സുണ്ടെന്നാകിലെകഴിവരൂ ||
എന്നതുകെട്ടുമണ്ഡൂകാധിപനുരചെയ്തു |
നന്നിതുനിൻെറശാപംഞങ്ങൾക്കുവരമായി ||
ഇന്നുതൊട്ടൊരൊമണ്ഡൂകങ്ങളെവഹിക്കനീ |
ഇക്കഴന്തന്നിൽനിന്നുമറെറാരുകഴന്തന്നിൽ ||
വെക്കമെങ്ങെടുത്തുകൊണ്ടാക്കിയാൽമതിതാനും |
കൃഷ്ണസർപ്പവുമ്മുദാദർദ്ദുരങ്ങളെതിന്മാൻ ||
തുഷ്ണപൂണ്ടൊരൊദിനമൊരൊരൊമണ്ഡൂകത്തെ |

തന്നുടെഗളത്തിന്നിൽചുമന്നുകൊണ്ടുപൊയി ||
തിന്നുതിന്നംഗങ്ങൾക്കുപുഷ്ടിയുമുണ്ടായ്വന്നു |
ഇങ്ങിനെപലദിനംകഴിഞ്ഞുപൊയതൊന്നും ||
ഇങ്ങൊട്ടുവരുന്നില്ലയെന്തുവാനിദമെന്നു |
ചിന്തിച്ചുമണ്ഡൂകെന്ദ്രന്താനുമങ്ങൊരുദിനം ||
ചന്തത്തിൽഫണീശ്വരന്തന്നുടെമുതുകെറി |
സന്തുഷ്ടൻഫണീശനുംകൊണ്ടുപൊയിരയാക്കി ||
ജന്തുഹിംസകൻസുഖിച്ചിങ്ങിനെമെവീടിനാൻ |
എന്നതുകൊണ്ടുചൊന്നെൻതന്നുടെകാൎയ്യത്തിന്നു |
തന്നുടെരിപുക്കളെസ്കന്ധത്തിൽവഹിച്ചീടാം ||
കാലദെശാവസ്ഥകളറിഞ്ഞുപ്രവൃത്തിച്ചാൽ |
ചാലവെസമീഹിതംസാധിക്കുംസമസ്തവും ||
നല്ലതാമൊരുശരംമൊചിച്ചാലൊരുത്തനെ |
കൊല്ലുമെന്നതുംവരുമില്ലെന്നുംവരുന്താനും ||
ബുദ്ധിബാണത്തെവിട്ടാലായതുശത്രുകുലം |
ശുദ്ധശൂന്യമാക്കീടുമെന്നതുബൊധിക്കെണം ||
ബുദ്ധിക്കുവിഭ്രഷ്ടണംനല്ലതുശാസ്ത്രജ്ഞാനം |
സിദ്ധിക്കുംശൌൎയ്യാടൊപംധൈൎയ്യമുണ്ടെന്നുവന്നാൽ ||
തന്നുടെകാൎയ്യംലഭിക്കെണമെന്നിച്ശിക്കുന്നൊ |
ൎക്കിന്നതെചെയ്യൂടാവുകാൎയ്യമെന്നുണ്ടാകുമൊ ||
ഭാരവുംചുമന്നുകൊണ്ടൊട്ടുന്നശരീരികൾ |
വാരിധികടക്കുന്നുകപ്പലിലൂടെചിലർ ||
നീചരെച്ചെന്നുവന്ദിച്ചീടുന്നുമഹാജനം |
യാചനംചെയ്യുപൊറുത്തീടുന്നുചിലജനം ||
ഭൊഷ്കുകൾപറഞ്ഞുജീവിക്കുന്നുപലജനം |
മൌഢ്യംകൊണ്ടുചിലർവാസരംകഴിക്കുന്നു ||
ഇങ്ങൊട്ടുചതിക്കുന്നദുർജ്ജനങ്ങളെനന്നാ |
യങ്ങൊട്ടുംനശിപ്പിച്ചാൽദൊഷമില്ലെന്നുകെൾപ്പൂ ||
കാട്ടുതീപിടിപെട്ടുകാനനംദഹിച്ചാലും |

മൂട്ടിലെവേരുവെന്തുപൊകയില്ലതുമൂലം ||
പിന്നെയുമ്മുളച്ചുപൊങ്ങീടുന്നമരങ്ങളും |
എന്നതുകൊണ്ടുമതിയായില്ലവൈരത്തിന്നു ||
ശത്രുശെഷവുമഗ്നിശെഷവുമൃണശെഷം |
ഗാത്രജംരൊഗശെഷമെന്നിവനാലുംസമം ||
അല്പമെന്നുപെക്ഷിച്ചുപൊയിതെന്നാകിൽപിന്നെ |
സ്വല്പകാലംകൊണ്ടതുവൎദ്ധിച്ചുബലപ്പെട്ടും ||
എന്നതുമൂലമുലൂകങ്ങളെസമൂഹമെ |
ഒന്നുമെശെഷിക്കാതെസംഹരിച്ചിതുഞാനും ||
ആപത്തുവരുന്നെരമാകുലതാപവുംവെണ്ടാ |
സമ്പത്തുവരുന്നെരംസംപ്രഹൎഷവുംവെണ്ടാ ||
ക്രൊധവുംദുൎബ്ബൊധവുംലൊഭവുംദുൎമ്മൊഹവും |
രൊധവുംവിവാദവുമിവിധങ്ങളുംവെണ്ടാ ||
സൎവ്വവുംക്ഷമിച്ചുകൊണ്ടിരുന്നുപാൎക്കവെ |
ദുൎവ്വിധംനീക്കികാലംസാധുവായ്വരുന്നെരം ||
സൎവ്വകൎമ്മങ്ങളെല്ലാംഫലിക്കുംധീരന്മാൎക്കും |
സൎവ്വസമ്പത്തുന്തൻെറഹസ്തത്തിൽവരുമപ്പൊൾ ||
പ്രാജ്യപൌരുഷനാകുംശ്രീരാമചന്ദ്രനഹൊ |
രാജ്യവിഭ്രംശംവനെവാസവുംഭവിച്ചില്ലെ ||
പഞ്ചപാണ്ഡവന്മാരുംനാട്ടുവിട്ടരണ്യത്തിൽ |
സഞ്ചരിച്ചഹൊബഹുസങ്കടംപ്രാപിച്ചില്ലെ ||
നൈഷധന്നളന്താനുംദെവിയെപിരിഞ്ഞഹൊ |
വൈഷമ്യംപലതനുഭൂതവാനായീലെയൊ ||
ദുഷ്കടസ്ഥാനമവൎക്കെല്ലാൎക്കുമൊഴിഞ്ഞപ്പൊൾ |
ഉല്ക്കടപ്രകാശവുംപ്രാഭവങ്ങളുംവന്നു. ||
എന്നതുകൊണ്ടുമമസ്വാമിക്കുമനൎത്ഥങ്ങൾ |
വന്നതുവഴിപൊലെയൊഴിഞ്ഞുസമസ്തവും ||
സന്ധിവിഗ്രഹംകൊണ്ടുശത്രുസംഹാരംചെയ്തു |
സന്ധിച്ചുസദാനന്ദംസാമ്പ്രതംസുമംഗലം ||

ഇങ്ങിനെചിരഞ്ജീവിതന്നുടെഗിരംകെട്ടു ।
തിങ്ങിനസന്തൊഷത്താൽപൂൎണ്ണനാംമെഘവൎണ്ണൻ ॥
കാകലൊകാധിപത്യംപ്രാപിച്ചുബഹുകാലം ।
ആകുലംവിനാവാണുമംഗലംശുഭംശുഭം. ॥

ഇതി തൃതീയ തന്ത്രം സമാപ്തഃ

## ചതുൎത്ഥതന്ത്രമാംലബ്ധനാശം.

ഫ. വനവിടവിയുടെ മുകളിൽ മമഹൃദയം ഉണ്ടു.

ശുകതരുണിവരികതവസുകവിതകൾക്കെൾക്കയാൽ |
ശുദ്ധമെന്മാനസംമാനനീയാകൃതെ ||
ലളിതതരമഭിലഷിതവരമരുളുമീശ്വരൻ |
ലബ്ധനാശാഖ്യമാംതന്ത്രംകഥിക്കനീ ||
സുമതികുലമകുടമണിധരണിസുരപുംഗവൻ |
സൊമശൎമ്മാഖ്യൻപറഞ്ഞുതുടങ്ങിനാൻ ||
ധനമപിചജനമപിചനിജകരതലാഗതം |
ധൎമ്മബുദ്ധ്യാവെടിഞ്ഞീടുന്നപൂരുഷൻ ||
അധികതരമധമനവനവനിപതിബാലരെ |
ആയവൻവഞ്ചിതനായ്വരുംനിൎണ്ണയം ||
വനനദിയിലിയലുമൊരുവലിയജലജന്തുവെ |
വഞ്ചനംചെയ്തുപൊൽപണ്ടൊരുവാനരൻ ||
അവനിപതിവരനുടയതനയരതികൌതുകാൽ |
ആയതുകെൾക്കേണമെന്നുചൊല്ലീടിനാർ ||
കനിവിനൊടുധരണിസുരവരനുമിദമൂചിവാൻ |
കാനനെപണ്ടൊരുവൃദ്ധനാംവാനരൻ ||
ചപലബഹുകപികളുടെനികരമതിൽനിന്നുടൻ |
ചാട്ടംപിഴക്കയാൽകൂട്ടംപിരിഞ്ഞുപൊയി ||
കടലുടയനികടഭുവിവളരുമൊരുദുംബരെ |
കായുംപറിച്ചുതിന്നങ്ങിനെമെവിനാൻ ||
അധിമധുരമതിസരസമധികതരമൊഹനം |
അത്തിപ്പഴംഭക്ഷണത്തിന്നുമുത്തമം ||

ഇതിമനസികുതുകമൊടുമദമുടയമൎക്കടൻ |
ഇച്ഛയാചാടിതകൎത്തുതുടങ്ങിനാൻ ||
അതുസമയമതിബഹളഗുളുഗുളുരവത്തൊടും |
അംഭസ്സിലാശുപൊഴിഞ്ഞുഫലങ്ങളും ||
നിഖിലജലപതിതഫലമതുബതഭുജിച്ചുടൻ |
ശിംശുമാരാഖ്യൻജലജന്തുപുംഗവൻ ||
അമൃതിനൊടുസദൃശമിതുമമസതതഭോജനം |
അത്രതന്നെവാസസൌഖ്യമെന്നിങ്ങിനെ ||
അതികുതുകമകതളിരിലിയലുമഥശിംശുമാ |
രാഖ്യനാംജന്തുരാജാവത്രമെവിനാൻ ||
പരിചിനൊടുപറകമമകപിവരതനിക്കെന്തു |
പേരെന്നുചൊദിച്ചുശിംശുമാരന്മുദാ ||
സലിലചരസരസശൃണുമമഖലുബലീവൎദ്ധൻ |
എന്നുപെരെന്നുപറഞ്ഞിതുവാനരൻ ||
അധികതരകനിവിനൊടുപുനരിരുവരുമ്മുദാ |
അന്യൊന്യബന്ധുതപമൊടെവാണീടിനാർ ||
ഭവനമതിൽമരുവുമഥജലചരമഹെന്ദ്രന്റെ |
ഭാൎയ്യയാംശിംശുമാരിക്കഹൊസങ്കടം ||
അവനുടയചരിതമിതമറിവതിനുദൂതിയെ |
ആശുനിയൊഗിച്ചുശിംശുമാരിതദാ ||
അവളുമഥനികടഭുവിവിവിരവിനൊടുചെന്നുടൻ |
ആലൊകനംചെയ്തുശിംശുമാരെന്ദ്രനെ ||
സഖിയുടയരമണനിവനൊരുകപിപരസ്ത്രീയാ |
സാകംരമിച്ചുവാഴുന്നഹൊകശ്മലൻ ||
ഇതിമനസികരുതിബതകുപിതമതിദൂതിയും |
ഇങ്ങൊട്ടുവന്നുസഖിയൊടുചൊല്ലിനാൾ ||
സഖിയെതവരമണനൊരുവിജനഭുവിവാനരി |
സംഗമംചെയ്തുവസിക്കുന്നുസന്തതം ||
സഖിയുടയവചനമിതുസപദിബതകെൾക്കയാൽ |

സന്താപകൊപെനശിംശുമാരീതദാ ||
അധികതരപരവശതകലരുമൊരുഭാവെന |
അഭ്യംഗവുംതേച്ചുരൊഗന്നടിച്ചുടൻ ||
സഖികളുടെനടുവിലവളുവശതരമെത്രയും |
സന്താപമൊടെശയിക്കുംദശാന്തരെ ||
ശിരസിബഹുഫലനികരമഴകൊടുവഹിച്ചുടൻ |
ശിംശുമാരഞ്ചെന്നുചൊദിച്ചുമെല്ലവെ ||
മമഹൃദയരമണിയുടെവിവശതയിതെന്തഹൊ |
മാനിനിമാരെവിരവൊടുചൊല്ലുവിൻ ||
വടിവിനൊടുസഖിയുമഥവചനമിദമൊതിനാൾ |
വല്ലാത്തരൊഗംപിടിപെട്ടുസാമ്പ്രതം ||
വയമപിചസഖിയുടയപരവശതകാണ്കയാൽ |
വൈദ്യനെക്കൊണ്ടന്നുകാട്ടിമഹാമതെ ||
അവനുടയവചനമതുമതിവിഷമമാസ്ഥുരം |
അങ്ങാടിയിൽപൊലുമില്ലാത്തൊരൌഷധം ||
ഇതിനുപുനരതിവിഹിതമതുബതലഭിക്കുമൊ |
ഇന്നതെന്നുള്ളതുചൊല്ലാമ്മഹൌഷധം ||
കപിയുടയഹൃദയമിതിനുചിതതരമൌഷധം |
കല്പിച്ചുവൈദ്യൻകഷായത്തിനിങ്ങിനെ ||
അതിവിഷമമതുകിമപിവിരവൊടുലഭിച്ചെങ്കിൽ |
അപ്പൊഴെരൊഗംശമിക്കുമെന്നുക്തവാൻ ||
സഖിയുടയകപടമൊഴിവടിവിനൊടുകെട്ടുടൻ |
സഞ്ചിന്തനംചെയ്തുശിംശുമാരന്തദാ ||
അപരമൊരുകപിഹൃദയമതിനുബലിവട്ടനൻ |
അല്ലാതെമറെറാരുമൎക്കടന്നാസ്തിമെ ||
അവനുടയനിധനമതുശിവശിവമഹാകഷ്ടം |
അത്യന്തബന്ധുമെശുദ്ധൻബലീമുഖൻ ||
തരുണിയുടെതനുവിനകളൊഴിവതിനുവെണ്ടീട്ടു |
തന്നുടെബന്ധുവെകൊല്ലുന്നതെത്രയും ||

അധമമൊരുവിധമധികദുരിതഫലമെങ്കിലും |
ആയതുചെയ്യുന്നുവന്നുകൂടിദൃഢം ||
മികവിനൊടുമനസിസുഖമുതകിനകളത്രവും |
മിത്രവൃന്തമ്മിൽവിശെഷമുണ്ടായ്വരും ||
നിജതരുണിയുടെഹരണമതുബതനിമിത്തമായി |
നിഗ്രഹിപ്പിച്ചുസുഗ്രീവനുംബാലിയെ ||
പ്രണയിനിയിലനിശമൊരുകനിവുടയപൂരുഷൻ |
പ്രാണിഹിംസെക്കുമടിക്കയില്ലേതുമെ ||
ഇതിമനസികരുതിജളകുമതിജലജന്തുതാൻ |
ഇഷ്ടനാംകീശനെപ്രാപിച്ചുമെല്ലവെ ||
കപിവരനുമവനുടയവരവുമവലൊകയൻ |
കല്യാണവാൎത്തയുംചൊദിച്ചുസാദരം ||
ജലചരനുമവനൊടഥകപടമിദമൂചിവാൻ |
ജന്തുക്കൾബന്ധുക്കളന്യൊന്യമിങ്ങിനെ ||
വിധിവിഹിതമെനവധികസുഖസഖിസമാഗമം |
വേർപെട്ടുന്നെരമ്മഹാദുഃഖമായ്വരും ||
മമതരുണിയുടെമതിയിലധികതരമാഗ്രഹം |
മൎക്കടാധീശ്വരനിന്മുഖംകാണ്മവാൻ ||
വരികമമവപുഷിഖലുസുഖമൊടുവസിക്കനീ |
വാനരനിന്നെവഹിക്കുന്നതുണ്ടുഞാൻ ||
മമഭവനമപിചമമകമനിയുടെരൂപവും |
മാനിച്ചുകൊണ്ടുപോരെണംസഖെഭവാൻ ||
പരിചിനൊടുകപിവരനുമപരിജലജന്തുതൻ |
പൃഷ്ഠെകരെറിവഹിച്ചോരനന്തരം ||
നിജവപുഷികപിവരനെവിരവൊടുവഹിച്ചുടൻ |
നീന്തിത്തിരിച്ചിതുശിംശുമാരന്തദാ ||
കപിവരനുമവനൊടഥകിമപിഗിരമൂചിവാൻ |
കാന്തെക്കുസൌഖ്യമൊശിംശുമാരസഖെ ||
കപടമതിജലചരനുമവനൊടുകഥിച്ചുമെ |

കാന്തെക്കുദെഹസൌഖ്യന്നാസ്ഥിവാനര ||
ഉദരമതിലതികഠിനമനിശമൊരുവെദന |
ഊണുമില്ലിപ്പൊളുറക്കവുമില്ലഹൊ ||
അതിനുചിലപൊടികളുഥഗുളികകൾകഷായമൊ |
ആശുവൈദ്യന്മാർവിധിച്ചില്ലയൊസഖെ ||
അതിവിഷമമതിനുടയശമനകരമൌഷധം |
അങ്ങാടിതന്നിലുംകിട്ടാത്തസാധനം ||
കപിയുടയഹൃദയഫലമൊരുപലമശിക്കാതെ |
കായരൊഗംശമിക്കില്ലപൊൽവാനര ||
സഖിയുടയവചനമിതിസപദിബത കെട്ടയാൽ |
സാരംഗ്രഹിച്ചുവിചാരിച്ചുവാനരൻ ||
ശിവനുടയചരണമിഹശരണമധുനാശംൻ |
ശിംശുമാരഞ്ചതിപ്പാനുടങ്ങുന്നുമാം ||
അപരനൊരുകപിയുമിഹനഹിമമവധംനൂനം |
ആഗതംദൈവമെകാത്തുകൊള്ളെണമെ ||
ഇവനുടയഹൃദയമതികഠിനമിതിഹന്തഞാൻ |
ഇത്രനാളുംഗ്രഹിക്കാതെപൊയെന്തഹൊ ||
വിപിനഭുവിതപമിയലുമൃഷികളെയുമാക്കമെ |
വിശ്വസിപ്പാന്മെലാപിന്നെയെന്തന്യനെ ||
കരളിടയിലധികശമഗുണമുടയമത്യനു |
കാനനംവെണമെന്നുണ്ടൊതപസ്സിനു ||
നിജഭവനമതിലുമിഹനിയമഗുണമുള്ളവൻ |
നിത്യംഭജിച്ചുമൊക്ഷംവരുത്തീടുവൊൻ ||
ഹൃദയമതിലമിതഗുണമതുകിമപിനാസ്ഥിയാം |
ഇദ്ദെഹമെത്രയുമ്മൂഢനമഹാജളൻ ||
മമമനസികപടമതുനഹിനഹികിനാവിലും |
മത്സ്വാമിനമ്മെചതിക്കയില്ലീശ്വരൻ ||
ഒരുകപടമിവനൊടിഹകിമപികഥയാമിഞാൻ |
ഓൎത്തുകൊണ്ടെവംപറഞ്ഞുബലീമുഖൻ ||

കമനിയുടെഗദമതിനുകപിഹൃദയമൌഷധം |
കല്പിതംമുന്നമെചൊല്ലാഞ്ഞതെന്തെടൊ ||
വനവിടപിയുടെമുകളിൽമമഹൃദയമങ്ങുഞാൻ |
വെച്ചെച്ചുപൊന്നുഞാനെന്തുചെയ്യാമിനി ||
പ്രഥമമിതുകിമപിമമനഹികഥിതമെങ്കിലും |
പ്രസ്ഥാനകാലത്തുമെന്തുചൊല്ലാഞ്ഞുനീ ||
കപിയുടയകപടമൊഴികനിവിനൊടുകേട്ടവൻ |
കാൎയ്യമെന്നൊൎത്തുമഹാജളഞ്ചൊല്ലിനാൻ ||
അതിസുഭഗകപിവൃഷഭതവഹൃദയമത്തിമെൽ |
അങ്ങുവെച്ചെച്ചുപൊന്നെങ്കിലങ്ങൊട്ടുതാൻ ||
വിരവിനൊടുഗമനമിഹസമുചിതമയെസഖെ |
വിക്രമാംഭൊധെതിരിച്ചുനാംപൊകെടൊ ||
അഥസപദിപുനരപിചകടലുടെതടെനില്ക്കും |
അത്തിമെൽചെന്നുകരെറികപീന്ദ്രനും ||
ബലിവദനഝടുതിതവഹൃദയമതുകൊണ്ടുനീ |
വന്നാലുമെന്നുരചെയ്തുജലചരൻ ||
നിപുണമതികപിവരനുമവനൊടിദമൂചിവാൻ |
നിന്നെകണക്കെമഹാദൊഷനല്ലഞാൻ ||
ഗഹനഭുവിപുനരപിചഗമനമതുകാരണം |
ഗൎദ്ദഭത്തെപൊലെചാകയില്ലെഷഞാൻ ||
അതുകഥയകനിവൊടിതിജലചരനുമൂചിവാൻ |
അക്കഥകെട്ടാലുമെന്നുകപീശ്വരൻ ||

൨. ശിവ ശിവ കിമിതി വദതി ചപല ഹൃദയൻ ഭവാൻ.

ഗഹനഭുവിമരുവുമൊരുഗജരിപുമൃഗാധിപൻ |
ഗൊമായുവാന്തന്റെഭൃത്യനൊടുക്തവാൻ ||
കുതുകിമപിമമരുചിതമതിചതുരജംബുക |

കുക്ഷിരൊഗംകൊണ്ടുപാരംവലഞ്ഞുഞാൻ ||
ഗജരുധിരജനിതമിതികഥയതിചികത്സകൻ |
ഗൎദ്ദഭത്തെക്കൊന്നതിന്നെശമംവരു ||
കഴുതയുടെരുധിതമിഹവനഭുവിനമുക്കഹൊ |
കാണ്മാനുമില്ലകെൾപ്പാനുമില്ലെങ്ങുമെ ||
വരികരികിലയിസുഭഗകഴുതയുടെമാംസത്തെ |
വല്ലെടവുംചെന്നുകൊണ്ടുവാനീസഖെ ||
ഹരിവരനെന്നിമിഷമൊട്ടുതൊഴുതഥസൃഗാലവും |
അങ്ങാടിയിൽചെന്നുരാത്രികാലെമുദാ ||
രജകനുടെകഴുതയൊട്ടുരഹസിചിരമൂചിവാൻ |
രാജസെവെക്കുമൊഹന്നിണക്കില്ലയൊ ||
രജകനുടെവസനഭരമനവധിവഹിച്ചുനീ |
രാപ്പകൽദുഃഖിക്കവെണ്ടെടൊരാസഭ ||
ഭയരഹിതമിഹവരികഹരിനൃപതിസന്നിധൌ |
ഭക്ഷണത്തിന്നെത്രസൌഖ്യംദിനെദിനെ ||
അശനമപിവസനമപിസകലമിഹസാധിക്കും |
അത്രമാത്രംകൈക്കലുണ്ടാസ്സുഖംക്രമാൽ ||
അവനുടയചതിവചനമതിജളതകൊണ്ടുടൻ |
അങ്ങിനെയെന്നുപുറപ്പെട്ടുഗൎദ്ദഭം ||
കുടിലമതികുറുനരിയുമതിജളനെവൈകാതെ |
കൂട്ടിച്ചുകൊണ്ടങ്ങുചെന്നുകൂപ്പീടിനാൻ ||
അതിമുദിതഹൃദയനഥമൃഗപതിയുമാദരാൽ |
അത്താഴമൂണിന്നുകൊള്ളാമിനിക്കിവൻ ||
സരസതരമിതികരുതിമനസിമൃഗപുംഗവൻ |
സന്ധ്യാനിയമംകഴിപ്പാൻഗമിച്ചിതു ||
അതുസമയമതുലഭയതരളമതിഗൎദ്ദഭം |
ആരുംഗ്രഹിയാതൊളിച്ചുമണ്ടീടിനാൻ ||
കഴുതയുടെഗമനമതുവിരവൊട്ടുഗ്രഹിക്കയാൽ |
കണ്ഠീരവെന്ദ്രനുംകുണ്ഠിതംപൂണ്ടിതു ||

അതിചപലനവനവനെയിനിയുടനൊരിക്കൽനീ |
ആഗമിപ്പിക്കെന്നയച്ചു ക്രോഷ്ടുവിനെ ||
പുനരപിചകഴുതയുടെനികടഭുവിചെന്നവൻ |
പുത്രവരികെന്നനുവദിച്ചീടിനാൻ ||
ഗതസുകൃതനതിവികൃതദുരിതനിധിയാകയാൽ |
ഗൎദ്ദഭിഗൎഭെപിറന്നനീയൎഭക ||
രജകനുടെവിട്ടപണിയുമുടയവിട്ടദൊഷനു |
രാജസെവാരസജ്ഞതാനമില്ലാദ്ഭുധം ||
വിപിനതലമതിലധികമനവധിസുഖംസഖെ |
വിശ്വാസവഞ്ചനംസിംഹത്തിന്നില്ലെടൊ ||
കിമപിസുഖമറിവതിനുമതിബതനിണക്കില്ല |
കിംകാരണന്നീയൊളിച്ചുപൊന്നുവൃഥാ ||
കഴുതപുനരവനൊടൊരുവചനമഥചൊല്ലിനാൻ |
കശ്മലന്നമ്മെകടിച്ചുതിന്നുംശഠൻ ||
കരിനികരരിപുവിനുടെകണ്ണുമദ്ദംഷ്ട്രവും |
കണ്ടുപേടിച്ചുഞാനമ്പെണ്ടിസൃഗാലക ||
ശിവശിവകിമിതിവദതിചപലഹൃദയൻഭവാൻ |
ശീലംഗ്രഹിക്കാതെശങ്കിച്ചതെന്തഹൊ ||
ഗുരുവിനയനയജലധിഗുണഗണമഹത്തരൻ |
ഗൊബ്രാഹ്മണപ്രിയൻഗൊമായുസെവിതൻ ||
സകലജനഹിതകരണനിപുണമതിനീതിമാൻ |
സൎവ്വദാസൌമ്യൻമൃഗാധിരാജൻസഖെ ||
അമലഗുണനവനപിചവിരവൊടുഭവാനെവ |
ന്നാലിംഗനംചെയ്യതിന്നുഭാവിച്ചിതു ||
കുശലമതുപറവതിനുതുനിയുമളവെഷനീ |
കൊല്ലുവാനെന്നുശങ്കിച്ചുപൊയീവൃഥാ ||
മഹിതഗുണമുടയതവകുലമഹിമകേട്ടുഞാൻ |
മൎക്കടപ്പെണ്ണിന്റെവെളിക്കപാട്ടുവാൻ ||
കഴുതകളിലഴകുടയപരിഷ്ഷപലതുണ്ടുപൊൽ |

കള്ളമല്ലിങ്ങനെനിങ്ങടെവൈഭവം ||
നലമുടയകുലമിയലുമതിസുഭഗനിന്നുടെ |
നാദങ്ങൾകെൾപ്പാൻകൊതിക്കുന്നതമ്പുരാൻ ||
നിഖിലവനമൃഗനികരമതികുതുകമൊടഹൊ |
നിന്മുഖംകാണ്മാൻമൊഹിച്ചുവന്നുതദാ ||
ചലഹൃദയനതുപൊഴുതിലതിഭയമിയന്നുനീ |
ചാടിയോടിപ്പൊന്നതെന്തൊരുസാഹസം ||
ഇഹജഗതിവൃഷലികടെതുണികളഖിലംചുമ |
ന്നിങ്ങിനെകാലംകഴിക്കുന്നതെന്തെടൊ ||
ഇതികപടപടുവിനുടെചടുമൊഴികൾകെട്ടയാൽ |
ഇന്നിയുംപൊകെന്നുറച്ചിതുഗർദ്ദഭം ||
പുനരപിചവിപിനഭുവിഹരിണരിപുസന്നിധൌ |
പുണ്യഹീനഞ്ചെന്നുകൂപ്പിനിന്നീടിനാൻ ||
മൃഗപതിയുമതിരഭസമവനെനിഹനിച്ചങ്ങു |
മൃത്യുലൊകത്തെക്കയച്ചാനസംശയം ||
നിഭൃതമഥഹരിണരിപുകുറുനരിയൊടൂചിവാൻ |
നിത്യകർമ്മംകഴിച്ചാശുവരുന്നുഞാൻ ||
അതിനിടയിലപരമൃഗമിതുബതഭുജിക്കാതെ |
ആമിഷംസൂക്ഷിച്ചുനില്പുനീജംബുക ||
നിജസചിവനൊടുസരസമിതികിലപറഞ്ഞുടൻ |
നിത്യകർമ്മത്തിന്നുപൊയിസിംഹെന്ദ്രനും ||
തദനുഹതകഴുതയുടെഹൃദയമഥകണ്ണവും |
താനങ്ങുഭക്ഷിച്ചുഗൊമായുതസ്കരൻ ||
നിയമവിധിവിധിവദഥവിരവൊടുകഴിച്ചവൻ |
നിക്ഷെപഭക്ഷണത്തിന്നുവന്നുഹരി ||
ഇതിനുടയഹൃദയമപിഗളമപികുതസ്സഖെ |
ഇങ്ങിനെചൊദിച്ചുകെസരീന്ദ്രന്തദാ ||
ഹൃദയഗളയുഗളമപിനഹിനഹിമഹാരാജൻ |
ഇക്കഴുതക്കെന്നുഗൊമായുചൊല്ലിനാൻ ||

ഗജരിപുവുമതിനിഭൃതമവസദതുകാരണം |
ഗദ്ഗദമല്ലുഞാനെന്നുചൊന്നേനഹം ||
ശൃണുകുടിലചടുലതവഹിതമിതുവൃഥാഫലം |
ശിംശുമാരാധമപൊയ്ക്കൊൾക്കെടൊഭവാൻ ||
ലഘുതവരുമളവുകപിവചനമതുകെട്ടുടൻ |
ലജ്ജനാശാതുരൻശിംശുമാരൻയയൌ ||
ലളിതതരചരിതമിതുനരവരകുമാരരെ |
ലജ്ജനാശാഖ്യമാംതന്ത്രംശുഭംശുഭം ||

സംസ്കൃത പഞ്ചതന്ത്രത്തിൽ ശിംശുമാരനും കുരങ്ങും പത്തിലധികം കഥകളെ ചൊല്ലി സംഭാഷണം ചെയ്തു കൊണ്ടിരിക്കുന്നു. അതിൽ ഒരു ശ്ലോകം ഇവിടെ ചെൎത്തു പറയാം.

ഉപകാരിഷ്വയഃസാധുസാധുത്വെതസ്യകൊഗുണഃ |
അപകാരിഷ്വയഃസാധുസസാധുഃസത്ഭിരുച്യതെ ||

ഇതി ചതുൎത്ഥ തന്ത്രം സമാപ്തം.

## പഞ്ചമതന്ത്രമാം അസംപ്രെക്ഷ്യകാരിത്വം

൧. അന്തണ ശ്രെഷ്ഠനു കീരി മൂലം യഥാ.

ശാരികപ്പൈതലെപഞ്ചമതന്ത്രവും |
പാരാതെചൊല്കനീപാരമുണ്ടാഗ്രഹം ||
ചതുരതരമധുരമൊഴികിളിമകളുമാദരാൽ |
ചൊന്നാളസംപ്രെക്ഷ്യകരിത്വതന്ത്രവും ||
സൊമശൎമ്മാദ്വിജൻഭൂപാലപുത്രരൊ |
ടാമൊദമൊടെപറഞ്ഞുതുടങ്ങിനാൻ ||
യാതൊരുപൂരുഷന്തത്വംഗ്രഹിക്കാതെ |
ജാതരൊഷംപ്രവൃത്തിക്കുന്നുഭൂതലെ ||
അവനുപുനരുപരിവരുമനവധിപരിതാപവും |
അന്തണശ്രെഷ്ഠനുകീരിമൂലംയഥാ ||
അക്കഥാകെൾക്കണമെന്നുഭൂപാലന്റെ |
മക്കൾചൊദിച്ചുപറഞ്ഞുമഹീസുരൻ ||

അപരീക്ഷ്യനകൎത്തവ്യംകൎത്തവ്യംസുപരീക്ഷിതം |
പശ്ചാൽഭവതിസന്താപൊബ്രാഹ്മണ്യാനകുലാദ്യഥാ ||

ഗൌഡദെശെദെവശൎമ്മനെന്നൊത്രയും |
പ്രൌഢനാംബ്രാഹ്മണശ്രെഷ്ഠനുണ്ടായിപൊൽ ||
യമനിയമഗുണമുടയധരണിസുരനാഥനു |
യജ്ഞസെനാഖ്യയാംപത്നിയുംജാതയായി ||
ഭാൎയ്യെക്കുഗൎഭംപത്തുക്കെതികെഞ്ഞിതു |
ഭൎത്താവുമൊദാൽപറഞ്ഞുമനൊരഥം ||

ഉഭയകുലശുഭകരണനിപുണനൊരുനന്ദനൻ |
ഊനംവരാതെജ്ജനിക്കുംനമുക്കെടൊ ||
അന്തണസ്ത്രീയുംപറഞ്ഞുമനൊരഥം |
സന്തതിക്കാകാസദാനന്ദഭൂസുര ||
ഉപരിവരുമധികതരവിഭവശതമാഗ്രഹി |
ച്ചുകതിവെലൊഷിക്കുന്നതുമ്മൊഹിപൂരുഷൻ ||
സൊമശമ്മന്റെപിതാവിനെപ്പൊലവൻ |
ഭൂമിയിൽഖെദിച്ചുമെവുമാറായ്വതും ||
കഥയമമകമലമുഖികഥമിതിമഹീസുരൻ |
കാമ്മുകിൽവെണികഥിച്ചുതുടങ്ങിനാൾ ||

൫. മനൊ രാജ്യം ഏറത്തുടങ്ങരുതു.

പണ്ടൊരുഭൂസുരബ്രഹ്മചാരീസുഖം |
പൂണ്ടൊരുവിപ്രന്റെമന്ദിരംപുക്കാൻ ||
ശ്രാദ്ധംഭുജിച്ചുമലപ്പൊടിദക്ഷിണാ |
മാത്രംലഭിച്ചുമൺപാത്രത്തിലാക്കിനാൻ ||
തവിടുപൊടിവടിവിനൊട്ടുഘടമതിൽനിറെച്ചുടൻ |
താനെതലയിൽചുമന്നുനടന്നിതു ||
മാൎഗ്ഗെമനൊരാജ്യമൊരൊന്നുചിന്തിച്ചു |
മാണവൻമെല്ലെനടന്നുതുടങ്ങിനാൻ ||
ആപണെചെന്നുമലപ്പൊടിവിറ്റുപെ |
ണ്ണാടിനെമെടിച്ചുകൊണ്ടുപൊയങ്ങുഞാൻ ||
സരസതൃണെസലിലമിവസതതമപിനല്കിഞാൻ |
സാദരംനന്നായിവളൎത്തുകൊണ്ടീടുവൻ ||
സംവത്സരത്തിലീരണ്ടുശിശുക്കളെ |
സംഭവിപ്പിക്കുമിപ്പെണ്ണാടുമിങ്ങിനെ ||
ആട്ടിൻകിടാങ്ങളെവിറ്റുപശുവിനെ |
പാട്ടിൽനമുക്കൊന്നുമെടിക്കണംദൃഢം ||

പശുവിനൊരുശിശുഭവതിശിശുവിനുശിശുക്കളും |
പാരാതെനാലഞ്ചുകാളക്കിടാങ്ങളും ||
അങ്ങിനെവാണാൽകൃഷിതുടങ്ങാനുള്ള |
സംഗതിവന്നുഭവിക്കുംനമുക്കിനി ||
നല്ലകണ്ടത്തിൽകൃഷിചെയ്തുകൊണ്ടുഞാൻ |
നെല്ലുംവളരെസമ്പാദിച്ചനന്തരം ||
ഇരവുപകലധികതരസുഖമൊട്ടുവസിക്കയും |
ഇല്ലവുംപുത്തനായിപ്പണിയിക്കയും ||
നല്ലൊരുപെണ്ണിനെവെളികഴിക്കയും |
ഇല്ലത്തുമെല്ലെക്കുടിവെച്ചുകൊൾകയും ||
അപ്രകാരംരമിക്കുംവിധൌഭാൎയ്യക്കു |
ഗൎഭമുണ്ടാകുംപ്രസവിക്കുമുണ്ണിയെ ||
സുതനുടയജനനമതിശുഭകരമവനുഞാൻ |
സൊമശൎമ്മാവെന്നുപെരിട്ടുകൊള്ളുവൻ ||
അക്കാലമുണ്ണിയെനൊക്കാതെമാതാവു |
പൈക്കറപ്പാനങ്ങുപൊയ്ക്കളഞ്ഞാകിൽഞാൻ ||
കൊപിച്ചുകൊൽകൊണ്ടുതാഡനംകൂട്ടുവൻ |
ഗൊശാലയിൽചെന്നുകത്തുപൂക്കീടിലും ||
പൊണ്ണുനീവണ്ണംമനൊരഥംചിന്തിച്ചു |
ദണ്ഡുകൊണ്ടൊന്നങ്ങടിച്ചുകുംഭൊദരെ ||
മക്കുടംപൊട്ടിത്തകൎന്നുമലപ്പൊടി |
മണ്ണിലുന്തന്നുടെകണ്ണിലുമൂക്കിലും ||
അടിമുടികൾമുഴുവനഥവെളുവെളയണിഞ്ഞുകൊ |
ണ്ടങ്ങിനെചെന്നുഗ്രഹംപുക്കുമാണവൻ ||
എന്നതുകൊണ്ടുപറഞ്ഞുമനൊരാജ്യം |
ഏറത്തുടങ്ങരുതെന്നുഞാൻബ്രാഹ്മണ ||
അഞ്ചാറുവാസരമങ്ങുകഴിഞ്ഞനാൾ |
അഞ്ചാതെപെററുകുമാരനുണ്ടായിതു ||
നളിനമുഖികനിവിനൊടുദശമദിവസൊദയെ |

സ്നാനത്തിനായിപുറപ്പെട്ടുമെല്ലവെ ||
പുത്രനെസ്സൂക്ഷിച്ചുതത്രപാൎത്തീടുവാൻ |
ഭൎത്താവിനെപ്പറഞ്ഞാക്കിഗമിച്ചിതു ||
അന്നെരമാശുരാജാവിന്റെദ്ദൂതനും |
വന്നുഗൃഹസ്ഥദ്വിജനൊടുചൊല്ലിനാൻ ||
ഇന്നങ്ങമാവാസ്യകാൽകഴകിഭുജി |
ക്കുന്നവൎക്കീരണ്ടുരൂപാപ്രതിഗ്രഹം ||
വെക്കംവരെണമെന്നിങ്ങിനെതമ്പുരാൻ |
തൃക്കൺമുനകൊണ്ടുകല്പിച്ചയച്ചുമാം ||
ഇതിനൃപതിഭടനുടയവചനമതുകെട്ടുടൻ |
ഇഷ്ടനാംപുത്രനെകാത്തുവാണീടുവാൻ ||
എത്രയുംവിശ്വാസമുള്ളൊരുകീരിയെ |
തത്രപാൎപ്പിച്ചുഗമിച്ചുമഹീസുരൻ ||
ഉണ്ണിയെനൊക്കിസ്സമീപെനകുലവും |
കണ്ണടക്കാതങ്ങുപാൎക്കുംദശാന്തരെ ||
ശിശുവിനുടെനികടഭുവിവലിയൊരുഭുജംഗമം |
ശീഘ്രംവരുന്നതുകണ്ടൊരുകീരിയും ||
സത്വരംചെന്നുടൻനാലഞ്ചുഖണ്ഡിച്ചു |
രക്തവുംമെയ്യിലണിഞ്ഞുപാൎത്തീടിനാൻ ||
ശ്രാദ്ധംകഴിഞ്ഞുവരുന്നൊരുവിപ്രന്റെ |
കാൽത്തളിർചെന്നുവണങ്ങിനകുലവും ||
കീരിതന്മെനിയിൽചൊരകണ്ടപ്പൊഴെ |
പാരംകയൎത്തുവിചാരമില്ലാത്തവൻ ||
അതിചപലമതിനകുലമഹഹമമപുത്രന്റെ |
അംഗംമുറിച്ചുഭുജിച്ചുമഹാശഠൻ ||
എന്നുകല്പിച്ചുതടികൊണ്ടടിച്ചാശു |
കൊന്നാനസംപ്രെക്ഷ്യകാരീനകുലത്തെ ||
ചെന്നങ്ങകംപുക്കുനൊക്കുന്നനെരത്തു |
നന്ദനൻകൈകാൽകുടഞ്ഞുക്രീഡിക്കുന്നു ||

സപ്പ്ഖണ്ഡങ്ങളും കണ്ടാൻ സമീപത്തു |
വിപ്രനും പാരം വിഷാദിച്ചു നിന്നിതു ||
ഉരഗതനുവിരവിനൊടു വിശകലിതമാക്കിയെ |
ന്നുണ്ണിയെ പാലനം ചെയ്യോരു കീരിയെ ||
യഷ്ടികൊണ്ടാശു വധിച്ചോരു നമ്മുടെ |
ചെഷ്ടിതമെത്രയും കഷ്ടം ശിവ ശിവ ||
അന്നെരമമ്മയും വന്നു ചൊദിച്ചു പൊ |
ന്നുണ്ണിക്കു തുല്യനാം കീരികുമാരനെ ||
അതികുടില ചപലമതി മനുജനവനാരുവാൻ |
അയ്യൊ ശിവ ശിവ തല്ലി വധിച്ചതും ||
എത്രയും പാരം വിഷണ്ണനാം വിപ്രനും |
വൃത്താന്തമെല്ലാം പറഞ്ഞറിയിച്ചിതു ||
ബ്രാഹ്മണി താനും പറഞ്ഞിതു സാഹസം |
ബ്രാഹ്മണ നിങ്ങൾക്കു വെണ്ടുന്നതല്ലിതു ||
കണ്ടതും കെട്ടതുമൊക്കെ പ്രമാണമായി |
ക്കൊണ്ടു വിചാരവും കൂടാതെ ചെയ്യുവൻ ||
പണ്ടൊരു മുഢ ക്ഷുരകനു വന്നൊരു |
ചെണ്ടതാപമെന്നതു പൊലെ തരം കെടും ||
അതു പറക വിരവിലിതി ധരണിസുരനൂചിവാൻ |
ആയതു കെട്ടാലുമെന്നു തൽഭാര്യയും. ||

---

൩. ദ്രവ്യമില്ലാഞ്ഞു ദുഃഖിക്ക വെണ്ടാ ഭവാൻ.

ഉണ്ടായി പണ്ടൊരു ചെട്ടികുമാരകൻ |
ഉണ്ടായ നാളെ ജനനി മരിച്ചിതു ||
അച്ഛനുമില്ലൊരു ബന്ധുക്കളുമില്ല |
ചാച്ചയും ചെച്ചയും വെല്ലയുമില്ല ഹൊ ||
മാതാവു തന്നുടെ ദാസീ മുല കൊടു |
ത്തൊതാവതാവുള്ളതീടിനാൾ ബാലനെ ||

ദാരിദ്ര്യദുഃഖവുംപാരംപഴംകഞ്ഞി |
കൊരിക്കുടിച്ചുകഴിക്കുന്നുവാസരം ||
സ്വജനധനരഹിതനവനൊരുദിനമെട്ടശ്ശയാ |
സ്വപ്നത്തിലെകനെക്കണ്ടുവരുന്നതു ||
ദിവ്യപുമാനവൻബാലനൊടുചിവാൻ |
ദ്രവ്യമില്ലാഞ്ഞുദുഃഖിക്കവെണ്ടാദവാൻ ||
കാലത്തെഴുനീററുകാലുംവദനവും |
ചാലവെശുദ്ധിവരുത്തിവസിക്കനീ ||
മഹിതഗുണഗണമുടയയതികളിഹമൂന്നുപെർ |
മദ്ധ്യാഹ്നകാലെവരുവർതവാന്തികെ ||
ഭിക്ഷുക്കൾമൂവരുംവന്നാലവരെനീ |
തൽക്ഷണംവാൾകൊണ്ടടിച്ചുകൊന്നീടുക ||
ഭിക്ഷുക്കൾമൂവരുമന്നെരമെമൂന്നു |
നിക്ഷെപകുംഭങ്ങളായ്തീൎന്നീടുമെ ||
നിയതമിതിപുരുഷവരനരുളിഗതവാനസൌ |
നിദ്രാവസാനെവിധവകുമാരകൻ ||
പാരാതെകാലത്തെഴുനീററുസത്വരം |
ക്ഷൌരാദിശുദ്ധിവരുത്തിക്കുളിച്ചുടൻ ||
സപദിനിജനിലയമതിലവികലമിരുന്നാശു |
സന്യാസിമാരെപ്രതീക്ഷിച്ചുമെവിനാൻ ||
മദ്ധ്യാഹ്നകാലത്തുമൂന്നുസന്യാസിമാർ |
മാദ്ധ്യംദിനസ്നാനമാചരിച്ചഞ്ജസാ ||
വന്നുവണിക്കിന്റെമുററത്തിരുന്നിതു |
വന്ദനംചെയ്തുവണിക്കുംപതുക്കവെ ||
കണ്ണുമടച്ചങ്ങിരിക്കുംയതികളെ |
ദണ്ഡുമെടുത്തങ്ങടിച്ചുമടിയാതെ ||
നിമിഷമഥയതികളവരനഘകനകാഞ്ചിത |
നിക്ഷെപകുംഭങ്ങളായ്തീൎന്നുമൂവരും ||
പൊന്നുംപണങ്ങളുംസമ്പൂൎണ്ണമായുള്ള |

പൊന്നിൻഘടങ്ങളെക്കണ്ടവണീശ്വരൻ ||
ചെന്നുവലംവെച്ചുവന്ദിച്ചിട്ടത്തങ്ങ |
തന്നുടെഭണ്ഡാരഗെഹത്തിലാക്കിനാൻ ||
ക്ഷൌരകത്തിന്നൊരുപൊന്നുരുപ്പാകൊട |
ത്താരുംഗ്രഹിക്കാതെയങ്ങയച്ചീടിനാൻ ||
നവകനകഘടജനനചരിതമതുകണ്ടുടൻ |
നാവിതന്മാനസെവിസ്മയിച്ചീടിനാൻ ||
സന്ന്യാസിമാക്കളെത്തച്ചുകൊന്നാലുടൻ |
സന്ന്യാസകുംഭങ്ങൾസംഭവിച്ചീടുമെ ||
ന്നിത്രനാളുംഗ്രഹിച്ചില്ലഹൊഞാനിനി |
തത്രകണ്ടീടുന്നഭിക്ഷുക്കളെതല്ലി ||
നിഗ്രഹിച്ചുംകൊണ്ടുനികെഷ്പകുംഭംപ |
രിഗ്രഹിച്ചീടുന്നതുണ്ടെന്നുറച്ചവൻ ||
നിജഭവനനികടഭുവിവിരവിനൊടുചെന്നുടൻ |
നിന്നുഭിക്ഷുക്കളെപാൎത്തുവാണീടിനാൻ ||
ദണ്ഡുംകഷായവസ്ത്രങ്ങളുംനെററിമെൽ |
മണ്ണുകൊണ്ടുള്ളകുറികളുംകുണ്ഡിയും ||
മുണ്ഡിതമാകുംശിരസ്സുംധരിച്ചുള്ള |
പണ്ഡിതന്മാർമൂന്നുഭിക്ഷുക്കൾവന്നിതു ||
ക്ഷുരകനതുപൊഴുതുനിജപുരമുറിയിൽനിന്നുടൻ |
ക്ഷുദ്രന്മഹാമൂഢനോടിവന്നീടിനാൻ ||
സന്ന്യാസിമാരെപ്രഹരിപ്പതിന്നുള്ള |
സന്നാഹവുംകൂട്ടിപാഞ്ഞടുക്കുംവിധൌ ||
പെടിച്ചുമണ്ടുന്നഭിക്ഷുക്കളെച്ചെന്നു |
താഡിച്ചുവാൾകൊണ്ടുനാവിതൻകശ്മലൻ ||
ഹാഹാമഹാരാജരക്ഷിക്കരക്ഷിക്ക |
ഹാഹാമഹാദെവപാഹിമാംപാഹിമാം ||
രഘുതനയയദുതനയമധുമഥനമാധവ |
രക്ഷിക്കരക്ഷിക്കഭിക്ഷുക്കളെവിഭൊ ||

ഇത്ഥമ്മുറവിളികെട്ടുഭൂപാലന്റെ |
ഭൃത്യപ്രധാനികൾമണ്ടിവന്നീടിനാർ ||
മൂഢക്ഷുരകനെചെന്നുപിടിപെട്ടു |
മൂക്കുംചെവികളുംചെത്തിഗദകൊണ്ടു ||
താഡിച്ചുപല്ലുംതകൎത്തുടൻതീവെച്ചു |
താടിയുമ്മീശയുംചുട്ടുകരിച്ചുകൊ ||
ണ്ടാരൊഹണൊഗ്രെകിടത്തിത്തിരിച്ചുവ |
ന്നാരൊമൽവന്ദനംചെയ്യുയതികളെ ||
ഇതിവിപദിപതനമതുവിധിവിഹിതമിദ്ദൊഷം |
എല്ലാമസമ്പ്രെക്ഷ്യകാരിതാകാരണം ||
മററമൊരുത്തൻപ്രവൃത്തിച്ചതിനെന്തു |
മൂലമെന്നുള്ളവിചാരവുംകൂടാതെ ||
മററവൻകൂടെപ്രവൃത്തിക്കിലിങ്ങിനെ |
കുററംഭവിക്കുമെന്നൊൎത്തുകൊണ്ടീടുവിൻ ||
മിത്രഭെദംസുഹൃല്ലാഭംപുനസ്സന്ധി |
വിഗ്രഹംലബ്ധനാശംതഥാസമ്പ്രെക്ഷ്യ ||
കാരിതാമിങ്ങിനെപഞ്ചതന്ത്രങ്ങൾവി |
ചാരിച്ചുബുദ്ധിക്കുശുദ്ധിവരുത്തുവിൻ ||
പരമഗുണഗണമുടയനരപതിസുദൎശനൻ |
പാടലിപുത്രഗെഹത്തിന്നധീശ്വരൻ ||
നിങ്ങടെതാതന്നിലിമ്പരാജൊപമൻ |
മംഗലാകാരന്മഹീപാലശെഖരൻ ||
നിങ്ങൾക്കുനീതിശാസ്ത്രത്തെഗ്രഹിപ്പിച്ചു |
നിൎമ്മലജ്ഞാനമുണ്ടാക്കുവാന്നമ്മൊടു ||
കല്പിച്ചതൊക്കവെസാധിച്ചുചെറവുംവി |
കല്പമില്ലെതുംവിവെകമെകംസുഖം ||
ജനകനുടെനികടഭുവികനിവിനൊടുചെന്നുടൻ |
ജാതസന്തൊഷംവണങ്ങുവിൻബാലരെ ||
പഞ്ചതന്ത്രംപഠിച്ചീടുംജനങ്ങൾക്കു |

നെഞ്ചകത്തെററംവിവെകമുണ്ടായ്വരും ||
സഞ്ചിതാനന്ദംസമസ്തകൃത്യാകൃത്യ |
സഞ്ചിന്തനത്തിന്നുപാത്രമാകുംദൃഢം ||
സരസതരമിതിവചനരചനമുരചെയ്തുടൻ |
സൊമശൎമ്മാഖ്യന്മഹീസുരാഗ്രെസരൻ ||
പാടലിപുത്രാധിനാഥൻെറമക്കൾക്കു |
പാടവപ്രൌഢതപമുണ്ടാക്കിമെല്ലവെ ||
ദക്ഷിണെന്മാരാംകുമാരകന്മാരൊടു |
ദക്ഷിണവാങ്ങിഗമിച്ചുസുമംഗലം ||

ഇതി പഞ്ചമതന്ത്രം സമാപ്തം.

കുദൃഷ്ടംകുപരിജ്ഞാതംകുശ്രുതംകുപരീക്ഷിതം |
തന്നരെണനകൎത്തവ്യംനാവിതെനഹയൽകൃതം ||

ചകാരകഥാമ്പിതംസൂക്തയുക്തം |
ശ്രീവിഷ്ണുശൎമ്മാനൃപനീതിശാസ്ത്രം ||

സംസ്കൃതത്തിലുള്ള അപരീക്ഷിത കാരിതം എന്ന പഞ്ചമതന്ത്രത്തിൽ പതിനഞ്ചു കഥകൾ അടങ്ങിയിരിക്കുന്നു.



# DICTIONARY

TO THE

# PANCHATANTRAM

ഠരം ആകാരാദിയിൽ കാണുന്ന മിക്ക വാക്കുകൾ
സംസ്കൃതം തന്നെ — അല്ലാത്തതിന്നു ഇട്ട കുറികളാവിതു:

* = മലയാളം

** = തെക്കെ മലയാളം

† = വടക്കെ മലയാളം

ത. = തത്ഭവം (സംസ്കൃതത്തിൽ നിന്നു പിഴെച്ചതു)

അ. = അറവി

വെറെ കുറികൾ ആവിതു:

അ" = അഥവാ, അല്ലെങ്കിൽ

അ: = അതു നൊക്ക

ഏ. = ഏക വചനം

ബ. = ബഹു വചനം

ച. = ചതുൎത്ഥി

പ. = പഞ്ചമി

ഷ. = ഷഷ്ഠി

പു. = പുല്ലിംഗം

സ്ത്രീ. = സ്ത്രീലിംഗം

മാ. = മാന വാക്കു

= എന്നതു സമം, അൎത്ഥം എങ്ങനെ എന്നാൽ, എന്നതു

അ

അംസം, ചുമൽ; The shoulder.

* അകതളിർ (അകം), ഉള്ളം, മനസ്സു; The heart, mind.

അകൃത്യം (അ), കല്ലാത്തതു, ദൊഷം; Iniquity.

അഖിലം, മുഴുവനും; All, the whole.

അഗ്രഗണ്യൻ (അഗ്രം, മുമ്പു, ഗണ്യൻ), മുമ്പൻ, എണ്ണപ്പെട്ടവൻ; An Estimable person.

അഗ്രജൻ (അഗ്രം, ജൻ) കടിഞ്ഞൂൽ, ജ്യെഷ്ഠൻ; The first born, an elder brother.

അഗ്രെസരൻ (അഗ്രം, സരൻ), തലയാളി, നായകൻ; A leader.

അങ്കം, സ്ഥാനക്കുറി; A mark of dignity.

അങ്കണം, മുററം; A court or yard ഉ: ഗേഹാങ്കണെ (ഗേഹം), വീട്ടിന്റെ മുററത്തു.

അംഗന (അംഗം), സുന്ദരി; A well shaped woman.

അംഗം, ശരീരം; The body, a limb.

അചലം (അ), മല; A mountain.

അ

അജം, ആടു; A goat.

അഞ്ജനം, മഷി; A collyrium, antimony.

അഞ്ജലി, തൊഴു കൈ; Both open hands joined in adoration or to receive something.

അഞ്ജസാ, ഉടനെ; Forthwith.

അടവി, കാടു; Jungle.

* അടിമലർ, കാൽ; The foot (honorif.)

അണ്ഡജൻ(അണ്ഡം, മുട്ട) മുട്ടയിൽ നിന്നു പിറന്നവൻ, പക്ഷി; A bird, fowl.

അണ്ഡവം, അണ്ഡം; The testicle.

അതി, ഏററവും; Excessive, very.

അതുലം (അ), ഒക്കാത്ത; Unequalled.

* അത്തൽ, ദുഃഖം, മാൽ; Grief, sorrow.

അത്യയം, മരണം, കുററം; Death, fault.

അത്ര, ഠരം, ഇങ്ങനെ, ഇവിടെ; This, thus, here.

അഥ, പിന്നെ, ഇനിമെൽ; Furthermore, hence.

അദ്യ, (അ, ദ്യു) ഇന്നു, ഇപ്പൊൾ; To day, now.

അദ്രി, മല, മരം; A mountain, tree. അദ്രികന്ദരത്തെ, മലഗുഹയിൽ.

അധഃ, കീഴ, താഴെ; Beneath, below.

അധമൻ, (Superl.) നിസ്സാരൻ; A mean, base, vile person.

അധൊഗതി, ഇറക്കം വീഴ്ച, Descent, downfall.

അധൊഭാഗം, കീഴിൽ; A place below.

അധിനായകൻ, ശ്രെഷ്ഠനായകൻ; A leader, chief, general.

അധിവാസം (അധി), പുര, പാൎപ്പു; An abode.

അധീശൻ, വലിയ യജമാനൻ; A Lord.

അധുനാ, ഇപ്പൊൾ; Now.

അനഘം (അൻ, അ, അഘം), നിൎദ്ദോഷം; Sinless, pure.

അനലൻ, തീ; Fire.

അനവരതം (അൻ, അവിരതം) എല്ലായ്പൊഴും; Incessant, continual.

അനാഗതം (അൻ, ആഗതം) എത്തിട്ടില്ലാത്തതു, വരുന്നതു; Not yet come, the future.

അനിശം, എപ്പൊഴും; Always.

അനുകൂലം (അനു, കൂട, പിൻ), ഉതവി, ഉപകാരം; Favourable, agreeable.

അനുഭൂതവാൻ (അനു), അനുഭവത്താൽ അറിഞ്ഞവൻ; An experienced person.

അനുഷ്ഠിക്ക (അനു, സ്ഥാ), കഴിക്ക; to perform, observe.

അനെകദാ (അൻ), ഇടവിടാതെ; Uninterrupted, for a long time.

അന്തകാലയം (അന്തകൻ, യമൻ, ആലയം) യമപുരി; Hades, hell.

* അന്തണൻ, ബ്രാഹ്മണൻ; A Brahmin.

അന്തരം, ഉള്ളു, ഇട; Consideration, period, interval.

അന്തരെ, ഉള്ളിൽ; In, amidst.

അന്തരംഗം (അംഗം), ഉള്ളം, The heart, mind.

ത. അന്തി (സന്ധി), വൈകുന്നെരം, അവസാനം; The evening, end.

അന്തികം, അന്തികെ (അന്തം), അടുത്തു, അടുക്കെ; Contiguous, near.

അന്ധൻ, കുരുടൻ; A blind man.

ത. അന്നം, ഹംസം; A swan.

അന്നം, ചൊറു; Boiled rice. ട: അന്നപാനം, ഊണും കുടിയും.

അന്യെ, (അന്യം), ഒഴികെ; Except.

അപകാരം (അപ, കളക താഴ്ച) തിന്മ, പക; Harm.

അപത്ഥ്യം (അ), ചട്ടം തെറ്റിയതു; Unsuitable, പറ്റാത്തതു, disagreeable.

അപ്പുരം, വെറെ, അപ്പുറം; Other, opposite.

അപരീക്ഷിതം (അ), പാൎക്കാത്ത; Untested, സൂക്ഷ്മക്കേടു Uncautiousness.

അപി, ഉം, കൂട, പിന്നെ; And, also, moreover, അപിച, എങ്കിലും.

അപ്പു, വെള്ളം; Water.

അപ്രധാനം (അ), മുഖ്യമല്ലാത്ത കീഴത്തരമുള്ള; Subordinate.

അബദ്ധം (അ) ചേൎച്ചയില്ലായ്മ, തെററു; Nonsense, a mistake.

അഭയം (അ) ഭയമില്ലായ്മ; Fearless, അടക്കലം place of refuge.

അഭിജ്ഞത്വം (അഭി), നിപുണത; Cleverness, അറിവു, knowledge.

അഭിപ്രായം (അഭി), കരുത്തു; Sentiment, സാക്ഷാൽ നോക്ക intention.

അഭിമതം (അഭി), ആഗ്രഹിച്ചതു, ഇഷ്ടം; Desire, consent—wished.

അഭിലഷിതം (അഭി), ആഗ്രഹിക്കപ്പെട്ടതു; Wished, longed for.

അഭ്യാഗൻ,—ഗതൻ (അഭി, ആഗൻ), എത്തിട്ടുള്ളവൻ, അതിഥി; Guest.

ത· അമർ (സമരം), പൊർ; War, fight.

അമലം (അ), ശുദ്ധി; Purity, cleanliness.

അമാത്യൻ (അമാ, കൂട,) മന്ത്രി; Counsellor, minister.

അമാവാസ്യ, കറുത്തവാവിൻനാൾ; The day of the new moon.

അമൃതി, അമൃതം; Ambrosia.

അംബരം, ആകാശം; The sky, Atmosphere.

അംബു, അംഭസ്സ, വെള്ളം; Water. അംഭൊധി, അംഭൊനിധി, കടൽ; The sea. ദൃ: നീതിശാസ്ത്രാംഭൊനിധി, നീതിശാസ്ത്രക്കടൽ.

അയെ, അയി, അല്ലയൊ! Oh! soho!

അരണ്യം, കാട്ടു; A forest.

അരി, ശത്രു, പകയൻ; An Enemy അരിപുരം, ശത്രു പട്ടണം an inimical town.

അൎക്കൻ, സൂൎയ്യൻ; The sun.

അൎച്ചനം, സെവ, പൂജ; Service, worship.

അൎത്ഥം, ധനം, വസ്തു; Riches, ആയ്ക്കൊണ്ടു for, ദൃ: രക്ഷണാൎത്ഥം, രക്ഷക്കായ്ക്കൊണ്ടു.

അൎത്ഥി, ഇരപ്പാളി; A beggar.

അൎദ്ധം, പാതി; Half.

അൎപ്പണം, വെക്ക, നിയമിക്ക; Placing, appointing.

അൎഭകൻ, കുട്ടി, ചെറുക്കൻ; A boy, lad.

അവനീ, ഭൂമി The Earth.

അവലോകയൻ (അവ), കാണപ്പെട്ടവൻ; On who has beheld.

അവശം, (അ), പരവശം; Being beside one's self, ungovernable.

അവശത (അ), സ്വാധീനക്കേടു, തളൎച്ച, Want of control, weakness.

അവസരം (അവ), തക്കം, തരം; Leisure, opportunity.

അവസദത്തു (വസിക്ക); വസിച്ചു; Dwelled.

അവസദിക്ക (അവ), ആധിയൊടിരിക്ക; To be dejected.

അവസാദം, ആലസ്യം; Weariness, dejection.

അവികലം (അ), വെൎപ്പിടാത്തതു, തിങ്ങിയതു; Inseparable, compact.

അവിവെകി (അ), ബദ്ധപ്പാട്ടുകാരൻ, An imprudent person.

അശനം, തിൻ പണ്ടം, ഊണു; Victuals, food.

അശിക്ക, ഉണ്ണുക, തിന്നുക; To eat.

അശ്വത്ഥം (അശ്വം കുതിര), അരയാൽ; The holy fig tree.

അശ്വമെധം, കുതിര ബലി; The Horse Sacrifice.

അശ്രു, കണ്ണീർ; A tear.

അഷ്ടി (അശിക്ക), തിൻ പണ്ടം; Food.

അസമ്പ്രെക്ഷ്യം (അ, സം, പ്ര, അക്ഷം), കണ്ണുകൊണ്ടു പാൎക്കാതിരിക്ക — അസമ്പ്രെക്ഷ്യ കാരിത്വം, ൭ാം തന്ത്രം, മുൻ ചിന്ത കൂടാതെ പ്രവൃത്തിക്ക; Acting uncautiously.

അസ്തം, നീക്കപ്പെട്ടതു, തള്ളപ്പെട്ടതു; Thrown cast അഴിവു destruction.

അസ്തു, ആകട്ടെ ദ: അസ്തുതെ, നീ ഇരിക്ക, ആക Be thou.

അഹം, ഞാൻ; I.

അഹി, സൎപ്പം; A serpent.

## ആ

ആകരൻ (ആ), രൂപമുള്ളവൻ; One who is shaped.

ആകൎണ്ണനം, ചെവിചായ്ക്ക; Listening.

ആകുലം, കഴപ്പം, കലങ്ങിയതു; Anguish — confused. ആകുലത്വം, കുഴപ്പത്തൊടിരിക്ക.

ആഖു, എലി; A rat, mouse.

ആഖ്യ, പെർ; A name.

ആഗതം (ആ), കിട്ടിയതു, ചെൎന്നു; Obtained, come.

ആഗാരം, ഭവനം, വീടു; A house.

ആഘൊഷം (ആ), നിലവിളി; Making a loud noise, തമാശ, A parade.

ആച്ഛാദിക്ക (ആ) മൂടുക; To cover, മറെക്ക, conceal.

ആജ്യം, നൈ; Ghee.

ആജീവനാന്തം (ആ, ജീവൻ, അന്തം), ചാവൊളം; Till death.

ആടൊപം (ആ), പൊങ്ങച്ചം; Ostentation, pride.

ആത്മജൻ, ആത്മജ (ആത്മാ), മകൻ, മകൾ; A son, daughter.

ആത്മാവു ദ: ധീരാത്മാവു, മഹാത്മാവു ഇത്യാദി, ധൈൎയ്യമുള്ളവൻ, ധൈൎയ്യവാൻ — ആൎയ്യൻ ഇത്യാദി.

ആതുരം (ആ), കലങ്ങൽ, ദീനം; Afflicted, sick, ആതുരീഭാവം, രൊഗം പിടിച്ച, Sickly feeling.

ആദരിക്ക, അലിയുക, കനിയുക, പരിപാലിക്ക; To show kindness, to defend, patronize.

ആദൃശം (ആ), തുല്യം; Like.

ആധി, കലക്കം; Anxiety.

ആപണം, അങ്ങാടി; A market, പീടിക, കട a shop.

ആപന്നം—ൻ, ആപത്തില്പെ ള്ളതു—വൻ; Afflicted, an unhappy man.

ആമിഷം, മാംസം; Flesh, meat.

ആമോദം (ആ;) സന്തൊഷം; Joy.

ആയതം, നീളം; Length.

ആയത്തം, ആധീനം, അടങ്ങു ന്ന; Dependant, tractable.

ആയം, വരവു, ലാഭം; income, profit, തളൎച്ച slackness.

ആയാസം, തളൎച്ച, ക്ലെശം; Fatigue, trouble.

* ആരുവാൻ, യാതൊരുത്തൻ; A certain person.

* ആരോമൽ, ഓമന, പൊൻ; Darling, നല്ലവണ്ണം, pleasantly, well.

ആരോഹണം, കരെററം; Ascending, കഴുമരം, a gallows, ആ രോഹണാഗ്രെ, on the top of the gallows.

ആൎജ്ജിക്ക, ചരതിക്ക, സമ്പാ ദിക്ക, To hoard up, to get, acquire.

ആൎയ്യൻ, ശ്രെഷ്ഠൻ, കുലീനൻ; A nobleman, a respectable man.

ആലിംഗനം (ആ), പൊത്തി പ്പിടിക്കൽ; An embrace.

ആലോകനം (ആ), നോട്ടം, ദൃഷ്ടി; Beholding.

ആവലാതി, അലച്ചിൽ, അല മ്പൽ; Confusion, vexation.

ആവലി, നിര, കൂട്ടം; A row, multitude.

ആവാസം (ആ) വീട്ടു, പാൎപ്പു; A house, abode.

ആശയം, പൊരുൾ, മനസ്സു; Meaning, intention, mind.

ആശു, വെഗം; Soon, quickly.

ആശ്രിതൻ, ആശ്രയിക്കുന്നവ ൻ, കീഴപ്പെട്ടവൻ; A client, person depending on.

ആശ്ലെഷം, (ആ), ആലിംഗ നം; g. v.

ആസനം, ശത്രുവിന്നെതിരെ നിലതെററാതെനില്ക്ക; The maintaining a post against an enemy, ന്യ നയങ്ങളിൽ ഒന്നു.

ആസ്ഥാ, നിലെച്ചു നില്ക്ക, ആ ധാരം, ആദരവു, രാജസഭ; Standing firm, stay, fondness, assembly.

ആഹവം, യുദ്ധം, സംഹാരം; War, carnage.

## ഇ

ഇംഗിതം, ഇങ്ങിതം, കുറി, ചെഷ്ട; A sign, hint, gesture.

* ഇണ്ടൽ, അച്ചം, ദുഃഖം; Fear, apprehension, regret.

ഇതി, എന്നു, ഇങ്ങിനെ; So, thus.

* ഇത്തരം (തരം), ഇങ്ങിനെ, ഇ പ്രകാരം; Thus, such, like.

ഇത്ഥം, ഇങ്ങിനെ, ഇപ്രകാരം; Thus, in this wise or manner.

ഇദം, ഇതു, ഇപ്രകാരം; This, thus.

ഇന്ദ്രൻ, യജമാനൻ, നായകൻ, ഉ: ശ്രേഷ്ഠേന്ദ്രൻ, മൃഗേന്ദ്രൻ ഇത്യാദി; A noble Lord, A Lord of beasts.

* ഇയലുക, ഒക്കുക, കൂടുക; To agree, succeed, be possible.

ഇഷ്ടി, യാഗം; A sacrifice, ഇച്ശ, a wish.

ഇഹ, ഇവിടെ; Here.

ഈ

* ഈടുക, ഇടുക—ആഖ്യസഹായ ക്രിയ പൊലെ പ്രയൊഗിച്ചു വരുന്നു ഉ: കേട്ടീടുന്നു, കെട്ടുന്നു; നശിച്ചീടും, നശിക്കും; നിൎത്തീടെണം, നിൎത്തെണം; ചെയ്യീടാമൊ, ചെയ്യാമൊ; വെടിഞ്ഞീടിന, വെടിയുന്ന ഇത്യാദി.

ഈയൽ, ചിതൽ; The white ant.

* ഈല, ഇല്ല ഉ: ചെല്ലവീല, ചെല്ലുന്നില്ല; ചെയ്യീലെന്നാലും ഇത്യാദി.

ഈശാനൻ, ശിവൻ; Siva.

ഈശ്വരൻ, നായകൻ, ശ്രേഷ്ഠൻ ഉ: സന്ന്യാസീശ്വരൻ, മന്ത്രീശ്വരൻ ഇത്യാദി; The noble Sanyasi etc.

ഉ

ഉക്തവാൻ, അവൻ പറഞ്ഞു; He said.

ഉക്തി, വാക്കു; Speech, word.

* ഉതകിന, സഹായിക്കുന്ന; Helping.

ഉൽക്കടം (ഉൽ, മേൽ, അധികം), ഗൎവ്വം, Pride; ഏററവും, Excessive, വെറിയുള്ള drunk, intoxicated.

ഉൽകൎഷം, ശ്രേഷ്ഠം; Excellence, വളരെ much, ഏററവും.

ഉൽകൃഷ്ടം, വലിയ; Great, വിശെഷമുള്ള excellent.

ഉൽപന്നം, പിറന്ന, ഉണ്ടായ; Born produced.

ഉൽഭവിക്ക, ഉളവാക, To come into existence, to spring from.

ഉത്താനം, ആഴമില്ലാത്തതു; Shallow.

ഉദരം, വയറു, ഗൎഭപാത്രം The belly, womb. ഉ: കുംഭോദരം, പാത്രത്തിന്റെ വയറു.

ഉദീരിതം, ചൊല്ലപ്പെട്ടതു; Said, spoken.

ഉദുംബരം, അത്തിമരം; The glomerous fig tree.

ഉദ്ധതം, ഗൎവ്വമുള്ള; Arrogant, rude.

ഉന്നതം, (ഉൽ), ഉയൎന്ന; High, lofty, tall.

ഉന്നതി, (ഉൽ), വൎദ്ധന; Prosperity, കീൎത്തി fame.

ഉപകൃതി, (ഉപ), ഉപകാരം; Benefit, kindness.

ഉപമം, (ഉപ), തുല്യം; Similar, like.

ഉപരി, മേൽ; Over, above.

ഉപസംഹൃതി (ഉപ), മൂലനാശം; Total destruction.

ഉപാന്തം, ഉപാന്തികം, അടുക്കെയുള്ളതു; Proximate, near.

ഉഭയതാം, രണ്ടു പ്രകാരം On both sides.

ഉരഗം, (ഉരസ്സു, വയറു;ഗം), പാമ്പ; A snake.

* ഉരുമ്പുക, ഉരുമ്മുക; To grate, rub.

ഉലൂകം, മൂങ്ങാ An owl.

ഉഷ്ട്രം, ഒട്ടകം; A camel.

* ഉൾക്കാമ്പു, (ഉൾ), മനസ്സു; The mind, intellect.

ഊ

ഊചിക്ക, പറക; To speak ഊചിവാൻ, അവൻ പറഞ്ഞു He said.

ഊഢം, (വഹ), എടുക്കപ്പെട്ടു; Carried, പൊങ്ങുന്ന, അധികം excessive.

ഊൎദ്ധ്വം, ഉയൎന്ന; High, ഒടുക്കം last ദ: ഊൎദ്ധ്വം ആക്ക, കളക.

ഊഹിക്ക, വിചാരിക്ക; To think, imagine.

* ഊഴം, മുറ; Time, duty, turn.

* ഊഴി, ഭൂമി; The earth.

ഋ

ഋണം, കടം; Debt.

എ

* എന്തുവാൻ, ഏതെങ്കിലും A certain thing.

ത: എന്നിയെ (അന്യെ), കൂടാതെ Without.

ഏ

ഏകദാ (ഏകം, ഒന്നു), ഒരിക്കൽ; Once, ഉടനെ at once.

* ഏകുക, കൊടുക്ക; To give, bestow ഉരിയാടുക, അരുളുക to utter, promise.

ഏവം, ഇങ്ങിനെ; Thus, തന്നെ indeed.

ഏഷ, അവൻ; He, ഇവൻ തന്നെ this one- ഏഷ ഞാൻ, ഒരം ഞാൻ, ഞാൻ തന്നെ This I, I myself.

ഒ

* ഒട്ടൊട്ടു, അല്പാല്പം, കുറെ; Somewhat.

ഓ

ഓഘം, കൂട്ടം സമൂഹം; Assembly, Multitude.

ഓദനം, ചോറു; Boiled Rice.

* ഓർ, ഉവർ; Brackishness-Briny.

ഔദാൎയ്യം (ഉദാരത,) ദാനശീലം; Munificence, generosity.

ഔദ്ധത്യം (ഉൽ), അഹംഭാവം; Pride, arrogance.

ക

കങ്കണം, വള; A bracelet.

* കച്ചി, വൈക്കോൽ, താൾ; Straw, stubble.

കച്ചിൽ, ആകെണമെ; May it be so.

കച്ഛം, കര; Brink, shore കച്ഛപം ആമ; a tortoise.

കടിസൂത്രം, ഉടർ; Waistband, അരഞ്ഞാൺ, Female waistband.

കടീതടം, ഒക്കു, ഇടുപ്പു; The hip, loin.

* കട്ട, വളരെ; Much, അപൂൎവ്വമായതു; monstrous.

* കട്ടക്കനെ, വെഗെന; Hastily.

കണ്ടകൻ, ആപത്തുണ്ടാക്കുന്നവൻ; A dangerous person ശത്രു an inimical person.

കണ്ഠം, കഴുത്തു; The throat.

കണ്ഠീരവം, (കണ്ഠം, രവം), സിംഹം; The, lion.

കഥനം, പറക, പറച്ചൽ; Narrating, relating.

കഥിക്ക, പറക; To relate.

കഥിം, പറഞ്ഞിരിക്കുന്നതു; Told.

കഥയ, പറഞ്ഞാലും; Please to tell.

കഥയതി, അവൻ പറയുന്നു, പറയും; He tells, will tell.

കഥയാമി, ഞാൻ പറയുന്നു, പറയും; I tell, shall tell.

കനകാഞ്ചിതം, (കനകം, പൊന്നു, അഞ്ചിതം പൂജിതം), പൊന്നിനെ തോല്പിക്കുന്നതു, പൊന്നിനെക്കാൾ ശൊഭ ഏറുന്നതു; Surpassing gold.

കന്ദരം, ഗുഹ; A cave.

* കന്നൽത്താർ, (കന്നൽ, കരിമ്പ, താർ, പൂ, താമരപ്പൂ,) ഇമ്പമായിട്ടുള്ളതു; Pleasant, charming.

കപി, കുരങ്ങു; A monkey, an ape.

കപിഞ്ജലം, ഒരു വക പക്ഷി; The francoline partridge.

കപോതം, മടപ്രാവു; A pigeon, dove.

കബളിക്ക (കബളം, ഉണ്ട,) ഉണ്ടയാക്ക, വിഴുങ്ങുക, ചതിക്ക; To make into balls, gulp, deceive.

കമഠം, ആമ; A turtle or tortoise.

കമലം, താമര; The lotos, കമലമുഖി, സുന്ദരി.

കമ്പം, ഇളക്കം; Shaking, agitation, ശങ്ക, bashfulness.

കംബളം, പുതപ്പു; A cover, കമ്പിളി an Indian blanket.

കരണൻ (കൃ,) ഉണ്ടാക്കുന്നവൻ; A doer, originator.

കരണം (കൃ), ചെയ്ക; Doing, ദ: ജനഹിതകരണം, ജനത്തിന്റെ ഇഷ്ടത്തെ ചെയ്യുതു.

കരതലം (കരം, കൈ), ഉള്ളങ്കൈ; The palm of a hand.

കരസ്ഥം (കരം, സ്ഥം, നില്ക്കുന്നതു), കൈയിൽ പെട്ടതു, Come into one's possession.

കരി (കൈയുള്ളവൻ), ആന; Elephant.

കൎക്കടകം,—ടം, ഞണ്ടു; A crab.

കൎണ്ണം, കാതു; The ear.

കൎമ്മം, മുറ; Moral or religious duty.

കൎഷം, കൎക്കിതം, മൂൎച്ചയുള്ളതു; Keen, sharp, piercing.

കല്യാണം, കുശലം, നല്ലവാക്കു; Wellfare, kind words.

കശ്മലം, ദുഷ്ടത; Wickedness, വിടക്കു badness.

കഷായം, കാഷായം; അ:

കളത്രം, ഭാൎയ്യ; A wife.

* കഴം, കയം, ആഴം; Depth.

* കഴൽ, കാൽ; The foot.

കാഞ്ചി, ഉടഞ്ഞാൺ; A woman's belt.

കാനനം, കാടു, തോപ്പു; A Forest, grove.

കാന്ത, (കാമ), ഭാൎയ്യ A wife.

കാന്താരം, ചീത്തവഴി; A bad road, കാടു a forest, wood.

കാന്തി, ശോഭ; Brilliancy, സൌന്ദൎയ്യം female beauty.

**കാമരം, തെണ്ടിക; A sawyer's frame.

കാംക്ഷിക്ക, ആഗ്രഹിക്ക To desire.

കായം, ശരീരം; The body കായോപസംഹൃതി (ഉപ, സം, ഹൃ), ശരീരബന്ധുത്വം alliance.

**കായൽ, കഴി; A backwater, ebbing brook or river.

കാരുണ്യം, (കരുണ) കരളലിവു; Compassion.

* കാൎമ്മുകിൽ, (കാർ, കറുപ്പു, മുകിൽ, മെഘം), കാറു; A black cloud.

കാൎയ്യാകാൎയ്യം, (അകാൎയ്യം), ഉള്ളതും ഇല്ലാത്തതും; Fact and fiction.

കാലൻ, യമൻ; Yama കാലനൂർ പൂക, മരിച്ചു.

* കാലി, പശു, Cow, cattle എരുമ buffalo-cow.

* കാൽത്തളിർ, (കാൽ), ഉള്ളങ്കാൽ; The sole of the foot.

കാഷായം, കറുപ്പു; Soiled black കാവി red ochre.

കാസാരം, പൊയ്ക; A sea, കുളം a pond.

കാളം, കറുത്തതു; Black.

കിഞ്ചന, കിഞ്ചിൽ, കുറെ; A little, somewhat.

കിനാവു, സ്വപ്നം A dream.

കിം, എന്തു; What? കിംകരൻ, പണിക്കാരൻ, ദാസൻ a servant.

കിമപി, (കിം, അപി), കുറഞ്ഞൊന്നു; A little.

കിരാതൻ, കാട്ടാളി, വേടൻ; A savage-hunter.

കില, പോൽ, അങ്ങിനെ; Possibly, probably.

* കില്ലു സംശയം; Doubt.

* കിളുക്ക, കിളക്ക, തെഴക്ക; To sprout.

കീടം, കീടകം, പുഴ, പ്രാണി, തേൾ; Worm, insect etc.

കീദൃശം, (കീ, കിം), ഏതുപ്രകാരം, എങ്ങനെ; What like, how.

കീശൻ, കുരങ്ങു; An ape.

കുക്കുടം, പൂവങ്കോഴി; A cock, മയിൽ a peacock.

കുടിലത, വളവു, ചതി; Crookedness, deceitfulness.

കുടിലൻ, കുരളക്കാരൻ, ഏഷണിക്കാരൻ; A talebearer ചതിയൻ an imposter.

കുട്ടകം, കലശം; A caldron.

* കുട്ടൻ, കാളക്കിടാവു; A bull-calf.

കുണ്ഠത, കുണ്ഠത്വം, കുണ്ഠിതം ചഞ്ചലം; Disquietude, ദുഃഖം grief, തളൎച്ച laziness.

കുണ്ഡലം, കടുക്കൻ; An earring.

കുണ്ഡി, കിണ്ടി; A pitcher.

കുതഃ, എവിടെ; Where, എവിടെനിന്നു whence, കുതസ്സ്വൈ, സ്നേഹിതാ എവിടെ.

കുതുകം, ഉത്സാഹം; Eagerness, സന്തോഷം, joy.

കുത്ര, എവിടെ; Where; കുത്രചിൽ, വല്ലെടത്തു somewhere.

കുപിതം, കോപത്തോടു; Angrily.

കുംഭം, പാത്രം; A pot കുംഭി, ആന An elephant.

കുരു, ചെയ്ക; Do!

* കുലയാന, (കല) മദം ഇളകിയ ആന; A mad elephant.

കുശലം, സൌഖ്യം, സലാം പറക; Welfare, salutation.

കുസുമം, പൂ; A flower.

കുളീരകൻ, കുളീരം, ഞണ്ടു; A crab.

കുക്ഷി, വയറു; The stomach, belly.

* കൂടം, മോന്തായം; The top of a roof, roof.

* കൂടലർ, (കൂടുക), ശത്രുക്കൾ; Enemies, foes.

കൂപം, ഉറവു, കിണർ; A spring well.

കൂൎമ്മം, ആമ; A tortoise.

* കൂററൻ, കാള; A bullock.

കൃഛ്രം, പ്രയാസം; Difficulty, കഷ്ടം, hardship.

കൃതം, ചെയ്യപ്പെട്ടതു; Done, made ഹേലാകൃതം നിന്ദയൊടു ചെയ്യപ്പെട്ടതു.

കൃതാന്തൻ, യമൻ; Yama കൊല്ലുന്നവൻ a murderer.

കൃതാൎത്ഥൻ, (അൎത്ഥം, ധനം), വസ്തുവെ കിട്ടിയവൻ, സാധിച്ചവൻ A successful man.

കൃത്യം, ചെയ്യപ്പെടെണ്ടുന്നതു What is to be done, മുറ duty, business.

കൃശാംഗി, (കൃശം, മെലിഞ്ഞതു, അംഗം) മെലിഞ്ഞ സ്ത്രീ A slender woman.

കൃഷ്ടി, അറിവുള്ളവൻ; A learned man കൃഷ്ടം, ഉഴുതപ്പെട്ടതു ploughed.

കൃഷ്ണം, കറുപ്പു; Blackness, കറുത്ത black.

കൃസാരം, എള്ളുക്കുഴ, എൾകുഴമ്പ A dish of Sesamum &. rice.

**കെല്പു, ബലം Strength, power, ചുറുക്ക Keenness, activity.

കെല്പി, ബലമുള്ളവൻ; A powerful man.

കെരം, തെങ്ങു; A Cocoanut tree, തേങ്ങാ a cocoanut.

കെവലം, മുഴുവനും; Entirely, ഒട്ടുക്കും altogether.

കേശം, തലമുടി; Hair.

കേസരി, സിംഹം A lion.

**കൈക്കാണം, കൈമുതൽ; Property, കൈക്കൂലി bribe.

കൈതവം, വഞ്ചന; Cheating, roguery.

കൈരവം, വെളുത്ത ആമ്പൽ; The white waterlily.

**കൈവൎത്തൻ, മുക്കുവൻ A fisherman.

**കൊക്കു, കൊച്ച; A kind of a stork or ibis.

* കൊച്ചു, ചെറു; Small, little.

* കൊണ്ടൽ, മെഘം; A cloud, sky, കറുത്ത black.

* കൊററി, കൊച്ച; A kind of a stork.

* കൊററു, തിൻപണ്ടം, തീൻ; Victuals, food.

കൊടരം, മരപ്പൊത്തു; The hollow of a tree.

† കോട്ടു, കോണു; A corner അ ററം end.

കൌടില്യം, കുടിലത അ: കപ ടം; Insincerity.

കൌതുകം, കുതുകം അ: നേരം പോക്കു; Passtime, fun.

കൌതൂഹലം, താൽപൎയ്യം; Eagerness, സാഹസം vehemence, impetuosity.

കൌമാരം, (കുമാര), ബാല്യം; Youth, virginity.

കൌശല്യം, (കുശലം), കൌശ ലം; Craft, artifice.

കൌശികൻ, മൂങ്ങാ; An owl; ഇന്ദ്രൻ Indra.

ക്രമുകം, കവുങ്ങു അ" കഴുങ്ങു The arecanut-tree.

ക്രീഡ, കളി; Play, sport പുളെ ച്ചു മദിക്ക wantonness.

ക്രീഡിക്ക, കളിക്ക; To play.

ക്രുദ്ധൻ, ചിനമുള്ളവൻ; An infuriated, indignant person.

ക്രൊഷ്ടാവു, കുറുക്കൻ; A fox.

ക്രൌൎയ്യം, (ക്രൂരത), കൊടുമ; Cruelty, oppression, tyranny.

## ഖ

ഖണ്ഡിക്ക, തുണ്ടിക്ക; To cut into pieces, to divide.

ഖനിത്രം, കൈക്കോട്ടു, **തു മ്പായി; A hoe, പാരക്കോൽ a spade.

ഖലൻ, ക്രൂരൻ, കൊടിയവൻ A cruel oppressive man.

ഖലു, പൊൽ, ആകട്ടെ, തന്നെ; It is said, well.

ഖൾഗം, വാൾ; A sword (ഖഡ്ഗം), ദ: ഖൾഗധാരാവ്രതം, വാൾ എടുക്കു എന്ന വ്രതം അ" കൎമ്മം.

ഖിന്നത, (ഖേദം), സങ്കടം; Distress.

ഖിന്നൻ, ദുഃഖിക്കുന്നവൻ; A mourner.

## ഗ

ഗജം, ആന; An elephant ഗ ജരുധിരജനിതം, ആന ചോരയാൽ ഉണ്ടായതു caused by the blood of Elephants.

ഗണം, എണ്ണം, കൂട്ടം; A multitude.

ഗണ്ഡം, കവിൾതടം, കവിൾ; The cheek.

ഗതം, (ഗമ), പൊയതു; Gone, കിട്ടിയതു, സാധിച്ചതു arrived at obtained.

ഗദ, പൊന്തി, ചുരികക്കോൽ; A bludgeon, club.

ഗദം, വാക്ക; Speech, ദീനം sickness.

ഗമനം, പോക; Going, യാത്ര a march.

ഗമിക്ക, നടക്ക; To go, walk, ചേരുക, അടുക്കുക to approach.

ഗംഭീരം, ആഴം; Depth; ആഴമുള്ളതു deep; അച്ചം, ശങ്ക awe അച്ചമുള്ള, ശങ്കിക്കപ്പെടത്തക്ക imposant, overawing.

ഗൎജ്ജനം, ഒച്ച; Noise അലച്ച the roaring of a lion etc.

ഗൎദ്ദഭം, കഴുത; An ass.

ഗഹനം, തിങ്ങിയക്കാടു; An impenetrable forest.

ഗഹ്വരം, ഗുഹ; A cave, deep valley.

ഗളം, തൊണ്ട; The throat, കഴുത്തു the neck.

ഗാഢം, ഇറുക്കം; Tightness, ഇറുക്കമുള്ള tight; അധികം, much, heavy, oppressive.

ഗാത്രം, ശരീരം; The body, a member.

ഗാമി, (ഗമിക്ക), നടക്കുന്നവൻ; A goer.

ഗിരം, വാക്ക; Speech.

ഗിരി, മല; A mountain.

ഗീഷ്പതി, (ഗീർ, പതി), വ്യാഴം, ദൈവങ്ങളുടെ ഗുരിക്കൾ; Brhaspati, the preceptor of the gods.

ഗുപ്തം, മറഞ്ഞ; Hidden പാലിക്കപ്പെട്ട protected.

ഗുപ്തി, രക്ഷ, ഗോപനം; Protecting.

ഗുരു, കനമുള്ള; Heavy, weighty സാരമുള്ള important.

ഗുളം, വെല്ലം, ശൎക്കര; Raw or refined sugar.

ഗൂഢം, ഒളിക്കപ്പെട്ട; Concealed, രഹസ്യമുള്ള secret, തനിച്ച, സ്വകായ്യമുള്ള private.

ഗൃധ്രം, കഴുക; A vulture.

ഗൃഹിണി, (ഗൃഹം, വീടു), വീട്ടുകാരി, ഭാൎയ്യ; A house-wife, a wife.

ഗൃഹസ്ഥൻ, (സ്ഥൻ), വീട്ടുകാരൻ; A householder, chiefly a married Brahman.

ഗേഹം, പുര, ഭവനം; A house, dwelling.

ഗോപനം, (ഗുപ), രക്ഷണം; Protection, preservation.

ഗോപിതം, രക്ഷിക്കപ്പെട്ടതു; Protected, preserved.

ഗോമയം, (ഗോ, പശു), ചാണകം; Cow-dung ** വരളി † വരടി dry cow-dung.

ഗോമായു, കുറുക്കൻ; A fox.

ഗോഷ്ഠി (ഗൊ), കൂട്ടം Assembly, വൻപു പറക boasting, അസഭ്യം പറക the using of indecent words, ഒക്കരുതായ്മ scurrility.

ഗൌഡം, നട്ടബംഗാളവും അതിൽ ഇപ്പോൾ ഇടിഞ്ഞ പട്ടണവും തന്നെ; The central part of Bengal (Gaur)

ഗൌരവം, (ഗുരു), ഗുരുത്വം; Manners, മാന്യം respectability, ഊററം superiority.

ഗ്രാമം, ഊർ A village, ഗ്രാമസ്യാ ൎത്ഥെ (അൎത്ഥം അ:), ഗ്രാമത്തിനാ യ്ക്കൊണ്ടു for the benefit of the Village.

ഘ

ഘടം, കുടം; A large earthen water-jar.

ഘടിക, ൧ നാഴിക; A Hindu hour of 24 minutes.

ഘോടകം, കുതിര A horse.

ഘോരൻ, കടുമയുള്ളവൻ; A fierce person.

ഘ്രാണിക്ക, മണക്ക; To smell, ** മുകഴുക, † മുകക്കുക അ" മുകരുക to kiss.

ച

ച, ഉം, And, also; കൂട along; എന്നാൽ but ദ: തദനുച, പിന്നെയും and then.

ചകോരം, ചെമ്പോത്തു; The snake bird. (ആൾക്കാട്ടി?)

ചക്രവൎത്തി, (ചക്രം, വൎത്തിക്ക, ഒന്നിങ്കൽ തിരിയുക), മഹാരാജാ, Emperor, Monarch.

* ചടു, or ചാടു, വടിവുള്ള, അഴ കിയ, ഇഷ്ടമുള്ള; Elegant, chiefly of conversation.

* ചടുലം, അഴകുള്ള; Beautiful, ഇളക്കമുള്ള tremulous, agitated.

ചടുബുദ്ധി, (ചടും), നേരുള്ള ബുദ്ധി; Sound reason, sound reasoning.

ചണ്ഡം, ചീറൽ, ചൊടി Rage, fury, കൊടിയ, ക്രൂരമുള്ള furious, violent, cruel.

ചതുരം, (ചതുർ, രു), സാമൎത്ഥ്യ മുള്ള; Dexterous, clever.

ചതുൎത്ഥം, നാലാമത്തെ; Fourth.

ചപലൻ, ലഘുബുദ്ധിക്കാരൻ; A light minded person, പൊട്ടൻ a stupid fellow.

ചപലം, ചഞ്ചലത; Fickleness, പൊട്ടത്തരം stupidity.

ചരണം, (ചരിക്ക), കാൽ; The foot.

ചരിക്ക, നടക്ക; To walk, move.

ചൎമ്മം, തോൽ; Skin, leather.

ചലം, (ചരിക്ക), അനക്കം, ഇള ക്കം; Moving, motion.

ചാഞ്ചല്യം, ചഞ്ചലത, നിലകേ ടു; Instability, fickleness.

ചാടു, ചകടു, ശകടം, കൂടുള്ള വ ണ്ടി, കൊലാർവണ്ടി; A cart, chariot.

ചാപല്യം, ചപലം അ:

ചാരൻ, ഓട്ടാളൻ; A runner, spy. (ഒററുകാരൻ)

* ചാരവെ, അടുക്കെ; Near.

ചാരി, (ചരിക്ക), നടപ്പുകാരൻ, വഴിപോക്കൻ; A traveller.

ചാരിത്രം, മാനമൎയ്യാദ; Good behaviour നെറി chastity.

ചാരു, അഴകിയ; Elegant.

ചാരുത്വം, ഇൻപം; Loveliness.

* ചാലവേ, ചേലൊടു; Well, very, much.

† ചാലിയൻ, ** കൈക്കോളൻ നെയ്ത്തുകാരൻ; A weaver.

* ചിക്കെന്ന, ചിക്കനെ, പൊട്ടന്നനവെ; Quickly നിശ്ചയത്തോടു resolutely.

ത. ചിതം, (ഉചിതം), യൊഗ്യത തക്കം; Fitness, propriety തക്ക fit, decent, favourable.

ചിരം, നെടുങ്കാലം, വളരെ കാലം; A long time, length of time.

* ചെമ്മെ, തക്കവണ്ണം; As is convenient, proper, meet — well.

* ചെറു, (ചിറു), അല്പം; Little, short.

ചേടി, ദാസി, വേലക്കാരി; A female servant.

ചേട്ടക്കാരൻ, ** മറാട്ടുകാരൻ തിരിപ്പുകാരൻ †; An evilminded, tricking person.

ചേഷ്ടിതം, (ചെഷ്ട, യത്നം), പ്രവൃത്തി; Doing, dealing, act.

* ചോടു, ചുവടു, അടി; The foot, a foot-mark.

ചോരൻ, കള്ളൻ; A thief, robber.

* ചോററി, ചുഴററി; A fan.

ഛ

ഛത്രം, കുട, കൊററക്കുട; An umbrella.

ഛിദ്രിക്ക, അഴിഞ്ഞുപൊക; To miscarry.

ജ

ജഗൽ, ലൊകം; The world, universe ജഗതി, ലൊകത്തിൽ

ജഠരം, വയറു; The stomach, belly.

ജനകൻ, അപ്പൻ; The father.

ജനനി, അമ്മ; The mother.

ജൻ, ജനിച്ചവൻ, പിറന്നവൻ; One, who has been born.

ജം, ജനിച്ചിട്ടുള്ളതു; Sprung from.

ജംബുകൻ, കുറുക്കൻ; A fox.

ജലചരൻ, (ജലം, വെള്ളം, ചരിക്ക), മീൻ A fish.

ജലാധാരം, (ആധാരം),
ജലാശയം, (ആശയം, ഇരിപ്പു), ആഴമുള്ള കുളം, പൊയ്ക, ചിറ — Tank, pont, any reservoir

ജല്പിക്ക, കൊഞ്ചുക; To prattle as a child, ചിലെക്ക, നൊടിയുക to chatter, to talk nonsense.

ജളകുമതി, (ജളം, മടിവുള്ള, കുമതി, ദുശ്ശീലൻ), പെരുമ്മുട്ടാളൻ; A stupid, obstinate, silly person, an idiot.

ജളത, (ജളം), മുട്ടാളത്വം, മുട്ടാൾ പോക്കു; stupidity, obstinacy.

ജളൻ, മുട്ടാൾ, പൊണ്ണൻ; A dull person, an idiot.

ജാതം, (ജനിക്ക), ജനിച്ച, ഉണ്ടായ, സാധിച്ച, കിട്ടിയ; Born, arisen ജാത സന്തൊഷം, പൂണ്ണ സന്തൊഷം.

ജാത്യം, (ജനിക്ക), പിറവിയാലുള്ളതു, സ്വഭാവികമായതു; Natural, born, with.

ജായ, ഭാര്യ, കെട്ടിയവൾ; A wife.

ജാരൻ, ജാരകൻ, കള്ള പുരുഷ ൻ, പുലയാടി; A paramour, an adulterer.

ജീവജ്ജീവൻ, ഉള്ളവണ്ണമുള്ള ജീവൻ; Life's reality.

ജീവാത്മാവു, Individual existence, a living soul, vitality ദൈവത്തിൽനിന്ന അവന്നവന്ന കിട്ടി അവനവന്റെ ജീവന്ന ആധാരമാകുന്ന ആത്മാവു

ജൃംഭിക്ക, കോട്ടുവായിടുക; Gaping, yawning, വിടരുക to open, expand.

ജ്യാ, ഞാൺ; Bowstring, ഭൂമി the earth.

ഝ

ഝടിതി, വെഗം; Speedily, പൊട്ടുന്നനവെ suddenly.

ട

ടിട്ടിഭം, കുളക്കോഴി; A lapwing (Parra jacana).

ത

**തടസ്ഥൻ, (തട, തടവു, സ്ഥൻ), ഒന്നിൽ കൂടാത്തവൻ; An indifferent man നടുവൻ, മൂന്നാമൻ a mediator, arbitrator, umpire † മുടക്കുന്നവൻ, വിരൊധി opponent.

തടാകം, തഡാകം, താമരയുള്ള കുളം, പൊയ്ക; A tank, pond etc with Lotos.

**തണ്ടുതപ്പി, (തണ്ടു, ഗർവ്വം), പൊങ്ങച്ചക്കാരൻ, മോടിക്കാരൻ; A proud, ostentatious, impudent person.

തൽ, ആ, അതു; That, it തദ്ധനങ്ങൾ, തദ്ദിശി, ആധനങ്ങൾ, ആദിക്കു; ചിലപ്പൊൾ തൻ, തന്റെ എന്ന അൎത്ഥം കൂട്ടം: തൽകുലം, തന്റെ കുലം.

തൽപരൻ, നോക്കമുള്ളവൻ; Intent upon.

തൽക്ഷണം, ആ നിമിഷത്തിൽ; That moment ഉടനെ instantly.

തത്ര, അവിടെ; There അതിങ്കൽ therein.

തത്വം, സത്യം; Truth, reality വസ്തുക്കളുടെ തനതുവക the essential properties of any thing.

തഥാ, ഇങ്ങിനെ, അങ്ങിനെ; So thus; യഥാ . . . തഥാ എങ്ങനെയൊ . . . അങ്ങിനെ.

തഥാവിധൻ, (തഥാ), ഇങ്ങിനെത്തവൻ, അങ്ങനെത്തവൻ; Such a person.

തദനു, പിന്നെ, പിൻ; Then, after that.

തദാ, അപ്പൊൾ; Then.

തദ്വിധൻ, (തൽ), നടിക്കുന്നവൻ; A hypocrite.

തനയൻ, (തനു), മകൻ; A son

തനു, ശരീരം, ദേഹം; The body.

തനൂജൻ, തനുജൻ (തനു, ജൻ), മകൻ; Son.

തന്തുവായൻ ചാലിയൻ, നെയ്ത്തുകാരൻ; A weaver.

* തമ്പി, അനുജൻ; A younger brother.

തനാംഗി, തന്വാംഗി, (തനു, അംഗം), മെലിഞ്ഞ സ്ത്രീ; A delicate, slender woman.

തപോധനൻ, (തപസ്സു) തപ സ്സേറുന്നവൻ; An accomplished ascetic, rich in mortification,

തരളം, വിറയൽ; Trembling, വിറയലൊടു tremulous, trembling.

തരു, വൃക്ഷം, മരം; A tree.

തരുണി, കന്യക, ബാല; A young woman.

തൎജ്ജിക്ക, † പഴിക്ക, കുററപ്പെടുത്തുക; To reproach, censure.

തലം, അടി; Bottom, base സ്ഥലം, ഇടം place ഉ: ഭൂതലം, പാതാളം ഇത്യാദി, ഭൂമി തന്നെ etc.

തവ, നിന്റെ; Of thee, thine, thy.

തസ്കരൻ, കള്ളൻ; A thief.

തക്ഷകൻ, ത. തച്ചൻ, ആശാരി; A carpenter.

താഡനം, അടി; A blow, beating, flapping.

താഡിക്ക, അടിക്ക, തല്ലുക; To beat.

താൻ, തൻ ഉ: കൂട്ടുന്നതിൽ, കൂട്ടുത്തിൽ, പൊയ്യതങ്കരെ, പൊയ്യയുടെ കരക്കൽ ഇത്യാദി.

† താന്തൻ, തളൎന്നവൻ; A cast-down person.

* താർ, പൂ, താമരപ്പൂ; Chiefly lotos flower.

താരകാധിപൻ, (താരം) അ., ചന്ദ്രൻ, നിലാ; The moon.

താരം, നക്ഷത്രം; A star.

താരുണ്യം, (തരുണി), യൌവനം; Youth, virginity.

താൎക്ഷ്യൻ, ഗരുഡൻ; Vishnus vehicle garuda.

തിലം, എള്ളു; The sesamplant.

തിമിരം, ഇരുൾ; Darkness, കുരുടു the blindness called gutta serena

തീരം, കര; A shore, bank.

തുംഗം, ഉയൎന്ന; High, പെരുമ excellency.

തുച്ഛം, ചെറു; Small, അല്പം little, വിടു low, vile.

* തുഞ്ചം, തുയ്യം, † തുച്ചം; The top point.

തുഷ്ടൻ, സന്തോഷമുള്ളവൻ; A person pleased, delighted.

തൃണം, പുല്ലു; Grass.

തൃതീയം, മൂന്നാമത്തെ; Third.

തൃഷ്ണ, ദാഹം; Thirst, ദണ്ണ, ദണ്ണിൽ, അത്യാഗ്രഹം strong desire, greediness.

* തെല്ലു, കുറെ; A little.

* തെറെറന്നു, ഉടനെ; Suddenly, instantly.

തേ, നിണക്കു, നിണക്കായ്ക്കൊണ്ടു; To thee, for thee, നിന്റെ of thee, thine.

തേജസ്സു, കൂൎമ്മ; Sharpness, ഒളി light, splendour, ചൈതന്യം, vivacity, active principle, കീൎത്തി

glory, പ്രഭാവം dignity ഭ: തേജോഭരം, കനത്ത തെജസ്സ heavy with glory, glory-loaden.

* തൊള്ള, വായി; The mouth.

തോയദം, (തോയം ദം, കൊടുക്കുന്ന), മെഘം; A cloud.

തോയദധ്വനി, (തോയദം, ധ്വനി, ഒച്ച), വെള്ളത്തിന്റെ ഇരച്ചിൽ; The roaring or murmuring of water.

തൊയം, വെള്ളം; Water.

തൊഷിക്ക, സന്തൊഷിക്ക; To rejoice, exult.

ത്യാജ്യൻ, തള്ളപ്പെടെണ്ടുന്നവൻ; An objectionable person, a reprobate.

ത്രയം, മൂന്നു; Three.

ത്രാണം, ത്രാണനം, രക്ഷ; Preserving, protection.

ത്വൽ, നിന്റെ; Of thee, thy.

ദ

ദണ്ഡിക്ക (ദണ്ഡ), ശിക്ഷിക്ക; To punish, പ്രയത്നത്തൊടു പണി ചെയ്ക to work hard.

ദണ്ഡം, വടി; A stick, ദീനം sickness.

ദത്തം (ദാ), കൊടുക്കപ്പെട്ട; Given.

ദധി, തൈർ; Curdled milk.

ദന്തം, പല്ലു; Tooth, ആനക്കൊമ്പു, an Elephant's tusk.

ദന്തി, ആന; An Elephant, ദന്തിവൈരി, സിംഹം a lion.

ദംശനം, കടി; Biting, a bite.

ദംശിക്ക കടിക്ക; To bite, കുത്തുക, to sting.

ദംഷ്ട്രം, തേററ, കൊമ്പു; A tusk.

ദർദ്ദുരം, തവള; A frog.

ദശ, നില, അവസ്ഥ; A period of life as childhood, youth etc. ഗ്രഹപ്പിഴ, the supposed influence of planets — fate.

ദശാന്തരം (ദശ അന്തരം), അന്നെരം, അപ്പൊൾ തന്നെ; Whilst, just then, at that very moment.

ദക്ഷിണ, ദാനം; Present given to Brahmans.

ദക്ഷിണൻ, സമൎത്ഥൻ; A clever, dextrous person.

ദക്ഷിണം, തെക്കു; The south.

ദാതാവു (ദാ), കൊടുക്കുന്നവൻ; A donor, liberal person.

ദാരു, മരം; Wood, timber.

ദാരുണം, ഭയങ്കരം; Horror, terror.

ദാശൻ, മുക്കുവൻ, മീൻ പിടിയൻ; A fisherman.

ദാസി, ദാസിക, ചേടി അ., അമ്പട്ടന്റെ കെട്ടിയവൾ; A barber's wife.

ദിനേശ്വരൻ, (ദിനം, നാൾ, ഈശ്വരൻ), സൂൎയ്യൻ; The sun.

ദിവാകരൻ (ദ്യൊഃ, ആകാശം, കരൻ), സൂൎയ്യൻ; The sun.

ദിവാന്ധൻ (ദ്യു, പകൽ, അന്ധൻ) പകൽ കൺകാണാത്തവൻ, A day - blind individual.

ദിശി (ദിക്), ദിക്കിൽ, ഇടത്തിൽ; In a place, region etc.

ദീനത, ദീനത്വം, ദീനം; Sickness ദാരിദ്ര്യം poverty അരിഷ്ടത wretchedness.

ദീനൻ, ദീനക്കാരൻ; A poor man, a sick, sorrowful man.

ദുഃ, ദുർ, ദുസ, ദുഷ, വിട്ട; Ill, bad etc.

ദുരിതം, (ഇതം, നടന്നതു), പാപം, Sin.

ദുൎഗ്രഹം (ഗ്രഹ), വരുത്തപ്പെട്ടക; Seized by some evil, പ്രയാസത്തൊടു പിടിച്ചിരിക്ക holding with difficulty.

ദുഘ്ഘടം (ഘടിക്ക, ചേൎക്ക), ഇടുക്കം; Narrowness, strait, distress, ചേതം mischief.

ദുൎന്നയം (നയം, തക്കം, വിനയം), ദുഷ്ടത; Wickedness, evilmindedness.

ദുൎഭഗൻ (ഭഗൻ, കീൎത്തി), കുരൂപി, വിരൂപൻ; An ugly man.

ദുൎമ്മതി (മതി അ) പൊണ്ണത്തരം; Folly, ദുഷ്ടൻ an ill-disposed person.

ദുൎമ്മദം, (മദം), പൊങ്ങച്ചം; Arrogance.

ദുൎമ്മോഹം, (മോഹം), നണ, അത്യാഗ്രഹം; Greediness, covetousness.

ദുൎവ്വിധം, (വിധം, തരം), ദാരിദ്ര്യം; Poverty ദുൎബ്ബുദ്ധി stupidity ദുൎന്നടപ്പു wickedness.

ദുൎവ്യയം, (വ്യയം, ചെലവു), ദുൎച്ചെലവു; Extravagance, waste, squandering.

ദുഷ്പ്രമേയം (പ്രമേയം, അറിയപ്പെടെണ്ടതു), പ്രയാസത്തൊടു അറിഞ്ഞു വരുന്നതു; Difficult to be known.

ദുസ്സഹം (സഹം, സഹിക്ക), പൊറുത്തു കൂടാത്തതു; Unbearable.

ദുസ്സാമൎത്ഥ്യം (സാമൎത്ഥ്യം), ദുൎന്നടപ്പു; Bad conduct അവിവെകം imprudence.

ദൂതി, ചേടി; A confidante.

ദൃഢം, ബലമുള്ള; Strong, ഉറപ്പുള്ള firm — നിശ്ചയം certainly, അധികം much.

ദൃശം, കാണപ്പെട്ട; Visible.

ദേഹമോചനം (ദേഹം, ശരീരം, മോചനം, വിടുക), ശരീരത്തെ കളക; To abandon, sacrifice one's body.

ദ്യോവു (ദ്യൌഃ), ആകാശം; Sky സ്വൎഗ്ഗം heaven.

ദ്രവിപ്പിക്ക (ദ്രു), ** വാററുക, † ഇറക്കുക (ചാരായം ഇത്യാദി); To distill, ഉരുക്കുക to liquify.

ദ്രവ്യൻ, ദ്രവ്യം ഉള്ളവൻ, കോപ്പുകാരൻ; A rich man.

ദ്രുതം (ദ്രു), ഉരുകിയ; Liquid, വെഗം quickly.

ദ്രുമം, വൃക്ഷം; A tree.

ദ്വന്ദ്വം (ദ്വി), ഇരട്ട, ജോടു; A pair, couple.

ദ്വിജൻ (ദ്വി, ഉ, ജൻ), ബ്രാഹ്മണൻ; A brahman.

ദ്വിതീയം, രണ്ടാമത്തെ; Second.

ദ്വൈധീഭാവം, ദ്വൈതിക ഭാവം (ദ്വിധാ, ഇരുപുറത്തു, ഇരുഭാഗത്തു) ഒന്നിൽ കൂടാത്ത ഭാവം, വെറുതെ നില്പു, ഉദാസീനം; Indifference, neutrality.

ധ

ധരണി (ധരിക്ക,) ഭൂമി; The earth.

ധരിപ്പിക്ക, ഉണൎത്തുക, ഗ്രഹിപ്പിക്ക; To inform, to instruct.

ധാത്രി, ഭൂമി; The earth.

ധാൎമ്മികൻ, ധൎമ്മമുള്ളവൻ; A virtuous, pious man-a charitable man.

ധാവള്യം (ധവളം), വെണ്മ; Whiteness, വെളുത്ത white.

ധിക്കാരം (ധിൿ fie! woe), നിന്ദ; Insult, contempt.

ധീ, ബുദ്ധി; Intellect, understanding.

ധീമാൻ (ധീ) ബുദ്ധിയുള്ളവൻ; A sensible, intelligent man.

ധീരൻ (ധീ), കരുത്തുള്ളവൻ; A bold, firm man, ബുദ്ധിമാൻ, a wise man.

ധൂമം (ധൂ), പുക; Smoke.

ധൂമകേതു, കൊള്ളിമീൻ; A falling star, വാല്മീൻ a comet, ഉല്ക, a meteor.

ധൂൎത്തൻ (ധൂർ), ചതിയൻ; A cheat, താന്തോന്നി a conceited, head-strong person.

ധൂൎത്തു, വഞ്ചന; Craftiness.

ധൂളി, നെരിയ പൊടി; Dust, അരിഷ്ടതയുള്ള സ്ത്രീ a wretched woman, പുലച്ചി a strumpet.

ധൂളിക്ക, പൊടി ആക്ക; To powder, കിളറുക to rise as dust, ചിതറിക്ക to disperse.

ധൃഷ്ടൻ (ധൃഷ), ധീരൻ, നാണം കെട്ടവൻ; An impudent, shameless man.

ധ്വനി, ധ്വാനം, ഒച്ച; Sound, noise.

ധ്വംസനം, ധ്വംസം, മുടിവു; Destruction, ചാവു dying.

ധ്വംസിക്ക, മുടിക്ക; To destroy.

ധ്വാംക്ഷം, കാക്ക; A crow, നീൎക്കാക്ക കൊക്ക ഇത്യാദി crane, gull etc.

ന

നകുലം, കീരി; The mungoose.

നക്രം, മുതല; A crocodile.

നദീജലം (നദി, പുഴ), പുഴവെള്ളം; River-water.

നന്ദനൻ (നന്ദിക്ക, സുഖിക്ക), മകൻ; A son.

നന്ദി, ആനന്ദം, സുഖം; Happiness, കാള a bull; നന്ദിസമ്പൎക്കം, കാളയൊടുള്ള ചേൎച്ച company with the bull.

നയം, തക്കം; Propriety, നാഗരികം politeness, urbanity, പ്രമാണം law, നടത്തൽ guiding, directing.

നരൻ (നൃ), ആൺ; A man, ഉ: നരെന്ദ്രൻ, രാജാവു.

* നലം, നന്മ; Goodness, അഴക beauty.

നവം (നു), പുതു; New.

നഹി (ന not, ഹി) ഇല്ല, അല്ല; No, not.

നളിനം (നളം), താമര; A lotos, ആമ്പൽ a waterlily.

നാഗര സ്ഥാനം (നഗരം, സ്ഥാ), പട്ടണക്കാർ; Inhabitants, townsfolk.

നാഗരാജൻ (നാഗം, പാമ്പ-ആന), ആന രാജൻ The Elephant leading his herd.

നാദം (നദിക്ക), ഒച്ച; Sound, വാദ്യഘൊഷം sound of music.

നാമധേയം (നാമം), പേർ; A name, കൂട്ടപേർ appellation.

നാരി (നൃ), പെണ്ണു; A woman.

ത-നാവിതൻ (നാപിതൻ), അമ്പിട്ടൻ, അട്ടത്തവൻ, കാവുതിയൻ a barber.

നാസ്തി (ന, അസ്തി is), ഇല്ലായ്മ; Non existence, ഇല്ല it is not ദ: നാസ്തിമേ ഇനിക്കില്ല.

നി, ഇൽ; In, within, കീഴ under, beneath.

നികടം, ചേൎന്നു; Near.

നികരം, കൂട്ടം, സമൂഹം; Crowd, flock ദ: കരിനികരം, ആനക്കൂട്ടം.

നിഖിലം, മുഴുവനും; All.

നിഗൂഢം (ഗൂഢം), മറെക്കപ്പെട്ടതു; Hidden, mysterious.

നിഗ്രഹം, വെറുപ്പു; Dislike, മുടിവു destruction.

നിഗ്രഹിക്ക, കൊല്ലുക; To kill, മുടിക്ക to destroy.

നിജം, സ്വന്തം, തനതു; One's own, നിശ്ചയം certainty, truth.

നിത്യർ (നിത്യം, ഉറെച്ചതു), മൂന്നാഴിക്കാർ; Continual attendants.

നിധനം, വംശം; Family, മരണം death, മുടിവു destroying.

നിധി, ശേഖരം, ധനം; Deposited treasure, wealth.

നിപുണൻ, ഗുണ നിധി, എല്ലാ നന്മയുടയവൻ, സമൎത്ഥൻ, മാലാക്കൂട്ടക്കി; A clever man.

നിഭൃതം, അടക്കം; Humility, സ്വകാൎയ്യം privacy.

നിയമം, അവരവർ ഏററ കൎമ്മങ്ങൾ; Selfimposed austerities, religious observances, നേൎച്ച vow, ചട്ടം rule.

നിഃ നിർ, നിസ, നിഷ, കൂടാതെ; Without.

നിരീശ്വരൻ, (ഈശ്വരൻ), യജമാനനില്ലാത്തവൻ, ശക്തിയില്ലാത്തവൻ; One without a master or strength, നാസ്തികൻ an infidel.

നിൎണ്ണേജകൻ (നിജ, ശുദ്ധം) വെളുത്തേടൻ, അലക്കുന്നവൻ; A washerman.

നിൎഭരം, ഏററവും Much, excessive.

നിൎമ്മൎയ്യാദം, (മൎയ്യാദ) നേൎക്കേട Dishonesty, നാണക്കെട indecency.

നിൎമ്മലം, (മലം, ചേറു,) ശുദ്ധം Pure, purity.

നിൎവ്വെദഹീനൻ (നിൎവ്വേദം, അറെപ്പു; Disgust) അറെപ്പില്ലാത്ത വൻ one without disgust അഴിനില യില്ലാത്തവൻ one without despair.

നിലയം (നി), വീട്ടു, പുര; A house.

നിലിമ്പർ, ദേവെന്ദ്രനെ പി ഞ്ചെല്ലുന്ന ഒരു വക ദേവന്മാർ; A kind of Gods represented as following Devendren നിലിമ്പരാജൊപമ ൻ (രാജാ, ഉപമൻ), ദേവേന്ദ്രനെ പൊലെ resembling Devendren.

* നിലെപ്പിക്ക (നിലം), നിൎത്തു ക; To stop, check.

നിവെദനം, (നി), അറിയിക്ക ൽ; Making known, addressing information.

നിശാകരൻ, (നിശ, രാ), ച ന്ദ്രൻ; The moon.

നിഷ്കൃപൻ, (നിഃ), കൃപയില്ലാ ത്തവൻ; A merciless person.

നിഹനിക്ക, (നി), കൊല്ലുക To kill, മുടിക്ക to destroy.

നീചൻ, (നി), താണവൻ, കെ ട്ടവൻ; A low, base fellow.

നീഹാരം, ഉറച്ച മഞ്ഞു; Frost, snow.

* നീളവെ, (നീളം), പരക്കെ, എ ല്ലാടത്തും; Everywhere.

നൂതനം, (ന), പുതു; New, ത ണെത്ത, പച്ച fresh.

നൂനം, നിശ്ചയമായി; Surely.

നൃ, ആണു, മനുഷ്യൻ; Man, mankind ദ: നൃപതി, രാജാ, നൃപാലയം, കൊവിലകം palace.

* നെഞ്ചകം, (നെഞ്ച്യ, നെഞ്ചു), മനസ്സു; The heart, mind.

നൈപുണ്യം, നിപുണത, സാ മൎത്ഥ്യം; Skilfullness, cleverness.

നൈഷധൻ, (നിഷധഃ, അ ജ്മീർ), നിഷധരാജാവു; The king of Nishadha, നളൻ.

ന്യഗ്രോധം, പേരാൽ; The Indian fig tree.

## പ

പങ്കജം, (പങ്കം, ചേറു, ചോററ), താമര; The Lotos ദ: പങ്കജൊദരം (ഉദരം), താമരയല്ലി the cup of a Lotos.

പഞ്ചമം, അഞ്ചാമത്തെ; The fifth.

പഞ്ചാനനൻ, സിംഹം; Lion, ശിവൻ Shiva.

**പടവു, പടക †, തോണിയിൽ വലിയതു; A boat.

പടു, ചൊടിപ്പുള്ള; Hot, smart, സാമൎത്ഥ്യമുള്ള clever.

**പണിയുക, പണി എടുക്ക; To work, വണങ്ങുക, തൊഴുക to revere, worship.

പണ്ഡിതൻ, (പണ്ഡ, ജ്ഞാ നം), ത. പണ്ടിതൻ, വിദ്വാൻ; A learned man, a doctor (Pundit).

* പതക്കം, പൊൻമാലയും വിലയേ റുന്ന കല്ലുള്ള പൊൻ തകിടവും; A gold chain with an ornamental breast plate set with precious stones.

പതഗം, (പതിക്ക, ഗം) പറവു, പക്ഷി; A bird.

പതനം, (പതിക്ക), വീഴ്ച; Falling, fall.

പതി, യജമാനൻ, കൎത്താവു; A Master, Lord ദ: ഭൂപതി ഇത്യാദി ഭൂമിക്കു കൎത്താവായവൻ.

പതിക്ക, വീഴുക, അകപ്പെടുക; To fall.

പതിതം, (പതിക്ക), വീണ പിഴുകിപൊയ; Fallen, degraded ദ: ജലപതിതം, വെള്ളത്തിൽ വീണ.

പത്തനം, പാൎപ്പ്; An abode, പട്ടണം a town, കൊവിലകം palace.

പത്തി, പടം; The hood of a snake.

പത്മനാഭൻ, (പത്മം, താമര പൊക്കിൾ ഉള്ളവൻ, വിഷ്ണു; Vishnu.

പത്രം, ഇല; A leaf.

പത്രി, പക്ഷി; A bird.

പഥികൻ, (പഥം, വഴി), വഴി പൊക്കൻ; A traveller.

പഥ്യം, പത്ഥ്യം, ഒക്കുന്നതു; Suitableness — suitable, proper, wholesome.

പന്നഗം, (പദ, ഗം), പാമ്പു; A snake, serpent.

പരദ്രോഹം, (പരൻ, അന്യൻ), മറെറാരുത്തനെ കേടുവരുത്തുക; To injure another.

പരം, അപ്പുറം, പിന്നെ; What is beyond, subsequent.

പരമ്പര, തുടൎന്നിട്ടുള്ള; Hereditary, traditional, പണ്ടു പണ്ടെയുള്ള ancient.

പരാക്രമം, (പാര, പിറകൊട്ടു), ഊററം; Power, ആണ്മ, ആണത്വം bravery, manliness.

പരാധീനം, (പരൻ, ആധീനം), അന്യരിൽ ആശ്രയിച്ചിരിക്ക, പരവശം, പ്രയാസം; Dependence on others; helplessness, difficulty.

പരാഭവം, (പാര), കോല്മ; Discomfiture, അപമാനം contempt.

പരാല്പരം, പരാപരം, അത്യുന്നതൻ; The most high or supreme.

* പരിചു, നല്ല ഗുണം, മൎയ്യാദ; Good nature, fine style - പരിചൊടു nicely, with a fine manner.

പരിജനം, (പരി, ചുററില്യം), ആൾക്കാർ; Attendants, suit.

പരിത്യജിക്ക, (പരി) തീരെ ഉപെക്ഷിക്ക; To abandon entirely.

പരിത്രാണം, (ത്രാണം അ.), വാഴുക; To rule, കൈത്തടവു self-defence.

പരിപാകം, (പാകം, പക്വം) സാവധാനവും പഴക്കവും; Moderation and experience, maturity.

പരിഭവം, നിന്ദ; Disregard, തോല്മ defeat.

പരിരംഭണം, (പരി) ആലിംഗനം; A close embrace.

പരിവ്രാജൻ, (പരി) സന്യാസി A sanyasi.

ത. പരിഷ, (പരിഷൽ), കൂട്ടർ; A community, class of men.

* പലപലം, കുളം; A small tank or pool.

പക്ഷപാതി, (പക്ഷം, പതിക്ക), ഒരു പക്ഷത്തെ മാത്രം പിടിക്കുന്നവൻ; A partial person.

പക്ഷവാദി (വദിക്ക), വക്കീൽ; Advocate; ബ. വ., ഇരുകക്ഷിക്കാ ക്കുള്ള സാക്ഷികളും വക്കീൽമാരും witnesses and advocates on both sides.

* പററ, ചെന്നു; Close, തിരെ thoroughly, wholly.

* പററു, അൻപു, മമത; Love, friendship പററില്ലുള്ളോൻ one's client or dependant.

പാചകൻ (പചു), വെപ്പുകാരൻ; A cook.

പാടല, പാടലി (പാടലം, ഇളഞ്ചുവപ്പു), വെൺപാതിരി (മരം) The trumpet flower tree.

പാടലിപുത്രം, മഗധരാജ്യത്തിൻെറ രാജധാനി (ബെഹാരത്തിൽ); The old capital of Magadha.

പാടവം (പടു) സാമത്ഥ്യം; Cleverness, talent.

* പാടെ, പഴുതെ, വെറുതെ; To no purpose മുഴുവനും wholly.

* പാട്ടിൽ (പാട്ടു), സ്വാധീനം, കൈവശം.

പാണി, കൈ; The hand ദ: വീണാപാണി, കൈയിൽ വീണയുള്ളവൻ

പാണ്ഡവന്മാർ, ധമ്മപുത്രൻ തുടങ്ങിയുള്ളവർ; The 5 Pandavas, sons of Pandu, king of the Curu's.

പാദപം (പാദം, കാൽ, പം, കുടിക്ക), വൃക്ഷം; A tree.

പാനിയം (പാനം), വെള്ളം; Water.

പാന്ഥൻ (പഥ, നടക്ക), വഴിപോക്കൻ, യാത്രക്കാരൻ; A traveller

ത· പാരം (ഭാരം), വളരെ; Much, ഭാരമായി heavily.

* പാരാതെ (പാൎക്കുക), താമസം കൂടാതെ; Without delay.

* പാർ, പാരിടം, പാൎത്തലം, ഭൂമി; The earth.

പാരുഷ്യം (പരുഷം), തൻപുകഴ്ച, ആത്മപ്രശംസ; Boasting, ostentation; നാണക്കേടു impudence.

പാൎത്ഥിവൻ, പ്രഭു, വാഴുന്നോർ, ഇളയ രാജാ; A prince.

പാൎശ്വസേവി (പാൎശ്വം, വിലാപ്പുറം), അടുത്ത പണിക്കാരൻ; An attendant.

പാവകൻ, തീ; Fire, അഗ്നി, ശുദ്ധികരിക്കുന്നവൻ a purifier.

പാവനൻ, തീ; Fire, വ്യാസൻ Vyasa.

പാവനം, വെള്ളം; Water, ശുദ്ധികരണം purification.

പാശം (പശ), കെട്ടു; A tie, കയറു a rope, തള fetters.

പാഷാണം, കല്ലു; A stone, ഒരു വക നഞ്ഞു അ" നഞ്ചു, arsenic.

പാഹിമാം (പാഹി, പാലിക്ക, മാം, എന്നെ), എന്നെ രക്ഷിക്കേണമെ; Oh, save me.

* പാഴായി, പാഴിൽ, വെറുതെ; To no purpose, in vain.

* പാറു, **. കെട്ടുമരം, ഒരുവക തിരപ്പും; A raft, catamaran †, ചെറു കപ്പൽ a shallop.

പിണ്ഡം, കൂട്ടം; A lump, heap, ശരീരം the body, ഉരുള a riceball or

a mouthfull പേനകൾക്ക വെലി ഇടുക an offering to the manes.

പുംഗവൻ (പും), കാള; A bull, ശ്രേഷ്ഠൻ an excellent person.

പുനഃ, പുനർ, പിന്നെയും; Again.

പുനർജ്ജന്മം, മുറ പിറപ്പു; Regeneration ഉപനയനം, പൂണുനൂലിടുക to invest with the brahminical string.

പുമാൻ (പും) ആൺ; A man or male, രാജാ a king.

പുരുഷകാരം, ത. പുരുഷാരം; A multitude of people.

പുഷ്കലം (പുഷ), നിറഞ്ഞ; Replete, പ്രധാനം chief, വളരെ much.

പുഷ്ടം (പുഷ), വളൎക്കപ്പെട്ട, നിറവുള്ള; Increased, full.

പൂജനീയം, പൂജിക്കെണ്ടുന്ന; Deserving adoration, worshipful.

പൂരിക്ക, നിറെക്ക; To fill.

പൂൎവ്വജൻ (പൂൎവ്വം, മുമ്പെ, ജൻ), ജ്യെഷ്ഠൻ; An elder brother.

പൃഛ്ശിക്ക, ചോദിക്ക; To ask, inquire.

പൃഷ്ഠം, പുറം; The back, പിമ്പു the rear.

* പേർ, പെരു, വലിയ; Great.

* പെക്കുല ദേവത (പേ, പിശാചു) ചീത്ത കുല ദേവത; An evil household God.

* പേൎത്തു, മുററും; Wholly; പേൎത്തും, പിന്നെയും again.

* പൊക്കം, (പൊങ്ങുന്നു), ഉയരം; Height, elevation.

* പൊണ്ണൻ (പൊട്ടൻ), തടിയൻ; A stout man, ** സാരമില്ലാത്തവൻ a stupid man.

**പോട്ടുക, ടി അടിക്ക; To strike, as a wedge into a tree.

* പോട്ടുക, ട്ടി, ഇടുക; To put.

പൌരുഷം (പുരുഷൻ), ആണ്മ; Manhood, പ്രതാപം power.

പ്ര, മുമ്പു; Before.

പ്രകടം, പ്രകാശിക്കപ്പെട്ടതു; Manifest, notorious.

പ്രകമ്പം (കമ്പം), കാററു; Wind, വൻ ഇളക്കം commotion, ഭയം fear.

പ്രഛ്ശന്നം (ഛദ), മറെക്കപ്പെട്ടതു; Concealed, unknown.

പ്രണമനം, പ്രണമിക്ക (നമിക്ക), വണങ്ങുക, തൊഴുക; To make obeisance, reverence — salutation.

പ്രണയിനി (പ്രാണൻ), ഭാൎയ്യ; Wife,

പ്രതിഗ്രഹം (പ്രതി), ഏററു കൊള്ളുക; Acceptance, ബ്രാഹ്മണൎക്കുള്ള ദാനം peculiar gifts to brahmans.

പ്രതിയോഗി (പ്രതി), ശത്രു; An enemy.

പ്രതിശബ്ദം (പ്രതി), മാററൊലി; An echo.

പ്രതീക്ഷിക്ക (പ്രതി, അക്ഷം, കണ്ണു), പാൎത്തു നോക്ക, കാത്തിരിക്ക; To look for, wait for.

പ്രത്യയം, ആണ; Oath, നിശ്ച യം certainty, വിശ്വാസം trust

പ്രത്യഹം (പ്രതി, അഹസ്സ), നാ ൾക്കുനാൾ; Day by day.

പ്രഥമം, ഒന്നാമത്തെ; First, മു ന്പുള്ള prior.

പ്രദീപം (പ്ര), വിളക്ക; A lamp.

പ്രഭാ (പ്ര, ഭാ), ശോഭ, ഒളി; Light, splendour.

പ്രഭുത്വം, വലിപ്പം; Greatness, dignity, കൎത്തൃത്വം sovereignity.

പ്രവരൻ (പ്ര, വരൻ), സന്ത തി; Offspring, ശ്രേഷ്ഠൻ an excellent man.

പ്രശ്നം (പൃഛ്ശ), ചോദ്യം; A question.

പ്രസ്ഥാനം (പ്ര), പുറപ്പാട; Departure, യാത്ര march.

പ്രഹരിക്ക (പ്ര), തല്ലുക; To beat, അറയുക to beat hard, to flog.

പ്രാജ്ഞൻ (പ്ര, ജ്ഞൻ), വി ദ്വാൻ; A learned man.

പ്രാജ്യം, വളരെ; Much.

പ്രാണമാത്രവൃത്തി, പ്രാണ നെ മാത്രം രക്ഷിക്കുന്ന കൎമ്മം.

പ്രാണവിശ്വാസം (പ്രാ ണൻ), പരിപൂൎണ്ണമുള്ള വിശ്വാസം; The most implicit faith or confidence.

ത-പ്രാതൽ (പ്രാതഃ, കാലത്തു early), മുത്താഴം; A breakfast, morning meal.

പ്രാപിക്ക (പ്ര, ആപ, കിട്ടുക), എത്തുക, ചെല്ലുക; To attain, reach; കിട്ടുക to obtain.

പ്രാഭവം (പ്രഭു), ശ്രേഷ്ഠത; Preeminence, പുളെപ്പു pride, haughtiness.

പ്രായഃ, പ്രായശഃ, പ്രാ യേണ, മിക്കവാറും; Frequently പൊതുവിൽ generally.

പ്രായോപവേശം (പ്രായം, വയസ്സ, ഉപവേശം, ഇരിപ്പ ജീവ നൊടു കൂട ഇരിക്ക; Lifetime.

പ്രൌഢം, (പ്ര, വഹ), വള ൎന്നു തീൎന്നു; Fullgrown, പുളെപ്പുള്ള proud, അഹമ്മതിയുള്ള arrogant.

## ഫ

ഫണീ, (ഫണം, പടം), സൎപ്പം; A serpent.

## ബ

ബകം, ബകോടം, കൊക്ക, കൊച്ച അ:

ബത, ഹാ, ഓ; Ah, hie, oh (in sorrow), കഷ്ടം.

ബധിരൻ, ചെകിടൻ; A deaf man.

ബന്ധം, കെട്ടു; A tie, സംഗ്ര തി cause, necessity.

ബലി, ബലവാൻ; A strong man.

ബഹളം, ബഹ്ളം, വളരെ; Much, വഴിഞ്ഞു abundantly.

ബാണം, (വണ), അമ്പു; An arrow.

ബാഹു, (വഹ,) കൈത്തണ്ടും മെൽത്തണ്ടും കൂടി; The arm.

ബിംബിതം, (ബിംബം), നിഴലിടപ്പെട്ടതു; Reflected, observed, perceived.

ബുധൻ, (ബുധ), വിദ്വാൻ; A wise, learned man.

ബൃഹൽ, വലിയ; Great, large.

ബൃഹസ്പതി, ബുധൻ; The planet Jupiter, ശുക്രമഹൎഷി a Rishi.

ബൌദ്ധൻ, ബുദ്ധസേവൻ; A follower of Buddha, മുഹമ്മദിയൻ a Mussulman.

ബ്രഹ്മചാരി, (ബ്രഹ്മൻ), വെളി കഴിക്കാത്ത ബ്രാഹ്മണനും ആരെങ്കിലും; A bachelor Brahmin or any person in the unmarried state.

## ഭ

ഭഗ്നം, (ഭഞ്ജ), തകൎക്കപ്പെട്ടതു; Broken, തോല്പിക്കപ്പെട്ടതു overcome.

ഭംഗം, (ഭഞ്ജ), പൊട്ടു, വിള്ളൽ; A fracture, rupture, ചതിവു fraud തടവു impediment, നാശം loss.

ഭഞ്ജനം, പൊട്ടിക്കൽ; Breaking, മുടിക്ക destroying.

ഭടൻ, പടയാളി; A soldier, പരുത്ത വാക്ക പറയുന്നവൻ a person of rude speech.

ഭദ്രം, (ഭദി), ഭാഗ്യം; Prosperity, സുഖം safety.

ഭൎത്തൃശുശ്രൂഷ, (ഭൎത്താവു), ഭൎത്താവിനുള്ള സേവ; Ministering one's husband.

ഭവാൻ, (ഭൂ അ" ഭാ) താൻ, നിങ്ങൾ, താങ്ങൾ; Sir, you.

ഭവൽ, ഭവാൻ ദ: ഭവദ്ദൎശനാ ദേവ, ശ്രീമാനായുള്ളോവേ നിന്നെ കാണ്കയാൽ; By thy most gracious presence.

ഭവിക്ക, (ഭൂ), നേരിടുക, ഉണ്ടാക; To happen, become, be ഭവതി, ഭവിക്കും ദ: ഭസ്മീഭവിക്ക, ഭസ്മം ആക to be reduced to ashes.

ഭവ്യൻ, (ഭൂ), ഭാഗ്യവാൻ; A happy, prosperous man.

ഭാണ്ഡം, മാറാപ്പു; A package, load.

ഭാമിനി, (ഭ), കൊപമുള്ളവൾ; A passionate woman, ഭാൎയ്യ a wife.

ഭാരതി, വാക്ക; A word, സരസ്വതി Saraswati.

ഭാസ്കരൻ, (ഭാ), സൂൎയ്യൻ; The sun.

ഭിന്നം, (ഭിദ), പിളൎക്കപ്പെട്ട; Split, rent, വേൎപ്പെട്ട divided.

ഭിക്ഷു, സന്ന്യാസി; A sanyasi.

ഭീതി, (ഭീ), പേടി;Fear, ഭീതൻ, പേടിയുള്ളവൻ a timid person, a coward.

ഭുക്തി, (ഭുജിക്ക), ഭക്ഷണം; Food, meal, ഭോഗം fruition, enjoyment.

ഭുജിക്ക, ഉണ്ണുക, തിന്നുക; To eat, enjoy.

ഭുജം, കൈ; The arm.

| | |
|---|---|
| ഭുജംഗം, (അംഗം)<br>പു ഭുജംഗി സ്ത്രീ,<br>ഭുജംഗമം, (ഗമിക്ക) | പാമ്പു<br>A snake. |

ഭൂതം, (ഭൂ), ഉണ്ടായതു; Been, become, കഴിഞ്ഞ past, gone.

ഭൂമിപൻ, (പൻ, പതി), രാജാ; A king.

ഭൂയസാ, (ഭൂയഃ), വളരെ; Much, പിന്നെത്തെതിൽ afterwards, പിന്നെയും frequently, again & again.

ഭൂരി, (ഭൂയഃ), വളരെ; Much, many.

ഭൂഷണം, അലങ്കാരം; Decorating, ആഭരണം a trinket, ornaments.

ഭൃംഗം, (ഭ്രമ), വണ്ടു; The humble bee.

ഭേകം, തവള; A frog, പെരുന്തവള a toad.

ഭേദോപായം, (ഭേദം, ഉപായം), ഭേദിപ്പിപ്പാനായ്ക്കൊണ്ടുള്ള ഉപായം; A scheme to bring about dissension.

ഭേദ്യം (ഭിദ), വേർ പിരിക്കുവാൻ തക്കതു; Separable, ഭണ്ഡ പ്രയൊഗം torture in common Malayalim.

ഭോക്താ (ഭുജ), തിന്നുന്നവൻ; An eater, അനുഭവിക്കുന്നവൻ an enjoyer.

ഭോഗി (ഭുജ), സൎപ്പം; A snake, അനുഭവിക്കുന്നവൻ an enjoyer.

ഭോജനം (ഭുജ), തിൻ പണ്ടം; Food, ഊണു a meal.

ഭോഷ്ക്കു, പൊയ; A lie, falsehood.

ഭ്രാതാവു, ഉടപ്പിറന്നവൻ; A brother.

മ

മകുടം, മുടി, കിരീടം; A crown ദൃ: കുലമകുടമണി, തന്റെ കുലത്തിന്നു മികെച്ച മുടിയായവൻ the highest ornament of his tribe.

മക്കുണം, മൂട്ട; A bug.

മണ്ഡലം, വട്ടം; A circle, പ്രദേശം a region ദൃ: ഭൂമണ്ഡലം, ഭൂപ്രദേശങ്ങൾ.

മണ്ഡൂകം, തവള; A frog.

മതി, അറിവു; Knowledge, ബുദ്ധി intellect, മനസ്സു mind ഏറിയ സമാസങ്ങളിൽ ഇന്നിന്ന മനസ്സുള്ളവൻ എന്ന അൎത്ഥം കൂട്ടും ദൃ: കപടമതി, കുടിലമതി, തരളമതി, നിപുണമതി, ഇത്യാദികളിൽ കപട മനസ്സുള്ളവൻ ഇത്യാദി അത്രെ; ബുദ്ധിമതി, വലിയ ബുദ്ധിയുടയവൻ.

മൽ (അഹം എന്നതിൽ പ.), മമ, എന്റെ; My, of me, മൽകുലം, മത്സഖി ഇത്യാദി, എന്റെ കുലം ഇത്യാദി.

മത്തം (മദം), സന്തൊഷമുള്ള; Glad, delighted, വെറി പിടിച്ച intoxicated with pride, passion etc.

മത്തൻ (മദം), യാതൊന്നിനാൽ വെറിയൻ ആയി പൊയവൻ; One who is intoxicated with liquor, pride etc., മദം ഇളകിയ ആന a mad Elephant.

മദജലം (മദം), മദം പിടിച്ച ആനയുടെ ചെന്നികളിൽനിന്നു ഒലിക്കുന്ന വെള്ളം; The juice flowing from the temples of a rutting Elephant.

മദനാൎത്തൻ (മദനം, കാമം; ആൎത്തൻ, ദുഃഖിതൻ), മോഹപരവശൻ; One swallowed up by his lust, a libertine.

മദപ്പാട്ട (മദം), മത്തന്റെ നില ഇത്യാദി; The state of intoxication with liquor etc.

മദിപ്പിക്ക (മദം), മൊഹിപ്പിക്ക; To engender lust.

മദ്യപൻ (മദ്യം, ചാരായം, കള്ള) കുടിയൻ; A drunkard.

മധുമഥനൻ, വിഷ്ണു, കൃഷ്ണൻ; Vishnu,

മദ്ധ്യമൻ (മദ്ധ്യം, നട്ട), പൊതു വിലുള്ളവൻ; An ordinary, common person.

മദ്ധ്യാഹ്നം (മദ്ധ്യം, അഹസ്സ), ഉച്ച; Noon, midday.

മനക്കാമ്പു (മനസ്സ), ഉള്ളം; The mind.

മനോഗതം (മനസ്സ), നിനവു; Thought, ആഗ്രഹം desire.

മനോജ്ഞൻ (മനസ്സ), അഴകു ള്ളവൻ; A handsome person.

മനോരഥം (മനസ്സ), നിരൂപ ണം; Imagination, ആശ wish.

ത·മന്തു (മന്ഥനം), കുററം, ദോഷം; Fault, transgression.

മന്ദം (മദ), ചുറുക്കില്ലാത; Slow, dull, മെല്ലെ slowly ദ: മന്ദെതരോ ത്സാഹി (തരം, ഉത്സാഹം), മെല്ലവെ ഉത്സാഹിക്കുന്നവൻ.

മന്ദഭാഗ്യൻ (മന്ദം), നിർഭാഗ്യ മുള്ളവൻ; An unfortunate man.

മന്ദിരം, ഭവനം; House, residence.

* മന്നവൻ (മന്നു, ഭൂമി), രാജാവു; A king.

* മന്നിടം (മന്നു), ഭൂമി; The earth.

മമ (അഹം എന്നതിന്റെ ഷ·), മൽ, എന്റെ; My, of me.

മമത്വം (മമ), മമത, ചങ്ങാതി ത്വം; Affection, friendship.

* മരം ചാടി, കുരങ്ങു; A monkey.

മൎക്കടൻ,—ം, കുരങ്ങു; A monkey, an ape.

മൎത്ത്യൻ (മൃ), ചാവുള്ള മനുഷ്യൻ; Man as subject to death.

മസ്തകം, തല; The head, മണ്ട the skull.

മഹത്തരം (മഹാ), ഏററവും വ ലിയതു; Very great, grand, glorious.

മഹാ: മഹാത്മാവു (ആത്മാ വു), ഉയൎന്ന ഭാവശീലങ്ങൾ ഉള്ളവൻ; A lofty-minded, eminent religious or moral person.

മഹാബാഹു (ബാഹു), വൻ കൈക്കാരൻ, വൻ ഊററക്കാരൻ; A very powerful man.

മഹാമതി, ബുദ്ധിസമൎത്ഥൻ; A very clever man.

മഹാരഥൻ (രഥൻ), വലിയ ആത്മശക്തികൾ ഉടയവൻ; A man of great powers.

മഹോത്സവം (ഉത്സവം), വലി യ പെരുനാൾ; A great festival, വലിയ കൊണ്ടാട്ടം a great festivity.

മഹി, മഹീ, ഭൂമി; The Earth.

മഹിതം, തക്ക, ഒത്ത; Fit, proper, pleasing.

മഹിഷി (മഹി), എരുമ; A buffalo-cow, തമ്പുരാട്ടി a queen, noble woman.

* മാടോട്ടു (മാടം), പുരമെയ്യുന്ന ഓടു; A tile.

മാണവൻ (ത· മാണാക്കൻ), ആണ്കുട്ടി; A boy, ശിഷ്യൻ a student.

മാതംഗം (മതംഗ), ആന; An elephant.

മാധവൻ, വിഷ്ണു; Vishnu.

മാധുൎയ്യം (മധുരം), മധുരഗുണം, തിത്തിപ്പു; Sweetness.

മാദ്ധ്യം (മദ്ധ്യം) ഉച്ചനേരത്തു ചെയ്യേണ്ടുന്ന കൎമ്മം; A rite to be performed at noon-day.

മാനനീയൻ (മാനം), മാനത്തിന്നു യോഗ്യൻ അ" പാത്രം; Deserving of regard, respectable.

മാനി, മാനശാലി; A man of high honor പുളെപ്പുള്ളവൻ an arrogant person.

മാനിനി (മാനം), സ്ത്രീ; A woman.

മാമകം (മമ), എന്റെ; My, mine.

മാം (അഹം എന്നതിന്റെ ദ്വി·) എന്നെ; To me, me.

മാരമാൽ (മാരൻ, കാമദെവൻ, * മാൽ, മൊഹം), കാമശീലം; Lewdness.

മാരി, പെരുമഴ; Impetuous rain.

മാരുതം (മരുത്തു), കാററു; Wind.

മാൎജ്ജാരകൻ, വീട്ടുപൂച്ച; The house-cat.

മാഹാത്മ്യം (മാഹാത്മാ), പ്രതാപം; Majesty, dignity, dignified bearing.

* മികവു, ശ്രേഷ്ഠത; Eminence— പെരുക്കം abundance, വളരെ much.

മിത്രം (മിദ), സ്നേഹിതൻ; A friend, തോഴൻ a companion; മമത friendship.

മിത്രഭേദം, ൨ാം തന്ത്രം, സ്നേഹിതന്മാരെ പിരിപ്പിക്ക; Separating of friends.

മിത്ഥ്യാ, വെറുതെ; In vain, തെററായിട്ടു falsely.

മുഖി, മുഖമുള്ളവൾ; Faced (fem.)

മുടക്കൻ, പാററു; The outer clasp of a box-lock etc.

മുണ്ഡം, ചിരച്ചതല; A shaven head, മൊട്ടത്തല a bald head, ചിരെച്ച shaved.

മുണ്ഡിതം, ചരെക്കപ്പെട്ട; Shorn, shaven, bald.

മുൽ, ത്തിന്റെ, സന്തൊഷം; Joy, delight, മുദാ, സന്തൊഷത്തൊടു gladly.

മുദിതം, സന്തൊഷം പൂണ്ടു; Rejoiced, delighted, pleased.

മുഷ്കരം, മിടുക്കു, മിട്ടമ, വ·; Strength, power, മുട്ടാളത്വം obstinacy.

മൂങ്ങാ, നത്തു; An owl.

മൂഢൻ, മൂക്കൻ, പൊണ്ണൻ; A stupid person, കൊടമയുള്ളവൻ a cruel man.

മൂലഛേദം (മൂലം, വേർ, ഛേദം നാശം), വേരോടെ പറിച്ചുകളക, മുടിക്ക; Eradication, destruction.

മൂഷികൻ, മൂഷികം (മൂഷ, കക്കുക), എലി; A mouse or rat.

* മെച്ചം (മിഞ്ചുക, മുൻ), അതി ശ്രേഷ്ഠം; Pre-eminent, excellent.

മേ (അഹം എന്നതിന്റെ ച·) എനിക്കു; To me.

* മേട (മേട്ടു) മാളിക, പല തട്ടുള്ള വീടു; A two or more storied house.

മേദിനി (മിദ), ഭൂമി; The earth.

* മേനി, ശരീരം; The body.

* മേലാ, ഒല്ലാ, വഹിയാ; Cannot.

* മേന്മേൽ (മേൽ) മേല്ക്കുമേൽ; More and more.

* മേവുക, v. n, ഒരു ഇടത്തെ പെരുമാറുക; To be accustomed to a place and prefer it v. a. വസിക്ക, ഇരിക്ക to continue, വാഴുക to rule,

മേഷം (ത. മേടം), മുട്ടാടു; A ram.

മൈഥുനം (മിഥുനം), ചേൎച്ച; Union, association.

മോഘം, വ്യൎത്ഥം; Useless, വിടപ്പെട്ട left, മോഘം എന്നിയെ തെററു കൂടാതെ without mistake.

മോചിക്ക (മുച), വിടുക; To free, let loose, വിടുവിക്ക deliver, ഇളെക്ക to pardon, forgive.

മോദിക്ക (മുൽ അ:), സന്തോഷിക്ക; To be delighted, to rejoice.

മോഷ്ടാവു (മുഷ, കക്കുക), കള്ളൻ; A thief.

മൌഢ്യം (മൂഢത), അറിയായ്മ; Ignorance, ജാതിവെറി caste-prejudices, മതവെറി fanaticism.

മൌഷ്കൎയ്യം (മുഷ്കരം) മിട്ടമിട്ടുക്കു; Great power, തിരണ്ട മുട്ടാളത്തരം great obstinacy.

## യ

യതി, സന്ന്യാസി; A religious mendicant.

യൽ (യഃ), ഏതു; What, ആകയാൽ, ആകകൊണ്ടു as, because.

യത്നം (യത), അദ്ധ്വാനം; Effort, exertion.

യഥാ, ഏതു—, യാതൊരു—പ്രകാരം; as ദ: യഥാസുഖം, സുഖത്തോടു.

യദുതനയൻ (യദു, കൃഷ്ണന്റെ വംശം), കൃഷ്ണൻ; Krishna.

യദൃച്ഛയാ (യദ, എതു, ഋച്ഛ), തന്റെ ഇഷ്ട പ്രകാരം അനങ്ങുന്നതു; Following one's own fancies, independence—പൊട്ടുന്നനവെ accidentally, providentially, suddenly.

യന്ത്രം (യമ), ഉപായം; A scheme, device, plan.

യന്ത്രിതൻ (യന്ത്രം), തടുക്കപ്പെട്ടവൻ; One, who has been checked, കെട്ടപ്പെട്ടവൻ one who is bound.

യമൻ, അന്തകൻ; Yama.

യയൌ (യാ), യാനം ചെയ്തു, യാത്രയായി; (I, you, he) departed.

യഷ്ടി, വടി; A stick, ദുഷ്ട സ്ത്രീ a bad woman, യഷ്ടിത്വം, പൊട്ടത്തരം, stupidity.

യസ്മിൻ യഃ, എന്തു, ഏതു, എന്നതിന്റെ സ: ഏ: വ:, ഏതിൽ; In which, യാവനൊരുത്തനിൽ in whomsoever.

യാചനം, ഇരക്കുക; Begging, asking.

യാനം (യാ), പോക; Going, വാഹനം any conveyance.

യാമിനി (യമ), രാത്രി; A night.

യുഗളം, ജോടു, ഇരട്ട; A pair, a couple.

യൂക, പേൻ; A louse.

യൂഥം, കൂട്ടം; A multitude of beasts or birds.

യോജ്യം (യുജ), ചേൎക്കപ്പെടുവാൻ തക്കതു; What can be joined, ഒക്കുന്നതു to the point.

ര

രഘുതനയൻ (രഘു, രാമന്റെ കുലം), രാമചന്ദ്രൻ; Ramachandra.

രചിതം, ചമെക്കപ്പെട്ടതു; Composed, constructed.

രജകൻ, വെളുത്തേടൻ, വണ്ണാൻ; A washerman.

രജനി (രജസ്സ), രാത്രി; The night.

രജ്ജു, കയറു; A rope, tie.

രന്ധ്രം (രദനം), പോടു, പോതു, ** പൊത്തു, മാളം, † A hole.

രഭസം, പെട്ടന്നു; Suddenly, very quickly.

രമിക്ക (രമ), സന്തോഷിക്ക; To delight in, കളിക്ക to sport, play.

രമണൻ, ഭൎത്താവു; A husband.

രമണി, ഭാൎയ്യ; A wife.

രവം, ഒച്ച; Any sound, noise.

രഹിതം (രഹ), വിടപ്പെട്ടതു; Left, bereft, കൂടാതെ without ഉ: ഭയരഹിതൻ, ഭയമില്ലാത്തവൻ a fearless person, സ്വജനധനരഹിതൻ, തന്റെ ജനത്തെയും ധനത്തെയും വിട്ടവൻ one who has renounced his family, wealth etc.

രക്ഷണം, കാക്കുക; Preservation, protection, ചരതിക്ക laying up in store.

രക്ഷിതം, സമ്പാദിക്കപ്പെട്ട; Gained.

രാജഹംസം, അരയന്നം (ത.); A sort of flamingo.

രാജീവം, താമര; A lotus.

രാശി, കൂട്ടം; A heap, multitude, assemblage.

രാസഭം, കഴുത; An ass.

രിപു, മാററാൻ, ശത്രു; An enemy.

രുചിതം (രുചി), ഇഷ്ടപ്പെട്ട; Desired, longed for.

രുദിതം (രുദ), കരച്ചൽ; Weeping.

രുധിരം (രുധ), ചോര; Blood.

രൂഷിതം (രൂഷ), മൂടപ്പെട്ട; Covered, അലങ്കരിക്കപ്പെട്ട decorated.

രോചിതം (രുച), അഴകാൎന്ന, മനോഹരം; Brilliant.

രോദനം (രുദ), കരച്ചൽ; Weeping, lamentation.

രോദസ (രുദ), ആകാശം; Heaven, ഭൂമി earth.

രോധം (രുധ), തടവു; An obstruction, impediment.

രോഷം (രുഷ), ചീററം; Wrath, anger, rage.

ല

ലഘു, കനം കുറഞ്ഞതു; Light, പ്രയാസമില്ലാത്തതു easy, നിസ്സാരം trifling, unimportant.

ലംഘ്യം, തെററത്തക്കതു; What can be transgressed.

ലത, വള്ളി; A creeper.

ലബ്ധം (ലഭിക്ക), നേടിയതു; Obtained, got, gained.

ലബ്ധനാശം, രംം തന്ത്രം, നേട്ടയഴിവു; Loss of gains ദ: ലബ്ധനാശാതുരൻ, കിട്ടിയതിൻെറ നാശത്താൽ ദുഃഖിക്കുന്നവൻ.

ലലിതം, ലളിതം, ആട്ടമുള്ളതു; Tremulous, കൊഞ്ചലുള്ള dallying, സൌന്ദൎയ്യമുള്ള beautiful, lovely ആകൎഷണമുള്ള attractive.

ലാഘവം (ലഘു), കനമില്ലായ്മ; Lightness, slightness, നിന്ദ contempt.

ലാംഗ്രലം (ലഗ), വാൽ; A hairy tail.

ലാളിക്ക, ലാലിക്ക (ലല), കൊഞ്ചുക; Fondling, caressing a child.

ലീല (ലല), കളി; Sport, pass-time.

ലുബ്ധൻ (ലുഭ), ഒരംററൻ; A greedy, covetous person, പിശുക്കൻ a miser, niggard.

ലേശം, ഒട്ടു; A little, ചെറു, കുറെ small.

ലേഹനം (ലിഹ), നക്കൽ; Licking.

ലോപം (ലുപ), തള്ളൽ; Rejection, abolition, വീണുപോക disappear.

ലോഹം (ലൂ), പൊൻ വെള്ളി മുതലായതു; Metal in general ഇരിമ്പു, iron.

ലൌകികം (ലോകം), മൎയ്യാദക്കേടു; Vulgarity — ജന സമ്മതമുള്ള popular ലോകാചാരം politeness, urbanity (ത. ലോക്യം).

വ

* വാക്കാണം, തൎക്കം; Quarrel, dispute, കുറുമ്പുകാട്ടി ഒരുത്തനെ പോൎക്കു വിളിക്ക to provoke by mimicry.

വക്ത്രം (വച), വായി; The mouth, മുഖം the face ദ: വക്ത്രാന്തരെ, വായിൽ.

വടം, വടവൃക്ഷം, പേരാൽ; The banian tree.

വടു, ബ്രഹ്മചാരി; A bachelor brahmin, കിടാവു a lad.

വണിക്കു, ചെട്ടി; A merchant സമാസം വണിഗീശൻ (ഠരംശൻ).

വദനം (വച), പറക; Speaking, വായി the mouth, മുഖം the face.

വദിക്ക (വച), പറക; To speak, converse.

വദാമി, ഞാൻ പറയുന്നു; I speak.

വദതി, അവൻ പറഞ്ഞു; He spoke.

വധിക്ക, കൊല്ലുക; To kill, murder.

വധ്യസ്ഥാനം (വധ്യം, കൊല്ലപ്പെടുവാൻ യോഗ്യം), പോർ കളം; The battle field, കലനിലം the place of execution.

വനചരൻ (വനം, കാട്ടു, ചരൻ) കാട്ടാളൻ; A forester, hunter.

വപുസ്സ (വപു), തടി, ശരീരം; The body.

വയം, ഞങ്ങൾ; We.

വരൻ, ഭർത്താവു; Husband, ശ്രേഷ്ഠൻ an excellent man ട: എലിവരൻ.

* വരത്തില്ല, വരികയില്ല; There is no possibility.

വരുണൻ (വൃ), കടൽ ദേവൻ; Varuna.

വക്കത്തു, ശോഭ, ശ്രീത്വം; Blessing, good luck.

വജ്ജിക്ക, ഒഴിക്ക, വിട്ടുകളക; To quit, abandon, shun.

വൎത്തനം (വൃത), പാൎപ്പു, ഇരിപ്പു; Staying or moving in a place, തൊഴിൽ profession, occupation, trade.

വൎത്തിക്ക, ഇരിക്ക; To stay or move in a place, തൊഴിൽ ചെയ്ക. to labor, to trade, ചെയ്ക to do, act.

വൎദ്ധിതം (വൃധ), വളൎന്ന; Grown, വൎദ്ധിച്ച increased, multiplied.

വല്ഗുത്വം (വല്ഗു), അഴകുള്ള; സൌന്ദൎയ്യം, അഴക; Beauty, comeliness, loveliness.

വല്ലന്തി, അപായം, ആപത്തു; Calamity, peril, തിന്മ evil.

വല്ലഭ (*വല്ല), ഭാൎയ്യ; A wife.

വല്ലഭൻ, ഭൎത്താവു; A husband.

വസനം, വസ്ത്രം; Cloth or clothes, പുതപ്പു covering, വീടു a house.

വഹിക്ക (വഹ), ചുമക്ക; To convey, carry, bear, നടത്തുക to manage,

വഹ്നി (വഹ), തീ, അഗ്നി; The fire.

വക്ഷസ്ഥലം (വക്ഷസ്സ, മാറു നെഞ്ഞു, സ്ഥലം), മാറിടം; The breast, the bosom.

വാച്ചതും, വാശ്ശതും (വാഞ്ഛ, കിട്ടിയിരിക്ക), കണ്ടതും, വല്ലതും; Whatsoever it be.

വാട (വട), വാടം ഒരു കോട്ടയുടെ എങ്കിലും ഗ്രാമത്തിന്റെ എങ്കിലും കിളൎന്ന" മൺകോട്ട; A bulwark, a mud-wall enclosure.

വാടിക (വാടം), പൂങ്കാവു; A garden, തോട്ടം an orchard.

വാപി (വപ), നീളം ഏറുന്ന പൊയ്ക; A large oblong tank or pond.

വാമനൻ (വാമം), കുള്ളൻ; A dwarf.

വായസം (ചേവൽ) വായസി (പിടി) (വയസ്സ), കാക്ക; A crow.

വാരണം (വൃ), തടവു; Obstruction, preventing, warding off, ആന an elephant.

വാരി, കടൽ; The sea, വെള്ളം water.

വാരിധി (ധി), സമുദ്രം; The sea.

വാരിവാഹം (വാഹം), മേഘം; A cloud.

വാശ്ശുത്തും, വാച്ചുത്തും അ:

വാശ്ശുവൻ (വാശ്ശു), കണ്ടവൻ വല്ലവൻ; Whosoever it be, anybody.

വാസരം (വസിക്ക), നാൾ; A day.

വാഹനം, വാഹം (വഹിക്ക), ചുമക്കുന്ന യാതൊരു മൃഗവും സാധനവും [വണ്ടി പല്ലക്ക ഇത്യാദി]; Any conveyance.

വാഹിനി (വഹിക്ക), വൃഥ ആനകളും വൃഥ തേരുകളും വൃഥ കുതിരകളും രാഠ കാലാളുകളും ഉള്ള സൈന്യം; An army, പുഴ a river.

വി, എന്നതു ഇല്ലായ്മയും; (Privation) നീക്കവും (separtion) വിശെഷതവും (distinction) കുറിക്കുന്ന അവ്യയം, (particle) ആകുന്നു.

വികല്പം (വി) തെററു; Error, mistake, തീച്ചക്കേടു want of decision ഉൾ ഉൾമ്പൽ fluctuation.

വികൃതം (കൃതം, അ:), മറിക്കപ്പെട്ട; Upset, കുരൂപം distorted, ugly.

വികൃഷ്ടൻ (കൃഷ്ടു), സാമത്ഥ്യമുള്ളവൻ; A clever, plotting man.

വിക്രമം (വി), വൻ ഉൗററം; Prowess, ആണ്മ bravery, heroism.

വിക്രമി, ആണ്മ കാട്ടുന്നവൻ, വമ്പൻ; A valiant man, a hero.

വിഖ്യാതൻ (ഖ്യാതി, കീൎത്തി), ലോകപ്രസിദ്ധൻ; A notorious, renowned person.

വിഗ്രഹം (വി), യുദ്ധം, പോർ; War.

വിഘ്നം (ഹൻ), തടവു; Obstacle, hindrance, ആപത്തു misfortune.

വിഘ്നൻ, ഗണപതി; Ganesa.

വിചേഷ്ടിതം (ചേഷ്ടിതം അ:) ചെയ്യപ്പെട്ടതു, വ്യാപാരം; What has been done.

വിജനം (ജനം), ആൾ ഇല്ലാത്ത ദിക്ക, ഏകാന്തം; A solitary place, private.

വിജ്ഞാനം (വി), ലൌകീക അറിവും വകതിരിവും; Secular knowledge and discernment.

* വിടകൊള്ളുക [മാനവാക്ക], വരിക; Get leave to come, to come, arrive.

വിടപി, വൃക്ഷം; A tree, പേരാൽ the Banian tree.

* വിട്ടു, ചീത്ത; Bad, vile, തള്ളപ്പെട്ട abandoned, mean സമാസങ്ങളിൽ പ്രയൊഗിക്കപ്പെടുന്നു.

* വിട്ടു പണി (വിട്ടു), താണ പണി; A vile work, അടിമ servitude.

വിട്ടുഭോഷൻ (വിട്ടു), തിരണ്ട പൊട്ടൻ; A perfect fool.

വിത്തം (വിദ To wit), ധനം; Riches, property.

വിത്തനാഥൻ, കുബേരൻ; Cubera, ധനവാൻ a rich man.

വിത്തവാൻ ധനവാൻ; A rich man.

വിദഗ്ദ്ധൻ (ദഹ), വിദ്വാൻ; A scholar, നിപുണൻ a skilful person കുട്ടക്കാരൻ an intriguer.

* വിന, കർമ്മം; Action, പാപം sin, ദീനം sickness.

വിനാ (നാ), കൂടാതെ; Except, without.

വിനാശം (വി), മുടിവു; Total destruction, annihilation.

വിനീതി (വി), സൌമ്യത; Meekness, താഴ്മ humility.

വിപൽ, വിപത്തു (വി), ആപത്തു; Adversity, misfortune.

വിപൎയ്യയം (വി), വിപരീതം; Contrariety, the reverse.

വിപിനം (വി), കാട്ടു; A forest

വിപ്രൻ (വി), ബ്രാഹ്മണൻ; A brahman.

വിപ്രിയം (വി.) അനിഷ്ടം, രുചിക്കേട്ടു; Dislike, രുചിക്കെട്ട disliked.

വിഭവശത (വിഭ, ഒളി), ഒളിയെ പ്രാപിച്ചതു; Resplendence.

വിഭ്രഷ്ടണം [വി] ഭ്രഷ്ടണം അ:

വിഭ്രംശം (വി), തന്റെ നിലയിൽ നിന്നു വിഴുകിപോക, ഭ്രഷ്ടം; Forfeiting of one's character etc.

* വിരവു, ഉഴറൽ; Haste - വിരവൊട്ടു, വിരവിൽ, ഉഴറൊട്ടു quickly, eagerly, നന്നായിട്ടു well.

വിലം (വിൽ), പൊത്തു, മാളം; A hole.

വിലക്ഷണം (വി), വെറെ സ്വഭാവമുള്ളതു; Of different character, nature, വിശെഷമുള്ള extraordinary, അപൂൎവ്വം unprecedented.

വിലാളം, പൂച്ച; A cat.

വിലൊകനം, (വി), കാഴ്ച; Sight, നോക്കു, നോട്ടം seeing, looking.

വിവിധം (വി), പല വിധം, പലതരം; Various, different.

വിവേകം (വി), വകതിരിവു; Discrimination, discernment.

വിവേകി, വകതിരിവുള്ളവൻ; One of sound judgement.

വിശകലിതം (വി), നുറുക്കപ്പെട്ടതു; Smashed, reduced to fragments.

വിശാരദൻ (വി), വിദ്വാൻ; A learned man, ശ്രേഷ്ഠൻ an eminent person.

വിശ്രമിക്ക (വി), സ്വസ്ഥമാക; To repose, rest.

വിശ്രുതൻ (വി), വിഖ്യാതൻ അ:

വിശ്വം (വിശ, കടക്ക), ലോകം; The world.

വിഷണ്ണൻ (വി, സദ), ദുഃഖിതൻ; A dejected man, അഴിനിലയുള്ളവൻ a desponding person.

വിഷയഭ്രാന്തി (വി, സി, കെട്ടുക, ഭ്രാന്തി), യാതൊരു പൊരുളിൽ (വിഷയത്തിൽ) ലയിച്ചു പൊക; Sensuality.

വിഷയി, ഇന്ദ്രിയം; An organ

of sense പൊരുളടിമപ്പാട്ടുള്ളവൻ, ജഡീകൻ, കാമി a sensualist.

വിസൎജ്ജിക്ക (വി, സൃജ), ഉപെക്ഷിക്ക; To quit, abandon നാട്ടു കടത്തുക to exile.

വിഹിതം (വി), വിധിതം; Ordered, നിലെക്കുടുത്ത proper, right ആഗ്രഹിച്ചതു wished for.

വൃത്രാരി (വൃത്രൻ, അരി), ദേവേന്ദ്രൻ; Indra.

വൃഥാ, വെറുതെ; In vain, useless.

വൃദ്ധി, വൎദ്ധന, വാൎച്ച; Increase, prosperity, വട്ടി, പലിശ interest.

വൃന്ദം, കൂട്ടം; Heap, multitude.

വൃഷം, വൃഷഭം (വൃഷ), കാള; A bull ō: വൃഷഭോത്തമൻ (ഉത്തമൻ), കാളശ്രേഷ്ഠൻ.

വൃഷലി, —ളി (വൃഷം), ശൂദ്രി; A sudra- girl, maid servant.

* വെൺകുമദം (വെം), വെള്ളാമ്പൽ; The white water lily.

* വെണ്മ (വെം), വെളുപ്പു; Whiteness, അഴക beauty.

ത· വെലി (ബലി), മരിച്ചവൎക്കായിട്ടുള്ള കാഴ്ച; Offering for the manes.

* വെല്ലുക, ജയിക്ക; To overcome, to outdo.

* വെള്ളിമാമല (വെള്ളി, മഹാ, മല), കൈലാസം; Wishnu's heaven.

**വേട്ടു, ഉഴി, വിട്ടുവേർ പേരാലിൽ ഇറങ്ങു വേർ അ" താണവേർ; Roots descending from the branches of the Banian tree.

വേണി, ചിക്കിയ തല മുടി; Hair hanging down loose, ഇരുപ്പിരിയൻ മുടി braided long hair.

ത· വേവസ്ഥ (വ്യവസ്ഥ), ചട്ടം; Ordinance, rule, law.

* വേഴ്ച, സ്നേഹം; Love, affection, attachment.

വൈകല്യം (വികല), താറുമാറു; Confusion, ഊനം defect.

വൈകുണ്ഠൻ, വിഷ്ണു; Vishnu.

വൈരിഷ്ഠൻ (superl. of വൈരി), പ്രാണ ശത്രു; A deadly foe.

വൈരൂപ്യം, വിരൂപം; Deformity, ugliness, disfiguration.

വൈവശ്യം (വിവശത), പരവശത, മനസ്സിടിവു; Perplexity, despair.

വൈഷമ്യം (വിഷമം), പ്രയാസം; Difficulty, ചൊവ്വുകേടു unevenness.

വ്യഗ്രം, ഭ്രമിപ്പിക്കപ്പെട്ട; Bewildered, perplexed, alarmed.

വ്യയം (ആയം) ചെലവു; Expense, മുടിവു ruin, destruction.

വ്യാഘ്രം, കടുവായി; A Royal tiger, നരി a tiger.

വ്യാജം, ചതിവു; Fraud, deceit, കളവു a lie.

വ്യാപാരം, തൊഴിൽ; Occupation, trade, നടപ്പു behaviour.

വ്രതം (വ്രു), നേൎച്ച; A vow or selfimposed observance.

വ്രാജകൻ, വ്രാജിതാ, തേരാളി; A charioteer.

## ശ

ശകടം, വണ്ടി; A cart, car.

ശകലിതം (ശകലം), ഉടെക്കപ്പെട്ടതു; Broken, parted.

ശക്യം, കഴിയുന്ന (വല്ലം); Possible, ചെയ്യപ്പെടെണ്ടുന്ന to be done.

ശഠത, മുട്ടാളത്തരം; Obstinacy, ദുഷ്ടത wickedness, നേരക്കേടു dishonesty.

ശഠൻ, മുട്ടാളൻ; A blockhead, ചതിയൻ a rogue.

ശതാംശം (ശതം, ൧൦൦, അംശം) നൂറാം പങ്കു; The 100th part.

ശബ്ദമാത്രം (ശബ്ദം, മാത്രം), ഒച്ചയുടെ വലിപ്പം; The formidableness of a sound.

ശമം, (ശം), സൌസ്ഥത; Rest, relief.

ശമനകരം, സൌസ്ഥമാക്കുന്ന; Tranquilizing, pacifying.

ശമിക്ക, സൌസ്ഥമാക; To be quieted, become alleviated, അടങ്ങിയിരിക്ക to have the passions tamed.

ശല്യം, കുന്തം; A dart, അമ്പ an arrow, അലച്ചിൽ vexation.

ശശധരൻ (ശശം), ചന്ദ്രൻ, നിലാവു; The moon.

ശശൻ (ശശം), സാധു, നല്ലവൻ; A good and mild man.

ശശം, ശശകൻ, മുയൽ; A hare, a rabbit.

ശശാങ്കൻ (ശശം), ചന്ദ്രൻ; The moon.

ശശി (ശശം), ചന്ദ്രൻ; The moon.

ശഷ്പം, ഇളയ പുല്ലു; Young grass.

ശാകം (ശക), പച്ചകറി; A potherb in general (leaf, flower, fruit etc).

ശിംശുമാരൻ, കടൽപന്നി; Porpoise, സ്രാവു shark.

ശിഖരം (ശിഖ), കൊടുമുടി; The peak of a mountain, തുഞ്ചം, ഉച്ചം the top.

ശിരസ്സ, തല; The head, ഉച്ചം the top.

ശില്പം, യന്ത്ര പണി, കൌശല പണി; Mechanical arts, fine manual work.

ശിഷ്ടൻ (ശാസ), ഭക്തൻ; A pious man, നല്ലവൻ a good man.

ശീഘ്രം, ചിക്കനെ, വെഗം; Quickly, speedily.

ശുകം, കിളി, തത്ത; A parrot.

ശുക്രൻ, വെള്ളി [നക്ഷത്രം]; The Venus [planet].

ശുണ്ഠി, ചുക്കു; Dry ginger, എരിച്ചിൽ കൊപം anger.

ശുഭാശുഭം, നന്മതിന്മ, ഗുണദോഷങ്ങൾ; Good and evil.

ശുഷ്കം (ത. ചുക്കു), ഉണങ്ങിയ, ഉലന്ന; Dry, dried.

ശൂന്യം, പാഴ; Vain, desolate, barren, മുടിവു destruction.

ശൃണു (ശ്രു), കേൾ; Listen!

ശൈലം (ശില, കല്ലു, പാറ), മല; A mountain.

ശോകം (ശുച), ദുഃഖം; Grief, sorrow.

ശോണിതം (ശോണം, ചുവന്ന), ചോര; Blood.

ശൌൎയ്യം (ശൂര), ആണത്വം; Prowess, valour.

ശ്യേനൻ, പരുന്ത, പരുന്തു; A hawk.

ശ്രവണം (ശ്രു), കേൾവി; Hearing, ചെവി the ear.

ശ്രവിക്ക (ശ്രു), കേൾക്ക; To hear.

ശ്രാദ്ധം, ത. ചാത്തം; A funeral ceremony.

ശ്രീകാൎയ്യം (ശ്രീ, വൎദ്ധന; ലക്ഷ്മി), ദേവസ്വവകയുള്ളതു; Any sacred thing or business, ക്ഷേത്രപ്രമാണി, കഴകക്കാരൻ a temple-trustee.

ശ്രീമത്ത, ശോഭയുള്ള; Pleasing, beautiful, prosperous.

ശ്രേണി (ത. ഏണി), നിര, വരി; Row, line, കൂട്ടം a company.

ശ്രോത്രം (ശ്രു), ചെവി, കാതു; The ear.

ശ്ലാഘിതം (ശ്ലാഘ, സ്തുതി), സ്തുതിക്കപ്പെട്ട; Praised, applauded.

ശ്ലാഘ്യം, സ്തുതിക്കു യോഗ്യൻ; Praiseworthy, venerable.

ശ്വാവു, നായ; A dog.

ഷ

ഷണ്ഡത, നപുംസകം, കായകെട്ടവന്റെ നില; The state of a Eunuch.

ഷണ്ഡൻ, നപുംസകൻ; A Eunuch.

ഷണ്മുഖൻ (ഷൾ, ആറു, മുഖം), സുബ്രഹ്മണ്യൻ; Subrahmanya.

സ

സകാശം, അടുക്കെ; Near, പോലെ like.

സഖി (സ, ഖം), തോഴൻ; A companion, തോഴി a female companion.

സങ്കേതം (സം, കൂട), ഉടമ്പടി, സമ്മതം; Engagement, അടക്കലം an asylum.

സംഖ്യാതം (സം), എണ്ണപ്പെട്ട; Numbered, counted.

സംഗമം (സം, ഗമിക്ക), ചേൎച്ച; Meeting, union.

സംഗമിപ്പിക്ക, ചേൎപ്പിക്ക യോജിപ്പിക്ക; To make unite, to cause to associate, to cause to fit.

സംഗരം (സം), യുദ്ധം; War.

സംഗിക്ക (സംഗം), ചേൎക്ക; To unite.

സംഗ്രാമം (സം), പോർ; War.

സംഘലിക്ക (സം), സംഘടിക്ക, ചേൎക്ക; To join, unite.

സചിവൻ (സജ), മന്ത്രി; A minister, councellor.

സഞ്ചിതനം (സം, ചിന്തിക്ക), വഴിപോലെ ചിന്തിക്ക, ആലോചിക്ക; Reflection.

സഞ്ചിതാനന്ദം (സഞ്ചിതം, നേടിയതു), പൊങ്ങുന്ന സന്തോഷം; With accumulated, full of joy.

സതതം (തൻ), എല്ലായ്പോഴും; Always.

സൽക്കരിക്ക (സൽ), മാനിക്ക; To honour, വന്ദിക്ക to greet, ഊട്ടുക to feast.

സത്തമൻ (സത്തു), ഏററവും നല്ലവൻ; An excellent, virtuous person.

സത്തുകൾ,—ക്കൾ (സത്തു), നീതിമാന്മാർ; Righteous people.

സത്രാ, കൂട; With, together or along with.

സത്രാസം, സന്ത്രാസം (സ, ത്രാസം), ഭയത്തോടു; Fear-smitten.

സത്വരം (സ), വെഗം; Speedily, quickly.

സദാ, എക്കാലത്തിലും; At all times, always.

സദാനന്ദനം (സദാ, സൽ?), നിത്യാനന്ദം; Eternal happiness.

സനാതനം (സനാ, എല്ലൊഴും), നിത്യം; Eternal.

സന്തതം (തൻ), ഇടവിടാതെ; Continually, എന്നെന്നെക്കും eternally.

സന്താപം (സം), കടുപ്പമുള്ള ദുഃഖം; Acute grief.

സന്തുഷ്ടൻ (സം), തൃപ്തിപ്പെട്ടവൻ; One who is gratified, satisfied.

സന്ത്രാസം, സത്രാസം അ:

സന്ദൎശനം (സം), കാണ്മാൻ പൊക; A visit.

സന്ദൎശിക്ക, കാണുന്നു; To look, കാണ്മാൻ പൊക to pay a visit.

സന്ധാരണം, (സം, ധരിക്ക), കൈവശത; Possession, tenure,

സന്ധി (സം), ചേൎച്ച; Union, നിരപ്പു reconciliation സമാധാനം peace.

സന്ധിപ്പിക്ക, യൊജിപ്പിക്ക; To make to join, നിരപ്പു വരുത്തുക to cause to be reconciled.

സന്ധിവിഗ്രഹം (വിഗ്രഹം), സമാധാന യുദ്ധങ്ങൾ സംബന്ധിച്ചതു, നയ തന്ത്രം; Politics.

സന്ധ്യാനിയമം (സന്ധ്യ, നിയമം), പുലൎക്കാലവും സായങ്കാലവും നടക്കുന്ന ജപം; Morning or evening devotion.

സന്നതൻ (സം, നമ), വന്ദിക്കപ്പെട്ടവൻ; One who is revered.

സന്നാഹം (സം), കോപ്പു; Preparation, കൂട്ടം retinue, പട മുതിൎച്ച readiness for fight.

സന്നിധി (സം), തിരുമുമ്പു; Presence of God, king, guru etc.

സന്നിഭൻ (സം), തുല്യൻ; One similar or equal to.

സന്മധു (സൽ), ഇൻപം; Agreeableness.

സപദി (സ), പൊടുന്നനവെ; On the spot, at once.

സഭ്യൻ (സ, ഭാസ്സു), മാന മൎയ്യാദസ്ഥൻ; A polite, civilized person.

സഭാവാസി (സഭ, വസിക്ക), സഭയിൽ കൂടുന്നവൻ; One of an assembly, belonging to honourable society.

സമസ്തം (സം), മുഴുവനും; All, the whole.

സമാഗമം (സം, ആഗമം), അണയുക; Approach, എതിരേല്പു meeting with.

സമാപ്തം (സം), തീൎന്നു; Complete, അവസാനം the end.

സമാരംഭം (സം), തുടക്കം; Beginning, commencement.

സമാശ്രയം (സം), തികഞ്ഞൊരു“ പൂൎണ്ണ ആശ്രയം; Refuge, protection.

സമീരണൻ (സം), കാററു; Wind, air.

സമീഹിതം (സം), വാഞ്ഛിതം; The thing longed for, wish.

സമുചിതം (സം), ഏറ്റവും ഉചിതം, യോഗ്യം; Proper, fit

സമ്പൎക്കം (സം), ഇടപാടു; Intercourse, contact, കൂട്ടു, സഹവാസം society.

സമ്പ്രതി (സം), ഇപ്പോൾ; At this time, now.

സമ്പ്രഹൎഷം (സം, പ്ര, ഹൎഷം), ഏററവും പൊങ്ങുന്ന സന്തോഷം; The height of glee.

സമ്പ്രാപ്തി (സം), പൂൎണ്ണ സാധിപ്പു; Obtaining altogether, perfect acquisition.

സമ്പ്രേക്ഷ്യം (സം, പ്ര, അക്ഷം), മുങ്കരുതൽ; Precaution.

സംഭരിക്ക (സം), ചരതിക്ക; To provide, ഒരുക്കുക to prepare.

സംഭാരം, വട്ടം കൂട്ടുക; Getting any thing ready, provision.

സംഭൂതം (സം, ഭൂ), ഉളവായതു; Sprung from.

സംഭൃതം (സം), ഒരുങ്ങിയ; Ready, complete നിറഞ്ഞ full ഉടയ possessed of.

സംഭ്രമം (സം), ഉഴററു; Hurry, ബദ്ധപ്പാടു flurry, confusion, ഭയം fear.

സംമേളനം (സം, മില), ഉററ ചേൎച്ച; A close union, harmony കൂററായ്മ fellowship.

സംശയസ്ഥാനം, കിണ്ടം പിണെയുവാൻ തക്ക നില; Jeopardy.

സംശ്രയിക്ക (സം), പരിപാലിക്ക; To protect well.

സംസാരം (സം), ഇഹത്തിലുള്ള ജീവനം; Life in the world, ഇഹത്തൊടുള്ള ചേൎച്ചകൾ worldly ties and concerns, അറിയിപ്പു communication.

സംഹാരം (സം), നശിപ്പു; Destruction, മുടിവു annihilation.

സംക്ഷോഭം (സം, ക്ഷുഭ), നടുക്കം; Tremor, perturbation, മറിച്ചിൽ upsetting.

സരസം (സ, രസം), രസമുള്ള; Tasty, relishing, ഇഴുക്കുന്ന, ആകൎഷണമുള്ള attracting.

സരസ്സു (സ്സു), പൊയ്ക; A tank, pond.

സരോജം (സരസ്സു, ജം), താമര; A lotus.

സൎപ്പത്താൻ (മ.) സൎപ്പം; A serpent [honorif.]

സൎവ്വതഃ (സൎവ്വം), ചുററിലും; On all sides, മുഴുവനും entirely.

സൎവ്വത്ര (സൎവ്വം), എല്ലാടവും; Everywhere.

സൎവ്വദാ (സൎവ്വം), എപ്പൊഴും; Always.

സലിലം (സല), വെള്ളം; Water.

സല്ലാപം (സം, ലാപം), സംഭാഷണം; Conversation, discourse.

സഹസ്ഥിതൻ (സഹ, കൂട), കൂടെ നില്ക്കുന്നവൻ അ" ഇരിക്കുന്നവൻ; One being along in [a position etc].

സാകം (സ അ" സഹ), കൂടെ; Together with.

സാഗരം (സഗര), കടൽ; The sea.

സാദരം (സ), ആദരവോടെ; Respectfully.

സാധു ഉത്തമം; Excellent, കലൎപ്പില്ലാത്ത genuine, വഴിപൊലെ fit, proper.

സാദ്ധ്യം, ചെയ്യാൻ കൂടുന്നതു; Practicable, feasible, possible, കിട്ടുകുന്നതു obtainable.

സാന്ദ്രം, തിങ്ങിയ; Thronged, close.

സാമ്പ്രതം (സമ്പ്ര), സമ്പ്രതി, ഇപ്പൊൾ; Now, at present.

സാരം, സരസ്സു അ:

സാരംഗം, വരയുള്ള മാൻ; A variegated deer.

സാപകാരം (സ, അപകാരം), പകയൊട്ടു; Maliciously, നിറഞ്ഞ പക malice.

സാഫല്യം (സ, ഫലം), വിളചിൽ; Fruitfulness, സിദ്ധി effect.

സാമദാനാദി [ഭേദം, ദണ്ഡം], കാൎയ്യസിദ്ധിക്കായിട്ടുള്ള ൪ ഉപായങ്ങൾ; The 4 expedients for obtaining an object.

സാമം, ഇണക്കം; Conciliation.

സാമോപായികന്മാർ (ഉപായം), ഇണക്കുവാനായിട്ടു പ്രയാസപ്പെടുന്നവർ; Those who try conciliation.

സാവധാനം, സാധാനതം, ചരതിച്ചിരിക്ക, ജാഗരിക്ക; Caution, circumspection, തെളിഞ്ഞ മനസ്സു an undiverted quiet mind.

സാശൻ (സ, ആശ), ആശയുള്ളവൻ; One longing, hopeful.

സിദ്ധാന്തം, ഉറപ്പുള്ള തീൎച്ച; A firm result, മനൊസങ്കല്പിതം determination.

സിദ്ധി, നിവൃത്തി; Fulfilment, success, മുക്തി beatitude.

സിദ്ധിപൂരിക്ക, കൊല്ലുക.

സിംഹത്താൻ, മാ. സിംഹം; The lion.

സുഗ്രഹൻ (സു), വഴിപൊലെ ഗ്രഹിക്കുന്നവൻ; One of good understanding.

സുതൻ (സു), പുത്രൻ; A son.

സുപ്തം (സ്വപ), ഉറങ്ങിയിരിക്ക; Asleep.

സുപ്രധാനം, — നതാം (സു), അതിശ്രേഷ്ഠം; Principal, very excellent, അതിശ്രേഷ്ഠത superiority.

സുഭഗൻ (സു), സുന്ദരൻ; A handsome man, ഭാഗ്യവാൻ a fortunate man.

സുഭഗം, കണ്ണിന്നിമ്പമുള്ള; Pleasing to the eye, പ്രിയമുള്ള liked ഭാഗ്യമുള്ള fortunate, auspicious.

സുമതി (സു), ക്രൂറായ്മ; Friendship, ആദരവു kindness — നല്ലഗുണമുള്ളവൻ a well disposed person.

സുമംഗലം (സു), എത്രയും ഭാഗ്യമുള്ള; Very fortunate.

സുരംഗം, തുരങ്കം; A mine, പൊത്തു a hole.

സുരൻ, ദേവൻ; A god സ്വർഗ്ഗീയൻ a celestial, heavenly person ആയതു പല സമാസങ്ങളിൽ കാണാം ദൃ: ധരണീസുരൻ, ഭൂസുരൻ, മഹീസുരൻ ഇത്യാദി, ബ്രാഹ്മണൻ.

സുലളിതം (സു), മനോഹരം; Pleasant, agreeable.

സുവർണ്ണം (സു), പൊന്നു; Gold.

സുഷിരം (സു), പൊത്തു; A hole.

സുഹൃത്ത, സുഹൃൽ (സു, ഹൃൽ, ഹൃദയം), തോഴൻ, സ്നേഹിതൻ; A friend.

സുഹൃല്ലാഭം (ലാഭം), മമത വാത്സല്യം; Friendship, ക്രൂറായ്മയാലുള്ള ലാഭം advantages attending friendship.

സൂക്തം, ഋക്കുസാമയജുർ വേദങ്ങളിൽ ഉള്ള യാഗഗീതങ്ങൾ; The sacrificial songs in the Rig, Sama and Yajur Vedas (as a collection called samhita.

സൂചകൻ (സൂച), ഒററുകാരൻ; An informer, a spy, ഗുരു a teacher.

സൂചകശ്രുതി, ഗുരൊപദേശം; Teaching.

സൂചീമുഖി, ഒരുവക പക്ഷി; A bird.

സൃഗാലകൻ, സൃഗാലം, കുറുക്കൻ; A jackall.

സൃഷ്ടി (സൃജ), പടെപ്പു; Creation, ചമെപ്പു invention, production.

സേതു (സി) അണിക്കെട്ടു, ചിറ; A mound, bank, causeway.

സൊദരൻ (സ, ഉദര), ഉടപ്പിറന്നവൻ; A brother.

സോപകാരം (സ, ഉപകാരം), സഹായത്തൊടു; Connected with help.

സോഹം (സ, അഹം), ഞാനും; I too.

സൌജന്യം (സുജന), ദയ; Benevolence, ദാനം a free gift, present.

സൌധം, വെങ്കിളിമാടം, കോവിലകം; A palace.

സൌഹാർദ്ദം (സു, ഹൃദ), ക്രൂറായ്മ, മമത; Friendship.

സ്കന്ധം, ചുമൽ; The shoulder — കാണ്ഡം a chapter, section.

സ്തനം, മുല; The breast.

സ്ഥിതം (സ്ഥാ), നില്ക്കുന്ന; Standing, ഇരിക്കുന്ന situated, being.

സ്നിഗ്ദ്ധൻ (സ്നിഹ), സ്നേഹിതൻ; A friend, beloved.

സ്പൎശം, തൊടുക; Touch, contact.

സ്രവിക്ക (സ്രു), ഒലിക്ക, വാരുക; To flow, ooze.

സ്വച്ഛന്ദം (സ്വ), തന്നിഷ്ടമുള്ള; Selfwilled.

ത. സ്വമ്മു (സ്വം), ധനം; Wealth.

സ്വയംകൃതം, താൻ താങ്കൾ ചെയ്യുന്നതു; What a person does himself, self-done.

സ്വല്പം (സു), ഇത്തിരി; Very little.

സ്വസ്ഥൻ, (സു), തന്നിൽ തന്നെ ആശ്രയിക്കുന്നവൻ; Relying on oneself, confident, വെറുതെ ഇരിക്കുന്നവൻ one doing nothing.

സ്വാഗതം, (സു), സുഖമായി ഇരിപ്പിൻ; Wellcome, വന്ദനം salutation.

സ്വാന്തം, (സ്വ), മനസ്സു; The mind.

സ്വൈരം, (സ്വ, ഇര), മനസ്സുചായുമ്പൊലെ നടക്ക; Following one's own inclination, സൌഖ്യം health, rest.

## ഹ

ഹതം, (ഹനിക്ക), അടിക്കപ്പെട്ട; Smitten, കൊല്ലപ്പെട്ട killed.

ഹനിക്ക, അടിക്ക; To strike, smite, കൊല്ലുക to kill.

ഹന്ത, കഷ്ടം; Ah, alas! അല്ലയൊ he! ho there!

ഹംസം, ത. അന്നം; A swan, goose.

ഹരണം, ഹരിക്ക, വാങ്ങുക; Accepting, പിടിക്ക seizing, ചതിക്ക defrauding.

ഹരി, സിംഹം; A lion.

ഹരിണം, മാൻ; A deer.

ഹൎഷം, (ഹൃഷ), സന്തൊഷം; Joy, delight.

ഹസിക്ക, ചിരിക്ക; To laugh, കളിയാക്ക to mock.

ഹസ്തം, കൈ; The hand, തുമ്പിക്കൈ an elephant's trunk.

ഹസ്തി, ആന; An elephant.

ഹാടകം, (ഹട), പൊന്നു; Gold.

ഹാരം (ഹരിക്ക), മുത്തുമാല; A string of pearls.

ഹാസം, (ഹസി), ചിരി; Laughter.

ഹിതം, ഇഷ്ടം; Will, pleasure, തക്ക, fit.

ഹിതാഹിതം, ഇഷ്ടവും അനിഷ്ടവും; Liking and dislike, mixed advice.

ഹിതോപദേശം, ഗുണമുള്ള ഉപദേശം; Salutary instruction, friendly advice.

ഹിംസകൻ, (ഹൻ), കൊല്ലുന്നവൻ; A murderer.

ഹിംസനം, കുല; Killing.

ഹുംകൃതി, (ഹും), അലൎച്ച; Roar ഇരച്ചൽ humming noise.

ഹേല, പുളെച്ച കൊഞ്ചൽ; Wanton dalliance, കേളി sport, നിന്ദ contempt.

ഹ്രദം. കയം; A deep lake.

ക്ഷ

ക്ഷണം, ൧൦ വിനാഴിക, ൪ മിനിട്ടു, 4 Minutes, a moment of time.

ക്ഷാത്രം, (ക്ഷത്രം), ക്ഷത്രിയ സംബന്ധമുള്ള; Particular to Kshatrias പോർ കരുത്തു war-like.

ക്ഷിതി, (ക്ഷയം), ഭൂമി; Earth, വീടു house, വാട്ടം wane.

ക്ഷിപ്രം, വെഗം; Quick, swift-quickly, swiftly.

ക്ഷീരം, പാൽ; Milk.

ക്ഷുത്തു, ക്ഷുധ, വിശപ്പ; Hunger.

ക്ഷുദ്രൻ, ചെറിയവൻ; A small man, നിസ്സാരൻ a mean man, നിൎദ്ദയൻ a cruel man.

ക്ഷുരകൻ (ക്ഷുരം), അമ്പിട്ടൻ, നാവിതൻ; A barber.

ക്ഷേപം, (ക്ഷിപ), വിടുക; Throwing — താമസം delay.

ക്ഷൌരകൻ, ക്ഷുരകൻ അ:

---

സംബൊധന: സ്വാമിൻ, സാധൊ ഇത്യാദി.

തൃതീയ, ആൽ, ഹേതുവായിട്ടു, കൊണ്ടു.

ഏ. കൊപെന, ഭാവെന, ദൈവാനു ക്രൂല്യെന ഇത്യാദി.

മാൎഗ്ഗെണ, വിശെഷെണ ഇത്യാദി.

ഇച്ശയാ, സ്ത്രീയാ, ധൎമ്മബുദ്ധ്യാ, ശങ്കയാ, ജാത്യാ ഇത്യാദി.

പ. ഇൽനിന്നു, ഹെതുവായിട്ടു.

ഏ. ആദരാൽ, കൊതുകാൽ, സ്നെഹാൽ, വെഗാൽ ഇത്യാദി.

ഷ. ഇന്റെ, ഉടെ.

ഏ. ഗ്രാമസ്യ ഇത്യാദി.

ബ. നൃണാം, രാജ്ഞാം, തെജസാം ഇത്യാദി.

സപ്തമി. ഇൽ.

ഏ. ശിരസി, രഹസി, വപുഷി, ജഗതി, ഭുവി, ദിശി ഇത്യാദി.

സന്നിധൌ, വിധൌ, രാത്രൌ, അന്തൌ, ഇത്യാദി.

ആപണെ, ഭൂമൌ, കടിതടെ, ദെശെ, വിദ്യാഭ്യാസെ, പദാന്തെ ഇത്യാദി.

ബ. ദെശാന്തരെഷു ഇത്യാദി.

---

കനകഘടജനന ചരിത്രം, പൊൻ കുടം ഉളവാകുന്ന വഴി; The way in which gold vessels are made.

ത്വദ്ദിക്കു വന്നു മമ, ആ (ദിക്കു) നില ഇനിക്കും വന്നു; This is now my case.

മഹാമൂഢതാത്രപസിന്ധുതോയം, മുട്ടാളത്തരം കൊണ്ടു പൊങ്ങുന്ന വങ്കടൽ അ" കടൽ വെള്ളത്തൊളം പൊങ്ങുന്ന വലിയ മുട്ടാളത്വം; Ocean of stupidity.

ജംബുകൊമെഷയുദ്ധെനെതി, കുറുക്കന്നു ആട്ടു യുദ്ധത്തിങ്കൽ ഇപ്രകാരം (ഭവിച്ചു); Thus it happened to the fox in the fight of the rams.

തദാവയംആഷാഢഭ്രൂതിനെതി, അപ്പോൾ ഞങ്ങൾക്കു ആഷാഢഭ്രൂതിയിങ്കൽ ഇപ്രകാരം (ഭവിച്ചു); Thus it happened to me with Ashadhabhuti.

തത്ഥാമയാകൃതമെങ്ങിനെ മൊചിക്കെണ്ടു, പിന്നെ എന്നാൽ ചെയ്യപ്പെട്ടതു എങ്ങിനെ വിടെണ്ടു; How then can I leave off my own work.



## അടക്കം.


| | | ഭാഗം. |
|---|---|---|
| | മുഖവുര | 3 |

### പ്രഥമ തന്ത്രമാമ്മിത്രഭെദം.

| | | |
|---|---|---|
| ൧. | സഞ്ജീവകന്റെ യാത്ര. | 8 |
| ൨. | പിംഗലന്റെ ഭയപ്പാടു. | 10 |
| ൩. | വാനരാപായം. | 12 |
| ൪. | ക്രൊഷ്ടാക്കളുടെ ആമന്ത്രണം. | 16 |
| ൫. | ദമനകന്റെ നീതി വാക്യം. | 22 |
| ൬. | സിംഹവും വൃഷഭവും പരസ്പരം സ്നെഹാകുലന്മാരായതു. | 28 |
| ൭. | തങ്ങൾ താനുണ്ടാക്കുന്ന ദൊഷങ്ങൾ മൂന്നു കൂട്ടം. | 30 |
| ൮. | വായസങ്ങൾ കാളസൎപ്പത്തെ വധിപ്പിച്ചതു. | 35 |
| ൯. | മുയൽ സിംഹത്തെ സിദ്ധി പൂകിച്ചതു. | 40 |
| ൰. | ദമനകന്റെ ഹിതം. | 43 |
| ൰൧. | മൂട്ടയും പെനും തമ്മിലുണ്ടായ നെരം പൊക്കു. | 50 |
| ൰൨. | ദമനകൻ സഞ്ജീവകന്റെ മുമ്പിൽ ചെന്നതു. | 51 |
| ൰൩. | ഒട്ടകത്തിന്റെ അപായം. | 57 |
| ൰൪. | കുളക്കൊഴി സമുദ്രത്തൊടു കലഹിച്ചതു. | 63 |
| ൰൫. | പിംഗല സഞ്ജീവകന്മാരുടെ സംഗരം. | 68 |
| ൰൬. | സൂചീമുഖിയുടെ അപായം. | 72 |
| ൰൭. | ദുഷ്ടബുദ്ധിയും ധൎമ്മബുദ്ധിയും. | 73 |
| ൰൮. | യസ്മിൻ ദെശെ അട്ടെശെ. | 78 |
| ൰൯. | പിംഗലന്റെ പശ്ചാത്താപം. | 81 |

### ദ്വിതീയ തന്ത്രമാം സുഹൃല്ലാഭം.

| | | |
|---|---|---|
| ൧. | കാക്ക ആമ മുതലായവരുടെ ബന്ധുത്വം. | 84 |
| ൨. | ഭിക്ഷുമഠത്തിൽ എലിക്കു സംഭവിച്ചതു. | 93 |

| | | ഭാഗം. |
|---|---|---|
| ൩. | അന്യമായിട്ടൊരു കാരണം. | 95 |
| ൪. | ഘോര പാശത്തിൽ പതിപ്പതിനു എന്തു കാരണം. | 101 |
| ൫. | ബന്ധു എന്ന രണ്ടു അക്ഷരം. | 105 |

## തൃതീയ തന്ത്രമാം സന്ധി വിഗ്രഹം.

| | | |
|---|---|---|
| ൧. | ദുഷ്ടന്മാരെ ചെറ്റും വിശ്വസിക്കരുത. | 110 |
| ൨. | വാക്കു ദോഷം കൊണ്ടു നാശം വന്നതു. | 118 |
| ൩. | ചന്ദ്രിരാജനെ കൊണ്ടു കൂട്ടത്തെ പിരിപ്പിച്ചതു. | 120 |
| ൪. | പക്ഷിയും ശശകനും അന്തികെ ചെന്നനെരം. | 123 |
| ൫. | ചെണ്ടകൊട്ടിച്ച നമ്മെക്കഷ്ടമങ്ങാടിക്കാരൻ. | 127 |
| ൬. | ഉത്തമം നമുക്കിപ്പോൾ ആശ്രിതത്രാണം തന്നെ. | 130 |
| ൭. | മൂഷിക സ്ത്രീ പിന്നെയും മൂഷിക സ്ത്രീയായിവന്നു. | 132 |
| ൮. | രിപുക്കളേ സ്കന്ധത്തിൽ വഹിച്ചീടാം. | 137 |

## ചതുൎത്ഥ തന്ത്രമാം ലബ്ധനാശം.

| | | |
|---|---|---|
| ൧. | വനവിടവിയുടെ മുകളിൽ മമഹൃദയം ഉണ്ടു. | 142 |
| ൨. | ശിവശിവ കിമിതി വദതി ചപല ഹൃദയൻ ഭവാൻ. | 147 |

## പഞ്ചമ തന്ത്രമാം അസംപ്രെക്ഷ്യകാരിത്വം.

| | | |
|---|---|---|
| ൧. | അന്തണശ്രെഷ്ഠനു കീരി മൂലംയഥാ. | 152 |
| ൨. | മനൊരാജ്യം ഏറത്തുടങ്ങരുതു. | 153 |
| ൩. | ദ്രവ്യമില്ലാഞ്ഞു ദുഃഖിക്ക വെണ്ടാ ഭവാൻ. | 156 |
| | ഡിക്ക്ഷ്ണറി. | 161 |

# ശുദ്ധപത്രം.

| ഭാഗം. | മെലെ വരി. | കീഴെ വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|---|
| 4 | 5 | " | പാടലാധരി | പാടലാധരീ. |
| 5 | 13 | " | വല്ലഭേക്കടൽ | വല്ലഭൈക്കടൻ. |
| " | " | 14 | മഹിക്ഷി | മഹിഷി. |
| 6 | " | 14 | സുദന്മാൎക്കു | സുതന്മാൎക്കു. |
| " | " | 5 | മുടാ | മുദാ. |
| 7 | 5 | " | സമ്പ്രെക്ഷ്യ | സമ്പ്രേക്ഷ്യ. |
| 8 | 12 | " | ഭക്ഷിണ | ദക്ഷിണ. |
| 9 | " | 9 | ശ്രെഷ്ഠൻ | ശ്രേഷ്ഠൻ. |
| 12 | 7 | " | മാഹാ | മഹാ. |
| " | " | 3 | പിളൎന്ന | പിളൎന്നു. |
| 13 | " | 10 | ശെവ | സെവ. |
| " | " | 4 | ശെവിക്കുന്നു | സെവിക്കുന്നു. |
| 15 | 12 | " | പൂരിക്കുന്നപൻ | പൂരിക്കുന്നവൻ. |
| 18 | " | 3 | ഭെദമിലൊ | ഭെദമില്ലൊ. |
| 20 | " | 3 | കായ്യം | കാൎയ്യം. |
| 23 | 9 | " | സക്തി | ശക്തി. |
| " | " | 4 | കണ്ണുങ്ങളിൽ | കണ്ണുങ്ങള്ളിൽ. |
| 25 | 14 | " | പാവനനെന്നു | പാവനനെന്ന. |
| " | " | 7 | ഭൃത്യരുമില്ലാതയ്യും | ഭൃത്യരുമില്ലാതായ്യു. |
| 33 | " | 14 | നാസച്ഛെദം | നാസാച്ഛെദം. |
| 53 | " | 8 | പൂക്കൽ | പൂക്കൾ. |
| 66 | 8 | " | ഇസ്സരസ്സിങ്കൽ | ഇസ്സരസ്സിങ്കൽ. |
| 68 | " | 13 | ഭണ്ധുതു | ബണ്ധുതു. |
| 90 | " | 3 | ഏദി | ഏതി. |
| 91 | 9 | " | വൈശമ്യ | വൈഷമ്യ. |

## ശുദ്ധപത്രം.

| ഭാഗം. | മെലെ വരി. | കീഴെ വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|---|
| 96 | " | 1 | നിലത്തെ | തിലത്തെ. |
| 100 | 14 | " | മനദൊഷം | മനൊദൊഷം. |
| 107 | " | 14 | ജഗത്രയ | ജഗത്ത്രയ. |
| 117 | " | 1 | പൊല | പൊലെ. |
| 121 | " | 3 | വിജനെ | വിജയനെ. |
| 122 | " | 9 | മഹത്ഭുതം | മഹാത്ഭുതം. |
| 123 | 8 | " | തവിപ്പിക്കയും | തപിപ്പിക്കയും. |
| " | 14 | " | എന്നത | എന്നതു. |
| 126 | " | 2 | കിളത്തിട്ട | കീളത്തിട്ടം. |
| 130 | 2 | " | ഭീതിൻ | ഭീതൻ. |
| 131 | " | 6 | ക്രംദ്ധ | ക്രുദ്ധ. |
| 132 | " | 2 | ഭാൎയ്യ | ഭാൎയ്യാ. |
| 136 | " | 12 | വന്നില്ലെ | വരുന്നില്ലെ. |
| " | " | 8 | പിറന്നപ്പൊൾ | പിറന്നപൊൽ. |
| 137 | 7 | " | ആയത | ആയതു. |
| 138 | 8 | " | തൽക്കയന്ത | തൽക്കഴന്ത. |
| 153 | 13 | " | പൃക്കാൻ | പൃക്കടൻ. |
| 157 | 5 | " | ട്ടഛിവാൻ | ട്ടഛിവാൻ. |

1922 lj 6481 c



alayalim

# NCHATANTRAM

# തന്ത്രം

ണാവിരചിതം

ന്തിഷ്ഠതിദൈവരക്ഷിതം |
തംദൈവഹതംവിനശ്യതി ||
ാഥൊപിവനെവിസജ്ജിതഃ |
ത്തൊപിഗൃഹെനജീവതി ||

ം അച്ചടിപ്പു.

NGALORE:
STOLZ, BASEL MISSION PRESS.
1866.